തിരുവനന്തപുരം

നഗരസഭ

ഓഡിറ്റ് റിപ്പോർട്ട്

2011-2012

LOCAL FUND AUDIT DEPARTMENT

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ ചുവടെ കൊടുത്തിട്ടുള്ള 6 ഭാഗങ്ങൾ ഉൾപ്പെടുന്നു.

ഭാഗം I

പൊതു അവലോകനം

ഭാഗം II

വരവിനങ്ങളിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീത് പരിശോധന, നഗരസഭയുടെ വരവ് ഇനങ്ങളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ

ഭാഗം III

ചെലവിനങ്ങളിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

നഗരസഭയുടെ ചെലവിനങ്ങളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ

LOCAL FUND AUDIT DEPARTMENT

ഭാഗം IV

പദ്ധതി നടത്തിപ്പും പ്രവർത്തനാവലോകനവും

ഭാഗം V

ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

ഭാഗം VI

അനുബന്ധങ്ങൾ.

വിഷയ സൂചിക

വിഷയം	ഖണ്ഡിക നം.	പേജ് നം.
ആമുഖം	–	
ഭാഗം I – പൊതു അവലോകനം		
ബജറ്റ്	1.1	17
വാർഷിക കണക്ക്	1.2	17
ഡി സി ബി പത്രിക	1.3	17
നികുതി/തനത് വരുമാനം - പിരിവ് കാര്യക്ഷമമല്ല	1.4	18
തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല	1.5	18
പദ്ധതി നിർവഹണം	1.6	19
പദ്ധതി നിർവഹണവും –ഫണ്ട് വിനിയോഗവും	1.7	19
പദ്ധതി നടത്തിപ്പിലെ പോരായ്മകൾ	1.8	20
നഗരസഭയോട് കൂട്ടിച്ചേർക്കപ്പെട്ട പഞ്ചായത്തുകൾ – ആസ്തി ബാധ്യതകൾ	1.9	21
രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല	1.10	21
ഇൻകുംബൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല	1.11	22
അനധികൃതമായി മൊബൈൽ ടവറുകൾ നിർമ്മിക്കുന്നു.	1.12	22
ഓഡിറ്റ് റിപ്പോർട്ടുകൾ – സമയബന്ധിത നടപടികൾ സ്വീകരിക്കുന്നില്ല	1.13	23
മുനിസിപ്പൽ കണ്ടിജന്റ്– പെൻഷൻ ഫണ്ട് –സർക്കാർ നിർദ്ദേശം ലംഘിച്ച് ചെലവ് ചെയ്യുന്നു.	1.14	23
ഭാഗം II		
വാർഷിക കണക്കിലെ പോരായ്മകൾ	2.1	26

LOCAL FUND AUDIT DEPARTMENT

രസീത് പരിശോധന	2.2.1, 2.2.2	28&29
തൊഴിൽ നികുതി	2.3.1, 2.3.2, 2.3.3	30&31
വസ്തുനികുതി	2.4.1, 2.4.2, 2.4.3, 2.4.4	33-36
പരസ്യനികുതി	2.5	37
ഡി & ഒ ലൈസൻസുകൾ	2.6	39
ബിൽഡിംഗ് പെർമിറ്റ് ഫീസ്	2.7.1, 2.7.2, 2.7.3, 2.7.4	47-49
മാർക്കറ്റ് ലേലം	2.8	50
രജിസ്ട്രേഷൻ ഫീസ്	2.9	51
വാടക കുടിശ്ശിക പിരിവ്	2.10.1, 2.10.2, 2.10.3, 2.10.4	51-54
മണി വാല്യു ഫോറങ്ങളുടെ വില്പന	2.11.1, 2.11.2, 2.11.3, 2.11.4	54-55
ലൈബ്രറി സെസ്	2.12	56
ഭാഗം III **ചെലവിനങ്ങളിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**		
തൊഴിൽരഹിത വേതന വിതരണം- രേഖകളും രജിസ്റ്ററുകളും നിയമാനുസൃത രീതിയിലല്ല- 61,34,880/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	3.1	58
ക്ഷേമ പെൻഷനുകളുടെ വിതരണം -രേഖകൾ ഹാജരാക്കിയില്ല, 11,37,33,062/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	3.2	58
മത്സ്യബന്ധനത്തിനുള്ള കട്ടമരം, വല - അനർഹർക്ക് ആനുകൂല്യം	3.3	59
ഓട്ടോറിക്ഷ തൊഴിലാളികൾക്കുള്ള ഐ.ഡി.കാർഡ് വിതരണം - ലക്ഷങ്ങൾ ചെലവഴിച്ചിട്ടും ലക്ഷ്യം കണ്ടില്ല	3.4	61
ഇലക്ട്രിക്കൽ ഉപകരണങ്ങൾക്ക് രണ്ട് തവണ ടെണ്ടർ- 4,42,418/- രൂപയുടെ നഷ്ടം.	3.5	62

LOCAL FUND AUDIT DEPARTMENT

വിദ്യാഭ്യാസ മേഖല ഗുണനിലവാരമില്ലാത്തതും നടപ്പാക്കാൻ കഴിയാത്തതുമായ പദ്ധതികൾ – കോടികൾ ധൂർത്തടിച്ചു	3.6.1	66
വിദ്യാലയങ്ങളിൽ രാവിലെയും ഉച്ചയ്ക്കും ഭക്ഷണം – 1,73,69,571/- രൂപയുടെ നിയമവിരുദ്ധ ചെലവ്	3.6.2	67
എസ്.എസ്.എ. നടത്തുന്ന 'പഠനവീടി 'നു വേണ്ടി നഗരസഭയും പദ്ധതിപണം ചെലവഴിച്ചു- 8,92,837/- രൂപയുടെ പാഴ്ചെലവ്.	3.6.3	69
ഗവ.അധ്യാപകർക്ക് കമ്പ്യൂട്ടർ പരിശീലനം – പദ്ധതി വിഹിതത്തിന്റെ ദുർവിനിയോഗം	3.6.4	73
അന്താരാഷ്ട്ര രസതന്ത്ര വർഷം- ശാസ്ത്ര പഠന പരിപാടി നടപ്പിലാക്കിയതിന്റെ രേഖകൾ ഇല്ല – 1,02,241/- രൂപ തടസ്സപ്പെടുത്തുന്നു.	3.6.5	75
പഠിപ്പുര – നിലവിൽ പ്രവർത്തനമില്ലാത്ത പദ്ധതിയ്ക്കായി പണം ചെലവഴിച്ചു.	3.6.6	77
രജിസ്റ്റേർഡ് സ്പോർസ് ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നല്കിയത് – പദ്ധതി നിർദ്ദേശങ്ങൾക്ക് വിരുദ്ധം	3.6.7	78
സർക്കാർ ഉത്തരവുകൾ ലംഘിച്ച്-അംഗീകാരം ലഭിയ്ക്കാത്ത പദ്ധതി നടപ്പിലാക്കി – പദ്ധതിപണം ക്രമരഹിതമായി ചെലവഴിച്ചു.	3.6.8	80
കായികോപകരണ വിതരണം — സ്കൂളുകളുടെ ആവശ്യകത നിർണ്ണയിക്കാതെ വാങ്ങൽ നടത്തി- വാങ്ങലിലും വിതരണത്തിലും സുതാര്യത ഉറപ്പാക്കിയില്ല.	3.6.9	82
സ്കൂൾ ലാബ് ഉപകരണവിതരണം – കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചില്ല- നഗരസഭയ്ക്ക് 4,14,016/- രൂപയുടെ നഷ്ടം	3.6.10	84
പട്ടികജാതി വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനം- ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് വാർഡ് സഭയല്ല ; കമ്പ്യൂട്ടർ സ്ഥാപനം.	3.6.11	86
സർക്കാർ/എയ്ഡഡ് സ്കൂളുകൾ, നഗരസഭാ നഴ്സറി സ്കൂളുകൾ എന്നിവിടങ്ങളിൽ പാൽ വിതരണം – 32,08,709/- രൂപ തടസ്സപ്പെടുത്തുന്നു.	3.6.12	88
അധ്യാപക ബാങ്ക് – സർക്കാർ അനുമതിയില്ലാതെ പദ്ധതി പണം ചെലവഴിച്ചു.	3.6.13	90
മനസ്സ്, വികാസ് –സ്കോളർഷിപ്പ് വിതരണം – രേഖകളുടെ അഭാവം – 99,13,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	3.6.14	92

LOCAL FUND AUDIT DEPARTMENT

പ്രാദേശിക ചരിത്ര പഠനം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.	3.6.15	96
സ്കൂൾ പോലീസ് കേഡറ്റ് പദ്ധതിയ്ക്ക് സഹായം- ആസൂത്രണമില്ലാതെ നടപ്പിലാക്കിയ പദ്ധതി - 3,38,800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	3.6.16	98
'പത്താം തരത്തിൽ നൂറുമേനി" -പ്രോജക്ട് നിർദ്ദേശങ്ങൾക്കും സർക്കാർ ഉത്തരവിനും വിരുദ്ധമായി ട്രഷറിയിൽ നിന്നും പണം പിൻവലിച്ചു.	3.6.17	100
ചലച്ചിത്ര അവബോധന ക്യാമ്പ് ചലച്ചിത്രമേളയാക്കി മാറ്റി- പദ്ധതി ലക്ഷ്യം കണ്ടില്ല- 3,00,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.	3.6.18	102
SSA പദ്ധതിക്ക് തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതം- വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമല്ല- 1,60,00,000/- രൂപ തടസ്സപ്പെടുത്തുന്നു.	3.6.19	104
മാതൃകാവിദ്യാലയം - ചട്ടങ്ങളുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും ലംഘനം- 6,08,277/-രൂപ തടസ്സപ്പെടുത്തുന്നു.	3.6.20	105
മാതൃകാവിദ്യാലയം- വ്യക്തമായ രൂപരേഖയോ, എസ്റ്റിമേറ്റോ ഇല്ലാതെ തുക പിൻവലിച്ചു	3.6.21	106
"തുടർ വിദ്യാഭ്യാസം" പ്രോജക്ടിലെ നിർദ്ദേശത്തിന് വിരുദ്ധമായി സാക്ഷരതാമിഷന് തുക നൽകി- 7,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	3.6.22	107
യു.പി വിദ്യാലയങ്ങളിലെ ലാബ് ഉപകരണ വിതരണം - കൂടിയ നിരക്കിലെ ക്വട്ടേഷൻ അംഗീകരിച്ചു- നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം	3.6.23	108
"നഗരം സംഗീത സാന്ദ്രം" - പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ല	3.6.24	110
സ്കൂളുകളിൽ ഫർണിച്ചർ വാങ്ങൽ- കേരള സ്റ്റോർ പർച്ചേസ് മാന്വലിന്റെ ലംഘനം- നഗരസഭയ്ക്ക് നഷ്ടം	3.6.25	113
അക്ഷരാലയങ്ങളിൽ കമ്പ്യൂട്ടർ വിതരണം'- 20,500/- രൂപയ്ക്ക് കമ്പ്യൂട്ടർ വാങ്ങണമെന്ന് സർക്കാർ നിർദ്ദേശമുള്ളപ്പോൾ 30,000/- രൂപയ്ക്ക് 47 കമ്പ്യൂട്ടറുകൾ വാങ്ങി- 4,46,500 /- രൂപയുടെ നഷ്ടം	3.6.26	117
ഒരു സാധനത്തിന് ഒരു ദിവസം പല വിലകൾ ഈടാക്കുന്ന സ്ഥാപനത്തിൽ നിന്നും വാങ്ങലുകൾ നടത്തി	3.6.27	119
ആവശ്യമില്ലാതെ പദ്ധതി പണം പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു - ധനവിനിയോഗ ചട്ടങ്ങളുടെ ലംഘനം.	3.6.28	121
നിർവ്വഹണം നടത്തേണ്ടത് എച്ച്.എം- എന്നാൽ പണം ചെലവഴിച്ചത് 'കൺവീനർ' എന്ന പേരിൽ ഉദ്യോഗസ്ഥനല്ലാത്ത വ്യക്തിയും.	3.6.29	122

LOCAL FUND AUDIT DEPARTMENT

പന്നിവളർത്തലിന് ധനസഹായം – സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധം.	3.7.1	128
നേച്ചർ ഫ്രഷ് ഗ്രൂപ്പുകൾക്ക് പലിശ സബ്സിഡി – മാർഗ്ഗരേഖയ്ക്ക് വിരുദ്ധം – നഷ്ടം 4,77,000/–	3.7.2	129
കറവ യന്ത്രം പ്രചരിപ്പിക്കൽ – അധികച്ചെലവ് 55,000/– രൂപ	3.7.3	129
പുഷ്പകൃഷി വികസനം – നല്കിയ തൈകൾ പുഷ്പിച്ചില്ല – പദ്ധതി ലക്ഷ്യം കൈവരിച്ചതിന് രേഖയില്ല	3.8.1	131
സമഗ്രനെൽകൃഷി വികസനം – സമയബന്ധിതമായി ഉല്പാദനോപാധികൾ വിതരണം ചെയ്യുന്നില്ല	3.8.2	132
സമഗ്ര വാഴകൃഷി –റസിഡൻസ് അസോസിയേഷനുകൾ വഴി വിതരണം – ഗുണഭോക്താക്കൾക്ക് ലഭിച്ചതിന് രേഖയില്ല.	3.8.3	133
സമഗ്രകരകൃഷി വികസനം – ഉല്പാദനക്ഷമത കൈവരിച്ചില്ല	3.8.4	134
ആശ്രയ പദ്ധതി – ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതി നടപ്പാക്കുന്നതിൽ നഗരസഭയ്ക്ക് താല്പര്യക്കുറവ്	3.9.1	135
ദാരിദ്ര്യ ലഘൂകരണ ഫണ്ട് – പത്തു കോടിയിലധികം നൽകാൻ ബാക്കി	3.9.2	136
ഇ.എം.എസ്.ഭവന പദ്ധതി –നഗരസഭയിൽ മെല്ലെപോക്ക്	3.9.3	137
ബി.എസ്.യു.പി യുടെ 8 കോടിയിലധികം രൂപ വിവിധ ഏജൻസികളിൽ വർഷങ്ങളായി നിക്ഷേപിച്ചിരിക്കുന്നു	3.9.4	138
ബി .എസ്. യു. പി. – ഭവന നിർമ്മാണം – 5 വർഷമായിട്ടും പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല.	3.9.5	138
തണൽ – പരാജയപ്പെട്ട ഭവനപദ്ധതി– ലഭിച്ച ലോൺ 6 കോടി – പലിശയായി ഒടുക്കിയത് 12 കോടിയിലധികം	3.9.6	139
വീടിന്റെ ഗുണമേന്മ വർദ്ധന – ഉടമസ്ഥാവകാശം ഇല്ലാത്തവർക്ക് ആനുകൂല്യം നൽകി.	3.9.7	141
സമഗ്ര ക്യാൻസർ ചികിത്സാ പദ്ധതി – ഒരു കോടിയിലധികം RCC ക്ക് കൈമാറി– പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നില്ല.	3.10.1	142
പാലിയേറ്റീവ് കെയർ–പാളിച്ചകൾ നിറഞ്ഞ തുടക്കം	3.10.2	144
മാലിന്യ നിർമ്മാർജ്ജനത്തിന് വാങ്ങിയഡ്യുവൽ ഡംപർ പ്ലെയ്സർ/ കണ്ടെയിനറുകൾ ഉപയോഗിക്കാതെ നശിക്കുന്നു– 2011 ൽ നല്കിയ 44,66,557/– രൂപ ഇപ്പോഴും കമ്പനിയുടെ കൈവശം	3.10.3	145

LOCAL FUND AUDIT DEPARTMENT

മാലിന്യ സംസ്കരണം – 6 കോടിയോളം രൂപ ഒരു വർഷമായി ഉപയോഗിക്കാതെ നിക്ഷേപിച്ചിരിക്കുന്നു. – നഗരസഭയുടെ അലംഭാവം	3.10.4	148
വാഹനലേലം– ലേല നടപടികൾ ആരംഭിച്ചിട്ടില്ല	3.11.1	150
നഗരസഭ – വാഹനങ്ങളുടെ ലോഗ് ബുക്കുകൾ ഇൻഷറൻസ് രേഖകൾ – ഇവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ	3.11.2	151
കെ.എസ്.യു.ഡി.പി.യുടെ 29 ഓട്ടോറിക്ഷകൾ – എന്താവശ്യത്തിന്, ആര് ഉപയോഗിക്കുന്നുവെന്ന രേഖകൾ നഗരസഭയിലില്ല.	3.11.3	153
നഗരസഭാ വാഹനങ്ങളിൽ ചട്ടവിരുദ്ധമായി അനൗദ്യോഗിക യാത്ര	3.11.4	153
കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾക്കു വിരുദ്ധമായ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ്	3.11.5	155
വാഹനങ്ങളുടെ ഇന്ധന ടാങ്ക് പൂർണ്ണമായും നിറക്കാത്തത് ചട്ട വിരുദ്ധം	3.11.6	155
ജില്ലാ ആസൂത്രണ സമിതിയുടെഅംഗീകാരമില്ലാതെ വാഹനങ്ങൾ വാങ്ങി – 19,27,629/– രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	3.11.7	155
റോഡ് സ്വീപ്പിംഗ് മെഷീൻ – 2011–12 ൽ മാത്രം ഇരുപത്തിയേഴ് ലക്ഷത്തിലധികം രൂപയുടെ ചെലവ്	3.12.1	157
രേഖകൾ ഹാജരാക്കിയില്ല – 1,45,58,696/– രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	3.12.2	157
ടാർ വാങ്ങൽ– 50 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു	3.12.3	157
2008 ൽ വാങ്ങിയ ഫർണിച്ചറുകൾക്ക് 2011 ൽ കരാർ വച്ചു – 19,597/– രൂപയുടെ ചെലവ് നിരാകരിക്കുന്നു	3.12.4	158
പൊതുമരാമത്ത് പണികളുടെ ഫയലുകൾ ഹാജരാക്കിയിട്ടില്ല – 4,48,19,138/– രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു	3.13.1	158
നഗരസഭാ കോമ്പൗണ്ടിൽ ഇൻഡോർ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ– സ്ഥാപിച്ച് രണ്ടര വർഷം കഴിഞ്ഞിട്ടും ട്രാൻസ്ഫോർമർ ഉപയോഗിച്ചിട്ടില്ല. പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.	3.13.2	158
സർക്കാർ ഉത്തരവിനു വിരുദ്ധമായി സബ്സിഡി വിതരണം 98,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	3.14.1	161
സി.ഡി.പി.ഒ – സർക്കാർ ഉത്തരവിനു വിരുദ്ധമായി വികസന ഫ ചെലവഴിച്ചു – 8,00,000/– രൂപ തടസ്സപ്പെടുത്തുന്നു.	3.15	162

LOCAL FUND AUDIT DEPARTMENT

വ്യവസായ വികസന ഓഫീസറുടെ ക്രമവിരുദ്ധമായ നടപടി– ബാങ്കിന് ലക്ഷക്കണക്കിന് രൂപയുടെ കൃത്രിമലാഭം– 4.78 കോടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.	3.16	163
നഗരസഭാ കെട്ടിടം വാടക/ലേലത്തിൽ ഉപയോഗിക്കുന്നവരിൽ നിന്നും വാട്ടർ ചാർജ്ജ് ഈടാക്കുന്നില്ല. നഗരസഭയ്ക്ക് ബാധ്യത	3.17	165
ഡെപ്പോസിറ്റ് വർക്കുകൾ – കോടികൾ പാഴ്ചെലവായി മാറുന്നു	3.18	166
ഹോസ്പിറ്റൽ കിയോസ്കുകളുടെ പ്രവർത്തനം	3.19	167
ക്രമവത്ക്കരിക്കാത്ത മുൻകൂർ തുക – 7,12,200/– രൂപ	3.20	169
ഭാഗം– IV **പ്രവർത്തനാവലോകന റിപ്പോർട്ട്**		
ഖരമാലിന്യപരിപാലനം	4.1	172
തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആരോഗ്യമേഖലയും.	4.2	181
ഭാഗം– V **ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**		
സാമ്പത്തിക നില	5.1	187
ഓഡിറ്റ് സംഗ്രഹം	5.2	188
ഓഡിറ്റ് പ്രത്യവലോകനം	5.3	189
തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	5.4	201
ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം	5.5	204
ഭാഗം VI **അനുബന്ധങ്ങൾ**		

LOCAL FUND AUDIT DEPARTMENT

ആമുഖം

കേരള സംസ്ഥാനത്തിന്റെ തലസ്ഥാനനഗരമായ തിരുവനന്തപുരം ഭാരതത്തിലെ അതിപുരാതന നഗരങ്ങളിൽ ഒന്നാണ്. ഭാരതത്തിന്റെ തെക്കേയറ്റത്ത് അറബിക്കടലിന്റെ തീരത്ത് സ്ഥിതിചെയ്യുന്ന തിരുവനന്തപുരം നഗരത്തെ രാഷ്ട്രപിതാവായ ഗാന്ധിജി ഭാരതത്തിന്റെ നിത്യഹരിത നഗരമെന്നാണ് വിശേഷിപ്പിച്ചത്. തലസ്ഥാനനഗരം ഉൾപ്പെടുന്ന തിരുവനന്തപുരം നഗരസഭ വിസ്തൃതിയിലും ജനസംഖ്യയിലും, കേരളത്തിലെ ഏറ്റവും വലിയ തദ്ദേശസ്വയംഭരണ സ്ഥാപനമാണ്.

1940 ഒക്ടോബർ 30 ന് രൂപീകരിച്ച തിരുവനന്തപുരം സിറ്റി കോർപ്പറേഷനിൽ അന്ന് 24 വാർഡുകളും, 1,28,480 ജനസംഖ്യയുമാണ് ഉണ്ടായിരുന്നത്. ഇന്നത് 214.86 km^2 വിസ്തൃതിയുള്ള 100 വാർഡുകളും, 9,57,730 ജനസംഖ്യയുമുള്ള മെട്രോ നഗരമായി മാറിയിരിക്കുന്നു. സംസ്ഥാനത്തിന്റെ ഭരണസിരാകേന്ദ്രമെന്നതോടൊപ്പം തിരുവനന്തപുരം നഗരം, വിദ്യാഭ്യാസ/ആരോഗ്യ/ഐ.റ്റി. മേഖലകളിൽ മറ്റു നഗരങ്ങളെക്കാൾ ഏറെ വികസിതമാണ്.

നഗരസഭയിലെ നല്ലൊരു ശതമാനം ജനങ്ങളും കാർഷിക/വ്യാവസായികേതര മേഖലകളിൽ തൊഴിൽ ചെയ്യുന്നവരാണ്. നഗരസഭാ പ്രദേശത്തെ വിവിധ വിഭാഗം ജനങ്ങളുടെ അടിസ്ഥാനസൗകര്യ/സാമ്പത്തിക വികസനത്തിനായി നഗരസഭ നേതൃത്വം നൽകുന്നു.

നഗരസഭയുടെ പൊതുവിവരം

രൂപംകൊണ്ട തീയതി	:	30.10.1940 (14.3.1116) 1116–ലെ തിരുവനന്തപുരം സിറ്റി മുനിസിപ്പൽ ആക്ട് 1116 ലെ 4–ാം ആക്ട്
ഉൾപ്പെടുന്ന റവന്യൂ വില്ലേജുകൾ	:	പാങ്ങപ്പാറ, ഉളിയാഴ്തുറ കഴക്കൂട്ടം, അയിരുപ്പാറ വിഴിഞ്ഞം, തൈയ്ക്കാട് മണക്കാട്, തിരുമല ചെറുവയ്ക്കൽ, ഉള്ളൂർ, പട്ടം, കുടപ്പനക്കുന്ന്, പേരൂർക്കട കവടിയാർ, വട്ടിയൂർക്കാവ് ശാസ്തമംഗലം, പേട്ട, വഞ്ചിയൂർ കടകംപള്ളി, മുട്ടത്തറ, ആറ്റിപ്ര തിരുവല്ലം, നേമം

LOCAL FUND AUDIT DEPARTMENT

താലൂക്ക്	:	തിരുവനന്തപുരം (ഭാഗികം) നെയ്യാറ്റിൻകര (ഭാഗികം)
ജില്ല	:	തിരുവനന്തപുരം
അസംബ്ലി മണ്ഡലങ്ങൾ	:	തിരുവനന്തപുരം, നേമം, വട്ടിയൂർക്കാവ് കഴക്കൂട്ടം, കോവളം (ഭാഗികം)
പാർലമെന്റ് മണ്ഡലം	:	തിരുവനന്തപുരം (ഭാഗികം)
വിസ്തീർണ്ണം	:	214.86 ച.കി.മീ.
ജനസംഖ്യ	:	ഏകദേശം പത്തു ലക്ഷം
സാക്ഷരതാ നിരക്ക്	:	83.82%
വാർഡുകളുടെ എണ്ണം	:	100
വനിതാ സംവരണ വാർഡുകളുടെ എണ്ണം	:	50
പട്ടികജാതി വനിത	:	5
പട്ടികജാതി ജനറൽ	:	5

LOCAL FUND AUDIT DEPARTMENT

നം. എൽ.എഫ്.സി.എ.4/453/2013 തീയതി: .11.2013

തിരുവനന്തപുരം നഗരസഭയുടെ 2011–12 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13–ാം വകുപ്പ്, കേരള നഗരപാലികാ നിയമം 295 (4)–ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും	:	1) ശ്രീ. സി. എം. ശിവബാലൻ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ (01.04.12 മുതൽ 30.11.12 വരെ) 2) ശ്രീ.എം. മുരളീധരൻ, എ.ഒ. (ഹ.ഗ്രേ.), സീനിയർ ഡെപ്യൂട്ടി ഡയറക്ടർ (ഇൻചാർജ്) (01.12.12 മുതൽ 23.12.12 വരെ) 3) ശ്രീമതി. റോസ്‌ലിൻ ഗോമസ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ (24.12.12 മുതൽ)
ഓഡിറ്റിന് വിധേയമാക്കിയകണക്കുകൾ	:	2011–12 വരവ്–ചെലവ് കണക്കുകൾ

തിരുവനന്തപുരം നഗരഭയുടെ 2011–12 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

തിരുവനന്തപുരം നഗരസഭയുടെ 01.04.2012 മുതൽ 31.05.2013 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

LOCAL FUND AUDIT DEPARTMENT

നിർവ്വഹണാധികാരികൾ

മേയർ : അഡ്വ.കെ.ചന്ദ്രിക
(01.04.2011 മുതൽ 31.3.12 വരെ)

സെക്രട്ടറി :
1) ശ്രീ. കെ.ബിജു, ഐ.എ.എസ്.
(01.04.2011 മുതൽ 03.11.2011 വരെ)
2) ശ്രീ. റ്റി.ഭാസ്കരൻ, ഐ.എ.എസ്.
(14.11.2011 മുതൽ 31.03.12 വരെ)

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ/ചെയർപേഴ്സൺ

1)	ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി	:	ശ്രീ.ജി.ഹാപ്പികുമാർ, ഡെപ്യൂട്ടി മേയർ
2)	വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി	:	ശ്രീമതി. ഷാജിദാ നാസർ
3)	ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി	:	ശ്രീ. പാളയം രാജൻ
4)	ആരോഗ്യ-വിദ്യാഭ്യാസകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി	:	ശ്രീമതി. എസ്. പുഷ്പലത
5)	പൊതുമരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി	:	ശ്രീ. വി.എസ്. പത്മകുമാർ
6)	നഗരാസൂത്രണകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി	:	ശ്രീമതി. വനജ രാജേന്ദ്രബാബു
7)	നികുതി-അപ്പീൽകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി	:	ശ്രീ. പി. ശ്യാംകുമാർ
8)	കായിക-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി	:	ശ്രീമതി. കെ.എസ്. ഷീല

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

1) ഡോ. കെ.സരളകുമാരി, സൂപ്രണ്ട്, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, നേമം
2) ശ്രീ.പി.മുരളീധരൻനായർ, പ്രിൻസിപ്പാൾ, ഗവ.എച്ച്.എസ്.എസ്., കമലേശ്വരം
3) ശ്രീമതി. എസ്. പുഷ്കലകുമാരി, എച്ച്.എം, ഗവ.യു.പി.എസ്. , ഫോർട്ട്
4) ശ്രീ.ആർ.സുരേഷ്കുമാർ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്, ഓഫീസ് ഓഫ് ദ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്, കമലേശ്വരം
5) ശ്രീമതി.എസ്.രമാദേവി, വ്യവസായ വികസന ഓഫീസർ, താലൂക്ക് വ്യവസായ ഓഫീസ്
6) ശ്രീമതി.വി.എൽ.വിശ്വലത, ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം), വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, കിളളിപ്പാലം
7) ശ്രീ.ഡി.രാജശേഖരൻനായർ, പ്രോജക്ട് ഓഫീസർ, യു.പി.എ.സെൽ, തിരുവനന്തപുരം നഗരസഭ
8) ശ്രീ.വി.ശൈലേന്ദ്രപ്രസാദ്, പ്രോജക്ട് ഓഫീസർ, യു.പി.എ സെൽ, തിരുവനന്തപുരം നഗരസഭ
9) ശ്രീമതി.എം.എ.വിശ്വേശ്വരി, കൃഷി ഡെപ്യൂട്ടി ഡയറക്ടർ, പ്രിൻസിപ്പൽ കൃഷി ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന്

LOCAL FUND AUDIT DEPARTMENT

10) ഡോ. പി.ആർ.ജയ, മെഡിക്കൽ ഓഫീസർ, ഗവ. ആയുർവേദ ആശുപത്രി, പൂജപ്പുര
11) ഡോ.ജി.മുരളീധരൻ, ചീഫ് മെഡിക്കൽ ഓഫീസർ, ഗവ. ഹോമിയോ ഡിസ്പെൻസറി, മുട്ടത്തറ, വള്ളക്കടവ്.പി.ഒ.
12) ശ്രീമതി.കെ.വിജയലക്ഷ്മി, എച്ച്.എം., ഗവ.സംസ്കൃത എച്ച്.എസ്. എൽ.പി.എസ്. ഫോർട്ട്, തിരുവനന്തപുരം
13) ശ്രീ. വി. രാജശേഖരൻനായർ, പ്രിൻസിപ്പൽ, ഗവ.വി.എച്ച്.എസ്.എസ്.ഫോർ ഗേൾസ്, പേട്ട
14) ശ്രീമതി.വത്സമ്മ.പി.എസ്.,ശിശുവികസന പദ്ധതി ഓഫീസർ,ഐ.സി.ഡി.എസ്., തിരുവനന്തപുരം അർബൻ IV , ശ്രീകാര്യം
15) ശ്രീ. പദ്മകുമാർ.ആർ.പി., സി.ഡി.പി.ഒ., ഐ.സി.ഡി.എസ് പ്രോജക്ട്, തിരുവനന്തപുരം അർബൻ III
16) ശ്രീമതി. നഹീറാ ബീവി. എ, സി.ഡി.പി.ഒ., ഐ.സി.ഡി.എസ് പ്രോജക്ട്, തിരുവനന്തപുരം അർബൻ III
17) ശ്രീമതി.സബീന ബീഗം, എസ്. സി.ഡി.പി.ഒ., ഐ.സി.ഡി.എസ് പ്രോജക്ട്, തിരുവനന്തപുരം അർബൻ III
18) ഡോ. ശ്യാംസുന്ദർ, മെഡിക്കൽ ഓഫീസർ, പേരൂർക്കട
19) ഡോ. ബിന്ദു. എസ്., മെഡിക്കൽ ഓഫീസർ ഇൻചാർജ്ജ്, പേരൂർക്കട
20) ശ്രീ. കെ. രവീന്ദ്രൻനായർ, പട്ടികജാതിവികസന ഓഫീസർ, തിരുവനന്തപുരം നഗരസഭ.
21) ശ്രീമതി.സബീനബീഗം.എസ്., സി.ഡി.പി.ഒ., ഐ.സി.ഡി.എസ്., തിരുവനന്തപുരം അർബൻ – II
22) ശ്രീമതി. വഷീതഗുണസെൽവി. എം., മെഡിക്കൽ ഓഫീസർ ഇൻചാർജ്ജ്, തെലുങ്ക്പെട്ടി തെരുവ്, കരമന, തിരുവനന്തപുരം
23) ശ്രീമതി. പി.എ.സുൽത്താന ബീഗം, ഹെഡ്മിസ്ട്രസ്, ഗവ.യു.പി.എസ്., അമ്പലത്തറ
24) ഡോ.എസ്. രഘുരാമൻനായർ, സീനിയർ മെഡിക്കൽ ഓഫീസർ, ഗവ. സിദ്ധ ഹോസ്പിറ്റൽ, വള്ളക്കടവ്, തിരുവനന്തപുരം
25) ശ്രീ. പ്രേം ആനന്ദ്. എസ്. എ., ഹെഡ്മാസ്റ്റർ, ഗവ. സെൻട്രൽ ഹൈസ്കൂൾ, കിഴക്കേകോട്ട, തിരുവനന്തപുരം
26) ശ്രീമതി.ബീന സുകുമാർ.പി., മത്സ്യഭവൻ ഓഫീസർ, വിഴിഞ്ഞം, തിരുവനന്തപുരം
27) ശ്രീ. രാജേഷ്. എസ്., മത്സ്യഭവൻ ഓഫീസർ, വിഴിഞ്ഞം, തിരുവനന്തപുരം

LOCAL FUND AUDIT DEPARTMENT

ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് വിനിയോഗിച്ച സമയം	01.04.12 മുതൽ 31.03.2013 വരെ
ഓഡിറ്റു നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും	**ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)**
	1) ശ്രീ. എച്ച്. നജീം 2) ശ്രീ.എം. മുരളീധരൻ 3) ശ്രീ. എം.ഷാജഹാൻ
	ഓഡിറ്റ് ഓഫീസർ
	4) ശ്രീമതി. എസ് എൽസമ്മ 5) ശ്രീ. ജി. രഞ്ജിത് കുമാർ 6) ശ്രീ. മാനോജ്.കെ. നായർ
	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
	7) ശ്രീമതി. കെ.ആർ.ജയകുമാരി 8) ശ്രീമതി. ലീന.പി.ബി 9) ശ്രീമതി. ലിംനാബീഗം. എം.എസ് 10) ശ്രീ. പ്രദീപ്. ബി 11) ശ്രീമതി. മഞ്ജു. ആർ.സി 12) ശ്രീ. എൻ. ശങ്കരനാരായണപിള്ള
	ഓഡിറ്റർ (സീനിയർ ഗ്രേഡ്)
	13) ശ്രീമതി. ബിജി. ജെ 14) ശ്രീ. മനു. കെ.നായർ 15) ശ്രീമതി. രാജശ്രീ. വി 16) ശ്രീ. സുരേഷ്. പി.എസ് 17) ശ്രീമതി. ഷർമിള.എ 18) ശ്രീ. ഡബ്ല്യു. ജോസ് 19) ശ്രീ. സജേഷ്. ആർ.എസ്
	ഓഡിറ്റർ
	20) ശ്രീമതി. അനിഷ.എസ്.ബി 21) ശ്രീമതി. അനിത.ബി.കെ 22) ശ്രീ. അരുൺകുമാർ.എസ് 23) ശ്രീമതി. ബിന്ദുലത.ബി.പി. 24) ശ്രീ. ജോസ് തോമസ് 25) ശ്രീ. ജസ്റ്റിൻ രാജ്.റ്റി.എസ് 26) ശ്രീ. സന്തോഷ്.കെ 27) ശ്രീമതി.ഷഹ്ന.എം.എസ് 28) ശ്രീ. വിനോദ്.എസ്

LOCAL FUND AUDIT DEPARTMENT

ഭാഗം– I

പൊതുഅവലോകനം

LOCAL FUND AUDIT DEPARTMENT

1.1 ബജറ്റ്

01.03.2011 ൽ കൂടിയ കൗൺസിൽ തീരുമാനം നമ്പർ (1) പ്രകാരം അംഗീകരിച്ച ബഡ്ജറ്റിലെ പ്രതീക്ഷിത വരവ് 7,05,89,51,000/- രൂപയും പ്രതീക്ഷിത ചെലവ് 7,02,43,25,500/- രൂപയുമാണ്. എന്നാൽ തൻവർഷത്തെ വരവ്-ചെലവ് പത്രിക പ്രകാരം നഗരസഭയ്ക്ക് ലഭിച്ച ആകെ വരവ് 2,46,21,55,012/- രൂപയും, ആകെ ചെലവ് 2,29,74,07,256/- രൂപയുമാണ്. വാർഷിക ബജറ്റിലെ പ്രതീക്ഷിത വരവ്-ചെലവ് കണക്കും, യഥാർത്ഥ വരവ്-ചെലവ് കണക്കും തമ്മിൽ വലിയ അന്തരമാണ്. ബജറ്റിലെ പല നികുതിയും മറ്റു വരവിനങ്ങളും (തനത്) പിരിച്ചെടുക്കുന്നതിൽ നഗരസഭ ശുഷ്കാന്തി കാണിച്ചിട്ടില്ല. (ഖണ്ഡിക 1.4 കാണുക) യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ഭരണസമിതിയുടെ പ്രത്യേകം ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

1.2 വാർഷിക കണക്ക്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 9 (1) പ്രകാരം 2011-12 ലെ വാർഷിക കണക്ക് 31.7.2012 ന് മുമ്പായി ഓഡിറ്റിന് അയച്ചു തരേണ്ടതായിരുന്നു. എന്നാൽ 25.9.12 ൽ മാത്രമാണ് ഇവ ഓഡിറ്റിന് ഹാജരാക്കിയത്. വാർഷിക കണക്ക് 'സാംഖ്യ' മുഖേനയാണെന്നും ഇവ നടപ്പിലാക്കുവാനുണ്ടായ കാലതാമസം, ജീവനക്കാർക്ക് ലഭിച്ച പരിശീലനക്കുറവ് എന്നിവ കാരണം പല അപാകതകളും കണക്കിൽ ഉണ്ടായെന്നും ഇവ പരിഹരിക്കുന്നതിന് കാലതാമസം നേരിട്ട തിനാലാണ് വാർഷിക കണക്ക് സമർപ്പിക്കുവാൻ താമസിച്ചത് എന്നും സെക്രട്ടറി അറിയിച്ചിരുന്നു. എന്നാൽ ഓഡിറ്റിനു ഹാജരാക്കിയ കണക്കുകൾ നഗരസഭ കൗൺസിൽ അംഗീകരിച്ചിട്ടില്ലാത്തതിനാലും, പല അപാകതകൾ ഉള്ളതിനാലും, ഇവ പരിഹരി ക്കുന്നതിനുവേണ്ടി 1.10.12 ൽ തിരികെ നൽകിയിരുന്നു. തുടർന്ന് 12.12.12 ൽ കൂടിയ കൗൺസിൽ തീരുമാനം നം.3എ (9) പ്രകാരം നിബന്ധനകളോടെ കണക്കുകൾ അംഗീകരിച്ചു. ഇതനുസരിച്ച് സെക്രട്ടറി ഹാജരാക്കിയ 2011-12 ലെ വാർഷിക കണക്ക് പ്രകാരം ആകെ വരവ് 2,46,21,55,012/- രൂപയും ചെലവ് 2,29,74,07,256/- രൂപയും ആയിരുന്നു. ഇപ്രകാരം ഹാജരാക്കിയ കണക്കിന്റെ പോരായ്മകളും അപാകതകളും ഈ റിപ്പോർട്ടിലെ ഖണ്ഡിക 2.1 ൽ വിശദീകരിച്ചിട്ടുണ്ട്.

1.3 ഡി സി ബി പത്രിക

2011-12 ലെ ഡി.സി.ബി. പത്രിക പ്രകാരം ആകെ വരവ് 1,73,71,02,871/- രൂപയാണ്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പത്രികയിൽ നഗരസഭയുടെ കീഴിലുള്ള മേഖലാ ഓഫീസുകളുടെ ഡി.സി.ബി. വരവുകൾ ഉൾപ്പെടുത്തിയിട്ടില്ല. മേഖലാ ഓഫീസുകളിൽ നിന്നും പലതരം നികുതികൾ, പെർമിറ്റ് ഫീസ് എന്നിവ പിരിക്കുന്നുണ്ടെങ്കിലും അവയുടെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയ ഡി.സി.ബി പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ സാംഖ്യ വഴി ലഭിക്കുന്ന ഡി.സി.ബി. പത്രികയും നഗരസഭ തയ്യാറാക്കിയ പത്രികയും തമ്മിൽ യാതൊരു ബന്ധവും കാണുന്നില്ല. മാനദണ്ഡങ്ങൾ പാലിക്കാതെ വളരെ ലാഘവത്തോടെ ഡി.സി.ബി. തയ്യാറാക്കിയത് അധികാരികളുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ കൃത്യവിലോപമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

LOCAL FUND AUDIT DEPARTMENT

1.4 നികുതി/തനത് വരുമാനം – പിരിവ് കാര്യക്ഷമമല്ല

2011–12 സാമ്പത്തിക വർഷത്തെ നികുതി/വാടക പിരിവ് തൃപ്തികരമല്ല. മുൻവർഷങ്ങളിൽ നികുതി പിരിവ് കാര്യക്ഷമമല്ല എന്ന് വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ നികുതി പിരിവ്/ തനത് വരുമാനം പിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടികൾ ഭരണാധികാരികൾ സ്വീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	തൻവർഷം പിരിക്കേണ്ട തുക	തൻവർഷം പിരിച്ച തുക	പിരിവിന്റെ ശതമാനം
തൊഴിൽ നികുതി	552167742	344169586	62%
തൊഴിൽ നികുതി (ട്രെയിഡേഴ്സ്)	73615143	23413942	31%
പരസ്യനികുതി	12722130	9940611	78%
വാടക	43141249	27502348	63%

തൻവർഷം നഗരസഭയുടെ പരിധിയിൽ വരുന്ന ട്രെയ്ഡേഴ്സിൽ നിന്നും 50% പോലും തൊഴിൽ നികുതി പിരിച്ചെടുക്കുവാൻ അധികാരികൾക്ക് കഴിഞ്ഞിട്ടില്ല. ഇത്തരത്തിൽ നികുതിയും മറ്റു വരവിനങ്ങളും കൃത്യമായി പിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാത്തത് കാരണം നഗരസഭയുടെ തനത് വരുമാനത്തിൽ 2011–12 സാമ്പത്തിക വർഷം വൻ ഇടിവ് വന്നിട്ടുണ്ട്. ഭരണസമിതിയുടെ പ്രത്യേകം ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1.5 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല

തിരുവനന്തപുരം നഗരസഭയുടെ മെയിൻ ഓഫീസിലെയും മറ്റു മേഖലാ ഓഫീസുകളിലെയും തൊഴിൽ നികുതി (സ്വകാര്യസ്ഥാപനങ്ങൾ/ സ്വകാര്യ വ്യക്തികൾ) ഡിമാന്റ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും ഭൂരിഭാഗം സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും നഗരസഭയ്ക്ക് തൊഴിൽ നികുതി ഇനത്തിൽ 2011–12 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിൽ വരവ് വന്നിട്ടില്ലെന്നും ആയത് യഥാസമയം ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ലെന്നും ഓഡിറ്റിൽ വ്യക്തമായിട്ടുണ്ട്. നഗരസഭ അധികൃതർ യഥാസമയം ഡിമാന്റ് രജിസ്റ്ററിൽ പോസ്റ്റ് ചെയ്യാത്തതിനാലാണ് ഈ ക്രമക്കേടുകൾ ഉണ്ടായിട്ടുള്ളത്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ക്രമപ്രകാരം പരിപാലിക്കാത്തത് 1994 ലെ കേരളാ മുൻസിപ്പാലിറ്റി ആക്ട് 257–ാം വകുപ്പ്, 2005 ലെ കേരളാ മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 10 എന്നിവയുടെ വ്യതിചലനവും ലംഘനവും ആണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ യഥാവിധി പൂർത്തിയാക്കാത്തത് കാരണം കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി യഥാസമയം തൊഴിൽ നികുതി അടയ്ക്കാത്ത സ്വകാര്യസ്ഥാപനങ്ങൾ/വ്യക്തികൾ എന്നിവരിൽ നിന്നും ആയത് ഈടാക്കാൻ കഴിയാതെ വരും. ഈ സാഹചര്യം നഗരസഭയ്ക്ക് ന്യായമായും കിട്ടേണ്ട വരുമാനത്തിൽ കുറവു വരാൻ ഇടയാക്കും. ആയതിനാൽ ഈ വിഷയത്തിലേക്ക് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

LOCAL FUND AUDIT DEPARTMENT

1.6 പദ്ധതി നിർവ്വഹണം

2011–12 സാമ്പത്തിക വർഷം വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവ ഉപയോഗിച്ച് 821 പ്രോജക്ടുകളും, മുൻ വർഷങ്ങളിലെ സ്പിൽ ഓവർ ആയ 510 പ്രോജക്ടുകളും ഉൾപ്പെടെ ആകെ 1331 പ്രോജക്ടുകൾ നടപ്പിലാക്കുവാൻ നഗരസഭയ്ക്ക് അംഗീകാരം ലഭിച്ചു. എന്നാൽ അവയിൽ ആകെ 822 പദ്ധതികൾ മാത്രമേ തൻവർഷം നടപ്പിലാക്കിയിട്ടുള്ളൂ.

വികസനമേഖല	അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം	തൻവർഷം നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം
ഉല്പാദന മേഖല	104	44
സേവനമേഖല	293	174
പശ്ചാത്തല മേഖല	905	580
മേഖലാവിഭജനത്തിൽപ്പെടാത്തവ	29	24
ആകെ	1331	822

തൻവർഷം ലഭിച്ച പദ്ധതി വിഹിതത്തിന്റെ 62% മാത്രമേ നഗരസഭയ്ക്ക് വികസന പ്രവൃത്തികൾക്ക് വേണ്ടി ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. മാനദണ്ഡങ്ങൾ പാലിക്കാതെ വളരെ ലാഘവത്തോടെ ചില പദ്ധതികൾ നടപ്പിലാക്കിയതും ക്രമപ്രകാരമല്ല. കൂടാതെ തൻവർഷം അംഗീകരിച്ച പദ്ധതി വിഹിതത്തിന്റെ 38% വിനിയോഗിക്കാതെ പാഴാക്കിയതും, നഗരസഭയുടെ വികസന സാധ്യതകൾക്ക് മങ്ങൽ ഏൽപ്പിച്ചതായി വിലയിരുത്തുന്നു.

1.7 പദ്ധതി നിർവഹണവും –ഫണ്ട് വിനിയോഗവും

2011–12 സാമ്പത്തിക വർഷം ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച 1331 പദ്ധതികളിൽ ആകെ 822 പദ്ധതികൾ മാത്രമേ നടപ്പിലാക്കുവാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടുള്ളൂ. വിവിധ വികസനമേഖലകളിലായി നടപ്പിലാക്കേണ്ടിയിരുന്ന പദ്ധതികൾക്കായുള്ള വികസന ഫണ്ടിന്റേയും മറ്റു ഫണ്ടുകളുടെയും വിനിയോഗവും തൃപ്തികരമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വികസന മേഖല	അംഗീകരിച്ച പ്രോജക്ടുകളുടെ ഫണ്ട് വിവരം			ചെലവഴിച്ച തുക			ശതമാനം
	വികസന ഫണ്ട്	മറ്റു ഫണ്ടുകൾ	ആകെ	വികസന ഫണ്ട്	മറ്റു ഫണ്ടുകൾ	ആകെ	
ഉല്പാദന മേഖല	169082436	231086679	400169115	54554560	5198910	153345248	38%
സേവനമേഖല	356717318	206161302	562878620	388842688	41598120	72393926	12.8%
പശ്ചാത്തല മേഖല	366103294	243521068	609624362	158429234	96175248	61757606	10%
മേഖല വിഭജനത്തിൽ പ്പെടാത്തവ	140373379	848942306	989315685	92952782	6000000	33084801	3.4%
ആകെ			2561987782			320581581	12.5%

LOCAL FUND AUDIT DEPARTMENT

തൻവർഷം അംഗീകരിച്ച 1331 പ്രോജക്ടുകളുടെ ഫണ്ട് വിഹിതത്തിന്റെ 12.5% മാത്രമേ ചെലവഴിക്കാൻ നഗരസഭാ അധികാരികൾക്ക് കഴിഞ്ഞിട്ടുള്ളൂ. ഇത്തരത്തിൽ അംഗീകരിച്ച പ്രോജക്ടുകളുടെ ഫണ്ടുകൾ ഫലപ്രദമായി ചെലവഴിക്കാൻ നടപടികൾ സ്വീകരിക്കാത്തത് മൂലം നഗരസഭയുടെ വിവിധ മേഖലകളുടെ വികസന സാദ്ധ്യതകൾക്ക് മങ്ങൽ ഏല്പിച്ചിട്ടുണ്ട്. ഇത് നഗരസഭയുടെ പ്രതിച്ഛായയെ കാര്യമായി ബാധിച്ചിട്ടുണ്ട്.

1.8 പദ്ധതി നടത്തിപ്പിലെ പോരായ്മകൾ

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം പഠനാന്തരീക്ഷം മെച്ചപ്പെടുത്തൽ, കളിസ്ഥലങ്ങളുടെ വികസനം എന്നീ മേഖലകളൊക്കെ അവഗണിക്കുകയും പകരം സെമിനാറുകൾ, പരിശീലനം, മേളകൾ തുടങ്ങിയവ നടപ്പിലാക്കുന്നതിനുള്ള പദ്ധതികളാണ് വിദ്യാഭ്യാസ മേഖലയിൽ പ്രധാനമായും നടപ്പിലാക്കിയിട്ടുള്ളത്. സാക്ഷരതാ മിഷന് ഏഴ് ലക്ഷം രൂപ, 'തുടർവിദ്യാഭ്യാസം' എന്ന പ്രോജക്ട് നടപ്പിലാക്കുന്നതിനായി നിർവഹണാധികാരി നല്കിയെങ്കിലും ഈ തുക എന്തിന് വിനിയോഗിച്ചുവെന്ന് വിവരമില്ല. 'മാതൃകാവിദ്യാലയം' (എസ്.സി.) എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി കാഞ്ഞിരംപാറ എച്ച്.എം.ന് മുപ്പത് ലക്ഷം രൂപ നല്കിയെങ്കിലും ഈ തുകകൊണ്ട് എന്തൊക്കെ പ്രവൃത്തികളാണ് ചെയ്യേണ്ടതെന്ന് നിർവഹണാധികാരിയായ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്കോ പണം ലഭിച്ച സ്കൂൾ എച്ച്.എം. നോ ഒരു രൂപവുമില്ല. ഇതേ രീതിയിൽ 20 ലക്ഷം രൂപ പദ്ധതി വിഹിതത്തിൽ നിന്നും പിൻവലിച്ച് 'മാതൃകാവിദ്യാലയം' എന്ന മറ്റൊരു പ്രോജക്ട് നടപ്പിലാക്കാനായി വിവിധ സ്കൂളുകൾക്ക് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നല്കി. ചലച്ചിത്രാവബോധന ക്യാമ്പ് നടത്തുന്നതിനു വേണ്ടി മൂന്ന് ലക്ഷം രൂപ പ്രയോജനമില്ലാതെ ചെലവഴിച്ചു. പഠനത്തിൽ പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി യാതൊരു പ്രവർത്തനങ്ങളും നടത്താതെ "റിഫ്രഷ്മെന്റ് ചാർജ്" മാത്രം നൽകുന്നതിനുവേണ്ടി പദ്ധതിപണം വിനിയോഗിച്ചതിലൂടെ 'പത്താംതരത്തിൽ നൂറുമേനി' എന്ന പ്രോജക്ട് ലക്ഷ്യം പൂർത്തീകരിച്ചില്ല. സ്കൂൾ പോലീസ് കേഡറ്റ്, മലയാളപ്പെരുമ എന്നീ പ്രോജക്ടുകൾ പദ്ധതിപ്പണം ചെലവഴിക്കുന്നതിനു വേണ്ടി മാത്രം നടപ്പാക്കിയ പദ്ധതികളായി മാറി. അങ്കണവാടികൾക്കുവേണ്ടി ചെലവഴിക്കേണ്ട പദ്ധതി വിഹിതത്തിലെ എട്ട് ലക്ഷം രൂപ ഉല്ലാസയാത്രയും മേളയും നടത്തുന്നതിനായി ഉപയോഗിച്ചു.

LOCAL FUND AUDIT DEPARTMENT

ആരോഗ്യ മേഖലയിൽ, പാലിയേറ്റീവ് കെയർ, ക്യാൻസർ നിയന്ത്രണം, ജീവിതശൈലീരോഗ നിയന്ത്രണം, വയോമിത്രം തുടങ്ങിയ വിവിധ പദ്ധതികൾ, ആശുപത്രികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, ആരോഗ്യ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുകളുമായി സഹകരിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ നഗരസഭയിൽ നടത്തി വരുന്നുണ്ട്. പൊതുജനാരോഗ്യം, ശുചിത്വം എന്നീ മേഖലകളിൽ നടപ്പിലാക്കുന്ന പദ്ധതികൾ ലക്ഷ്യപ്രാപ്തിയിലെത്തുന്നുണ്ടോ എന്നുറപ്പു വരുത്താൻ ചിട്ടയായ മോണിട്ടറിംഗ്, തുടർ നടപടികൾ ഉണ്ടാകുന്നില്ല. സമഗ്ര ക്യാൻസർ ചികിത്സാ പദ്ധതിയ്ക്കായി ഒരു കോടിയിലേറെ രൂപ റീജിയണൽ ക്യാൻസർ സെന്ററിനു കൈമാറിയെങ്കിലും, പദ്ധതിയുടെ നടത്തിപ്പിൽ നഗരസഭയ്ക്ക് യാതൊരു നിയന്ത്രണവുമില്ലാത്ത അവസ്ഥയാണ്.

നഗരസഭ ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി കളിലൊന്നാണ് മാലിന്യ സംസ്കരണം. നഗരപ്രദേശത്തെ ഗാർഹിക/ ഗാർഹികേതര മാലിന്യ സംസ്കരണത്തിനായി നഗരസഭ ആശ്രയിച്ചു വന്ന വിളപ്പിൽശാലയിലെ കേന്ദ്രീകൃത മാലിന്യ പ്ലാന്റ് പ്രവർത്തനരഹിതമായതോടെ, ഉറവിടത്തിൽതന്നെ ജൈവമാലിന്യ സംസ്കരണത്തിനായി പ്രധാനമായും 2 പദ്ധതികൾ ആവിഷ്കരിച്ചുവെങ്കിലും അവ ഫലപ്രാപ്തിയിലെത്തിയില്ല. ഈ പദ്ധതികൾക്കായി ലഭിച്ച തുകയിൽ 6 കോടി യോളം രൂപ ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു.

1.9 നഗരസഭയോട് കൂട്ടിച്ചേർക്കപ്പെട്ട പഞ്ചായത്തുകൾ – ആസ്തി ബാധ്യതകൾ

നഗരസഭയിലേയ്ക്ക് 2010 ഒക്ടോബർ 1 മുതൽ കൂട്ടിച്ചേർക്കപ്പെട്ട കഴക്കൂട്ടം, ശ്രീകാര്യം, വട്ടിയൂർക്കാവ്, കുടപ്പനക്കുന്ന്, വിഴിഞ്ഞം ഗ്രാമ പഞ്ചായത്തുകളുടെ ആസ്തിബാധ്യതകൾ തിട്ടപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പ്രകാരം (സർക്കുലർ നം.50730/ E.M3/10/ത.സ്വ.ഭ.വ തിയതി.30.10.2010) 31.10.2010 അടിസ്ഥാനമാക്കി ആസ്തി ബാധ്യതകളുടെ പട്ടിക തയ്യാറാക്കി അതതു നഗരസഭകൾക്ക് കൈമാറേണ്ടതും ഗ്രാമപഞ്ചായത്തു സെക്രട്ടറിമാർ തയ്യാറാക്കുന്ന കരട് പത്രിക നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്. ആസ്തി ബാധ്യതകളിൽ സ്ഥാവര, ജംഗമ, സാമ്പത്തിക സ്വഭാവമുള്ള എല്ലാ വസ്തു വകകളും ഉൾപ്പെടുമെന്നും ഈ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ നിർദ്ദേശങ്ങൾ ഇതാണെന്നിരിക്കെ മേൽ പറഞ്ഞ ഗ്രാമപഞ്ചായത്തുകൾ തിരുവനന്തപുരം നഗരസഭയോട് കൂട്ടിച്ചേർത്തപ്പോൾ ആസ്തി ബാധ്യതകൾ നിർണ്ണയിച്ചിട്ടില്ല. ആസ്തി ബാധ്യതകണക്കുകൾ തയ്യാറാക്കിയിട്ടില്ല എന്ന വിവരം സമയബന്ധിതമായി സർക്കാരിനെ അറിയിക്കുന്നതിൽ നഗരസഭയ്ക്കും വീഴ്ച പറ്റിയിട്ടുണ്ട്.

ഡബിൾ എൻട്രി സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിലെ ഏറ്റവും പ്രധാനപ്പെട്ട രേഖകളിൽ ഒന്നാണ് ആസ്തി ബാധ്യതകൾ സംബന്ധിച്ച പട്ടിക (Asset & Liability Statement). ഈ സാഹചര്യത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി തിട്ടപ്പെടുത്താതെ നഗരസഭ തയ്യാറാക്കുന്ന വാർഷിക കണക്ക് വസ്തുതാപരമായി തെറ്റാണ്. ആയതിനാൽ ഈ വിഷയത്തിലേയ്ക്ക് സർക്കാരിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1.10. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് – തൃപ്തികരമല്ല

നഗരസഭയുടെ പ്രധാന രജിസ്റ്ററുകളായ ചെക്ക്/ഡി.ഡി.രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലേല രജിസ്റ്റർ എന്നിവ തൻവർഷം തൃപ്തികരമായി എഴുതി സൂക്ഷിച്ചിട്ടില്ല. ചെക്ക്/ഡി.ഡി.രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതുകൊണ്ട് നഗരസഭയ്ക്ക് തൻവർഷം ലഭിച്ച ചെക്ക്/ഡി.ഡി. വരവുകളുടെ ആധികാരികത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇവ കൂടാതെ പല നിർവഹണ ഉദ്യോഗസ്ഥന്മാരും റ്റി.ആർ– 7A ക്യാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. എഴുതി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകളിൽ

LOCAL FUND AUDIT DEPARTMENT

ചിലത് സെക്രട്ടറി/എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഈ രജിസ്റ്ററുകൾ നിയമാനുസരണം എഴുതി സൂക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

1.11 ഇൻകുംബൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

സർക്കുലർ നമ്പർ 74217/എ.എ3/08/തസ്വഭവ തീയതി: 3.7.2009 ലൂടെ എല്ലാ ഓഫീസുകളിലും ഇൻകുംബൻസി രജിസ്റ്റർ സൂക്ഷിക്കണമെന്നും ഇതിൽ ഉദ്യോഗസ്ഥന്റെ ജനനത്തീയതി, സർവ്വീസിൽ പ്രവേശിച്ച തീയതി, പ്രസ്തുത ഓഫീസിൽ ചുമതലയേറ്റ തീയതി, മുൻസർവ്വീസ്, മേൽവിലാസം, ടെലിഫോൺ നമ്പർ തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ജീവനക്കാർ ചുമതല കൈമാറുമ്പോൾ ഫയലുകളുടെ/രേഖകളുടെ ലിസ്റ്റ് ചുമതല ഏറ്റെടുക്കുന്ന ഉദ്യോഗസ്ഥന് നൽകേണ്ടതും ഒരു പകർപ്പ് സ്വന്തമായി സൂക്ഷിക്കേണ്ടതുമാണ്.

ഓഡിറ്റ് നിരീക്ഷണങ്ങളിൽ നഷ്ടോത്തരവാദിയെ നിർണ്ണയിക്കുമ്പോൾ ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പൂർണ്ണമായ പേര്, നിലവിലെ ഔദ്യോഗിക വിലാസം, സ്ഥിരമേൽ വിലാസം എന്നിവ ആവശ്യമാണ്. നഗരസഭയുടെ വിവിധ വകുപ്പുകളും മേഖലാ ഓഫീസുകളും, ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് വിവരം ആവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കാറില്ല.

സർക്കുലർ നിർദ്ദേശമനുസരിച്ചുള്ള ഇൻകുംബൻസി രജിസ്റ്റർ തയ്യാറാക്കേണ്ടതും ജീവനക്കാരുടെയും മേലധികാരിയുടെയും വിവരങ്ങളും, ജീവനക്കാർ ചാർജ്ജ് എടുക്കുന്നതും വിടുന്നതും സംബന്ധിച്ച വിവരങ്ങളും യഥാസമയങ്ങളിൽ രേഖപ്പെടുത്തേണ്ടതും ഓഡിറ്റിന്റെ ആവശ്യങ്ങൾക്ക് എത്തിച്ചു തരേണ്ടതുമായ ഉത്തരവാദിത്തം നഗരസഭയ്ക്കുള്ളതാണ്. തിരുവനന്തപുരം നഗരസഭയിൽ ഇത്തരം ഒരു രജിസ്റ്റർ സൂക്ഷിക്കുന്നില്ലായെന്നത് ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പാളിച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

1.12 അനധികൃതമായി മൊബൈൽ ടവറുകൾ നിർമ്മിക്കുന്നു.

1999 ലെ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 130 പ്രകാരം സർക്കാരിതര വാർത്താ വിനിമയ പോൾ, അനുബന്ധ മുറികൾ, ഗോപുരങ്ങൾ എന്നിവ ഓരോന്നിനും സെക്രട്ടറിയിൽ നിന്നും പ്രത്യേക അനുവാദം ലഭിക്കാതെ നിർമ്മിക്കാനോ, പുനർനിർമ്മിക്കാനോ മാറ്റം വരുത്തുവാനോ പാടുള്ളതല്ല. ഫോർട്ട് സോണൽ ഓഫീസിൽ 2011–12 ൽ 17 മൊബൈൽ ടവറുകൾ ക്രമവത്ക്കരിച്ചു നൽകിയിട്ടുണ്ട്. ഇതിൽ നിന്നും ഇത്രയും മൊബൈൽ ടവറുകൾ നഗരസഭാ പരിധിയിൽ അനുമതിയില്ലാതെ നിർമ്മിച്ചുവെന്ന് വ്യക്തമാകുന്നു.ഇത് 1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് 389–ാം വകുപ്പ്, 1999 ലെ കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 130

LOCAL FUND AUDIT DEPARTMENT

എന്നിവയുടെ ലംഘനമാണ്. അനുവാദമില്ലാതെ ഇത്രയധികം ടവറുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിട്ടും ഇവ അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല എന്ന് വ്യക്തമാണ്. മുൻകൂട്ടി അനുവാദം വാങ്ങി മാത്രം നിർമ്മാണം ആരംഭിക്കേണ്ട മൊബൈൽ ടവറുകൾ, അനധികൃതമായി പണിതുയർത്തിയതിനു ശേഷം ക്രമവത്കരിച്ചു നൽകുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

1.13 ഓഡിറ്റ് റിപ്പോർട്ടുകൾ–സമയബന്ധിത നടപടികൾ സ്വീകരിക്കുന്നില്ല – അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 13-ാം വകുപ്പ് പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് കഴിഞ്ഞാൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എക്സിക്യൂട്ടിവ് അതോറിറ്റി റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള പോരായ്മകളോ, ക്രമക്കേടുകളോ പരിഹരിക്കേണ്ടതും റിപ്പോർട്ട് ലഭിച്ച് 2 മാസത്തിനകമോ, 1997-ലെ കേരള മുൻസിപ്പാലിറ്റി (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ നിർദ്ദേശിക്കുന്ന കാലാവധിക്കകമോ, വിവരം ഓഡിറ്റിനെ അറിയിക്കുകയോ, അല്ലെങ്കിൽ പ്രസ്തുത സമയപരിധിക്കുള്ളിൽ പോരായ്മകളോ, ക്രമക്കേടുകളോ സംബന്ധിച്ച് നല്കാൻ ആഗ്രഹിക്കുന്ന ഏതെങ്കിലും കൂടുതൽ വിശദീകരണം ഓഡിറ്റിന് നല്കുകയോ ചെയ്യേണ്ടതാണ്. (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 15-ാം വകുപ്പ്)

പ്രത്യേക പരിശോധനാ റിപ്പോർട്ടുകൾ ഉൾപ്പെടെ ലോക്കൽ ഫണ്ട് ഓഡിറ്റ് പുറപ്പെടുവിച്ച തിരുവനന്തപുരം നഗരസഭയുടെ 47 ഓഡിറ്റ് റിപ്പോർട്ടുകൾ [1985-86 മുതൽ 2010-11 വരെ] തൃപ്തികരമായ മറുപടിയോ വിശദീകരണമോ ലഭ്യമാക്കാത്തതിനാൽ തീർപ്പാക്കാനവശേഷിക്കുന്നു.

ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റേയും അതിമേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നുമുള്ള 'കേരള മുൻസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും' ചട്ടങ്ങളിലെ ചട്ടം 14, 15 എന്നിവ നഗരസഭ പാലിക്കുന്നില്ല. ഇക്കാര്യം തുടർച്ചയായി ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടും നഗരസഭ നടപടികൾ സ്വീകരിക്കുന്നില്ല. ഈ വിഷയത്തിൽ സർക്കാരിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1.14 മുനിസിപ്പൽ കണ്ടിജന്റ്– പെൻഷൻ ഫണ്ട് –സർക്കാർ നിർദ്ദേശം ലംഘിച്ച് ചെലവ് ചെയ്യുന്നു.

മുനിസിപ്പൽ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നല്കുന്നതിനുവേണ്ടി ഗവൺമെന്റ് ട്രഷറിയിൽ 'മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് പെൻഷൻ ഫണ്ട്' എന്ന പേരിൽ ഒരു ഫണ്ട് തുറക്കേണ്ടതാണെന്ന് കേരള മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് ഡെത്ത് കം

LOCAL FUND AUDIT DEPARTMENT

റിട്ടയർമെന്റ് ബെനിഫിറ്റ് റൂൾസ് 1997- ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. [ജി.ഒ.(പി).96/97/എൽ.എ.ഡി.തീയതി 03.05.1997]

തിരുവനന്തപുരം നഗരസഭയിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി ഗവൺമെന്റ് ട്രഷറിയിൽ രൂപീകരിച്ചിട്ടുള്ള പെൻഷൻ ഫണ്ടിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടതിനെത്തുടർന്ന് നഗരസഭാ സെക്രട്ടറി ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്. "ഇപ്പോൾ തിരുവനന്തപുരം നഗരസഭയിലെ കണ്ടിജന്റ് വിഭാഗത്തിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ വിതരണം നടത്തുന്നത് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും നേരിട്ടാണ്. വർഷങ്ങളായി ഇപ്രകാരം ചെയ്തുവരികയാണ്. ഇക്കാര്യത്തിന് ട്രഷറിയിൽ പ്രത്യേകം അക്കൗണ്ട് ആരംഭിച്ച് കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ ടി അക്കൗണ്ട് വഴി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു."

നഗരസഭ കണ്ടിജന്റ് പെൻഷൻ വിതരണം ചെയ്യുന്നതിനായി TPA 3844 എന്ന നമ്പർ അക്കൗണ്ട് ആരംഭിച്ചതായി കരുതുന്നതായും ഇക്കാര്യം ഉറപ്പു വരുത്തി തുടർന്നുള്ള മാസങ്ങളിൽ ടി അക്കൗണ്ടിൽ കൂടി കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ വിതരണം ചെയ്യുന്നതിനായി പ്രസ്തുത അക്കൗണ്ടിന്റെ ഏറ്റവും അവസാനം ലഭ്യമായ വർഷത്തെ ഇടപാടുകളുടെ സ്റ്റേറ്റ്മെന്റ് നല്കണമെന്നും 15.03.2012 ലെ എ.9/30858/12–ാം നമ്പർ കത്തു മുഖേന നഗരസഭാ സെക്രട്ടറി തിരുവനന്തപുരം ജില്ലാ ട്രഷറി ഓഫീസറോട് ആവശ്യപ്പെട്ടു.

കണ്ടിജന്റ് പെൻഷൻ വിതരണം ചെയ്യുന്നതിനു വേണ്ടി ആരംഭിച്ചതാണ് TPA 3844 എന്ന നമ്പർ അക്കൗണ്ട് എന്ന് നഗരസഭാ സെക്രട്ടറി സംശയം പ്രകടിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ 1997 ലെ സർക്കാർ ഉത്തരവിലെ നിർദ്ദേശം തിരുവനന്തപുരം നഗരസഭയിൽ നടപ്പിലാക്കിയിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. 1997 മുതൽ 15 വർഷങ്ങളായി തനതു ഫണ്ടിൽ നിന്നും കണ്ടിജന്റ് പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്തു വരുന്ന നഗരസഭയുടെ നടപടി ക്രമ വിരുദ്ധമാണ്. കാലാകാലങ്ങളിൽ നഗരസഭയുടെ ചുമതല വഹിച്ചിരുന്ന സെക്രട്ടറിമാർ, അക്കൗണ്ട്സ് ഓഫീസർമാർ എന്നിവർ ഈ ക്രമക്കേടിന് ഉത്തരവാദികളാണ്. ആയതിനാൽ കണ്ടിജന്റ് എംപ്ലോയീസ് പെൻഷൻ ഫണ്ട് നടപ്പിൽ വരുത്താൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

ഭാഗം– II

വരവ്

LOCAL FUND AUDIT DEPARTMENT

2.1 വാർഷിക കണക്കിലെ പോരായ്മകൾ

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 (2) ൽ വാർഷിക കണക്കിനോടൊപ്പം 'statement of cash flow' ഉൾക്കൊള്ളിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയുടെ വാർഷിക കണക്കിനോടൊപ്പം ഈ സ്റ്റേറ്റ്മെന്റ് ഉൾക്കൊള്ളിച്ചിട്ടില്ല. 'സാംഖ്യ' ആപ്ലിക്കേഷൻ പ്രകാരം ശരിയായ 'cash flow statement' ലഭിക്കുന്നില്ല എന്ന് നഗരസഭ അറിയിച്ചിട്ടുണ്ട്.

മേൽ ചട്ടങ്ങൾ 58 (4) പ്രകാരം ധനകാര്യപത്രികകളിൽ മുൻവർഷങ്ങളിലെ തുകകൾ കൂടി കാണിക്കേണ്ടതാണ്. നഗരസഭയുടെ വാർഷികകണക്കിൽ തൻവർഷ തുകകൾ മാത്രമേയുള്ളൂ. ആയത് ചട്ട വിരുദ്ധമാണ്.

നഗരസഭയുടെ വാർഷിക കണക്ക് അപൂർണ്ണമാണ്. നഗരസഭക്ക് എ, ബി, സി, ഡി, ഇ, എഫ്, ജി എന്നീ ഇനങ്ങളിലെ ഫണ്ടിനു പുറമേ സ്പെഷ്യൽ ഗ്രാന്റുകളും ലഭിക്കുന്നുണ്ട്. നഗരസഭയുടെ വാർഷിക ധനകാര്യപത്രികയിൽ 'ഇ' ഫണ്ട് അതായത് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള തുകയുടെ വരവ്/ചെലവ് ഉൾക്കൊള്ളിച്ചിട്ടില്ല. JNNURM, SJSRY തുടങ്ങി എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും തുക നഗരസഭാ സെക്രട്ടറിയുടെ അക്കൗണ്ടിലേക്കാണ് വരുന്നത് എന്നതിനാൽ തുകകളെല്ലാം തന്നെ വാർഷിക കണക്കിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

ജനറൽ ലഡ്ജറിലെ ബാലൻസ് തുകയാണ് ട്രയൽ ബാലൻസിലേക്കും തുടർന്ന് ബാലൻസ് ഷീറ്റിലേക്കും കൊണ്ടു വരേണ്ടുന്നത് എന്നിരിക്കെ ലഡ്ജറുമായി യാതൊരു ബന്ധവുമില്ലാത്ത സംഖ്യകളാണ് വാർഷിക കണക്കിൽ കാണിച്ചിരിക്കുന്നത്. ഇത് അക്കൗണ്ടിംഗ് പ്രിൻസിപ്പിളിനു വിരുദ്ധമാണ്. ഉദാഹരണമായി:-

അക്കൗണ്ട് ഹെഡ്	വാർഷിക ധനകാര്യപത്രികയിലുള്ളത്	ലഡ്ജർ പ്രകാരം
150120200 Sale of scrap	669387	660867
150400100 Road roller charge	37841	517830

ഇതിന് തൃപ്തികരമായ വിശദീകരണം നൽകിയിട്ടില്ല.

ബാലൻസ് ഷീറ്റിലെ മുനിസിപ്പൽ (ജനറൽ) ഫണ്ട് ഷെഡ്യൂൾ ബി 1 ന്റെ രണ്ട് പ്രതി അക്കൗണ്ട്സിനോടൊപ്പം വച്ചിട്ടുള്ളതിൽ രണ്ടിലും വ്യത്യസ്ത തുകകളാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

അക്കൗണ്ട് ഹെഡ്	ഒരു ഷെഡ്യൂൾ പ്രകാരം	അടുത്ത ഷെഡ്യൂൾ പ്രകാരം
310100100 ജനറൽ ഫണ്ട്	987447217	825679645
310900100 ചെലവിൽ അധികരിച്ച വരവ്	47050734	209586246

LOCAL FUND AUDIT DEPARTMENT

ഇതിൽ ഏത് ഷെഡ്യൂളാണ് ശരിയായത് എന്നു പോലും നഗരസഭ വ്യക്തമാക്കിയിട്ടില്ല.

ബാലൻസ് ഷീറ്റിലെ ഡെപ്പോസിറ്റ്സ് റിസീവ്ഡ് എന്ന ഇനത്തിൽ 'Contractors EMD' എന്ന ഹെഡിലെ തുക 3,07,671/- രൂപയാണ് കാണിച്ചിട്ടുള്ളത്. 2011-12 സാമ്പത്തിക വർഷത്തിൽ ഏകദേശം 40 കോടി രൂപ വികസനഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ നിന്നും വിവിധ മരാമത്ത് പണികൾക്കായി അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ തനതു ഫണ്ടുപയോഗിച്ചും പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ലഡ്ജർ പരിശോധിച്ചതിൽ കേവലം രണ്ടോ, മൂന്നോ സോണുകളിൽ നിന്നുള്ള വരവ് തുകയായ 3,07,671/- രൂപ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. EMD രജിസ്റ്റർ രേഖാമൂലം ആവശ്യപ്പെട്ടിട്ടും (ഓഡിറ്റ് റിക്വിസിഷൻ നം. LFCA 4/82) ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ബാലൻസ് ഷീറ്റിലെ ക്യാഷ്, ബാങ്ക് ബാലൻസ് (ഷെഡ്യൂൾ ബി 17) ൽ PD ID-56 എന്ന അക്കൗണ്ടിലെ ബാലൻസ് 4,71,523 രൂപയാണ്. ഈ അക്കൗണ്ട് ക്ലോസ് ചെയ്ത് തുക സർക്കാരിന്റെ സഞ്ചിതനിധിയിലേക്ക് അടയ്ക്കേണ്ടതാണെന്ന് 9.7.03 ലെ സ.ഉ. (അ)381/03/ധനം ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലും ഇതു സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവിനും ഓഡിറ്റ് നിർദ്ദേശത്തിനും വിരുദ്ധമായി ഈ അക്കൗണ്ട് ഇന്നും നിഷ്ക്രിയമായി നിലനിർത്തിയിരിക്കുന്നു. ഈ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിന് ATA2/2542/11 തീയതി: 25.2.12 നമ്പർ കത്ത് ട്രഷറിയിൽ നൽകിയിട്ടുണ്ട് എന്നാണ് നഗരസഭ അറിയിച്ചിരിക്കുന്നത്. എന്നാൽ ഇതിന്മേൽ യാതൊരു തുടർനടപടിയും നഗരസഭ സ്വീകരിച്ചിട്ടില്ല.

LOCAL FUND AUDIT DEPARTMENT

റസീറ്റ്സ് & പേയ്മെന്റ്സിലെ Rental income from municipal properties (Schedule RP-3) ൽ യഥാർത്ഥ വരവ് അല്ല രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണമായി

വരവ് ഇനം	'സാംഖ്യ'യിൽ നിന്നും ലഭ്യമായത്	റസീറ്റ്സ് & പേയ്മെന്റ്സ് പ്രകാരമുള്ളത്
Rent from shopping complex	8660260	24306
Rent from office buildings	21310758	17900

ആയതിന് നഗരസഭ ലഭ്യമാക്കിയ മറുപടി റസീറ്റ്സ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ Journal Voucher വഴി എന്റർ ചെയ്യുന്ന ട്രാൻസാക്ഷൻസ് വരുന്നില്ല. യഥാർത്ഥ വരവ് ഡി.സി.ബി. യിലുണ്ട് എന്നാണ്. റസീറ്റ്സ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ തൻവർഷത്തെ യഥാർത്ഥ വരവും ചെലവും ആണ് വരേണ്ടത്. എന്നാൽ നഗരസഭയുടെ റസീറ്റ്സ് & പേയ്മെന്റ്സിൽ യഥാർത്ഥ വരവും ചെലവും അല്ല രേഖപ്പെടുത്തിയിരിക്കുന്നത്. ഉദാഹരണമായി ഷെഡ്യൂൾ RP - 5 ലെ Sales & Hire charges, sale of scrap, Road roller charges എന്നീ വരവിനങ്ങൾ മൈനസ് ഫിഗർ കാണിച്ചിരിക്കുന്നു. Property Tax (General) 16,341/- രൂപയാണ് കാണിച്ചിരിക്കുന്നത്.

റസീറ്റ്സ് & പേയ്മെന്റ്സിലെ ഷെഡ്യൂൾ RP–10 എസ്റ്റാബ്ലിഷ്മെന്റ് എക്സ്പെൻസിൽ

Salaries Secretary	:	122531
Salaries Municipal Engineer	:	126368
Salaries Health Officer	:	172559

എന്നിങ്ങനെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതു സംബന്ധിച്ച കത്തിന് നൽകിയിട്ടുള്ള മറുപടി Income & Expenditure statement –ലെ തുകയാണ് സാലറി ഇനത്തിൽ കണക്കാക്കേണ്ടത് എന്നാണ്.

2010–11 ലെ വാർഷിക കണക്കിൽ വസ്തുനികുതി കുടിശ്ശിക ഡിമാന്റിൽ 10.27 കോടി രൂപ കുറച്ചു കാണിച്ചിരുന്നു. ഇതിനെ തുടർന്നുള്ള തുകകളാണ് 2011–12 ലെ വാർഷിക കണക്കിൽ നൽകിയിട്ടുള്ളതും. ആയതിനു നഗരസഭ ലഭ്യമാക്കിയിരിക്കുന്ന മറുപടി റവന്യൂ ഓഫീസറുടെ സ്റ്റേറ്റ്മെന്റ് പ്രകാരമാണ് 10–11 ൽ വസ്തുനികുതി അരിയർ 10.27 കോടി രൂപ ഡിമാന്റിൽ കുറവ് ചെയ്തിട്ടുള്ളത് എന്നും , ടി തുക കുറവ് ചെയ്തതിന് കൗൺസിൽ അംഗീകാരം വാങ്ങുന്നതിനുള്ള നടപടി റവന്യൂ വിഭാഗത്തിൽ സ്വീകരിച്ചു വരുന്നുവെന്നും ആണ്.

വാർഷിക കണക്കിലെ അപാകതകൾക്ക് കാരണം സാംഖ്യ സോഫ്റ്റ്വെയറിലെ ന്യൂനതകളും സോഫ്റ്റ്വെയർ കൈകാര്യം ചെയ്യുന്നതിലെ പരിചയക്കുറവുമാണ്. സാംഖ്യയിലെ പോരായ്മകൾക്ക് അടിയന്തിരമായി പരിഹാരം കാണേണ്ടതും ജീവനക്കാർക്ക് ഇത് ഉപയോഗിക്കുന്നതിനാവശ്യമായ പരിശീലനം നൽകേണ്ടതുമാണ്.

2.2.1. രസീത് പരിശോധന

2011–12 സാമ്പത്തിക വർഷത്തെ തിരുവനന്തപുരം നഗരസഭയുടെ വട്ടിയൂർക്കാവ് മേഖലാ ഓഫീസിലെ രസീത് പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. ഓഫീസ് കളക്ഷൻ ആവശ്യത്തിലേയ്ക്കായി ഉപയോഗിച്ചിരിക്കുന്ന രസീത് ബുക്കുകളിൽ അതാതു ദിവസം മേലധികാരി സാക്ഷ്യപ്പെടുത്തുന്നില്ല.
2. രസീതുകളിൽ നഗരസഭയുടെ മുദ്ര പതിച്ചിട്ടില്ല.
3. രസീതുകളിൽ വേണ്ട വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണമായി ഏത് അർദ്ധവർഷത്തേയ്ക്കാണ് നികുതി ഒടുക്കിയത് എന്ന് രേഖപ്പെടുത്താത്തതുമൂലം പിഴപലിശ കൃത്യമാണോ എന്ന് പരിശോധിക്കാൻ കഴിഞ്ഞില്ല.
4. ചില രസീതുകളിൽ മൂന്നിരട്ടിയിലധികം പിഴപലിശ ഈടാക്കിയതായി കാണുന്നു. ഈ വിവരം ഓഡിറ്റ് അന്വേഷണകുറിപ്പിലൂടെ (നമ്പർ 4/7.11.12, നം.12/8.11.12) ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപെടുത്തിയെങ്കിലും വിശദീകരണം നൽകിയിട്ടില്ല.
5. ബിൽ കളക്ടർമാരുടെ ഔട്ട്ഡോർ കളക്ഷൻ ഓഫീസിൽ ഒടുക്കുമ്പോൾ രസീത് നൽകുന്നില്ല.

LOCAL FUND AUDIT DEPARTMENT

6. താഴെ പറയുന്ന ദിവസങ്ങളിലെ രസീത് പ്രകാരം പിരിച്ച ആകെ തുകയും ഒടുക്കിയ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/7.11.12, നം.11/8.11.12) മറുപടി ലഭ്യമാക്കിയിട്ടില്ല.

തീയതി	പിരിച്ചെടുത്ത തുക (കളക്ഷൻ രജിസ്റ്റർ പ്രകാരം)	ഒടുക്കു വരുത്തിയ തുക(ബാങ്ക് രസീത് പ്രകാരം)	വ്യത്യാസം
02.01.2012	11344	11025	319
24.03.2012	31943	31886	57
		ആകെ	**376**

7. രസീത് പ്രകാരം പിരിച്ചെടുത്ത തുക മുഴുവനായും ഒടുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.

രസീത് നമ്പർ	തീയതി	രസീത് പ്രകാരം പിരിച്ച തുക	ഒടുക്കിയ തുക	വ്യത്യാസം
55957	16.8.2011	205	0	205
56102	17.8.2011	14	7	7
85990	27.10.2011	50	5	45
73020	2.9.2011	540	510	30
			ആകെ	**287**

നഗരസഭയ്ക്ക് ഉണ്ടായ ആകെ നഷ്ടം 663/- (376 + 287) രൂപ ഈ ദിവസങ്ങളിൽ നികുതി പിരിവ് നടത്തിയ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ തുക ചാർജ് ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

2.2.2 രസീത് പരിശോധന – പിഴപ്പലിശ ഈടാക്കാത്തതിനാൽ നഷ്ടം – 4,226/- രൂപ

LOCAL FUND AUDIT DEPARTMENT

മെയിൻ ഓഫീസ്

രസീതുകളുടെ പരിശോധനയിൽ പിഴപ്പലിശ ഒഴിവാക്കി വസ്തു നികുതി, തൊഴിൽ നികുതി എന്നിവ ഈടാക്കിയതായി ശ്രദ്ധയിൽപ്പെട്ടു. കൂടാതെ പിഴപ്പലിശ കുറവായി ഈടാക്കിയതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	തുക
വസ്തു നികുതി	1,369/-
തൊഴിൽ നികുതി	2,317/-
പിഴപ്പലിശ കുറവായി ഈടാക്കിയത്	540/-
ആകെ	**4,226/-**

പിഴപ്പലിശ ഈടാക്കാത്തതും, ഈടാക്കിയതിലെ കുറവും കാരണം നഗരസഭയുടെ വരവിനത്തിൽ 4,226/- രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ടി തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും പിരിച്ചെടുത്ത് നഗരസഭാ ഫണ്ടിൽ ഒടുക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ചാർജ് ഓഫീസറുടെ ബാദ്ധ്യതയായി മാറുന്നതാണ്. (അനുബന്ധം1)

2.3 തൊഴിൽ നികുതി

കേരള മുനിസിപ്പാലിറ്റി ആക്ട് 254 (2)-ാം വകുപ്പ് പ്രകാരം ഓരോ സാമ്പത്തിക വർഷവും സെപ്റ്റംബർ മാസത്തിന്റെയും മാർച്ച് മാസത്തിന്റെയും അവസാനത്തിന് മുമ്പ് ഓരോ ഓഫീസ് മേധാവിയും തൊഴിലുടമയും തൊഴിൽ നികുതി അടയ്ക്കേണ്ടതായ എല്ലാ ജീവനക്കാരുടെയും അർദ്ധ വാർഷിക വരുമാനം കണക്കാക്കി നികുതി തിട്ടപ്പെടുത്തേണ്ടതും, തുക ഈടാക്കി ജീവനക്കാരന്റെ പേര്, ഉദ്യോഗപ്പേര്, അർദ്ധവാർഷിക വരുമാനം, ഈടാക്കിയ നികുതി എന്നിവ സൂചിപ്പിക്കുന്ന ലിസ്റ്റ് സഹിതം നഗരസഭയിൽ ഒടുക്കേണ്ടതും ആണ്. ശമ്പളം, ഡി.എ., ശമ്പള/ഡി.എ. കുടിശ്ശിക , ലീവ് സറണ്ടർ, ബോണസ്, ഉത്സവബത്ത എന്നിവ ഉൾപ്പെടുത്തി വേണം ഓരോ ജീവനക്കാരന്റെയും അർദ്ധ വാർഷിക വരുമാനം കണക്കാക്കേണ്ടത്. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 245 പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2011-12 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം നഗരസഭാ മെയിൻ ഓഫീസിലും വിവിധ മേഖലാ ഓഫീസുകളിലും തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, തൊഴിൽ നികുതി കുടിശ്ശിക രജിസ്റ്റർ എന്നിവ കൃത്യതയോടെ പരിപാലിക്കാത്തതിനാലും തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകളാലും നഗരസഭയുടെ തനതുവരുമാനത്തിലുണ്ടായ കുറവ് ചുവടെ വിശദീകരിക്കുന്നു.

2.3.1 അർദ്ധവാർഷിക വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ജീവനക്കാർക്ക് ലഭിയ്ക്കുന്ന അർദ്ധവാർഷിക വരുമാനത്തിന് അനുസൃതമായി നിശ്ചയിച്ചിട്ടുള്ള നിരക്കിൽ (സ്ലാബ്) ആണ് തൊഴിൽ നികുതി ഈടാക്കേണ്ടത്. നിശ്ചിത നിരക്കിൽ കുറവായി തൊഴിൽ നികുതി ഈടാക്കിയത് മൂലം നഗരസഭയ്ക്കുണ്ടായ **29,186/-** രൂപയുടെ നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു. (അനുബന്ധം 2)

ഓഫീസിന്റെ പേര്	തുക
നേമം മേഖലാ ഓഫീസ്	450
ആറ്റിപ്ര മേഖലാ ഓഫീസ്	1504
ഉള്ളൂർ മേഖലാ ഓഫീസ്	1350
ഫോർട്ട് മേഖലാ ഓഫീസ്	1450
മെയിൻ ഓഫീസ്	24432
ആകെ	**29,186/-**

ടി തുക അതാത് മേഖലാ ഓഫീസുകളിലെ ചാർജ് ഓഫീസർമാരിൽ നിന്നും ഈടാക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

2.3.2 കുറഞ്ഞ നിരക്കിൽ തൊഴിൽ നികുതി ഈടാക്കി

കേരള മുനിസിപ്പാലിറ്റി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം നഗരസഭാ പ്രദേശത്ത് സ്വയം തൊഴിൽ ചെയ്യുന്ന താഴെ പറയുന്നവരും സ്ഥാപനങ്ങളും, 1250/- രൂപ ക്രമത്തിൽ അർദ്ധവാർഷിക തൊഴിൽ നികുതി ഒടുക്കേണ്ടതാണ്.

1) കമ്പനീസ് ആക്ട് /ചിട്ടി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, ജി.ഒ.(പി) 143/2008/തസ്വഭവ തീയതി: 27.05.08 പ്രകാരം നിയമാനുസൃതമായി പണം വായ്പയ്ക്കു കൊടുക്കുന്ന വ്യക്തികൾ
2) കല്യാണ മണ്ഡപം /ഹാളിന്റെ ഉടമസ്ഥർ
3) സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ
4) പെട്രോൾ പമ്പുകൾ, സർവ്വീസ് സ്റ്റേഷനുകൾ

മുകളിൽ പറഞ്ഞ സ്ഥാപനങ്ങളിൽ /വ്യക്തികളിൽ നിന്നും കുറഞ്ഞ നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയത് മൂലം നഗരസഭയ്ക്കുണ്ടായ **31,240/-** രൂപയുടെ നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു. (അനുബന്ധം 3)

ഓഫീസിന്റെ പേര്	തുക
തിരുവല്ലം മേഖലാ ഓഫീസ്	23000
നേമം മേഖലാ ഓഫീസ്	8240
ആകെ	**31,240/-**

ടി തുക ഉത്തരവാദിയായ വ്യക്തികളിൽ നിന്നോ, അല്ലാത്തപക്ഷം അതാത് മേഖലാ ഓഫീസുകളിലെ ചാർജ് ഓഫീസർമാരിൽ നിന്നോ ഈടാക്കേണ്ടതാണ്

2.3.3 അർദ്ധവാർഷിക വരുമാന പത്രിക കൂടാതെയുള്ള തൊഴിൽ നികുതി ഈടാക്കൽ

കേരള മുനിസിപ്പാലിറ്റി ആക്ട് 254 (2)-ാം വകുപ്പ് പ്രകാരം ഓരോ വർഷവും (സെപ്തംബർ മാസത്തിന്റെയും മാർച്ച് മാസത്തിന്റെയും) അവസാനത്തിനു മുമ്പ് ഓരോ ഓഫീസ് മേധാവിയും തൊഴിലുടമയും നികുതി അടയ്ക്കേണ്ടതായ എല്ലാ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തേണ്ടതും അവരിൽ നിന്നും തുക ഈടാക്കേണ്ടതും, ആ തുക, നികുതി തിട്ടപ്പെടുത്തിയ എല്ലാ ജീവനക്കാരുടെയും വിശദാംശങ്ങൾ അതായത് പേര്, ഉദ്യോഗപ്പേര്, അർദ്ധ വാർഷിക വരുമാനം, ഈടാക്കിയ നികുതി തുക എന്നിവയുടെ ഒരു ലിസ്റ്റ് സഹിതം നഗരസഭയ്ക്ക് നൽകേണ്ടതുമാണ്.

തിരുവനന്തപുരം നഗരസഭയിൽ 2011-12 സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ അർദ്ധവാർഷികവരുമാനം സൂചിപ്പിക്കുന്ന പത്രികകൾ ഇല്ലാതെ തന്നെ ധാരാളം സർക്കാർ/സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. ഈ പ്രവൃത്തിയിലൂടെ തൊഴിൽ നികുതി ഈടാക്കുന്നതിൽ ക്രമക്കേട് നടക്കാൻ സാധ്യതയുണ്ട്. അർദ്ധ വാർഷിക പത്രികകളുടെ അഭാവത്തിൽ നഗരസഭ തൊഴിൽ നികുതി ഈടാക്കിയ ചില സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

LOCAL FUND AUDIT DEPARTMENT

1) Kerala Public Service Commission, Pattom, TVPM

2) Office of the Circle Inspector of Police City Traffic Police station, TVPM

3) Directorate of Treasuries, Statue, TVPM

4) The South Indian Bank Ltd. Spencer Junction, TVPM

5) Punjab National Bank, CPGP Towers, Uppalam Road, TVPM-1

6) Muthoot Consultancy & Management Services Punnan Road, TVPM

7) Office of the Sub Inspector of Police Medical College Police station, TVPM

8) Finance (Account-A) Department Secretariat Finance Department, TVPM

9) Principal Account General (Audit) Office, Kerala, TVPM-695039

10) Apollo Munich Health Insurance Co.Ltd. (Uthradam Building, RBI Railway Station Road Panavila, TVPM.

11) Office of the Sub Inspector of Police Head Quarters Telecommunication unit, TVPM

12) Carmel Girls Higher Secondary School TVPM-14

13) Office of the Asst. Executive Engineer, PWD Electrical Wing Sub Division TVPM-14

14) Office of the District Transport Officer, Vikas Bhavan, TVPM

15) Union Bank of India, Main Branch, M.G. Road, Statue, TVPM

16) Office of the Asst. Commissioner of Police Control Room, TVPM City.

17) Office of the Accountant General (A&E) Kerala, M.G. Road, P.B.No. 5607, TVPM

18) Office of the Commissioner of Central Excise &Customs I.C.E. Bhavan, Press Club Road, TVPM

19) Officer of the Principal General Manager, BSNL Ltd. BSNL Bhavan, Uppalam Road, TVPM

20) The Federal Bank Ltd, Regional office, Federal Towers , Statue, TVPM.

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന അപാകതകൾ പരിഹരിക്കുന്നതിനും പിരിച്ചെടുക്കേണ്ട തുക ഈടാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

2.4. വസ്തുനികുതി

2.4.1 ഡിമാന്റ് ചെയ്തതിൽ കുറവ്

നഗരസഭയുടെ വിവിധ മേഖലാ ഓഫീസുകളുടെ പരിധിയിൽ വരുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി അസസ്സ് ചെയ്തതിലും കുറഞ്ഞ തുകയാണ് ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് ഈടാക്കിയിട്ടുള്ളത്. നികുതി കുറവ് ഈടാക്കിയതു വഴിയുണ്ടായ 9,801/- രൂപയുടെ നഷ്ടം പിഴപലിശ സഹിതം ബന്ധപ്പെട്ട നികുതിദായകരിൽ നിന്ന് ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം, ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയാകുന്നതാണ്.

എ) നേമം മേഖല

വീട്ട് നം./പേര്	അസസ്സ് ചെയ്ത നികുതി (രൂപ)	ഈടാക്കിയ നികുതി	നഷ്ടം (രൂപ)
51/1464 (3)	2333 /- 2010-11 രണ്ടാം അർദ്ധവർഷം	2091	363
52/2074 (4) എ. താഹിറ/ മുഹമ്മദ് ഷാഫി	608/- 2010-11 രണ്ടാം അർദ്ധവർഷം	548	90
52/230 ഷമ്മി. ജെ	1437/- 2010-11 ഒന്നാം അർദ്ധവർഷം	31	2812
54/1841 (3) പ്രതാപ്കുമാർ	1188 /- 2011-12 ഒന്നാം അർദ്ധവർഷം മുതൽ	529	659
55/1653 (1)	850/- 2005-06 മുതൽ	283	3969
		ആകെ	7,893/-

(ബി) തിരുവല്ലം മേഖല

റ്റി.സി. നം./പേര്	അസസ്സ് ചെയ്ത നികുതി/തീയതി	ഈടാക്കിയ നികുതി	നഷ്ടം
64/95 (1) ലക്ഷ്മി വിജയൻ	580 /11-12 രണ്ടാം പകുതി	92	488
66/1033 (4) ഡോ. എം.എൻ. രവീന്ദ്രൻനായർ	21503 /11-12 രണ്ടാം പകുതി	20083	1420
		ആകെ	1,908/-

LOCAL FUND AUDIT DEPARTMENT

2.4.2. ഡിമാന്റ് ചെയ്തിട്ടില്ല

നേമം മേഖലാ ഓഫീസ്

നേമം, തിരുവല്ലം മേഖലാ ഓഫീസുകളുടെ പരിധിയിൽ വരുന്ന വിവിധ വാർഡുകളിൽ 2011–12 ൽ അസസ്സ്മെന്റ് നടത്തിയ കെട്ടിടങ്ങളിൽ പലതിനും നികുതി ഡിമാന്റ് ചെയ്തതായി കാണുന്നില്ല. 2011–12 ൽ ഈയിനത്തിൽ 7,37,060/– രൂപ നഗരസഭയ്ക്ക് ലഭിക്കേണ്ടതായിട്ടുണ്ട്.

ഓഫീസിന്റെ പേര്	തുക
നേമം മേഖലാ ഓഫീസ്	4,52,048/–
തിരുവല്ലം മേഖലാ ഓഫീസ്	2,85,012/–
ആകെ	**7,37,060/–**

ഈ തുക ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടാത്ത സാഹചര്യത്തിൽ അരിയർ ഡിമാന്റ് രജിസ്റ്ററിലും ഉൾപ്പെടുന്നതല്ല. ആയതിനാൽ ഈ തുക കുടിശ്ശികയായും പിരിച്ചെടുക്കാൻ കഴിയില്ല. അതായത് ഈ നികുതി നഗരസഭയ്ക്ക് നഷ്ടപ്പെടുന്ന അവസ്ഥയാണുള്ളത്. ഇവ ഡിമാന്റിൽ ഉൾപ്പെടുത്തി തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദവിവരം അനുബന്ധം 4 ൽ ചേർത്തിട്ടുണ്ട്.

2.4.3 ലാന്റ് വാല്യു തൊട്ടടുത്തുള്ള ഭൂമിക്ക് നിർണ്ണയിച്ച നിരക്കിൽ കണക്കാക്കിയിട്ടില്ല – വസ്തു നികുതിയിനത്തിൽ വരുമാന നഷ്ടം പ്രതിവർഷം 39,600 /– രൂപ

ഫയൽ നം. R6/ FE 1/3452/11

ശ്രീകണ്ഠേശ്വരം വാർഡിലെ റ്റി.സി.28/1604(2), റ്റി.സി.28/1604(3) നമ്പരുകളായുള്ള കെട്ടിടത്തിന് തൊട്ടടുത്തുള്ള റ്റി.സി. 28/2456 (1) നമ്പർ കെട്ടിടത്തിന് നിർണ്ണയിച്ച നിരക്കിൽ ഭൂമിയുടെ വാർഷിക വാടകമൂല്യം കണക്കാക്കാത്തതു കാരണം വസ്തുനികുതി ഇനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട വരുമാനത്തിൽ പ്രതിവർഷം 39,600/– രൂപ നഷ്ടപ്പെടുന്നു.

ശ്രീ. എൻ.സി.കലാധരൻ, ശ്രീ. കെ.ജെ. കുര്യാക്കോസ്, ശ്രീ.കെ. വിദു ചെല്ലപ്പൻ എന്നിവരുടെ ഉടമസ്ഥതയിൽ ശ്രീകണ്ഠശ്വേരം വാർഡിൽ എം.ജി. റോഡിനകരിൽ സ്ഥിതി ചെയ്യുന്ന 43 സെന്റ് വിസ്തൃതി ഉള്ള റ്റി.സി. 28/1604 (2) (പ്ലിന്ത് ഏരിയ – 3662. 69 എം^{2}), റ്റി.സി. 28/1604 (3) പ്ലിന്ത് ഏരിയ – 3414.09 എം^{2}) നമ്പരുകളായുള്ള കെട്ടിടത്തിന് റവന്യൂ ഇൻസ്പെക്ടർ ശ്രീമതി. വി. സോമലത 6.6.11 ന് തയ്യാറാക്കിയ പ്രോപ്പർട്ടി ടാക്സ് അസസ്സ്മെന്റ് ഇൻഡക്സ് ഷീറ്റിൽ ലാന്റ് റവന്യൂ നിശ്ചയിച്ചിരിക്കുന്നത് 40,000/– രൂപ വീതം 80,000/– രൂപയാണ്. ഇത് പിന്നീട് റവന്യൂ ഓഫീസറുടെ 9.6.11 ലെ ഫയൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 17.6.2011 ൽ 1,30,000/– രൂപയാക്കി ഉയർത്തുകയായിരുന്നു. എന്നാൽ ഈ കെട്ടിടത്തിന് തൊട്ടടുത്ത് സ്ഥിതിചെയ്യുന്ന 24.667 സെന്റ് വിസ്തൃതി ഉള്ള റ്റി.സി. 28/2456 (1) കെട്ടിടത്തിന് റവന്യൂ ഇൻസ്പെക്ടർ, ശ്രീ. ഗിരീഷ്കുമാർ .വി, 21.08.09 ന് 2,00,000/–

LOCAL FUND AUDIT DEPARTMENT

രൂപ ലാന്റ് വാല്യു നിശ്ചയിച്ചു നൽകിയിരുന്നതായി R6/E6/FE1/4274/09 നമ്പർ ഫയലിൽ കാണുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, ലാന്റ് റവന്യൂ ആനുപാതികമായി ഈടാക്കാത്തതിനുള്ള കാരണങ്ങൾ 04/03/13 ലെ സി.എ. 8/138/2013 നമ്പർ ഓഡിറ്റ് എൻക്വയറി വഴി ആരാഞ്ഞിരുന്നു. ആയതിന് 'സ്ഥലത്തിന്റെ വാർഷിക മൂല്യം നിശ്ചയിക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ഒന്നും നിലവിൽ ഇല്ലെന്നും നികുതി

നിർണ്ണയം സംബന്ധിച്ച് വ്യക്തമായ ചട്ടങ്ങളോ മാനദണ്ഡങ്ങളോ ഇല്ലാതിരുന്ന തിനാലാണ് ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നത്' എന്ന വിവരമാണ് 19.3.2013 ലെ മറുപടിയിൽ റവന്യൂ ഓഫീസർ നൽകിയിരിക്കുന്നത്. ഈ മറുപടി തൃപ്തികരമല്ല. ഭൂമി പാട്ടത്തിന് നൽകിയാൽ ലഭിക്കാവുന്ന വാടക മൂല്യം അനുദിനം കൂടി വരുന്ന നിലവിലെ വസ്തുത കണക്കിലെടുത്താൽ 21.08.09 ൽ നിർണ്ണയിച്ചതിനേക്കാളും ഉയർന്ന നിരക്കിൽ 17.6.2011 ന് ലാന്റ് വാല്യു നിർണ്ണയിക്കാമായിരുന്നു. എന്നാൽ 17.6.2011 ന് ലാന്റ് റവന്യൂ നിശ്ചയിച്ച റവന്യു ഇൻസ്പെക്ടർ കുറഞ്ഞ പക്ഷം ആനുപാതികമായിപ്പോലും ലാന്റ് വാല്യു നിർണ്ണയിച്ചിട്ടില്ല. ലാന്റ് വാല്യു ആനുപാതികമായി നിർണ്ണയിച്ചിരുന്നുവെങ്കിൽ ആയത് 3,50,000 /- രൂപ കണക്കാക്കി, വസ്തുനികുതിയിനത്തിൽ നഗരസഭ ഇപ്പോൾ ഈടാക്കി ക്കൊണ്ടിരിക്കുന്ന തുകയായ 11,21,230 /- രൂപയേക്കാളും 39,600/- രൂപ കൂടുതൽ ലഭിക്കുമായിരുന്നു. ഇതുവഴി 2010-11 രണ്ടാം അർദ്ധവർഷം മുതൽ 2012-13 രണ്ടാം അർദ്ധവർഷം വരെ വസ്തുനികുതിയിനത്തിൽ മാത്രം നഗരസഭയുടെ തനതുഫണ്ടിലേക്ക് ന്യായമായും കിട്ടേണ്ട 99,000/- രൂപ ഇതിനകം തന്നെ നഷ്ടപ്പെട്ടുകഴിഞ്ഞു. ലാന്റ് വാല്യു പുനർനിർണ്ണയിച്ച് വസ്തുനികുതി പുന:ക്രമീകരിച്ച് കെട്ടിട ഉടമകളിൽ നിന്നും ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം വസ്തുനികുതിയിനത്തിലും ലൈബ്രറി സെസ്സിനത്തിലും ഇതിനകം നഷ്ടപ്പെട്ടുപോയ 1,03,950/- രൂപ 6.6.11 നും 12.6.11 നും ഇൻഡക്സ് ഷീറ്റ് തയ്യാറാക്കിയ റവന്യൂ ഇൻസ്പെക്ടർ ശ്രീമതി. വി. സോമലതയിൽ നിന്നും ഈടാക്കി നഗരസഭാഫണ്ടിൽ ഒടുക്കി രസീത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2.4.4 ലാന്റ് വാല്യു സമാനരീതിയിലുള്ള കെട്ടിടത്തിന് നിശ്ചയിച്ചു നൽകിയ രീതിയിൽ നിർണ്ണയിച്ചിട്ടില്ല- വരുമാനത്തിലെ കുറവ് പ്രതിവർഷം 4,716/- രൂപ

ഫയൽ നം. R6/FE1/7385/09

ശ്രീകണ്ഠേശ്വരം വാർഡിൽ സ്ഥിതി ചെയ്യുന്ന റ്റി.സി.28/2222(6)-ാം നമ്പർ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിക്കുന്നതിനായി ലാന്റ് വാല്യു 26200 /- രൂപ കുറച്ചു നൽകിയതു കാരണം നഗരസഭയ്ക്ക് പ്രതിവർഷം 4,716/-രൂപ നഷ്ടപ്പെടുന്നു. ശ്രീകണ്ഠശ്വേരം വാർഡിൽ ഓവർ ബ്രിഡ്ജ്- കിഴക്കേക്കോട്ട റോഡിന്റെ വലതുഭാഗത്തുള്ള 1113 എം^{2} പ്ലിന്ത് ഏരിയ (Plinth Area) ഉള്ള അഞ്ച് നില വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 2,25,968/- രൂപ വാർഷിക നികുതി നിർണ്ണയിച്ചു നൽകിയതിനെതിരെ കെട്ടിട ഉടമ ശ്രീ.നിഷാദ്.എ.കെ, 9.9.2010 ന്

LOCAL FUND AUDIT DEPARTMENT

ബഹു.തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിൽ റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്തിരുന്നതാണ്. ട്രൈബ്യൂണലിന്റെ 4.11.2010 ലെ ആർ.പി. 118/2010–ാം നമ്പർ ഉത്തരവിൽ റ്റി.സി. 28/2222 (6) നമ്പർ കെട്ടിടത്തിന് "സമീപത്ത് സമാന രീതിയിലുള്ള കെട്ടിടങ്ങൾക്ക് നിർണ്ണയിച്ച രീതിയിൽ വസ്തുനികുതി പുനർ നിർണ്ണയം നടത്താൻ" നിർദ്ദേശിച്ചിരുന്നതുമാണ്. ഇതിലേയ്ക്കായി തിരഞ്ഞെടുത്ത സമീപത്തെ സമാനരീതിയിലുള്ള കെട്ടിടമായ റ്റി.സി. 28/2456 (1) (പ്ലിന്ത് ഏരിയ– 2587.13 എം^{2} വിസ്തൃതി – 24.667 സെന്റ്) ന് വസ്തു നികുതി നിർണ്ണയത്തിനായി 21.08.2009 ന് റവന്യൂ ഇൻസ്പെക്ടർ ശ്രീ. വി. ഗിരീഷ്കുമാർ 2,00,000 /– രൂപയാണ ലാന്റ് വാല്യു നിശ്ചയിച്ചു നൽകിയിരിക്കുന്നത്. (File No.R6/E6/FE1/4274/09) 24.667 സെന്റ് വിസ്തൃതി ഉള്ള റ്റി.സി. 28/2456 (1) നമ്പർ കെട്ടിടത്തിന് 2,00,000/– രൂപ ലാന്റ് വാല്യു നിശ്ചയിച്ചു നൽകിയതിനാനുപാതികമായി ബഹു. ട്രൈബ്യൂണലിന്റെ വിധിയുടെ അടിസ്ഥാനത്തിൽ 15.565 വിസ്തൃതി ഉള്ള റ്റി.സി. 28/2222 (6) നമ്പർ കെട്ടിടത്തിന് 1,26,200/– രൂപ ലാന്റ് വാല്യു നിശ്ചയിക്കാമെന്നിരിക്കെയാണ് 26.2.2011 ൽ ആർ.ഐ. ശ്രീ. സി. നന്ദകുമാർ 50,000/– രൂപ ലാന്റ് വാല്യു ആയി ആദ്യം കണക്കാക്കിയിരുന്നത്. ഇത് പിന്നീട് ഡെപ്യൂട്ടി സെക്രട്ടറിയുടെ 14.3.2011 ലെ ഫയൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 16.3.2011 ന് തയ്യാറാക്കിയ ഇൻഡക്സ് ഷീറ്റിൽ 1,00,000/– രൂപ ആയി ഉയർത്തുകയായിരുന്നു. ലാന്റ് വാല്യു ആനുപാതികമായി നിശ്ചയിക്കാത്തതിനുള്ള കാരണങ്ങൾ 23.2.2013 ലെ സി.എ. 8/136/2013 നമ്പർ ഓഡിറ്റ് എൻക്വയറി വഴി ആരാഞ്ഞിരുന്നു. ടി എൻക്വയറിക്ക് 2.3.13 ന് റവന്യൂ ഓഫീസർ നൽകിയ മറുപടിയിൽ റ്റി.സി. 28/2222 (6) നമ്പർ കെട്ടിടത്തിന്റെ നികുതി റ്റി.സി. 28/2456 (1)ന്റേതുമായി താരതമ്യം ചെയ്യുമ്പോൾ കുറവു വന്നിട്ടില്ലെന്നും റ്റി.സി. 28/2222 (6) ന്റെ നികുതി ചതുരശ്ര മീറ്ററിന് 210 .57 രൂപ ആണെന്നും റ്റി.സി. 28/2456 (1) ന്റേത് 198.59 രൂപ ആണെന്നുമാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ റ്റി.സി. 28/2222 (6) നമ്പർ കെട്ടിടത്തിന്റെ നികുതി അപ്പീൽ പെറ്റീഷൻ പരിഗണിച്ചശേഷം 217058 /– രൂപയാണ് (നോട്ടീസ് നമ്പർ APL/24/R6/FE1/7385/09 dated: 1.10.2011) ടി കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ 1113 എം^{2} ആയതിനാൽ ചതുരശ്രമീറ്ററിന് ഈടാക്കിയിരിക്കുന്ന നികുതി 195 /– രൂപ ആണ്. ഇക്കാരണത്താൽ തന്നെ റവന്യൂ ഓഫീസറുടെ 2.3.2013 ലെ മറുപടി വസ്തുതാപരമല്ല.

LOCAL FUND AUDIT DEPARTMENT

ലാന്റ് വാല്യു ആനുപാതികമായി 1,26,200/– രൂപ നിശ്ചയിക്കേണ്ടതിനുപകരം

26,200/– രൂപ കുറച്ച് 1,00,000/– രൂപ ആയി നിശ്ചയിച്ച് നൽകിയതുകാരണം നഗരസഭയുടെ തനതു ഫണ്ടിലേക്ക് വസ്തുനികുതിയിനത്തിൽ ന്യായമായും ലഭിക്കേണ്ട 4716/– രൂപ (26200/– രൂപയുടെ 18%) യാണ് പ്രതിവർഷം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. 2009–10 രണ്ടാം അർദ്ധവർഷം മുതൽ 2012–13 രണ്ടാം അർദ്ധ വർഷം വരെ വസ്തുനികുതിയിനത്തിൽ നഗരസഭയുടെ തനത് ഫണ്ടിലേക്ക് ന്യായമായും ലഭിക്കേണ്ടിയിരുന്ന 16506/– രൂപയും ലൈസൻസ് ഫീസിനത്തിൽ 825/– രൂപയും ഇതിനകം തന്നെ നഷ്ടപ്പെട്ടിട്ടുണ്ട്. ലാന്റ് വാല്യു 1,26,200/– രൂപയായി പുനർനിർണ്ണയിച്ച് വാർഷിക നികുതി പുനർക്രമീകരിച്ച് കെട്ടിട ഉടമയിൽ നിന്നും ഈടാക്കാൻ നടപടി

സ്വീകരിക്കുന്നതോടൊപ്പം നഗരസഭാ ഫണ്ടിലേക്ക് ഉണ്ടായ നഷ്ടവും ലൈബ്രറി സെസും ഉൾപ്പെടെ 17331/- രൂപ 16.3.2011 ന് പ്രോപ്പർട്ടി ടാക്സ് അസസ്സ്മെന്റ് ഷീറ്റ് തയ്യാറാക്കിയ റവന്യൂ ഇൻസ്പെക്ടർ ശ്രീ. സി. നന്ദകുമാറിൽ നിന്നും ഈടാക്കി നഗരസഭാഫണ്ടിൽ ഒടുക്കി രസീത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2.5 പരസ്യനികുതി നിയമാനുസൃതം ഈടാക്കുന്നില്ല- നഗരസഭയ്ക്ക് 1,48,252/- രൂപയുടെ നഷ്ടം

2011-12 സാമ്പത്തിക വർഷം പരസ്യനികുതി നിർണ്ണയിച്ചതിലുണ്ടായ പിഴവുകൾമൂലം നഗരസഭയ്ക്ക് 148252 രൂപയുടെ നഷ്ടമുണ്ടായി.

സർക്കാർ ഉത്തരവ് (പി) നമ്പർ 03/09/തസ്വഭവ 2009 ജനുവരി 13 ലെ ക്രമ നം. 12 പ്രകാരം പരസ്യബോർഡ് സ്ഥാപിക്കുമ്പോൾ ചതുരശ്രമീറ്ററിന് 100/- രൂപ നിരക്കിൽ ഡെപ്പോസിറ്റ് ഈടാക്കേണ്ടതാണ്. എന്നാൽ ചില പരസ്യബോർഡുകളുടെ കാര്യത്തിൽ പ്രസ്തുത നിയമവ്യവസ്ഥ പാലിക്കാത്തതിനാൽ നഗരസഭയ്ക്ക് തനതുവരവിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. കൂടാതെ ഇൻഷുറൻസ് രേഖകളിലെ അളവുകൾക്ക് അനുസൃതമായി പരസ്യനികുതി കണക്കാക്കാത്തതിനാലും, ഒരു അപേക്ഷ പ്രകാരമുള്ള വ്യത്യസ്ത പരസ്യബോർഡുകളുടെ അളവുകൾക്ക് ഒരു പരസ്യബോർഡിന്റെ അളവിൽ നികുതി കണക്കാക്കിയതിനാലും, പരസ്യനികുതി കണക്കാക്കിയതിലുള്ള പിഴവുകൾമൂലവും തനതു വരവിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് (പി) നമ്പർ 03/09/തസ്വഭവ തീയതി 13.01.2009 ലെ ക്രമ നം.13, കുറിപ്പ് (II) പ്രകാരം പരസ്യബോർഡുകളുടെ സാധ്യത പരിശോധിച്ച് അനുമതി നൽകുന്നതിനുള്ള പരിശോധനാഫീസ് ഒരു ചതുരശ്ര മീറ്ററിന് 60/- രൂപ നിരക്കിൽ ഈടാക്കുവാനും ഓരോ വർഷവും ലൈസൻസ് പുതുക്കുമ്പോൾ ആദ്യതവണ ഒടുക്കിയ തുകയുടെ 50% ഒടുക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിലെ നിബന്ധനകൾ പാലിക്കാതെ 2011-12 സാമ്പത്തിക വർഷത്തേക്കുള്ള പരസ്യബോർഡുകളുടെ പ്രദർശനാനുമതി ഒരു സാമ്പത്തിക വർഷത്തേക്കാൾ കൂടുതൽ കാലയളവിലേയ്ക്ക് നൽകിയതുമൂലം നഗരസഭയ്ക്ക് തനതു വരവിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.എൽ.എഫ്. സി.എ.2/152/20.04.13 ൽ വിശദീകരണം ആവശ്യപ്പെട്ടതിന് പരസ്യനികുതിയുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിൽ ആദ്യമായി സ്ഥാപിക്കുന്ന പരസ്യബോർഡുകൾക്ക് ഒറ്റ തവണയായി ഈടാക്കുന്ന പരിശോധനാ ഫീസ് ചതുരശ്രമീറ്ററിന് 60 രൂപ നിരക്കിലാണെന്നും, ഇതിന് ഒരു പ്രത്യേക കാലാവധിക്ക് വേണ്ടിയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല എന്നും , പ്രദർശന കാലാവധി പുതുക്കുന്ന സമയത്ത് മാത്രമേ ആദ്യതവണ ഒടുക്കിയ പരിശോധന ഫീസിന്റെ 50% ഈടാക്കുവാൻ സാധിക്കുകയുള്ളൂ എന്നും, പ്രസ്തുത എൻക്വയറിയിൽ സൂചിപ്പിക്കുന്ന ബോർഡുകൾക്ക് ഒരു സാമ്പത്തിക വർഷത്തേക്കാൾ കൂടുതൽ കാലയളവിലേയ്ക്ക് പ്രദർശനാനുമതി നൽകിയത് നഗരസഭ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം അനുസരിച്ചു മാത്രമാണെന്നുമായിരുന്നു മറുപടി. ഇത് പ്രസ്തുത ഉത്തരവിന്റെ നിർദ്ദേശങ്ങളുമായി പൊരുത്തപ്പെടാത്തവയാണ്. കൂടാതെ കേരള മുനിസിപ്പാലിറ്റി ആക്ട് 49 (ബി) വകുപ്പു പ്രകാരം കൗൺസിലിന്റെ ഈ തീരുമാനത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ യാതൊരു വിയോജിപ്പും രേഖപ്പെടു

LOCAL FUND AUDIT DEPARTMENT

ത്തിയതായി കാണുന്നില്ല. ആയതിനാൽ നഗരസഭയുടെ തനതുവരവിനുണ്ടായ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

പരസ്യനികുതിയിനത്തിൽ വിവിധതരത്തിൽ നഷ്ടമായ തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു. (അനുബന്ധം 5)

ഇനം	നഷ്ടം (രൂപ)
പരസ്യബോർഡുകൾക്ക് ഡെപ്പോസിറ്റ് ഈടാക്കാത്തത്	27,807/-
ഇൻഷുറൻസ് രേഖകളിൽ കാണിച്ചിരിക്കുന്ന അളവുകളിൽ കുറഞ്ഞ അളവുകൾക്ക് നികുതി ഈടാക്കിയത്	56,348/-
വ്യത്യസ്ത പരസ്യബോർഡുകളുടെ അളവുകൾക്ക് ഒരു പരസ്യ ബോർഡിന്റെ അളവിൽ നികുതി ഈടാക്കിയത്	4,671/-
പരസ്യ നികുതി കണക്കാക്കിയതിൽ പിഴവ് വരുത്തിയത്	16,166/-
ഒരു സാമ്പത്തിക വർഷത്തെ അധികരിച്ച് പരസ്യബോർഡിന് പ്രദർശനാനുമതി നൽകുമ്പോൾ പെർമിറ്റ് ഫീസ്/ പരിശോധനാ ഫീസ് ഇനത്തിലുള്ള വരവിൽ കുറവ്	43,260/-
ആകെ	1,48,252/-

LOCAL FUND AUDIT DEPARTMENT

2.6 ഡി & ഒ ലൈസൻസുകൾ

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 447(1)–ാം വകുപ്പ് അനുസരിച്ച് നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് നിർബന്ധമാണ്. ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ കേരള സർക്കാർ പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ നഗരസഭ കൗൺസിൽ 11.10.1995 ൽ ൽ 10/372/95–ാം നമ്പരായി പാസാക്കിയ ബൈലോ പ്രകാരമാണ് നഗരസഭാ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്ന് ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കുന്നത്.

2.6.1 അപേക്ഷകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിലെ അപാകതകൾ

i) ഡി & ഒ ലൈസൻസ് ഫീസുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിലോ അപേക്ഷകളിലോ സ്ഥാപനത്തിന്റെ പേരോ വാർഷിക വിറ്റുവരവോ കാണിക്കുന്നില്ല. എല്ലാ അപേക്ഷകളിലും വ്യാപാരം നടത്തുന്ന ആളിന്റെ ഫോട്ടോ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ ശിപാർശ, ഹെൽത്ത് ഇൻസ്പെക്ടറുടേയും ഹെൽത്ത് സൂപ്പർവൈസറുടേയും സാക്ഷ്യപ്പെടുത്തലുകൾ എന്നിവ കാണുന്നില്ല. പുതിയ ലൈസൻസിനാണോ ലൈസൻസ് പുതുക്കുന്നതിനാണോ അപേക്ഷ എന്ന് വ്യക്തമാക്കാത്തതിനാൽ കൂടെ സമർപ്പിക്കുന്ന രേഖകൾ (മുൻവർഷത്തെ തൊഴിൽ നികുതി, വസ്തു നികുതി, ഡി & ഒ ലൈസൻസ് ഫീസ് എന്നിവയുടെ രസീതിന്റെ പകർപ്പുകൾ) സംബന്ധിച്ച് വ്യക്തതയില്ല. ഡി & ഒ അപേക്ഷയിലും രജിസ്റ്ററിലും ഫീസ് ഒടുക്കിയതിന്റെ രസീത് നമ്പരും തീയതിയും രേഖപ്പെടുത്തുന്നില്ല.

ii) ഡി & ഒ അപേക്ഷ നൽകുമ്പോൾ സ്ഥാപനം പ്രവർത്തിക്കുന്നത് വാടകയ്ക്കാണോ അല്ലാതെയാണോ എന്ന് വ്യക്തമാക്കേണ്ടതാണ്. കെട്ടിട ഉടമയല്ലാത്തവരാണ് പുതുതായി വ്യാപാരം തുടങ്ങുന്നതെങ്കിൽ കെട്ടിട ഉടമയുടെ രേഖാമൂലമുള്ള സമ്മതപത്രം (അൻപത് രൂപയുടെ മുദ്രപ്പത്രത്തിൽ) അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. എന്നാൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ഭൂരിഭാഗവും സമ്മതപത്രം ഹാജരാക്കുന്നില്ല.

iii) 16.03.07 ൽ തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച 795/07 –ാം നമ്പർ ഉത്തരവ് പ്രകാരം സ്ഥലനാമങ്ങൾ ബോർഡിൽ രേഖപ്പെടുത്തുന്നതിനോടൊപ്പം പ്ലാസ്റ്റിക് ക്യാരിബാഗുകൾ നിരോധിച്ചുകൊണ്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡ് വിജ്ഞാപനം പാലിക്കുമെന്ന രേഖാമൂലമുള്ള ഉറപ്പും നൽകേണ്ടതാണ്. എന്നാൽ ഇത് അപേക്ഷകർ പാലിക്കുന്നില്ല.

2.6.2 ഡി & ഒ ഷെഡ്യൂൾ അനുസരിച്ച് ഫീസ് പിരിക്കുന്നതിലെ അപാകതകൾ

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 447 (1)–ാം വകുപ്പനുസരിച്ച് തിരുവനന്തപുരം നഗരസഭയിൽ നിന്നും പൊതുജനങ്ങളുടെ അറിവിലേയ്ക്കായി 1995 ജനുവരി 10–ാം തീയതി പരസ്യം ചെയ്ത H10/372/95 എന്ന ഗസറ്റ് വിജ്ഞാപനത്തിന്റെയടിസ്ഥാനത്തിലാണ് വ്യാപാരസ്ഥാപനങ്ങളിൽ നിന്ന് ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കുന്നത്. 1995 നെ അപേക്ഷിച്ച് 2012 ൽ സാധനങ്ങൾക്ക്

വിലവർദ്ധനയുണ്ടായ സാഹചര്യത്തിൽ നിലവിലെ ഷെഡ്യൂളിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമാണ്. നിലവിലെ ഷെഡ്യൂളിലെ അപാകതകൾക്ക് ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1) നഗരസഭയുടെ ലൈസൻസ് ഫീസ് ഷെഡ്യൂളിലെ ക്രമനമ്പർ (136) പ്രകാരം വസ്ത്രങ്ങൾ നിർമ്മിക്കുന്നതിന് 300/- രൂപയും മൊത്തക്കച്ചവടത്തിനായി 5 ലക്ഷം രൂപയ്ക്ക് മുകളിൽ ശേഖരിക്കുന്നതിന് 200/- രൂപയുമാണ് ഫീസ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ നഗരത്തിലെ വൻകിട വസ്ത്രവ്യാപാരികൾ ഒരു വർഷത്തേയ്ക്ക് കച്ചവടം നടത്തുന്നതിന് വെറും 500/- രൂപയാണ് ഫീസിനത്തിൽ അടവാക്കുന്നത്. ഇത്തരത്തിൽ ധാരാളം വിറ്റുവരവുള്ള സ്ഥാപനങ്ങളിൽ നിന്ന് ഷെഡ്യൂൾ പുതുക്കാത്തതുമൂലം ഫീസ് പിരിയ്ക്കാതെ നഗരസഭയ്ക്ക് നഷ്ടം സംഭവിക്കുന്നുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

പേര്	റ്റി.സി./ സ്ഥാപനം	ലൈസൻസ് ഫീസ് ഈടാക്കിയത്	രസീത് നം.തീയതി
സിറിൾ.സി.ജോൺ	28/1291 (3,4,5) നീരാഞ്ജന	റെഡിമെയ്ഡ് – 500/-	11009125430/ 30.03.2011
സോമസുന്ദരം.ആർ	28/2256/(2,3) മഹാരാജാ ടെക്സ്റ്റൈൽസ്	റെഡിമെയ്ഡ്- 500/-	0101-2011- 86676/ 27.2.2011
ആർ.നാഗരാജൻ	28/2377(1,2,3) അയ്യപ്പാസ്	ടെക്സ്റ്റൈൽ – 500/- റെഡിമെയ്ഡ് – 200/-	11005124009/ 28.02.2011
നാരായണ കമ്മത്ത് .എം.	28/1604 (2,3) ജയലക്ഷ്മി	ടെക്സ്റ്റൈൽ – 300/- റെഡിമെയ്ഡ്- 200/-	01/1111116620/ 28/03/11
രമേഷ് .എസ്. പോത്തീസ്	28/2477 (3) (8)	ടെക്സ്റ്റൈൽ – 500/- ഗോഡൗൺ – 500/-	01/11207100406/ 9.04.12
രമേഷ് .എസ്. പോത്തീസ് ഫാബ്രിക്സ്	28/2477 (2)	ടെക്സ്റ്റൈൽ – 500/- റെഡിമെയ്ഡ് 200/-	01/11207100407/ 9.4.12

LOCAL FUND AUDIT DEPARTMENT

മഹേഷ്.എസ്. പോത്തീസ് ടെക്സ്റ്റൈയിൽസ്	28/2477 (4)	ടെക്സ്റ്റൈൽ 500/- റെഡിമെയ്ഡ് 200/-	01/11207100403/ 9.4.12
പോത്തിരാജ്.എസ്	28/2477 (5)പോത്തീസ് മാച്ചിംങ്സ്	ടെക്സ്റ്റൈൽ 500/- റെഡിമെയ്ഡ് 200/-	01/11207100402/ 9.4.12
മഹേഷ്.എസ്.	28/2477 (6) പോത്തീസ് ഗാർമെന്റ്സ്	ടെക്സ്റ്റൈൽ 500/- റെഡിമെയ്ഡ് 200/-	01/11207100400/ 9.4.12
സുകേഷ്.ജി	4/1602 (1,2,5,6,7,8,10-16, 18)	റെഡിമെയ്ഡ് 50/-	1100512435354/ 3.3.11

ii) നഗരസഭയുടെ ലൈസൻസ് ഫീസ് ഷെഡ്യൂളിലെ ക്രമനമ്പർ (91) പ്രകാരം ആഭരണങ്ങൾ നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽക്കുകയോ ചെയ്യുന്നത് ലാർജ് സ്കെയിലിൽ ആണെങ്കിൽ 2000 രൂപയും സ്മാൾ സ്കെയിലിലാണെങ്കിൽ 500 രൂപയുമാണ് ഫീസായി ഈടാക്കേണ്ടത്. ലാർജ് സ്കെയിൽ എന്നതുകൊണ്ട് തുക/ആഭരണങ്ങളുടെ ഭാരം എത്രയാണ് വേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടില്ല. രജിസ്റ്റർ പ്രകാരം ഇത്തരം ആഭരണങ്ങളിൽ വജ്രം, പ്ലാറ്റിനം മുതലായവ ഉണ്ടായിട്ടും ഫീസ് ഈടാക്കുന്നതിനുള്ള പരിധി നിശ്ചയിക്കാത്തതുമൂലം നഗരസഭയ്ക്ക് നഷ്ടം സംഭവിക്കുന്നുണ്ട്. ആയതിനാൽ നഗരത്തിലെ വൻകിട ആഭരണവ്യാപാരികൾ 2000 രൂപയാണ് വാർഷിക ഫീസായി അടവാക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

LOCAL FUND AUDIT DEPARTMENT

പേര്	റ്റി.സി./ സ്ഥാപനം	ലൈസൻസ് ഫീസ് ഈടാക്കിയത്	രസീത് നം.തീയതി
പി.എ.ജോസ്	3/2784 (2,3) ജോസ്കോ ജൂവലേഴ്സ്	2000/-	11106121932/ 27.02.12
പി.എ.ജോസ്	28/2220(1)ജോസ്കോ ജൂവലേഴ്സ്	2000/-	11013109206/ 14.2.2011
ബി.ഗോവിന്ദൻ	28/2456(1)ഭീമ ജൂവലേഴ്സ്	2000/-	1103109210/ 14.2.2011
ബി.ഗോവിന്ദൻ	28/2383 (8,9,10) ഭീമ ജൂവലേഴ്സ്	2000/-	11013109211/ 14.2.11

സിറിൾ.സി.ജോൺ	**28/1291 (3,4,5)**	**500/-**	**11009125430/ 30.3.11**
നിഷാദ്.എ.കെ	28/2226(6) മലബാർ ഗോൾഡ് ആന്റ് ഡയമണ്ട്സ്	2000/-	11009124785/ 22.3.11
പി.പി.സണ്ണി	3/2344 (5,6) സണ്ണി ഡയമണ്ട്സ്	2000/-	-

iii) 1995 ജനുവരി 10-ാം തീയതി പുറപ്പെടുവിച്ച ഡി & ഒ ഷെഡ്യൂളിലെ ക്രമനമ്പർ (180), (188), (189) എന്നിവ പ്രകാരം വ്യാപാരസ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് ഫീസ് നൽകേണ്ടി വരുമ്പോൾ കെട്ടിടങ്ങളുടെ വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ ഡി & ഒ ലൈസൻസ് ഫീസ് പിരിയ്ക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ബൈലോ നിലവിൽ വന്ന 1995 ലെ വാർഷിക വാടകയെ അപേക്ഷിച്ച് 2012 ൽ ഏകദേശം 10 മടങ്ങ് വാർഷിക വാടക വർദ്ധനവ് ഉണ്ടാകുന്നുണ്ട്. ആയതിനാൽ ബൈലോ കാലികമായി പരിഷ്കരിക്കാൻ നടപടിയെടുക്കാത്തതുമൂലം നഗരസഭയ്ക്ക് വളരെയധികം നഷ്ടം സംഭവിക്കുന്നു. ബൈലോ പ്രകാരമുള്ള തുച്ഛമായ നിരക്കിന് ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

പേര്	**റ്റി.സി./ സ്ഥാപനം**	**ലൈസൻസ് ഫീസ് ഈടാക്കിയത്**	**രസീത് നം./തീയതി**
രവീന്ദ്രൻനായർ, ആർ.ഡി.ആർ.കല്യാണമണ്ഡപം	16/494(12)	3000/-	01/11006100032/ 28.2.11
ബിനു രമേഷ്, അനന്തപുരി കല്യാണ മണ്ഡപം	16/1087(1)	3000/-	11105104824/ 27.05.11
എസ്.ദേവരാജൻ, ഹോട്ടൽ ചിന്നൂസ്	3/1647(1,2,3)	1500/-	11010117913/ 24.2.11
മോഹൻദാസ്.ജി, ഹോട്ടൽ സ്വാഗത്	3/1905	1000/-	110319676/ 18.02.11
ഒ.കെ.ഖാലിദ്, ഹോട്ടൽ സിന്ദൂർ പാലസ്	15/1049	300/-	01/11006126853/ 1.3.11
അബ്ദുൾ ലത്തീഫ്, സിറ്റി ഹൈറ്റ്സ്	28/2487(1-8)	ലോഡ്ജ് 1500/- റസ്റ്റോറന്റ് - 1500/-	11013110668/ 28.2.11

LOCAL FUND AUDIT DEPARTMENT

ജേക്കബ് വർഗ്ഗീസ് ട്രിവാൻഡ്രംക്ലബ് ആഡിറ്റോറിയം	15/829	3000/-	11006125896/ 26.2.11
രാമചന്ദ്രൻ നായർ, ശ്രീമൂലം ക്ലബ് ആഡിറ്റോറിം	15/939	3000/-	11009122680/ 27.2.11
മാസ്ക്കറ്റ് ഹോട്ടൽ	11/76	ലോഡ്ജ് 1500/- റസ്റ്റോറന്റ് - 1000/-	-
പി.സുരേന്ദ്രൻ, ഹോട്ടൽ പ്രശാന്ത്	11/726	ലോഡ്ജ് - 1500/- റസ്റ്റോറന്റ് - 1500/-	11010118308/ 25.2.11

iv) നഗരസഭയുടെ ലൈസൻസ് ഫീസ് ഷെഡ്യൂളിലെ ക്രമനമ്പർ (128) പ്രകാരം പ്രെട്രോളിയം ഉല്പന്നങ്ങൾ 250 ലിറ്റർ വരെ ശേഖരിക്കുന്നതിന് 200 രൂപയും കൂടുതലായി ശേഖരിക്കുന്ന ഓരോ 100 ലിറ്ററിനും 25/- രൂപയും വീതമാണ് ലൈസൻസായി ഈടാക്കേണ്ടത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

പേര്	റ്റി.സി./ സ്ഥാപനം	ലൈസൻസ് ഫീസ് ഈടാക്കിയത്	രസീത് നം./ തീയതി
ഗണപതിരാമൻ.വി, എ.വി അയ്യർ & കമ്പനി	15/1696	900/-	01/11009122676/ 27.2.11
തുളസി കൃഷ്ണൻ നായർ	20/2692	1387/-	-
എബ്രഹാം ചാലി	3/1896, 1897	2975/-	11006124514/ 23.2.11
എം.ശശിധരൻ	3/2771	1188/-	01/111114106027/ 17.11.12

LOCAL FUND AUDIT DEPARTMENT

10000 ലിറ്റർ, 15000 ലിറ്റർ, 20000 ലിറ്റർ എന്നിങ്ങനെയാണ് പെട്രോൾ/ഡീസൽ ടാങ്കിന്റെ ഉള്ളളവ്. ഇതിൽ സാധാരണയായി 20000 ലിറ്റർ ഉള്ളളവുള്ള ടാങ്കാണ് പമ്പുകളിൽ ഉപയോഗിക്കുന്നത്. ഒരു ടാങ്കുള്ള പമ്പിൽത്തന്നെ ഏകദേശം 20000 ലിറ്റർ പെട്രോൾ/ഡീസൽ ശേഖരിക്കാമെന്നിരിക്കെ 250 ലിറ്റർ ശേഖരിക്കുന്നത് എന്ന ഒരു പരിധി വയ്ക്കുന്നതു കാരണവും അധിക സംഭരിക്കുന്ന ഓരോ 100 ലിറ്ററിനും 25 രൂപ അധികം നൽകണമെന്നും നിശ്ചയിച്ചതുമൂലവും നഗരസഭയ്ക്ക് വരവിനത്തിൽ വൻകുറവ് സംഭവിക്കുന്നുണ്ട്.

v) നിലവിലുള്ള ഷെഡ്യൂൾ പ്രകാരം ഭക്ഷണസാധനങ്ങൾ, പലചരക്കുകൾ എന്നിവയ്ക്ക് വളരെ തുച്ഛമായ ഫീസാണ് ഈടാക്കി വരുന്നത്. 1995 ന് ശേഷം നഗരത്തിൽ ധാരാളം വൻകിട ഷോപ്പിംഗ് മാളുകൾ, സൂപ്പർമാർക്കറ്റുകൾ, അന്താരാഷ്ട്ര നിലവാരത്തിലുള്ള വ്യാപാര

സ്ഥാപനങ്ങൾ എന്നിവ നിലവിൽ വന്നിട്ടുണ്ട്. ടി സ്ഥാപനങ്ങളിലെ വാർഷിക വരുമാനവുമായി തുലനം ചെയ്യുമ്പോൾ ഇവരിൽ നിന്നും ലൈസൻസ് ഫീസിനത്തിൽ നഗരസഭ ഈടാക്കുന്നത് വളരെ ചെറിയ തുകയാണ്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം,ഷെഡ്യൂൾ ക്രമ.നം	ബിഗ് ബസാർ 3/1801 (1-14)	സ്പെൻസേഴ്സ് ഡെയിലി 2/3240 (9)	റിലയൻസ് ഫ്രെഷ് 2/3302 (5)	മോർ ഫോർ യു	സ്റ്റൈൽ പ്ലസ് 4/1602 (1,2,5,6-16,18)
പ്ലാസ്റ്റിക് സാമഗ്രികൾ (133)	50/-	50/-	-	25/-	50/-
സോപ്പ് (150)	100/-	25/-	25/-	-	25/-
ബുക്ക് (16)	100/-	75/-	10/-	-	50/-
മിഠായികൾ (44)	100/-	50/-	100/-	-	50/-
ലഘുപാനീയം (151)	100/-	-	25/-	-	100/-
സ്റ്റീൽ ഐറ്റം (153)	150/-	100/-	150/-	-	50/-
ബിസ്ക്കറ്റ് (14)	100/-	50/-	50/-	-	15/-
മസാലക്കൂട്ടുകൾ(43)	-	25/-	25/-	50/-	-
മാവ് (63)	100/-	25/-	-	-	25/-
കശുവണ്ടി (24)	50/-	-	50/-	-	25/-
മുളക് (31)	100/-	50/-	100/-	-	-
ഉള്ളി (195)	150/-	25/-	25/-	-	-

vi) ഡി & ഒ ഷെഡ്യൂളിൽ ഫീസ് നിശ്ചയിക്കാത്ത ധാരാളം സ്ഥാപനങ്ങൾ തിരുവനന്തപുരം നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് ഷെഡ്യൂളിൽ നിശ്ചയിച്ചിട്ടില്ല എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ഇത്തരം സ്ഥാപനങ്ങൾക്ക് ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. അലുമിനിയം ഫാബ്രിക്കേഷൻ, ടെലഫോൺ ബൂത്ത്, ബ്യൂട്ടി പാർലർ, ഫോട്ടോസ്റ്റാറ്റ്, ക്രെയിൻ സർവ്വീസ്, ട്രാവൽസ്, ഹയർ സർവ്വീസ്, പ്രസ്, പാർസൽ സർവ്വീസ്, ഇന്റർനെറ്റ് കഫേ.

vii) 1995 ൽ ഡി & ഒ ലൈസൻസ് ഫീസ് ഷെഡ്യൂൾ തയ്യാറാക്കുമ്പോൾ തിരുവനന്തപുരം നഗരസഭാ പരിധിയിൽ കൂടുതലും ചെറുകിട കച്ചവടക്കാർ ആയിരുന്നു. എന്നാൽ ഇപ്പോൾ വൻകിട ഷോപ്പിംങ് മാളുകളും സൂപ്പർമാർക്കറ്റുകളും വളരെയധികം പ്രവർത്തിക്കുന്നുണ്ട്. ചെറുകിട കച്ചവടക്കാരെ മുന്നിൽക്കണ്ടുകൊണ്ട് തയ്യാറാക്കിയ വിജ്ഞാപനം തന്നെ വൻകിട കച്ചവടക്കാർക്കും ബാധകമാക്കിയതുകൊണ്ട് നഗരസഭയ്ക്ക് വൻ സാമ്പത്തിക നഷ്ടം സംഭവിക്കുന്നുണ്ട്.

നഗരസഭയുടെ തനതു വരുമാനങ്ങളിൽ പ്രധാനപ്പെട്ട ഇനമായ ഡി & ഓ ഫീസ് സംബന്ധിച്ചു ബൈലോ പുതുക്കുന്നതിനും ഫീസ് കൃത്യമായി പിരിക്കുന്നതിനും വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. നഗരസഭാ പരിധിയ്ക്കുള്ളിൽ അനധികൃതമായി വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല

LOCAL FUND AUDIT DEPARTMENT

എന്നുറപ്പു വരുത്തേണ്ടത് നഗരസഭയുടെ അനിവാര്യ ചുമതലയാണ്. ഈ വിഷയത്തിലേയ്ക്ക് ഭരണനേതൃത്വത്തിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

2.6.3 തൊഴിൽ നികുതി ഈടാക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ഫീസ് ഡിമാൻഡ് ചെയ്ത് ഈടാക്കുന്നില്ല.

2011–12 വർഷത്തെ ഡി & ഒ ഡിമാന്റ് രജിസ്റ്ററും തൊഴിൽ നികുതി രജിസ്റ്ററും പരിശോധിച്ചതിൽ തൊഴിൽ നികുതി ഈടാക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല. തിരുവനന്തപുരം നഗരസഭയ്ക്ക് കീഴിലുള്ള സർക്കിളുകളിൽ ശ്രീകണ്ഠേശ്വരം സർക്കിളിൽ തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടും ഡി & ഒ ഫീസ് ഡിമാന്റ് ചെയ്യാത്ത സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.

LOCAL FUND AUDIT DEPARTMENT

ക്രമ.നം	റ്റി.സി.നമ്പർ	സ്ഥാപനം
1	27/390 (4)	സ്റ്റുഡിയോ
2	27/400(1)	ഇലക്ട്രിക്കൽ കട
3	27/424 (1)	വർക്ക്ഷോപ്പ്
4	27/482(3)	വെജിറ്റബിൾസ്
5	27/1231	ടിംബർ
6	27/1242	ഹോട്ടൽ
7	27/1252	സിമന്റ് കട
8	27/1322	ഐസ് വേൾഡ്
9	27/1855(1)	മെഡിക്കൽ സപ്ലയേഴ്സ്
10	27/1532	ഓപ്റ്റിക്കൽസ്
11	29/119(9)	ഫാൻസി
12	29/119(7)	ഹോട്ടൽ
13	29/134	പ്രൊവിഷൻ സ്റ്റോർ
14	29/135	ഫാൻസി
15	29/378	ക്ലിനിക്
16	29/504	വർക്ക്ഷോപ്പ്
17	29/507	വർക്ക്ഷോപ്പ്
18	29/529	ഹോട്ടൽ
19	29/540	ബേക്കറി
20	29/770	വീഡിയോ
21	29/817	സ്റ്റേഷനറി
22	29/847	സ്റ്റിച്ചിംഗ്
23	29/901	ബേക്കറി
24	36/87	പ്രൊവിഷൻ സ്റ്റോർ
25	36/269	ആയുർവ്വേദിക് മെഡിക്കൽ സെന്റർ
26	36/269(1)	സ്റ്റിച്ചിംഗ് സെന്റർ

27	36/1949	ഹോട്ടൽ
28	36/1955	ഗ്യാസ് ഏജൻസി
29	28/191	ഗോൾഡ് വർക്സ്
30	28/242	ടെക്സ്റ്റയിൽസ്
31	28/921	ജ്വല്ലറി വർക്സ്
32	28/930	ഇലക്ട്രിക്കൽസ്
33	28/1057	വർക്ക്ഷോപ്പ്
34	28/1050(1)	വുഡ്ഐറ്റംസ്
35	28/1172	സർവ്വീസ് സെന്റർ
36	28/1188	ഫാർമസ്യൂട്ടിക്കൽസ്
37	28/1334	ലോഡ്ജ്
38	28/1474	ആട്ടോമൊബൈൽ
39	28/1681	ടെക്സ്റ്റയിൽസ്
40	28/1909	ഫ്ളോർ മിൽ
41	28/1999(2)	റസ്റ്റോറന്റ്
42	28/2005(7)	ഐസ് പാർലർ
43	28/2046	ടെക്സ്റ്റയിൽസ്
44	28/2230	ലോഡ്ജ്
45	28/2396	ടെക്സ്റ്റയിൽസ്
46	28/2504	വെഹിക്കിൾസ്
47	28/2235(7)	റെഡിമെയ്ഡ്, ലോഡ്ജ്

LOCAL FUND AUDIT DEPARTMENT

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ഹാജരാക്കിയ മറുപടിയിൽ ടി സ്ഥാപനങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ലെന്നും നിലവിൽ താമസസ്ഥലമായി ഉപയോഗിക്കുന്നുവെന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. നഗരസഭാ പ്രദേശത്ത് സർക്കാർ/സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്നവർ, സ്വയംതൊഴിൽ ചെയ്യുന്നവർ, സ്ഥാപനങ്ങൾ നടത്തുന്നവർ എന്നിവരിൽ നിന്നുമാണ് തൊഴിൽ നികുതി ഈടാക്കുന്നത്. ആയതിനാൽ താമസസ്ഥലങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി എന്ന മറുപടി വസ്തുതാ വിരുദ്ധമായതിനാൽ ഓഡിറ്റിന് സ്വീകാര്യമല്ല. തൊഴിൽ നികുതി ഒടുക്കിയ വ്യക്തികളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കേണ്ടതിനെപ്പറ്റി അന്വേഷണം നടത്തി, ഡിമാന്റ് ചെയ്യാത്തത് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി വിലയിരുത്തുന്നു. ഈ വിഷയത്തിലേയ്ക്ക് ഭരണ നേതൃത്വത്തിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

2.6.4 ഡി & ഒ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. 27,600/- രൂപയുടെ നഷ്ടം

ആറ്റിപ്ര മേഖലാ ഓഫീസിനു കീഴിലുള്ള അഞ്ചു വാർഡുകളിലായി 43 സ്ഥാപനങ്ങളും, വട്ടിയൂർക്കാവ് മേഖലാ ഓഫീസിനു കീഴിലുള്ള അഞ്ചു വാർഡുകളിലായി 92 സ്ഥാപനങ്ങളും 2011-12 സാമ്പത്തിക വർഷത്തിൽ ലൈസൻസില്ലാതെ പ്രവർത്തിച്ചിരുന്നതായി ഡിമാന്റ് രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നു. ഡി & ഒ ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക ഈടാക്കാതിരുന്നതുമൂലം നഗരസഭയ്ക്ക് 27,600/- രൂപയുടെ നഷ്ടം ഉണ്ടായതായി

വിലയിരുത്തുന്നു. ഇതു മാത്രമല്ല, നഗരസഭയുടെ ലൈസൻസില്ലാതെ കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്ന അവസ്ഥയും നഗരസഭയിൽ നിലനിൽക്കുന്നത് ഗുരുതരമായ വീഴ്ചയായി വിലയിരുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. [അനുബന്ധം 6]

ഓഫീസിന്റെ പേര്	ഈടാക്കേണ്ട തുക
ആറ്റിപ്ര മേഖലാ ഓഫീസ്	13,040/-
വട്ടിയൂർക്കാവ് മേഖലാ ഓഫീസ്	14,560/-
ആകെ	27,600/-

2.7 ബിൽഡിംഗ് പെർമിറ്റ് ഫീസ്

2.7.1 നിയമാനുസൃത നിരക്കിൽ നിന്നും കുറവായി ഈടാക്കിയത് - 10,021/- രൂപയുടെ നഷ്ടം

തിരുവല്ലം മേഖലാ ഓഫീസിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ, താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് ഫീസ് ഈടാക്കിയതിൽ കുറവുള്ളതായി കാണുന്നു. രജിസ്റ്റർ വർഷം തിരിച്ച് എഴുതുകയോ, വർഷാവസാനം ആകെ വരവ് തിട്ടപ്പെടുത്തുകയോ ചെയ്തിട്ടില്ല. പെർമിറ്റ് ഫീസ് ഈടാക്കിയതിലെ കുറവ് കാരണം 10,021/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഈ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.വിശദാംശങ്ങൾ അനുബന്ധം 7 ൽ ചേർത്തിട്ടുണ്ട്.

2.7.2 കെട്ടിട നിർമ്മാണ പെർമിറ്റിന്റെ ക്രമവത്കരണം

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 143 പ്രകാരം പെർമിറ്റില്ലാത്ത കെട്ടിട നിർമ്മാണം/പുനർ നിർമ്മാണം/വ്യതിയാനം എന്നിവ ക്രമവത്ക്കരിച്ചു നൽകുന്നതിന് നഗരസഭാ സെക്രട്ടറിക്ക് അധികാരമുണ്ട്. 2011-12 ലെ കെട്ടിട നിർമ്മാണ പെർമിറ്റ് ക്രമവത്കരണ രജിസ്റ്റർ പരിശോധിച്ചതിൽ ക്രമവത്ക്കരിക്കപ്പെട്ട കെട്ടിടങ്ങൾക്ക് നിശ്ചിത നിരക്കിൽ ഫീസ് ഈടാക്കാത്ത തിനാൽ നഗരസഭയ്ക്ക് 93,581/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

ഓഫീസിന്റെ പേര്	നഷ്ടം (രൂപ)
തിരുവല്ലം മേഖലാ ഓഫീസ്	85,145/-
ഫോർട്ട് മേഖലാ ഓഫീസ്	8,436/-
ആകെ	93,581/-

ഫീസ് ഈടാക്കിയതിലെ കുറവ് നിമിത്തം 93,581/- രൂപയുടെ നഷ്ടം വരവിനത്തിൽ സംഭവിച്ചിട്ടുണ്ട്. ആയത് ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കേണ്ടതാണ്. വിശദാംശങ്ങൾ അനുബന്ധം 8 ൽ ചേർത്തിട്ടുണ്ട്.

LOCAL FUND AUDIT DEPARTMENT

2.7.3 കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് – തറവിസ്തീർണാനുപാതത്തിന്റെ അടിസ്ഥാനത്തിൽ അധിക ഫീസ് ഈടാക്കിയിട്ടില്ല – 71,590/– രൂപയുടെ നഷ്ടം

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 31 പ്രകാരം താമസാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ പരമാവധി അനുവദനീയമായ തറവിസ്തീർണ്ണാനുപാതം (FAR) 1.5 ആണ്. തറ വിസ്തീർണ്ണാനുപാതം 1.5 ൽ അധികരിയ്ക്കുകയാണെങ്കിൽ, അധിക വിസ്തീർണ്ണത്തിന് 500/– രൂപ ച.മീറ്റർ നിരക്കിൽ അധിക ഫീസ് ഈടാക്കേണ്ടതുമാണ്. എന്നാൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങൾക്ക് തറവിസ്തീർണ്ണാനുപാതം കണക്കാക്കി ഫീസ് ഈടാക്കിയതിൽ കുറവ് ഉണ്ടായിട്ടുണ്ട്.

ഫോർട്ട് മേഖലാ ഓഫീസ്

1)ഫയൽ നം.FE3/BA/208/11

മണക്കാട് വില്ലേജിൽ കളിപ്പാൻകുളം വാർഡിൽ സർവ്വേ നം.1038/2 ൽ 5.28 സെന്റ് സ്ഥലത്ത് 403 ച.മീ വിസ്തീർണ്ണമുള്ള റസിഡൻഷ്യൽ കം കൊമേഴ്സ്യൽ ബിൽഡിംഗ് നിർമ്മിക്കുന്നതിന് ഉദയകുമാർ.സി, റ്റി.സി 49/935, ലക്ഷ്മീ ഭവൻ, കളിപ്പാൻകുളം എന്നയാൾക്ക് 12.10.11 ലെ FE3/BA/208/11 –ാം നം. അനുവാദപത്രം നൽകിയിട്ടുണ്ട്. ഇതിനായി ഈടാക്കിയ പെർമിറ്റ് ഫീസ് 4080/– രൂപയാണ് (രസീത് നം.05/11101111002/12.10.11). ഫയൽ പരിശോധിച്ചതിൽ അപേക്ഷയോടൊപ്പമുള്ള പ്ലാനിൽ FAR, കവറേജ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത കെട്ടിടത്തിന് തറവിസ്തീർണ്ണാനുപാതത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം അധിക ഫീസ് ഈടാക്കേണ്ടിയിരുന്നു. എന്നാൽ തറ വിസ്തീർണ്ണാനുപാതത്തിനനുസൃതമായി അധിക ഫീസ് ഈടാക്കിയിട്ടില്ല

LOCAL FUND AUDIT DEPARTMENT

കെട്ടിടത്തിന്റെ തറവിസ്തീർണ്ണാനുപാതം	$\frac{403}{213.68}$ =1.89
5.28 സെന്റ് സ്ഥലത്ത് നിർമ്മിക്കാൻ അനുവദനീയമായ കെട്ടിടത്തിന്റെ അളവ്	5.28 X 40.47 X 1.5=320.5 ച.മീ.
അനുവാദം നൽകിയ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം	403 ച.മീ
അധികമായി നൽകിയത്	403–320.5 = 82.5 ച.മീ
ഈടാക്കേണ്ടിയിരുന്ന അധിക ഫീസ്	82.5 X 500= 41,250/–

2)ഫയൽ നം. FE3/BA/217/11

മണക്കാട് വില്ലേജിൽ കളിപ്പാൻകുളം വാർഡിൽ സർവ്വേ നം.296/10 ൽ 6 സെന്റ് സ്ഥലത്ത് 3 നിലകളുള്ള 397.70 ച.മീ തറ വിസ്തീർണ്ണമുള്ള താമസ സ്ഥലം നിർമ്മിക്കുന്നതിന് സുദർശനകുമാർ, ലതാദേവി എന്നയാളുകൾക്ക് 3.8.11 ലെ FE3/BA/217/11-ാം നം. അനുവാദപത്രം നൽകിയിട്ടുണ്ട്. ഇതിനായി ഈടാക്കിയ പെർമിറ്റ് ഫീസ് 3,980/– രൂപയാണ്. (രസീത്.നം.05/11101106732/381). പെർമിറ്റ് ഫീസ് ഈടാക്കിയതിൽ 16,735/– രൂപയുടെ കുറവുള്ളതായി കാണുന്നു.

തറവിസ്തീർണ്ണാനുപാതം	397.70 =1.64 242.82
6 സെന്റ് സ്ഥലത്ത് നിർമ്മിക്കാൻ അനുവദനീയമായ കെട്ടിടത്തിന്റെ അളവ്	1.5 X 242.82=364.23 ച.മീ.
അനുവാദം നൽകിയ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം	397.70 ച.മീ.
അധികമായി നൽകിയത്	397.70 364.23 =33.47
ഈടാക്കേണ്ടിയിരുന്ന അധിക ഫീസ്	33.47 X 500=16,735/-

വട്ടിയൂർക്കാവ് മേഖലാ ഓഫീസ്

കെട്ടിട ഫയൽ നമ്പരും തീയതിയും	: A2/4609/11/2.6.11
ഉടമസ്ഥൻ	: ജയശങ്കർ, ടെന്നീസ് ക്ലബ് എൻക്ലേവ്, കവടിയാർ, വഴുതക്കാട്
ഈടാക്കിയ ഫീ	: 50/- (രസീത്.നം.13456/2.6.11) : 3320 (രസീത്.നം.55858/11.8.11)
അനുവാദം നൽകിയ കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം (പ്ലിന്ത് ഏരിയ)	: 331.71 ച.മീ.
പ്ലോട്ട് ഏരിയ	: 2.03 ആർ (203 ച.മീ)
തറവിസ്തീർണ്ണാനുപാതം (FAR)	: 331.71 = 1.634 203
203 ച.മീ.സ്ഥലത്ത് നിർമ്മിക്കാൻ അനുവദനീയമായ കെട്ടിടത്തിന്റെ അളവ്	: 1.5 X 203= 304.5
അധികമായി നൽകിയത്	: 331.71-304.5 =27.21 ച.മീ.
ച.മീറ്ററിന് 500 രൂപ നിരക്കിൽ ഈടാക്കേണ്ടിയിരുന്ന അധിക ഫീസ്	: 27.21 X 500 = 13,605/-

LOCAL FUND AUDIT DEPARTMENT

അധിക ഫീസ് ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 71,590/- രൂപ (41,250+16,735+13,605) ടി കെട്ടിട ഉടമകളിൽ നിന്ന് ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.7.4 ക്രമവത്കരണം - 9,319/- രൂപ അധികം ഈടാക്കി

ഫയൽ നം.FE1/8484/10

കടകംപള്ളി വില്ലേജിൽ 2666/2-2, 2666/2-1-1, 2666/2-1 സർവ്വേ നമ്പരുകളിൽപ്പെട്ട 37.82 സെന്റ് സ്ഥലത്ത് 1086.26 ച.മീ തറവിസ്തീർണ്ണമുള്ള സ്പെഷ്യൽ റെസിഡൻഷ്യൽ ബിൽഡിംഗ് ദിവ്യശാന്തി ആശ്രമം നിർമ്മിക്കുന്നതിന്

റവ.ഡോ.എം.സൂസപാക്യം ആർച്ച് ബിഷപ്പിന് 28.2.07 ലെ TP4/BA/38/2007–ാം നമ്പർ അനുവാദപത്രം നൽകിയിരുന്നു. പൂർത്തീകരിച്ച കെട്ടിടത്തിന് പെർമിറ്റിൽ അനുവദിച്ചതിലും അധികം തറവിസ്തീർണ്ണമുള്ളതിനാൽ, 10.7.10 ൽ ക്രമവത്കരണത്തിന് അപേക്ഷ നൽകി.

പെർമിറ്റിന്റെ കാലാവധി കഴിഞ്ഞ് ഒരു വർഷത്തിനകം അപേക്ഷ നൽകിയതിനാൽ KMBR ചട്ടം 15 (A)(5) അനുസരിച്ച് പെർമിറ്റ് ഫീയുടെ 50% ഈടാക്കി പെർമിറ്റ് പുതുക്കി നൽകാവുന്നതാണെന്ന് AEE ((IV), 23.5.11 ൽ ശുപാർശ നൽകുകയും തുടർന്ന് താഴെപ്പറയും പ്രകാരം 16353/– രൂപ (രസീത് നം.05/11101104710/1.7.11) ഫീസ് ഈടാക്കി ക്രമവത്കരിച്ചു നൽകുകയും ചെയ്തു. (നം.48/17.6.11)

പെർമിറ്റ് പുതുക്കുന്നതിനുള്ള ഫീസ്	: $1242.56 \times 15 \times \frac{50}{100} = 9319.20$
അധികം ഏരിയ ക്രമവത്കരിക്കുന്നതിന് ഫീസ് (1242.56–1086.26)	: $156.30 \times 15 \times 3 = 7033.50$
ആകെ	**16353/– രൂപ**

പ്രസ്തുത കെട്ടിടത്തിന് നിർമ്മാണ അനുവാദം നൽകിയത് 28.2.07 നാണ്. ടി പെർമിറ്റിന്റെ കാലാവധി അവസാനിക്കുന്നത് 27.2.10 നാണ്. നഗരസഭയിൽ നിന്നും നൽകിയ ഓക്യുപ്പെൻസി സർട്ടിഫിക്കറ്റ് (നം.FE1/8484/10) പ്രകാരം പണി പൂർത്തീകരിച്ചത് 12.1.10 നാണെന്നു കാണുന്നു. പണി പൂർത്തീകരിച്ച കെട്ടിടത്തിന് വീണ്ടും പെർമിറ്റ് പുതുക്കാനെന്ന പേരിൽ 9,319/– രൂപ ഈടാക്കിയ നടപടി ശരിയല്ല. പെർമിറ്റിലധികരിച്ച് നിർമ്മിച്ച 156.30 ച.മീറ്ററിന്റെ ക്രമവത്കരണ ഫീസായി 7,034/– രൂപ മാത്രമാണ് ഈടാക്കേണ്ടിയിരുന്നത്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്

2.8 മാർക്കറ്റ് ലേലം

നഗരസഭാ പരിധിയിലുള്ള മാർക്കറ്റ്/കംഫർട്ട് സ്റ്റേഷൻ എന്നിവയുടെ 2011–12 വർഷത്തെ ഗേറ്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലേലത്തിലൂടെ വിവിധ കരാറുകാർക്ക് നൽകുകയുണ്ടായി. എന്നാൽ ഈ കരാറുകാർ സമയബന്ധിതമായി ലേലത്തുക ഒടുക്കിയില്ല. ഈ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന പിഴപ്പലിശ യഥാസമയം ഈടാക്കാത്തതിനാൽ നഗരസഭയ്ക്ക് 5,652/– രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഈ തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ചുമതലയുള്ള ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കേണ്ടതാണ്.വിശദാംശങ്ങൾ അനുബന്ധം 9 ൽ ചേർത്തിട്ടുണ്ട്.

2.9 പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസ് ഈടാക്കിയിട്ടില്ല – നഗരസഭയ്ക്ക് 13,500/– രൂപ നഷ്ടം

തിരുവനന്തപുരം നഗരസഭാ വിഴിഞ്ഞം മേഖലാ കാര്യാലയത്തിൽ നിന്നും 2011–12 വർഷത്തിൽ ഡി ആന്റ് ഒ ലൈസൻസ് നേടിയ ചുവടെ ചേർത്തിരിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും 1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും

LOCAL FUND AUDIT DEPARTMENT

രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 3 (2) പ്രകാരം ഈടാക്കേണ്ട രജിസ്ട്രേഷൻ ഫീസായ 300/- രൂപ വീതം ഈടാക്കിയതായി കാണുന്നില്ല. അനുബന്ധം 10 ൽ ചേർത്തിരിക്കുന്ന 45 സ്ഥാപനങ്ങളിൽ, ഓരോ സ്ഥാപനങ്ങളിൽ നിന്നും 300/- രൂപ നിരക്കിൽ നഗരസഭാഫണ്ടിലേക്ക് ലഭിക്കേണ്ടിയിരുന്ന 13,500/- രൂപ ചുമതലപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിലേയ്ക്ക് ഒടുക്കേണ്ടതാണ്. വിശദാംശങ്ങൾ അനുബന്ധം 10 ൽ ചേർത്തിട്ടുണ്ട്.

2.10 വാടക

2.10.1 നഗരസഭയുടെ കടമുറികൾ – 80/- രൂപാ നിരക്കിൽ മാസവാടകയ്ക്ക് നൽകുന്നു – തനത് വരുമാനം വർദ്ധിപ്പിക്കുന്നതിൽ നഗരസഭയ്ക്ക് ഉദാസീനത

ശ്രീകാര്യം ജംഗ്ഷനിലെ നഗരസഭയുടെ ഷോപ്പിംഗ് കോംപ്ലക്സിലെ എഫ് 1, എഫ് 2, എഫ് 3, എഫ് 4 എന്നീ നാല് മുറികൾ പോസ്റ്റ് ഓഫീസിനു വേണ്ടി വാടകയ്ക്ക് നൽകിയിട്ടുണ്ട്. നാലു മുറികൾക്കും കൂടി ആകെ ഈടാക്കുന്ന പ്രതിമാസവാടക 320/- രൂപയാണ്. അതായത് ഒരു മുറിയ്ക്ക് മാസം 80 രൂപ നിരക്കിലാണ് വാടക ഈടാക്കിയിരിക്കുന്നത്. ഇത്രയും കുറഞ്ഞ വാടകയ്ക്ക് പോസ്റ്റ് ഓഫീസിന് മുറികൾ നൽകുന്നതുകൊണ്ട് ഭീമമായ നഷ്ടമാണ് നഗരസഭയ്ക്കു ണ്ടാകുന്നത്.

25.08.2008 ൽ 3000/- രൂപ വാടക ഈടാക്കാനായി പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചുവെങ്കിലും പോസ്റ്റ് ഓഫീസിന്റെ അഭ്യർത്ഥന മാനിച്ച് വർദ്ധനവ് നടപ്പാക്കിയില്ല. 2009–10 മുതൽ വാടക വർദ്ധനവ് വരുത്തിയിരുന്നുവെങ്കിൽ ഒരു വർഷം 36000/- രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ലഭിക്കുമായിരുന്നു. എന്നാൽ ഇപ്പോൾ ഒരു വർഷം ആകെ ലഭിക്കുന്നത് 3840/- രൂപയാണ്. ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 32160/- രൂപ വാടക ഇനത്തിൽ നഗരസഭയ്ക്ക് നഷ്ടമാകുന്നു.

മറ്റ് വാടകക്കാരിൽ നിന്നും ഈടാക്കുന്ന രീതിയിൽ വാടക നിർണ്ണയിച്ച് പോസ്റ്റ് ഓഫീസിൽ നിന്നും ഈടാക്കി തനത് ഫണ്ട് വർദ്ധിപ്പിക്കാൻ നഗരസഭയുടെ ഭാഗത്തു നിന്നും നാളിതുവരെയും ശ്രമമുണ്ടായില്ല. ശരിയായ വാടക നിർണ്ണയിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാൻ നഗരസഭ ശ്രദ്ധിയ്ക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

2.10.2 വാടക കുടിശ്ശിക പിരിച്ചെടുക്കാനായില്ല – 1,63,675/- രൂപ ഈടാക്കിയിട്ടില്ല.

2011–12 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പ്രകാരം ഓവർ ബ്രിഡ്ജിൽ സ്ഥിതി ചെയ്യുന്ന നഗരസഭയുടെ ഗോൾഡൻ ജൂബിലി കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഡിലൈറ്റ് എന്റർപ്രൈസസ് എന്ന സ്ഥാപനം (മാസ വാടക 32,675/- രൂപ) 11/2011 മുതൽ 3/2012 വരെയുള്ള കാലയളവിൽ 163375/- രൂപയുടെ കുടിശ്ശിക വരുത്തിയതായി കാണുന്നു. ഈ സ്ഥാപനത്തിനെതിരെ നാളിതുവരെ യാതൊരു വിധത്തിലുള്ള കുടിശ്ശിക ഈടാക്കുവാനുള്ള റിക്കവറി നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. 5.4.2013 തീയതിയിലെ റവന്യൂ ഓഫീസറുടെ R 21/

Audit Enquiry 140/CA -9 നമ്പർ കത്ത് പ്രകാരം ഈ വിഷയത്തിന്മേൽ തുടർ നടപടികൾക്കായി 11.7.11 തീയതിയിൽ ധനകാര്യ കമ്മിറ്റിയ്ക്ക് ബന്ധപ്പെട്ട ഫയൽ കൈമാറിയതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ധനകാര്യ കമ്മിറ്റി ചെയർമാൻ ഈ വിഷയത്തിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഭരണാധികാരികളുടെ അനാസ്ഥയും നടപടികൾ സ്വീകരിക്കുന്നതിനുമുള്ള കാലതാമസവും കാരണം നഗരസഭയ്ക്ക് ലഭിക്കേണ്ട മാസവാടകയും 11/2011 മുതലുള്ള വാടക കുടിശ്ശികയും പിരിക്കുന്നതിൽ തടസ്സം നേരിടുന്നു. കൂടാതെ ഈ സ്ഥാപനത്തിൻമേൽ നിയമനടപടികൾ സ്വീകരിച്ച് വാടക കുടിശ്ശിക ഈടാക്കുവാനും കാലതാമസം നേരിടും. ഇവ മൂലം നഗരസഭയ്ക്ക് വാടകയിനത്തിൽ വൻ നഷ്ടം ഉണ്ടാവുകയും ചെയ്യും. അധികാരികളുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

2.10.3 ആറ്റിപ്ര ഷോപ്പിംഗ് കോംപ്ലക്സ് വാടക – 12,450/– രൂപ ഈടാക്കിയിട്ടില്ല.

തിരുവനന്തപുരം നഗരസഭയുടെ ആറ്റിപ്ര മേഖല ആഫീസ് ഷോപ്പിംഗ് കോപ്ലക്സിൽ കെട്ടിട മുറികൾ വാടകയ്ക്ക് എടുത്തിട്ടുള്ളവർ യഥാസമയം വാടക ഒടുക്കിയിട്ടുള്ളതായി കാണുന്നില്ല. കൂടാതെ ഈടാക്കേണ്ട നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിലും ഈടാക്കിയതായി കാണുന്നു. കുടിശ്ശികയായി അവശേഷിക്കുന്ന വാടക, സർവ്വീസ് ചാർജ് എന്നിവ ഉൾപ്പെടെ നഷ്ടമായ 12,450/– രൂപ പിഴപ്പലിശ സഹിതം വാടകക്കാരനിൽനിന്ന് ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

പേര്	കെട്ടിട മുറി.നം	വാടക	കുടിശ്ശിക (മാസം)	കുടിശ്ശിക തുക	സർവ്വീസ് ചാർജ് (12.4%)	പിഴപ്പലിശ 1%	നഷ്ടം
ജയശ്രീ	1	531	04/2011	531	66	5	602
സീന	3	300	4/2011 3/2012	3600	446	432	4478
ബൈജു	**4**	**1394**	6/2011 7/2011 11/2011 12/2011	**5576**	**691**	**223**	**6490**
						ആകെ	**11,570/–**

വാടക ഈടാക്കേണ്ട നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ ഈടാക്കിയതുമൂലം നഗരസഭയ്ക്കുണ്ടായ നഷ്ടം ചുവടെ ചേർക്കുന്നു.

LOCAL FUND AUDIT DEPARTMENT

പേര്	കെട്ടിട മുറി. നം	പ്രതിമാസം വാടക ഈടാക്കേണ്ടിയിരുന്നത് + സർവ്വീസ് ചാർജ് (12.4%)	പ്രതിമാസം വാടക ഈടാക്കിയത് + സർവ്വീസ് ചാർജ് (12.4%)	പ്രതിമാസം വാടക ഈടാക്കിയതിലെ കുറവ്	കുറച്ച് ഈടാക്കിയ മാസങ്ങൾ	നഷ്ടം
ബൈജു	4	1394	1284	110	4/2011 5/2011 8/2011 9/2011 10/2011 1/2012 2/2012 3/2012	110X8 =880

ആകെ 880/-

നഗരസഭയ്ക്കുണ്ടായ ആകെ നഷ്ടം - 11,570+880

= 12,450/- രൂപ

ഈ തുക ബന്ധപ്പെട്ട കക്ഷികളിൽ നിന്നോ, അല്ലാത്തപക്ഷം ചാർജ് ഓഫീസറിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

2.10.4 കമ്മ്യൂണിറ്റി ഹാൾ - വാടക കുറവായി ഈടാക്കുന്നു. നഗരസഭയ്ക്ക് 5,850/- രൂപയുടെ നഷ്ടം

2011-12 കാലയളവിൽ കുടപ്പനക്കുന്ന് സോണൽ ഓഫീസിലെ ഇളയംവള്ളി കമ്മ്യൂണിറ്റി ഹാൾ താഴെ പറയുന്ന വ്യക്തികൾക്ക് വാടകയ്ക്ക് നല്കിയിട്ടുണ്ട്. എന്നാൽ ഇവരിൽ നിന്ന് വാടക ഈടാക്കിയതായി കാണുന്നില്ല. വാടകക്കാരനിൽ നിന്നും വാടക ഈടാക്കാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും പിഴപലിശ സഹിതം ഈടാക്കേണ്ടതാണ്.

വാടകയ്ക്ക് നല്കിയ തീയതി	വാടകക്കാരൻ	വാടക തുക	ഈടാക്കിയ തുക	ഈടാക്കാവുന്ന തുക
6.9.11	അജി	4000	-	4000
9.9.11	സ്റ്റുഡന്റ്സ് മീറ്റിംഗ്	500	-	500
1.10.11	ജയചന്ദ്രൻ	500	-	500
22.1.12	ചൂഴംപാല റസിഡന്റ്സ് അസോസിയേഷൻ	500	150	350
28.1.12	കേരള സർവ്വീസ് പെൻഷനേഴ്സ് മീറ്റിംഗ്	500	-	500
			ആകെ	5,850/-

കമ്മ്യൂണിറ്റി ഹാൾ വാടക ഈടാക്കുന്ന രജിസ്റ്ററിൽ കൃത്യമായി വാടകയ്ക്ക് എടുത്ത വ്യക്തികളുടെ അഡ്രസ്സ്, ഏത് ആവശ്യത്തിന് എത്ര സമയം വാടകയ്ക്ക് നല്കി എന്നീ വിവരങ്ങൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. രജിസ്റ്ററുകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും ഈടാക്കുവാനുള്ള വാടക

LOCAL FUND AUDIT DEPARTMENT

ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും പിഴപലിശ സഹിതം ഈടാക്കേണ്ടതും ആണ്.

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ കമ്മ്യൂണിറ്റി ഹാൾ വാടകയ്ക്ക് നല്കിയപ്പോൾ ഡെപ്പോസിറ്റ് തുകകൾ ഒടുക്കിയതായിട്ടും ടി തുകകൾ മടക്കി നല്കിയതായും രേഖപ്പെടുത്തലുകൾ ഉണ്ട്. എന്നാൽ ടി ദിവസങ്ങളിലെ വാടക ഈടാക്കിയതായി വാടക രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല. ഇപ്രകാരം വാടകയ്ക്ക് കമ്മ്യൂണിറ്റിഹാൾ നല്കുമ്പോൾ കൃത്യമായി വാടക ഈടാക്കാത്തത് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ കൃത്യവിലോപമാണ്. വാടക ഈടാക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്.

2.11 2011–12 വർഷത്തെ മണി വാല്യു ഫോറങ്ങളുടെ വില്പനയുമായി ബന്ധപ്പെട്ട് വ്യാപക ക്രമക്കേട്

2011–12 വർഷത്തെ മണിവാല്യു ഫോറങ്ങളുടെ വില്പനയുമായി ബന്ധപ്പെട്ട് സ്റ്റോക്ക് രജിസ്റ്റർ, വിലപ്ന രജിസ്റ്റർ, കളക്ഷൻ രജിസ്ടർ എന്നിവ പരിശോധിച്ചതിൽ 1,19,209/– (ഒരു ലക്ഷത്തി പത്തൊമ്പതിനായിരത്തി ഇരുനൂറ്റി ഒൻപത്) രൂപയുടെ നഷ്ടം നഗരസഭാ ഫണ്ടിനുണ്ടായതായി കണക്കാക്കുന്നു. വില്പന തുക യഥാസമയം അടവാക്കാതിരിക്കുക, അടവാക്കുന്ന തുകയിൽ കുറവു വരുത്തുക, വില്പനത്തുക ഒടുക്കുന്നതിൽ കാലതാമസം വരുത്തുക, വില്പനതുക അനിശ്ചിതമായി കൈയ്യിൽ സൂക്ഷിക്കുക തുടങ്ങിയ നിയമവിരുദ്ധ നടപടികൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ടി നഷ്ടത്തിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

1)	1.4.2011 മുതൽ 27.10.11 വരെയുള്ള കാലത്തെ ഷോർട്ട് റെമിറ്റൻസ്	: 44/– രൂപ
2)	28.10.11 മുതൽ 19.1.12 വരെയുള്ള മണിവാല്യു ഫോറങ്ങളുടെ വില്പനതുക ഒടുക്കാത്തതുകൊണ്ടുണ്ടായ നഷ്ടം.	: 1,12,165/–രൂപ
3)	20.1.12 മുതൽ 1.2.12 വരെ കോർപ്പറേഷൻ സ്റ്റോറിൽ നിന്നും വില്പനയ്ക്കായി സ്റ്റോക്കിലെടുത്ത മണിവാല്യു ഫോറങ്ങളുടെ ആകെ മൂല്യം (ഈ കാലയളവിലെ മണിവാല്യു ഫോറങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല)	: 7,000/–രൂപ
4)	ആകെ നഷ്ടം	: 1,19,209/–രൂപ

2.11.1 മണിവാല്യു ഫോറങ്ങളുടെ വിലപ്നതുക അടയ്ക്കാത്തത്

28.10.11 മുതൽ 19.1.12 വരെയുള്ള കാലയളവിലെ വില്പനതുക നഗരസഭാ ഫണ്ടിൽ അടവാക്കിക്കാണുന്നില്ല. 20.1.12 മുതൽ 1.2.12 വരെയുള്ള കാലയളവിൽ മണിവാല്യു ഫോറങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്റർ നഗരസഭ സൂക്ഷിച്ചി ട്ടില്ലാത്തതിനാൽ പ്രസ്തുത കാലയളവിൽ നഗരസഭാ സ്റ്റോറിൽ നിന്നും വില്പനയ്ക്കായി സ്റ്റോക്കിലെടുത്ത ഫോറങ്ങളുടെ ആകെ മൂല്യം കണക്കാക്കിയാണ് നഷ്ടം നിർണ്ണയിച്ചിട്ടുള്ളത്. മണിവാല്യു ഫോറങ്ങളുടെ വില്പന രജിസ്റ്ററോ, സ്റ്റോക്ക് രജിസ്റ്ററോ ബന്ധപ്പെട്ട സൂപ്രണ്ട് പരിശോധിച്ചിട്ടില്ല. ഇത്

LOCAL FUND AUDIT DEPARTMENT

പണാപഹരണത്തിന് വഴി തുറന്നു. 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് നിയമങ്ങൾ അദ്ധ്യായം 3, ചട്ടം 21 അനുസരിച്ച് പണമായോ, ചെക്കായോ, മണി ഓർഡറായോ നഗരസഭയ്ക്ക് ലഭിക്കുന്ന തുക തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ അംഗീകൃത ബാങ്ക് അക്കൗണ്ടിലോ ട്രഷറി സേവിംഗ്സ് അക്കൗണ്ടിലോ ഒടുക്കുവരുത്തേണ്ടതും ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതുമാണ്. ഈ നിയമം കർശനമായി പാലിച്ചിരുന്നെങ്കിൽ ഇത്രയും വലിയ നഷ്ടം നഗരസഭയ്ക്ക് സംഭവിക്കില്ലായിരുന്നു.

2.11.2 മണിവാല്യു ഫോറങ്ങളുടെ വില്പന തുക നഗരസഭാ ഫണ്ടിൽ ഒടുക്കാൻ കാലതാമസം നേരിട്ടതിന് ഏതാനും ഉദാഹരണങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

ഫോറം വില്പന നടത്തിയ തീയതി	വില്പന തുക (രൂപ)	വില്പനതുക കൗണ്ടറിൽ അടച്ച തീയതി	രസീത് നമ്പർ	അനധികൃതമായി കൈവശം വച്ച കാലയളവ്
1.4.2011	154	31.12.11	01/11105123751	273 ദിവസം
2.4.2011	263	31.12.11	01/11105123752	272 ദിവസം
4.4.2011	2504	6.8.11	01/11105111108	123 ദിവസം
26.4.2011	1891	2.9.11	01/11105113465	128 ദിവസം
9.5.2011	1545	12.10.11	01/11105116865	155 ദിവസം
10.5.2011	1920	11.10.11	01/11105116699	153 ദിവസം
19.5.2011	1913	8.11.11	01/11105119540	172 ദിവസം
27.5.2011	1581	9.12.11	01/11105122287	195 ദിവസം
28.5.2011	981	31.12.11	01/11105123749	216 ദിവസം
9.6.2011	1557	28.12.11	01/11105123546	201 ദിവസം
16.6.2011	1804	13.1.12	01/11105124427	211 ദിവസം
15.6.2011	1867	4.1.12	01/11105123957	203 ദിവസം
22.6.2011	1448	17.1.12	01/11105124675	208 ദിവസം
27.6.2011	1641	19.1.12	01/11105124809	205 ദിവസം
28.6.2011	1738	20.1.12	01/11105124975	205 ദിവസം
30.6.2011	1306	23.1.12	01/11105125186	206 ദിവസം
24.8.2011	1653	24.1.12	01/11105125330	153 ദിവസം
1.9.2011	1299	25.1.12	01/11105125429	145 ദിവസം
27.10.2011	1319	25.1.12	01/11105125464	89 ദിവസം

2.11.3 മണിവാല്യു ഫോറങ്ങളുടെ വില്പന കണ്ടിജന്റ് വിഭാഗത്തിലെ ജീവനക്കാരനെ ഏൽപ്പിച്ചതിലുള്ള അസാംഗത്യം

തിരുവനന്തപുരം നഗരസഭയിൽ കണ്ടിജന്റ് വിഭാഗത്തിൽ സാനിട്ടറി വർക്കർ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ.എസ്.ബാബുവിനെ മണിവാല്യു ഫോറങ്ങളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട ജോലിക്ക് ചുമതലപ്പെടുത്തിയതിനെ സംബന്ധിച്ച കൗൺസിൽ തീരുമാനം നിയമനാധികാരിയുടെ പ്രത്യേക ഉത്തരവ് മുതലായവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മണിവാല്യു

LOCAL FUND AUDIT DEPARTMENT

ഫോറങ്ങളുടെ വില്പനയിലുണ്ടായ 1,19,209/- രൂപയുടെ നഷ്ടത്തിന് കോർപ്പറേഷൻ സെക്രട്ടറി, ജനസേവനകേന്ദ്രം സൂപ്രണ്ട്, സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥൻ എന്നിവർ ഉത്തരവാദികളാണ്.

2.12. ചെക്കു മുഖേന നികുതി സ്വീകരിയ്ക്കൽ-അക്കൗണ്ടിംഗിൽ പാകപ്പിഴ - ലൈബ്രറി സെസ്സിനത്തിൽ 8 ലക്ഷത്തിലധികം കുറവ്.

20.05.95 ലെ സർക്കുലർ നമ്പർ 15477/സി.3/95 ത.സ്വ.ഭവ. പ്രകാരം കെട്ടിട നികുതി/വസ്തു നികുതിയുടെ 5% നിരക്കിൽ ലൈബ്രറി സെസ് പിരിക്കേണ്ടതാണ്. തിരുവനന്തപുരം നഗരസഭയിൽ 2011-12 സാമ്പത്തിക വർഷത്തിൽ ചെക്കു മുഖേന നികുതി സ്വീകരിച്ചപ്പോൾ ഒപ്പം ഈടാക്കേണ്ടതായ ലൈബ്രറി സെസ് ഇനത്തിൽ 8 ലക്ഷത്തിലധികം രൂപയുടെ കുറവ് കാണുന്നു. നഗരസഭയുടെ ഡേ ബുക്ക് പ്രകാരം 2011-12 ൽ ചെക്കു മുഖേന വസ്തു നികുതി ഇനത്തിൽ ലഭിച്ച തുക 16,31,85,249.32/- രൂപയാണ്. ടി തുകയുടെ 5% നിരക്കിൽ ലൈബ്രറി സെസ് ആയി ഈടാക്കേണ്ടിയിരുന്നത് 81,59,262.47/രൂപയാണ്. എന്നാൽ ഈടാക്കിയിട്ടുള്ള തുക 7309440.28/-(8,49,822.19 രൂപയുടെ കുറവ്)

ടി വിഷയത്തിന്മേൽ 29.08.2011 നും 28.01.2012 നും എൽ.എഫ്.സി.എ.2/ 597/2011 നമ്പരുകളായി നഗരസഭാ സെക്രട്ടറിക്കും റവന്യൂ ഓഫീസർക്കും യഥാക്രമം കത്തു നല്കിയിരുന്നു. ആയതിന് സെക്രട്ടറി നൽകിയ മറുപടിയിൽ ചെക്കു മുഖാന്തിരം ലഭിക്കുന്ന തുകയിൽ വസ്തുനികുതിയും ലൈബ്രറി സെസും പിഴപ്പലിശയും ഉൾപ്പെട്ടിട്ടുണ്ടാകുമെന്നും ടി തുക ഇനം തിരിച്ച് വിവിധ ഹെഡ്ഡുകളിലേക്ക് ഉൾക്കൊള്ളിക്കുന്നതിന് IKM ന് നിർദ്ദേശം നൽകിയിട്ടു ണ്ടെന്നും പറഞ്ഞിരിക്കുന്നു.

എന്നാൽ ടി നിർദ്ദേശം ശരിയായ വിധം പാലിക്കപ്പെട്ടിട്ടില്ല എന്ന് നഗരസഭയുടെ വാർഷിക ധനകാര്യപത്രികയിൽ നിന്നും വ്യക്തമാണ്. റസീറ്റ് & പേയ്മെന്റ് ഷെഡ്യൂൾ പ്രകാരം വസ്തുനികുതിയായി സ്വീകരിച്ചിട്ടുള്ളത് 33,73,05,578/- രൂപയാണ്. (തന്നാണ്ട് - 23,55,08,197/- രൂപ, കുടിശ്ശിക - 10,17,97,381/- രൂപ) ടി തുകയുടെ 5% തുകയായ 1,68,65,279/- രൂപയാണ് ലൈബ്രറി സെസ് ഇനത്തിൽ വരേണ്ടിയിരുന്നത്. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം 1,60,58,506/- രൂപ മാത്രമാണ് വരവ്.(8,06,773/-രൂപയുടെ കുറവ്)

ചെക്കുമുഖേന നികുതി സ്വീകരിക്കുമ്പോൾ ശരിയായ ഹെഡ്ഡുകളിലേയ്ക്ക് അക്കൗണ്ട് ചെയ്യുന്നതിലെ പാകപ്പിഴയോ നികുതി ഈടാക്കുമ്പോൾ ലൈബ്രറി സെസ് ഉൾപ്പെടാതിരിക്കുകയോ ചെയ്യുന്നതാണ് മേൽപ്പറഞ്ഞ വ്യത്യാസത്തിന് കാരണമെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. ആയതിനാൽ ടി അപാകത പരിശോധിച്ച് പരിഹരിക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

LOCAL FUND AUDIT DEPARTMENT

ഭാഗം– III

ചെലവ്

LOCAL FUND AUDIT DEPARTMENT

3.1 തൊഴിൽരഹിത വേതന വിതരണം – രേഖകളും രജിസ്റ്ററുകളും നിയമാനുസൃതരീതിയിലല്ല– 61,34,880/– രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

1998 ലെ തൊഴിൽ രഹിത വേതന ചട്ടം 6(iii) പ്രകാരം തൊഴിൽ രഹിത വേതനത്തിനു വേണ്ടിയുള്ള അപേക്ഷകരെ സംബന്ധിക്കുന്ന രജിസ്റ്ററോ, (ഫോറം4) ഫയലുകളോ, ചട്ടം 100 –ൽ നിഷ്കർഷിക്കുന്ന രീതിയിലുള്ള 12 കോളങ്ങളുള്ള അക്വിറ്റൻസ് രജിസ്റ്ററോ, വേതനവിതരണ കാർഡോ ഓഡിറ്റിനു ലഭ്യമാക്കിയിരുന്നില്ല. ആയതിനാൽ 2011 –2012 വർഷത്തെ ഗുണഭോക്താക്കളുടെ ലിസ്റ്റോ, വേതനം നിരസിച്ച/അനുവദിച്ച അപേക്ഷകരെ സംബന്ധിക്കുന്ന വിവരങ്ങളോ ഓഡിറ്റിനു പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 90/21.01.13)മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ നിർവഹണോദ്യോഗസ്ഥനായ സെക്രട്ടറിയുടെ സർട്ടിഫിക്കറ്റും സാക്ഷ്യപ്പെടുത്തലും ഇല്ലാതെയും ഗുണഭോക്താക്കളുടെ തിരിച്ചറിയൽ ഫോട്ടോ/ജനനതീയതി എന്നിവയും ഇല്ലാതെയുമാണ് നഗരസഭയിൽ വിതരണ രജിസ്റ്റർ കൈകാര്യം ചെയ്യുന്നത്. ആയതിനാൽ പ്രായപരിധി കഴിഞ്ഞ ഗുണഭോക്താക്കൾക്ക് വേതനം നൽകിയിട്ടുണ്ടോയെന്ന് പരിശോധിക്കുവാനും കഴിഞ്ഞിട്ടില്ല. മേൽ കാരണങ്ങളാൽ 2011–2012 സാമ്പത്തിക വർഷം വിതരണം ചെയ്ത തൊഴിൽ രഹിത വേതനത്തിന്റെ ആധികാരികത പരിശോധിക്കുവാൻ കഴിയാത്ത സാഹചര്യമാണ്. ആയതിനാൽ തൻവർഷം വിതരണത്തിനായി ചെലവഴിച്ച 6,134,880/– രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

3.2 ക്ഷേമ പെൻഷനുകളുടെ വിതരണം – രേഖകൾ ഹാജരാക്കിയില്ല, 11,37,33,062/– രൂപ യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വിവിധ ക്ഷേമപെൻഷനുകളുടെ വിതരണം സംബന്ധിച്ച് നഗരസഭാ ഓഡിറ്റിനു ലഭ്യമാക്കിയ രേഖകളും, ഫയലുകളും, രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

(1) ക്ഷേമ പെൻഷനു വേണ്ടിയുള്ള അപേക്ഷകരുടെ ലിസ്റ്റ്, അവ സംബന്ധിക്കുന്ന അന്വേഷണ റിപ്പോർട്ടുകൾ, ഗ്രാമസഭയുടെയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും തീരുമാനങ്ങൾ സംബന്ധിക്കുന്ന രേഖകൾ, ഗുണഭോക്താക്കളുടെ ലിസ്റ്റ്, ഗുണഭോക്താക്കളുടെ വരുമാനം, വയസ്സ്, എന്നിവയെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട് ഗുണഭോക്താക്കളുടെ ലൈഫ് സർട്ടിഫിക്കറ്റ് വിധവാ പെൻഷൻ ലഭിക്കുന്ന വിധവകൾ പുനർവിവാഹം കഴിച്ചിട്ടില്ലെന്ന് തെളിയിക്കുന്ന രേഖകൾ, വികലാംഗ പെൻഷൻ ലഭിക്കുന്ന വ്യക്തികളുടെ വികലാംഗത തെളിയിക്കുന്ന മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ്, ക്ഷേമ പെൻഷൻ തുകകൾ വിതരണത്തിനായി പോസ്റ്റ് ഓഫീസിൽ നൽകി എന്നതിനുള്ള രേഖകൾ, മണി ഓർഡർ വഴി അയച്ചത് തെളിയിക്കുന്നതിനുള്ള രേഖകൾ, മണി ഓർഡർ വഴി അയയ്ക്കുന്ന പെൻഷൻ, ഗുണഭോക്താക്കൾ കൈപ്പറ്റിയെന്നതിനുള്ള മടക്കു രശീതി എന്നിവ ഓഡിറ്റിന് ഹാജരാക്കിയിരുന്നില്ല.

(2) വികലാംഗ പെൻഷന്റെ വിതരണത്തിനായി തൻവർഷം ലഭിച്ച അലോട്ട്മെന്റ് തുകയേക്കാൾ 25,047/– രൂപ അധികം ട്രഷറിയിൽ നിന്നും പിൻവലിച്ചതായി

LOCAL FUND AUDIT DEPARTMENT

കാണുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും നഗരസഭ മറുപടി ലഭ്യമാക്കിയിരുന്നില്ല.

ക്ഷേമപെൻഷനുകളുടെ വിതരണം സംബന്ധിക്കുന്ന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ക്ഷേമ പെൻഷനുകൾ	അലോട്ട്മെന്റ് ലഭിച്ച തുക	പിൻവലിച്ച തുക	ചെലവഴിച്ച തുക	ട്രഷറിയിൽ തിരിച്ചടച്ച തുക
1	വാർദ്ധക്യകാല പെൻഷൻ	2,93,79,000/-	3,00,75,412/-	2,89,62,431/-	11,12,981/-
2	വിധവാ പെൻഷൻ	4,88,30,700/-	4,86,83,840/-	4,82,25,523/-	4,58,317/-
3	വികലാംഗ പെൻഷൻ	1,97,44,000/-	1,97,69,047/-	1,97,69,047/- (25,047/-രൂപ അധികം പിൻവലിച്ചിരിക്കുന്നു)	4,58,317/-
4	50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	28,01,620/-	28,18,806/-	27,95,106/-	23,700/-
5	കർഷക തൊഴിലാളി പെൻഷൻ	1,16,04,600/-	1,43,78,155/-	1,39,80,955/-	-
			ആകെ	11,37,33,062	

LOCAL FUND AUDIT DEPARTMENT

മേൽ പരാമർശിച്ച ആപാകതകളുടെ അടിസ്ഥാനത്തിൽ ടി വിതരണത്തിനായി ചെലവഴിച്ച 11,37,33,062/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3.3 മത്സ്യബന്ധനത്തിനുള്ള കട്ടമരം, വല- അനർഹർക്ക് ആനുകൂല്യം നൽകി.

പ്രൊജക്ട് നമ്പർ : S 1001/2012
പ്രൊജക്ടിന്റെ പേര് : മത്സ്യബന്ധനത്തിനുള്ള കട്ടമരം, വല
അടങ്കൽ : 3900000/- രൂപ

(വികസന ഫണ്ട് - 1300000/-, മറ്റുള്ളവ 26,00,000/-)

നിർവ്വഹണാധികാരി : നഗരസഭാ സെക്രട്ടറി

സാങ്കേതിക നിർവ്വഹണം : മത്സ്യഭവൻ ഓഫീസ്, വിഴിഞ്ഞം

ബിൽ നമ്പർ : 56/11-12 തീയതി 31.03.12

വിഴിഞ്ഞം ഗ്രാമപഞ്ചായത്തിലെ തീരദേശ വാർഡുകളിലുള്ള മത്സ്യതൊഴിലാളികൾക്ക് മത്സ്യ ബന്ധനത്തിനുള്ള കട്ടമരം, വല എന്നിവ വാങ്ങുന്നതിനാണീ പ്രോജക്ട്. ടി പ്രോജക്ടിന്റെ പശ്ചാത്തലമൊരുക്കൽ, പ്രാദേശിക നടത്തിപ്പ്, സംവിധാന രൂപീകരണം, ആസ്തി വാങ്ങൽ എന്നീ സംഘാടന പ്രവർത്തനങ്ങൾക്ക് വിഴിഞ്ഞം മത്സ്യഭവൻ ഓഫീസറെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

ടി പദ്ധതിയിൽ 260 ഗുണഭോക്താക്കളാണുള്ളത്. BPL വിഭാഗത്തിൽ നിന്നുള്ള പുരുഷന്മാരെയാണ് ഗുണഭോക്താക്കളായി പ്രോജക്ടിൽ നിഷ്കർഷിച്ചിട്ടുള്ളത്. ഓരോ ഗുണഭോക്താവിൽ നിന്നും ഗുണഭോക്തൃ വിഹിതമായി 1,000/- രൂപ കൈപ്പറ്റിയ ശേഷം 5,000/- രൂപ വികസന ഫണ്ടും ചേർത്ത് 6,000/- രൂപയ്ക്കുള്ള വലയാണ് ഗുണഭോക്താവിന് നൽകുന്നത്. കൂടാതെ 9,000/- രൂപയ്ക്കുള്ള കട്ടമരം വാങ്ങിയിട്ടുള്ള മത്സ്യതൊഴിലാളിക്കു മാത്രമാണ് വല അനുവദിക്കാവുന്നത്. ഫണ്ട് വിവരം ഇപ്രകാരമാണ്.

LOCAL FUND AUDIT DEPARTMENT

വികസന ഫണ്ട്	**5000 X260**	**13,00,000/-**
ഗുണഭോക്തൃ വിഹിതം	**1000 X260**	**2,60,000/-**
മറ്റുള്ളവ	**9000 X260**	**23,40,000/-**
		39,00,000/-

ഡി.പി.സി. അംഗീകരിച്ച പ്രോജക്ടിലെ നിബന്ധനകൾക്ക് വിരുദ്ധമായി 14 വനിതകൾക്ക് 5,000/- രൂപ വീതം (ആകെ 70,000/- രൂപ) സബ്സിഡി അനുവദിച്ച് വല നൽകിയത് ക്രമപ്രകാരമല്ല. ഇതു കൂടാതെ 163 പുരുഷൻമാർക്ക് 5,000/- രൂപ വീതം (ആകെ 8,15,000/- രൂപ) സബ്സിഡി അനുവദിച്ച് വല നൽകിയിട്ടുണ്ട്. എന്നാൽ ഇവർ BPL വിഭാഗത്തിലുള്ള ആനുകൂല്യത്തിന് അർഹരാണെന്നുള്ള രേഖകളൊന്നും തന്നെ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് ഒബ്ജക്ഷൻ നം.46/11-12 ന് ലഭിച്ച മറുപടി തൃപ്തികരമല്ല. ആയതിനാൽ ഈ പദ്ധതിയ്ക്കു വേണ്ടി ചെലവഴിച്ച 8,85,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3.4 ഓട്ടോറിക്ഷ തൊഴിലാളികൾക്കുള്ള ഐ.ഡി.കാർഡ് വിതരണം – ലക്ഷങ്ങൾ ചെലവഴിച്ചിട്ടും ലക്ഷ്യം കണ്ടില്ല

പ്രോജക്ടിന്റെ പേര്	: ഓട്ടോറിക്ഷ തൊഴിലാളികൾക്കുള്ള ഐ.ഡി.കാർഡ് വിതരണം
പ്രോജക്ട് നമ്പർ	: SO202/12
ചെലവുതുക	: 3,52,961/- രൂപ (2011-12 സാമ്പത്തിക വർഷം)
നിർവ്വഹണ ഉദ്യോഗസ്ഥൻ	: നഗരസഭാ സെക്രട്ടറി
ഫയൽ നമ്പർ	: J1/158092/2011

നഗരസഭാ പരിധിയിലുള്ള മുഴുവൻ ഓട്ടോ റിക്ഷാ ഡ്രൈവർമാർക്കും തിരിച്ചറിയൽ കാർഡ് (ഐ.ഡി.കാർഡ്) നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഐ.ഡി.കാർഡ് രജിസ്ട്രേഷനുള്ള അപേക്ഷ ട്രാഫിക് പോലീസ് സ്റ്റേഷനിലൂടെയും അംഗീകൃത ട്രേഡ് യൂണിയൻ മുഖേനയും സ്വീകരിച്ചതായി ഫയലിൽ വ്യക്തമാക്കിയിട്ടുണ്ട്. ട്രേഡ് യൂണിയൻ ഓഫീസുകൾ മുഖേന അപേക്ഷ സ്വീകരിച്ചതിന് ആധികാരികതയോ നിയമസാധുതയോ ഇല്ല.

നഗരസഭയിലെ മുഴുവൻ ഓട്ടോറിക്ഷാ ഡ്രൈവർമാരും ട്രാഫിക്പോലീസ് സ്റ്റേഷനിലോ, അംഗീകൃത ട്രേഡ് യൂണിയൻ ഓഫീസുകളിലോ രജിസ്റ്റർ ചെയ്യാനാവശ്യപ്പെട്ടുകൊണ്ടുള്ള നഗരസഭയുടെ അറിയിപ്പ് 10 ദിനപ്പത്രങ്ങളിലൂടെ നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത അറിയിപ്പ് ഉൾക്കൊള്ളുന്ന ദിനപത്രത്തിന്റെ ശരി പകർപ്പ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

അംഗീകൃത പദ്ധതിരേഖയനുസരിച്ച് നഗരസഭ നേരിട്ടു നടത്തേണ്ട പദ്ധതിയാണിതെന്നും, ഐ.ഡി.കാർഡ് വിതരണം ട്രാഫിക് പോലീസ് മുഖേനയാണ് നടത്തേണ്ടതെന്നും വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. ഐ.ഡി.കാർഡുകളുടെ നിർമ്മാണം കെൽട്രോണിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ഓരോ ഐ.ഡി കാർഡിനും 35 രൂപയും അനുബന്ധനികുതികളുമാണ് കെൽട്രോൺ ഈടാക്കുന്നത്. 2011-12 സാമ്പത്തിക വർഷത്തിൽ നിർമ്മിച്ച് വിതരണം നടത്തിയ ഐ.ഡി കാർഡുകളുടെ വിവരമോ സ്റ്റോക്ക് രജിസ്റ്ററോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇവ ഹാജരാക്കാനാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയപ്പോൾ ഐ.ഡി.കാർഡ് വിതരണ രജിസ്റ്റർ എന്ന പേരിൽ അപൂർണ്ണമായ വിവരങ്ങൾ ഉൾക്കൊള്ളിച്ച ഒരു രജിസ്റ്റർ ഓഡിറ്റിനു ഹാജരാക്കിയിട്ടുണ്ട്. ഈ രജിസ്റ്ററിൽ നിർവ്വഹണോദ്യോഗസ്ഥനോ ട്രാഫിക് പോലീസ് ഉദ്യോഗസ്ഥരോ, നഗരസഭാ മേലധികാരികളോ ഒപ്പു വച്ചിട്ടില്ലാത്തതിനാൽ ആധികാരികത ഒട്ടുംതന്നെയില്ല. കൂടാതെ ട്രാഫിക് പോലീസ് മുഖേന ഐ.ഡി.കാർഡ് വിതരണം നടത്തിയതിന്റെ യാതൊരു തെളിവും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഐ.ഡി.കാർഡ് നിർമ്മാണത്തിന് 18.4.12 ലെ 280978 എന്ന നമ്പർ പ്രകാരമുള്ള 3,52,961/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് കെൽട്രോണിന് കൈമാറിയിട്ടുണ്ട്.

ഐ.ഡി.കാർഡ് ധരിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ചോ, അതിന്റെ പ്രയോജനങ്ങളെക്കുറിച്ചോ ഒരു ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുകയോ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ അറിയിപ്പ് നൽകുകയോ ചെയ്തിട്ടില്ല. സേവനദായക സംവിധാനം മെച്ചപ്പെടുത്തുക, അഴിമതി കുറയ്ക്കുക,

LOCAL FUND AUDIT DEPARTMENT

സുതാര്യതയ്ക്കുള്ള ഇടപെടലുകൾ നടത്തുക, പൊതുജന സേവനത്തിന്റെ അംഗീകാരം വർദ്ധിപ്പിക്കുക തുടങ്ങിയവയായിരുന്നു പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെങ്കിലും ഇതൊന്നും ഫലപ്രാപ്തിയിലെത്തിക്കാൻ കഴിഞ്ഞില്ല. തത്ഫലമായി ഈ പ്രോജക്ട് പരാജയത്തിൽ കലാശിച്ചിരിക്കുന്നു എന്ന നിഗമനത്തിലും ആധികാരിക രേഖകൾ ഹാജരാക്കാൻ നഗരസഭയ്ക്ക് കഴിയാത്തതിനാൽ ഐ.ഡി.കാർഡ് വിതരണം നടന്നില്ല എന്ന നിഗമനത്തിലും ഓഡിറ്റ് എത്തിച്ചേർന്നിരിക്കുന്നു. ഈ പദ്ധതിക്കുവേണ്ടി 2011-12 സാമ്പത്തിക വർഷത്തിൽ വിനിയോഗിച്ച 3,52,961/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3.5 ഇലക്ട്രിക്കൽ ഉപകരണങ്ങൾക്ക് രണ്ട് തവണ ടെണ്ടർ -4,42,418/- രൂപയുടെ നഷ്ടം.

2010-11 സാമ്പത്തിക വർഷത്തെ 'തെരുവ് വിളക്കുകൾക്ക് ട്യൂബ്സെറ്റ് വാങ്ങൽ (ജനറൽ)' (പ്രോജക്ട് നം.175/11) എന്ന പദ്ധതി സ്പിൽ ഓവറായി 2011-12ൽ (പ്രോജക്ട് നം. 1191/12) നടപ്പിലാക്കിയിട്ടുണ്ട്. നഗരസഭാ സെക്രട്ടറി നിർവ്വഹണാധി കാരിയായ ഈ പ്രോജക്ടിന്റെ അടങ്കൽ 1 കോടി രൂപയാണ്. (50 ലക്ഷം രൂപ വികസന ഫണ്ടും 50 ലക്ഷം രൂപ തനതു ഫണ്ടും) പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടി. ആയത് നടപ്പിലാക്കുവാൻ വൈകും എന്നതിനാൽ അടിയന്തിരമായി 50,00,000/- രൂപയുടെ തനത് ഫണ്ട് വകയിരുത്തി 2500 ട്യൂബ് ലൈറ്റുകൾ വാങ്ങുവാൻ 3.7.10 ലെ കൗൺസിൽ യോഗം 3 ഇ (70) നമ്പർ പ്രകാരം തീരുമാനിച്ചു.

ഇതു പ്രകാരം താഴെ ചേർക്കുന്ന ഉപകരണങ്ങൾക്കായി 23.07.10 ന് ടെണ്ടർ നോട്ടീസ് പുറപ്പെടുവിച്ചു.

ക്രമ.നം	ഇനങ്ങൾ	എണ്ണം
1	Flurescent tube street light fittings of (ISI marked) 2x40 w etc	2500
2	Energy efficient flurescent tubes 40 w(ISI & star market)	5000
3	GI Pipe bend with bracket for fixing 2x40 w	2500
4	2x2.5 sq.mm aluminium wire ISI marked	140 coils

നിശ്ചിത സമയത്തിനുള്ളിൽ ടെണ്ടർ സമർപ്പിച്ച 4 സ്ഥാപനങ്ങളിൽ ഏറ്റവും കുറച്ച് നിരക്ക് ക്വോട്ട് ചെയ്തതനുസരിച്ച് ചുവടെ ചേർക്കും പ്രകാരം ടെണ്ടറുകൾ അംഗീകരിച്ചു.

LOCAL FUND AUDIT DEPARTMENT

ക്രമ. നം	സ്ഥാപനം	നിരക്ക് x എണ്ണം	ആകെ
1	ATLAS Industries, Delhi	1223.5 x 2500	30,58,750
2	KSIE Emporium, Trivandrum	26.9 x 5000	1,34,500
3	CCC Super Market, Alappuzha	379 x2500	947500
4	CCC Super Market, Alappuzha	397 x140	55,580
		ആകെ	41,96,330

മേൽ ടെണ്ടറുകളുടെ പ്രാബല്യം ഒരു വർഷമാണ്. ഈ വാങ്ങലുമായി ബന്ധപ്പെട്ട് നഗരസഭയ്ക്കുണ്ടായ ചെലവ് വിവരം ചുവടെ.

ക്രമ.നം	ചെലവ് വിവരം	ടെണ്ടർ തുക	നൽകിയ തുക (നികുതി കിഴിച്ച ശേഷം)	ചെക്ക് നം/തീയതി
1	ഹിന്ദു പത്രം -ടെണ്ടർ പരസ്യം	12200	12200	1811210/20.10.11
2	ATLAS Industries } ഇനം-1	2400517	1000000	1747869/16.6.11
3	ATLAS Industries		1346120	1811209/20.10.11
4	ATLAS Industries	658243	643331	2086022/21.06.11
5	CCC Super market-ഇനം 3, 4	1003082	980380	782525/29.9.11

ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടുകൂടി പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഇതേ ഉപകരണങ്ങൾ വാങ്ങുന്നതിനായി 14.2.11 ൽ വീണ്ടും ടെണ്ടർ ക്ഷണിച്ചു. ഇതിൻ പ്രകാരമുള്ള ടെണ്ടറുകൾക്ക് ഒരു മാസം പ്രാബല്യം മാത്രമാണുണ്ടായിരുന്നത്. ഈ വാങ്ങലുമായി ബന്ധപ്പെട്ട് നഗരസഭയ്ക്കുണ്ടായ ചെലവു വിവരം ചുവടെ

ക്രമ. നം	ചെലവ് വിവരം	നൽകിയ തുക	ചെക്ക് നം/തീയതി
1	കേരള കൗമുദി } പത്ര പരസ്യം	16680	280988/18.04.12
	ദേശാഭിമാനി	7968	280987/18.04.12
	ന്യൂ ഇന്ത്യൻ എക്സ്പ്രസ്	28080	280989/18.04.12
2	ATLAS Industries ഇനം 1	3355000	280996/18.04.12
3	സുനിൽദത്ത് ഇനം 3	975000	9000/30.11.12
4	KSIE Emporium ഇനം 4	121519	256311/30.04.12
	ആകെ	45,04,247/-	

23.07.10 ലെ E3/J4/106471/10 ടെണ്ടർ പരസ്യംവഴി ലഭിച്ച ടെണ്ടറുകൾക്ക് ഒരു വർഷത്തെ പ്രാബല്യമുണ്ടായിരുന്നു. എന്നാൽ ഇതേ ഉപകരണങ്ങൾക്കായി CJ4/133707/10 പ്രകാരം 14.2.11 ൽ വീണ്ടും ടെണ്ടർ ക്ഷണിച്ചു.

LOCAL FUND AUDIT DEPARTMENT

ഒരേ ഉപകരണങ്ങൾക്കുവേണ്ടി ഒരേ സാമ്പത്തിക വർഷം രണ്ടു തവണ ടെണ്ടർ വിളിച്ചതുമൂലം നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടമുണ്ടായി. മാത്രമല്ല ആദ്യ ടെണ്ടറിന്റെ പ്രാബല്യം ഒരു വർഷം ആണെന്നിരിക്കെ ആദ്യ ടെണ്ടർ കഴിഞ്ഞ് 6 മാസം കഴിഞ്ഞപ്പോൾതന്നെ നഗരസഭ വീണ്ടും ടെണ്ടർ ക്ഷണിച്ചതിന് യാതൊരു ന്യായീകരണവുമില്ല. ഒരു വർഷത്തേയ്ക്ക് നഗരസഭയ്ക്ക് ആവശ്യമായ എണ്ണം



ഇലക്ട്രിക് ഉപകരണങ്ങൾ കണക്കാക്കി ഒരുമിച്ച് ടെണ്ടർ ക്ഷണിക്കേണ്ടിയിരുന്നു. രണ്ടാമത് ടെണ്ടർ ക്ഷണിച്ചപ്പോൾ, ടെണ്ടർ നടപടി 2011–12 സാമ്പത്തിക വർഷത്തിലേക്ക് നീണ്ടു പോകുകയും സ്പിൽ ഓവർ പ്രോജക്ടായി ഉൾപ്പെടുത്തേണ്ടി വരികയും ചെയ്തു (പ്രോജക്ട് നം.1191/12). യഥാസമയം ആവശ്യമായ എണ്ണം ഉപകരണങ്ങൾ ഒരുമിച്ച് വാങ്ങിയിരുന്നുവെങ്കിൽ സാമ്പത്തിക നഷ്ടം ഒഴിവാക്കുകയും സ്പിൽ ഓവർ പ്രൊജക്ട് തയ്യാറാക്കുന്നതിൽ നിന്നും ഒഴിവാക്കുകയും ചെയ്യാമായിരുന്നു. ഫലത്തിൽ രണ്ടു തവണ ടെണ്ടർ ചെയ്തതിനും പത്രപരസ്യത്തിനുമായി അധികച്ചെലവും, കൂടിയ വിലയിൽ സാധനങ്ങൾ വാങ്ങേണ്ട അവസ്ഥയും വന്നു. ഇത്തരത്തിലുണ്ടായ അധികച്ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ. നം	ഇനം	ടെണ്ടർ നോട്ടീസ് E3/J4/106471/10 തീയതി 23.07.10	ടെണ്ടർ നോട്ടീസ് J4/133707/10 തീയതി 14.2.11	അധിക ചെലവ്
1	Fluorescent tube street light fittings of (ISI marked) 2x40 w etc	1223.5 X 2500	1342 X 2500	3355000 –3058750=296250
2	GI Pipe bend with bracket for fixing 2x40 w.etc	379 X 2500	390 X2500	975000–947500=27500
3	2x2.5 sq.mm aluminium wire - ISI marked	397 X140	868 X140	121520–55580=65940
				3,89,690/-
CJ4/133707/10 ഫയലിലെ ടെണ്ടർ, റീടെണ്ടർ നോട്ടീസുകൾ പത്രത്തിൽ പരസ്യപ്പെടുത്തിയതുമായി ബന്ധപ്പെട്ട ചെലവ്.				52,728/-
			ആകെ	4,42,418/-

കേരള സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം ഇലക്ട്രിക്കൽ സാധനങ്ങൾക്ക് ഒരു സ്റ്റോക്ക് രജിസ്റ്റർ മാത്രം സൂക്ഷിക്കണമെന്നിരിക്കെ, ഇവിടെ ഒരേ ഉപകരണങ്ങൾക്ക് വ്യത്യസ്ത സ്റ്റോക്ക് രജിസ്റ്ററുകളാണ് സൂക്ഷിച്ചിരിക്കുന്നത്. കേരള

LOCAL FUND AUDIT DEPARTMENT

സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 24 – പ്രകാരം ടെണ്ടർ ക്ഷണിക്കുന്നതിനു മുമ്പ് വാങ്ങുന്ന സാധനം, അതിന്റെ അളവ്, വാങ്ങാൻ ഉദ്ദേശിക്കുന്ന സമയം എന്നിവയെക്കുറിച്ച് വ്യക്തമായ ആസൂത്രണം വേണം. സാമ്പത്തിക വർഷാവസാനം ബഡ്ജറ്റ് വിഹിതം പാഴാകാതിരിക്കാൻ ധൃതി പിടിച്ച് സാധനങ്ങൾ വാങ്ങുന്നത് ഒഴിവാക്കണം. ഒരേ തരത്തിലുള്ള സാധനം ഒരേ സാമ്പത്തിക വർഷം പല പ്രാവശ്യമായി വാങ്ങരുത് എന്നും (ഖണ്ഡിക 24 (കെ.കെ)" ടെണ്ടർ ക്ഷണിക്കുന്നതിലെ നടപടി ക്രമങ്ങൾ പാലിക്കുന്നതിലെ വീഴ്ച കാരണമോ, ടെണ്ടറിന്റെ പ്രാബല്യം വ്യക്തമാക്കാത്തതിനാലോ പൊതു ഖജനാവിന് ഉണ്ടാകുന്ന നഷ്ടങ്ങൾക്കും വീഴ്ചകൾക്കും പർച്ചേസിംഗ് ഓഫീസർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കും" എന്ന് വ്യക്തമാക്കുന്നുണ്ട്.

ആയതിനാൽ ഒരേ സാമ്പത്തിക വർഷം ഒരേ ഇനം സാധനം രണ്ട് ടെണ്ടർ ക്ഷണിച്ച് വാങ്ങേണ്ടി വന്നതുമായി ബന്ധപ്പെട്ട നഷ്ടം 4,42,418/– രൂപ രണ്ടു ടെണ്ടറുകളും ക്ഷണിച്ച നഗരസഭാ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

ഈ വാങ്ങലുകളുമായി ബന്ധപ്പെട്ട മറ്റു അപാകതകൾ ചുവടെ ചേർക്കുന്നു.

(ഫയൽ E3/J4/106471/10)

1. തനത് ഫണ്ട് – 08.09.10 ൽ സപ്ളൈ ഓർഡർ നൽകിയപ്പോൾ ടെണ്ടർ ചെയ്ത തുകയുടെ 10% വരെയുള്ള സെക്യൂരിറ്റി ഡിപ്പോസിറ്റോടുകൂടി നിശ്ചിത മാതൃകയിലുള്ള എഗ്രിമെന്റ് 7 ദിവസത്തിനകം ഹാജരാക്കുവാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ M/s KSIE എംപോറിയം, M/S CCC സൂപ്പർമാർക്കറ്റ് എന്നീ സ്ഥാപനങ്ങൾ നിയമപ്രകാരമുള്ള കരാർ വയ്ക്കുകയോ, സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കുകയോ ചെയ്തിട്ടില്ല.

കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 22 പ്രകാരം വിജയിയായ ടെണ്ടററുമായി ടെണ്ടർ നിബന്ധനകൾ തൃപ്തികരമായി പാലിക്കുന്നതിനുള്ള നടപടികളും അല്ലാത്തപക്ഷം ഉണ്ടാകുന്ന ശിക്ഷാനടപടികളും ഉൾപ്പെടുത്തി സ്റ്റോർ പർച്ചേസ് മാന്വൽ അപ്പന്റിക്സ് 17 ൽ കരാർ ഒപ്പു വയ്ക്കേണ്ടതാണ്.

2. നാല് ഇനങ്ങൾക്കായി ടെണ്ടർ ക്ഷണിച്ചതിൽ Energy efficient tubes of 40 W എന്ന ഇനത്തിന് M/s KSIE എംപോറിയം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ആണ് അംഗീകരിച്ചത്. എന്നാൽ ഈ ഇനത്തിന് സപ്ളൈ ഓർഡർ നൽകിയിട്ടും സ്ഥാപനം റ്റ്യൂബ് ലഭ്യമാക്കിയിട്ടില്ല. ഈ റ്റ്യൂബ് ഇല്ലാതെ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിഞ്ഞോ എന്ന് വ്യക്തമല്ല.
3. ടെണ്ടർ പരസ്യം പ്രസിദ്ധപ്പെടുത്തിയ ഇനത്തിൽ ഹിന്ദു പത്രത്തിന് 12,200/– രൂപ നൽകിയിട്ടുണ്ട്. എന്നാൽ പരസ്യം പ്രസിദ്ധപ്പെടുത്തിയ പത്രകോപ്പി ഇല്ല.
4. CCC സൂപ്പർ മാർക്കറ്റ് സ്ഥാപനം സപ്ളൈ ചെയ്ത ഇനത്തിൽ 9,80,380/– രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഇതിനുള്ള വിനിയോഗ സാക്ഷ്യപത്രമില്ല.
5. സാധനം വാങ്ങിയത് KVP Stock Register Vol.III യിൽ രേഖപ്പെടുത്തിയിട്ടുള്ളതായി ഫയലിൽ ഉണ്ട്. എങ്കിലും ഇത് പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

LOCAL FUND AUDIT DEPARTMENT

6. പ്രോജക്ടിൻ പ്രകാരം വാങ്ങിയ ഉപകരണങ്ങൾ "സ്റ്റോക്ക് രജിസ്റ്റർ പ്ലാൻ Vol.II വിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിലെ രേഖപ്പെടുത്തലുകൾക്ക് ആധികാരികത ഇല്ല. പ്ലാൻ ഫണ്ട് ഉപയോഗിച്ചു വാങ്ങിയ മൂന്നു ഇനങ്ങൾക്കുവേണ്ടി മാത്രമാണ് ഈ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത്. എന്നാൽ ഇലക്ട്രിക്കൽ സാധനങ്ങളുടെ സ്റ്റോക്ക് രേഖപ്പെടുത്തുന്നതിന് കേരള സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം ഒറ്റ രജിസ്റ്റർ മാത്രമേ പാടുള്ളൂ. സാധനം വിതരണം ചെയ്യുമ്പോൾ കൈപ്പറ്റുന്ന വ്യക്തിയുടെ ഒപ്പ് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. അതായത് സ്വീകരിക്കുന്നയാളുടെ പേര്, തസ്തിക എന്നിവ രേഖപ്പെടുത്തുന്നില്ല. മാത്രമല്ല, ഓരോ വിതരണത്തിനുശേഷവും ബാലൻസ് സ്റ്റോക്ക് രേഖപ്പെടുത്തുന്നില്ല. ഓരോ പ്രാവശ്യം വിതരണം നടത്തുമ്പോഴും ബാലൻസ് സ്റ്റോക്ക് രേഖപ്പെടുത്തേണ്ടതും, ആയത് മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

മേൽ അപാകതകൾ കാരണവും സാധനങ്ങൾ ഉപയോഗിച്ചു എന്ന കെ.എസ്.ഇ.ബി യുടെ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിലും തനത്/പ്ലാൻ ഫണ്ടുപയോഗിച്ച് വാങ്ങിയ ട്യൂബ് ലൈറ്റുകൾ /ഇലക്ട്രിക് ഉപകരണങ്ങൾ യഥാവിധി ഉപയോഗിച്ചിട്ടില്ലായെന്ന നിഗമനത്തിലെത്തുന്നു.

രണ്ടു വാങ്ങലുകളുമായി ബന്ധപ്പെട്ട ആകെ ചെലവ് 84,86,278/- രൂപ (39,82,031 +45,04,247) യിൽ ടെണ്ടർ നടപടികളിലുണ്ടായ അധിക ചെലവ് ആയ 4,42,418/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു. 80,43,860/- രൂപയുടെ (84,86,278-4,42,418) ചെലവ് സ്റ്റോക്ക് രജിസ്റ്റർ, കെ.എസ്.ഇ.ബി യുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു.

3.6 വിദ്യാഭ്യാസ മേഖല

3.6.1 ഗുണനിലവാരമില്ലാത്തതും നടപ്പാക്കാൻ കഴിയാത്തതുമായ പദ്ധതികൾ - കോടികൾ ധൂർത്തടിച്ചു

നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായിരിക്കണം പദ്ധതി വിഹിതം ഉപയോഗിക്കേണ്ടത്. എന്നാൽ ഇത്തരത്തിൽ വിദ്യാഭ്യാസമേഖലയിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കുന്ന പ്രോജക്ടുകളൊന്നും 2011-12 വർഷം തിരുവനന്തപുരം നഗരസഭ നടപ്പാക്കിയിട്ടില്ല. സെമിനാറുകൾ, പരിശീലനം, മേളകൾ തുടങ്ങിയവ നടപ്പിലാക്കുന്നതിനുള്ള ഫലപ്രദമല്ലാത്ത പ്രോജക്ടുകളാണ് വിദ്യാഭ്യാസമേഖലയിൽ രൂപീകരിച്ചത്. പദ്ധതി വിഹിതം ഉപയോഗിച്ച് നടപ്പിലാക്കാൻ കഴിയാത്തതും വിദ്യാഭ്യാസ മേഖലയിൽ ഗുണപരമായ മാറ്റങ്ങൾ/ചലനങ്ങൾ ഉണ്ടാക്കാൻ കഴിയാത്തവയുമാണ് ഈ പ്രോജക്ടുകളെല്ലാം തന്നെ. വിദ്യാഭ്യാസ മേഖലയിൽ പാഴ്ചെലവ് ഉണ്ടാക്കുന്ന വ്യർത്ഥമായ പരിപാടികളൊന്നും നടത്തരുതെന്ന് കർശനനിർദ്ദേശമുള്ളപ്പോഴാണ് പ്രോജക്ടുകൾ ഉണ്ടാക്കുന്നതിനു വേണ്ടി മാത്രം പ്രോജക്ടുകളുണ്ടാക്കി പദ്ധതിപ്പണം ധൂർത്തടിച്ചിരിക്കുന്നത് വിദ്യാഭ്യാസ മേഖലയെക്കുറിച്ച് നഗരസഭയ്ക്ക് ഒരു വികസന കാഴ്ചപ്പാട് ഇല്ല എന്ന് ഇത് തെളിയിക്കുന്നു.

LOCAL FUND AUDIT DEPARTMENT

വിദ്യാഭ്യാസമേഖലയിൽ നടപ്പിലാക്കിയ ഈ പ്രോജക്ടുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ തുടർന്നുള്ള പേജുകളിൽ കാണാവുന്നതാണ്.

3.6.2 **വിദ്യാലയങ്ങളിൽ രാവിലെയും ഉച്ചയ്ക്കും ഭക്ഷണം – 1,73,69,571/– രൂപയുടെ നിയമവിരുദ്ധ ചെലവ്**

തിരുവനന്തപുരം നഗരസഭയുടെ പരിധിയിലുള്ള സർക്കാർ/തീരദേശ എയ്ഡഡ് സ്കൂളുകളിൽ പ്രഭാത ഭക്ഷണവും ഉച്ചഭക്ഷണവും നൽകുന്നതിനായി വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണാധികാരിയായി രണ്ട് പദ്ധതികളാണ് 2011–12 ൽ നഗരസഭ ആവിഷ്കരിച്ച് നടപ്പാക്കിയത്.

1. പ്രോജക്ട് നമ്പർ	–	1139/12 (72/10–11 സ്പിൽ ഓവർ)
ഫയൽ	–	ബി6/12984/10
വകയിരുത്തിയ തുക	–	27,95,289/– വികസന ഫണ്ട്
		1,00,00,000/– തനത് ഫണ്ട്

		1,27,95,289/–
		===========
ചെലവ്	–	71,73,444/– വികസന ഫണ്ട്
2. പ്രോജക്ട് നമ്പർ	–	67/12 (ഉണർവ് – വിദ്യാലയങ്ങളിൽ രാവിലെയും ഉച്ചയ്ക്കും ഭക്ഷണം)
ഫയൽ	–	ബി6/23812/11
വകയിരുത്തിയ തുക	–	1,25,00,000/– വികസന ഫണ്ട്
		20,00,000/– തനത് ഫണ്ട്

		1,45,00,000/–
		==============
ചെലവ്	–	1,01,96,127/– വികസന ഫണ്ട്

രണ്ടു പദ്ധതികളിലുമായി 2011–12 സാമ്പത്തിക വർഷത്തിൽ നഗരസഭയ്ക്ക് 1,73,69,571/– രൂപയുടെ ചെലവുണ്ടായി. ചെലവിന്റെ മാസം തിരിച്ച കണക്ക് ചുവടെ ചേർക്കുന്നു.

	മാസം	തുക	ബിൽ നം./തീയതി
1)	ജൂൺ 2011	16,38,628	1/11–12 തി.02.08.11
2)	ജൂലൈ – സെപ്റ്റംബർ 2011	55,34,816	2/11–12 തി.22.09.11
3)	ഒക്ടോബർ 2011 – മാർച്ച് 2012	50,00,000	11/11–12 തി.31.01.12
		51,96,127	12/11–12 തി.01.02.12
	ആകെ	**1,73,69,571**	

സ.ഉ.(സാധ)നം.1269/2010/ത.സ്വ.ഭ.വ തീയതി 08.04.2010, സർക്കുലർ നമ്പർ 71413/ഡി.ബി.2/2008/ ത.സ്വ.ഭ.വ തീയതി 10.11.2008 എന്നിവ പ്രകാരം സംയോജിത ശിശുവികസന പരിപാടിയുടെ ഭാഗമായി (ഐ.സി.ഡി.എസ്) നടപ്പാക്കുന്ന പോഷകാഹാര വിതരണ പ്രോജക്ടുകൾ, ആശ്രയ/അഗതി കുടുംബങ്ങൾക്കുള്ള

LOCAL FUND AUDIT DEPARTMENT

ഭക്ഷ്യ ധാന്യം, സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീപ്രൈമറി സ്കൂളുകൾ, ഗ്രാമ പഞ്ചായത്തുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ശിശുമന്ദിരങ്ങൾ എന്നിവിടങ്ങളിലെ കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതിനുള്ള പദ്ധതികൾ എന്നിവയ്ക്കു മാത്രമേ വികസന ഫണ്ട്/തനത് ഫണ്ട് ഉപയോഗിക്കുവാൻ പാടുള്ളൂ. എന്നാൽ ഈ പദ്ധതികളിലൂടെ സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനും പ്രഭാത ഭക്ഷണത്തിനുമായി 1,73,69,571/- രൂപ ചെലവഴിച്ചിരിക്കുന്നു. മാത്രമല്ല, വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഉച്ചഭക്ഷണ പരിപാടി എല്ലാ സ്കൂളുകളിലും നടപ്പാക്കി വരുന്നുണ്ട്. അതിനു സമാന്തരമായി നിയമപരമായി നടപ്പിലാക്കുവാനാകാത്ത പദ്ധതിയാണ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ മുഖേന നഗരസഭ നടപ്പാക്കിയിരിക്കുന്നത്.

സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായ ഈ പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണ സമിതി 11.11.11 ൽ 1000/11-12/DPO/DPC/TVPM നമ്പറിൽ അനുമതി നൽകിയത് ക്രമപ്രകാരമല്ല.

പദ്ധതിയിൽ വകയിരുത്തിയതിലധികം വികസന ഫണ്ട് ചെലവ് ചെയ്തിട്ടുണ്ട്. 1139/12 എന്ന സ്പിൽ ഓവർ പദ്ധതിയ്ക്ക് 27,95,789/- രൂപ മാത്രമാണ് വികസന ഫണ്ടിൽ നിന്നും വകയിരുത്തിയിരുന്നത്. ഇതിൽ 16,38,628/- രൂപ 2011 ജൂൺ മാസത്തെ വിഹിതമായി വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് അനുവദിച്ചു. 2011 ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള പദ്ധതി നടത്തിപ്പിനായി ടി പ്രോജക്ടിൽ ബാക്കിയുള്ള വികസന ഫണ്ട് 11,56,661/- രൂപയും തനതു ഫണ്ടിൽ നിന്നും 43,78,155/- രൂപയും അനുവദിച്ചു നൽകുവാൻ നിർവഹണോദ്യോഗസ്ഥ ആവശ്യപ്പെട്ടു.

എന്നാൽ നഗരസഭ വികസന ഫണ്ട്, തനത് ഫണ്ട് എന്നിവ വേർതിരിച്ച് കാണിക്കാതെ വികസന ഫണ്ടിൽ നിന്നു മാത്രമായി 55,34,816/- രൂപ അനുവദിച്ചു. 43,78,155/- രൂപയുടെ വികസന ഫണ്ട് അധികമായി ചെലവ് ചെയ്യുവാനുണ്ടായ കാരണമാവശ്യപ്പെട്ട് നൽകിയ എൽ.എഫ്.സി.എ 4/850/2012 തീയതി 31.10.2012 കത്തിന് മറുപടി ലഭിച്ചിട്ടില്ല. അംഗീകൃത പ്രോജക്ടിൽ വകയിരുത്തിയതിൽ അധികരിച്ച് വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം നേടേണ്ടതാണ്.

നിയമ വിരുദ്ധമായി നടപ്പിലാക്കിയ മേൽ പദ്ധതികളുടെ ചെലവ് 1,73,69,571/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

LOCAL FUND AUDIT DEPARTMENT

3.6.3 എസ്.എസ്.എ. നടത്തുന്ന 'പഠനവീടി' നു വേണ്ടി നഗരസഭയും പദ്ധതിപണം ചെലവഴിച്ചു– 8,92,837/– രൂപയുടെ പാഴ്ചെലവ്.

പ്രോജക്ട് നം.	–	0092/12 (പഠനവീട്)
അടങ്കൽ	–	10 ലക്ഷം (വികസന ഫണ്ട്)
നിർവ്വഹണ ഉദ്യോഗസ്ഥ	–	എച്ച്.എം, ഗവ.സംസ്കൃത എച്ച്.എസ്. എൽ.പി.എസ് , ഫോർട്ട്
ചെലവ് തുക	–	8,92,837/– രൂപ
ബിൽ നം.	–	03/11–12/31.3.12

പഠനത്തിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ കണ്ടെത്തി, അവരുടെ പഠനാന്തരീക്ഷം മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നതിനായി തെരഞ്ഞെടുക്കുന്ന കേന്ദ്രങ്ങളെയാണ് 'പഠനവീട്' (0092/12) എന്ന പേരുകൊണ്ട് ഉദ്ദേശിക്കുന്നത്. ഓരോ കേന്ദ്രത്തിലും 50 കുട്ടികൾക്ക് പ്രവേശനം നല്കാം. സ്കൂളിലെ പഠനപ്രവർത്തനങ്ങളുടെ തുടർച്ചയായിരിക്കണം പഠനവീട്ടിലെ പ്രവർത്തനങ്ങൾ. വൈകുന്നേരം 5 മണിമുതൽ 7 മണിവരെയാണ് പഠന സമയം. പഠനാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായി കുട്ടികൾക്ക് ലഘുഭക്ഷണവും വായന പ്രോത്സാഹിപ്പിക്കുന്നതിനായി ലൈബ്രറി പുസ്തകങ്ങൾ, പഠനോപകരണങ്ങൾ, ഫീൽഡ്ട്രിപ്പ് എന്നിവ സംഘടിപ്പിക്കുകയുമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

ടി പദ്ധതി നടപ്പിലാക്കുന്നതിനായി നിർവ്വഹണോദ്യോഗസ്ഥ വികസന ഫണ്ടിൽ നിന്നും 8,92,837/– രൂപ പിൻവലിച്ച് മൂന്ന് സ്കൂളുകളിലെ എച്ച്.എം.മാർക്ക് നല്കുകയും, അവർ സ്വന്തം പേരിലുള്ള അക്കൗണ്ടിൽ പണം നിക്ഷേപിക്കുകയും, മാസങ്ങൾക്കുശേഷം പണം പിൻവലിച്ച് അംഗീകൃത പദ്ധതി രേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ചത് കൂടാതെ, 31.3.12 ന് മുൻപുതന്നെ ടി പണം ചെലവഴിച്ചതായുള്ള വ്യാജരേഖകൾ ഓഡിറ്റിന് ഹാജരാക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിലും ധനവിനിയോഗത്തിലും ശ്രദ്ധയിൽപ്പെട്ട ഗുരുതരമായ ക്രമക്കേടുകൾ താഴെ ചേർക്കുന്നു.

ടി പദ്ധതിയ്ക്കായി നിർവ്വഹണാധികാരി ട്രഷറിയിൽ നിന്നും പിൻവലിച്ച 8,92,837/– രൂപ താഴെപ്പറയും പ്രകാരം 3 എച്ച്.എം.മാർക്ക് നൽകി.

പേര്	തുക	ഡി.ഡി.നം/ചെക്ക് നം/തീയതി
എച്ച്.എം.,യു.പി.എസ്.ബീമാപ്പള്ളി	6,49,750	256811/2.5.12
എച്ച്.എം.ഗവ.യു.പി.എസ്.ഫോർട്ട്	1,10,000	256812/4.5.12
എച്ച്.എം.ഗവ.എൽ.പി.എസ്.കരിയം	1,33,087	256813/2.5.12
ആകെ	8,92,837/–	

പ്രസ്തുത പദ്ധതിയ്ക്കായി നഗരസഭാ കൗൺസിൽ തീരുമാനിച്ചതും ഡി.പി.സി അംഗീകരിച്ചതുമായ നിർവ്വഹണോദ്യോഗസ്ഥൻ തന്നെ പദ്ധതിയുടെ

LOCAL FUND AUDIT DEPARTMENT

നിർവ്വഹണം നടത്തേണ്ടിയിരിക്കേ, തുക പിൻവലിച്ച് പദ്ധതി നിർവ്വഹണത്തിനായി വിവിധ എച്ച്.എം മാർക്ക് വീതിച്ചു നൽകിയ നടപടി ക്രമവിരുദ്ധമാണ്.

ബീമാപ്പള്ളി ഗവ.യു.പി.എസ്.എച്ച്.എം കൈപ്പറ്റിയ 6,49,750/- രൂപ ടിയാൾ സ്വന്തം പേരിലുള്ള സ്കൂൾ അക്കൗണ്ടിൽ (അക്കൗണ്ട് നം.67083521441- എസ്.ബി.റ്റി.പൂന്തുറ ബ്രാഞ്ച്) നിക്ഷേപിക്കുകയും 'പഠനവീടിനു' വേണ്ടി താഴെപറയും പ്രകാരം ചെലവഴിച്ചു എന്ന് കാണിച്ച് വെള്ളപേപ്പറിലെ കൈപ്പറ്റു രസീത് ഓഡിറ്റിന് ഹാജരാക്കുകയും ചെയ്തു. പിന്നീട് ടി തുക യഥേഷ്ടം പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്.

ക്രമ .നം	ചെലവ് ഇനം	ചെലവ് തുക	ഹാജരാക്കിയ രേഖകൾ സംബന്ധിച്ച്
1	ഓണറേറിയം	1,10,000/-	11 പഠന വീടുകൾക്ക് വേണ്ടിയുള്ള ചെലവുകൾക്കായി ബീമാപള്ളി എച്ച്.എം. തുക കൈപ്പറ്റിയതായി വെള്ളപേപ്പറിലുള്ള കൈപ്പറ്റ് രസീതിന്റെ ഫോട്ടോ കോപ്പിയാണ് ഓഡിറ്റിന് ലഭ്യമാക്കിയത്
2	ലൈബ്രറി പുസ്തകം	2,75,000/-	
3	പഠനയാത്ര	4,4,750/-	
4	ഫർണിച്ചർ	2,20,000/-	
	ആകെ	6,49,750/-	

LOCAL FUND AUDIT DEPARTMENT

എച്ച്.എം, ഗവ.യു.പി.എസ്. ഫോർട്ട് കൈപ്പറ്റിയ 1,10,000/- രൂപ ടിയാളുടെ പേരിലുള്ള സ്കൂൾ അക്കൗണ്ടിൽ (എസ്.ബി.റ്റി തിരുവനന്തപുരം മെയിൻ ബ്രാഞ്ച്- അക്കൗണ്ട് നം.67146138185) നിക്ഷേപിച്ചു. 1,10,000/- രൂപ ചെലവഴിച്ചതായി കാണിച്ച് വെള്ള പേപ്പറിലുള്ള സ്റ്റേറ്റ്മെന്റിന്റെ ഫോട്ടോകോപ്പി മാത്രമാണ് ഓഡിറ്റിനായി ഹാജരാക്കിയിട്ടുള്ളത്. കരിയം സ്കൂൾ എച്ച്.എം. കൈപ്പറ്റിയ 1,33,087/- രൂപ 'പഠനവീടിന്' വേണ്ടി ചെലവഴിച്ചു എന്ന് കാണിച്ച് വിവിധ ചെലവ് ഇനങ്ങളുടെ ബില്ലുകൾ, കൈപ്പറ്റ് രസീതുകൾ എന്നിവയുടെ ഫോട്ടോ കോപ്പി ഹാജരാക്കി.

പഠനവീടുകളുടെ പ്രവർത്തനം, കുട്ടികളുടെ എണ്ണം, അദ്ധ്യാപകരെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം, പഠന വീടുകൾക്കായി വാങ്ങിയ പുസ്തകങ്ങൾ, ഫർണിച്ചർ, സ്റ്റേഷനറികൾ എന്നിവയുടെ സ്റ്റോക്ക്, വിതരണം, ഇവയുടെ ബിൽ, കൈപ്പറ്റ് രസീത്, സ്റ്റോക്ക് രജിസ്റ്റർ, പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയ പഠന യാത്രയുടെ വിശദാംശങ്ങൾ, ഓണറേറിയം നല്കിയതിന്റെ രേഖകൾ എന്നിവ സംബന്ധിച്ച് ആധികാരികമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. തുടർന്ന് 27.11.12 ൽ നല്കിയ ഓഡിറ്റ് ഒബ്ജക്ഷന്റെ മറുപടിയിൽ "വാങ്ങിയ പുസ്തകങ്ങൾ, ഫർണിച്ചറുകൾ ഇവ വിദ്യാലയത്തിൽ സൂക്ഷിക്കുകയും, ആവശ്യാനുസരണം പഠനവീടുകളിൽ എത്തിക്കുകയും, ആവശ്യത്തിന് ശേഷം തിരികെ വിദ്യാലയത്തിൽ എത്തിക്കുകയും ചെയ്യുന്നു" എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

പ്രാദേശികമായി കണ്ടെത്തിയ അദ്ധ്യാപകർക്ക് 6 മാസത്തേയ്ക്ക് മാത്രം ഓണറേറിയം നല്കി എന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ 10 മാസത്തേക്ക് 1000/- രൂപ വീതം ഓണറേറിയം നല്കി എന്ന് കാണിച്ച് 1,10,000/- രൂപ ബീമാപള്ളി എച്ച്.എം സ്വന്തമായി കൈപ്പറ്റിയതായി ഉള്ള രസീത് ഫയലിൽ ഉണ്ട്.

പഠനവീടുകളിൽ അദ്ധ്യാപകർ പഠിപ്പിച്ചതിന്റേയോ, ഇവർക്ക് ഓണറേറിയം നല്കിയതിന്റേയോ രേഖയില്ല.

44,750/- രൂപയ്ക്ക് 'പഠനയാത്ര' നടത്തിയതിനുള്ള രേഖകൾ, യാത്ര നടത്തിയ സ്ഥലത്തിന്റെ വിവരണം, യാത്രാതീയതി, ഫീൽഡ് ട്രിപ്പിന്റെ ബിൽ, കൈപ്പറ്റ് രസീത് എന്നിവയൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2,75,000/- രൂപയ്ക്ക് വാങ്ങിയ ലൈബ്രറി ബുക്കുകൾ, 2,20,000/- രൂപയുടെ ഫർണിച്ചറുകൾ എന്നിവയുടെ ബില്ലുകൾ പലതിലും തീയതി രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല, തീയതി രേഖപ്പെടുത്തിയ ബില്ലുകളിൽ നിന്നും ഇവ 9/2012 ന് ശേഷമാണ് വാങ്ങിയിട്ടുള്ളത് എന്നും കാണുന്നു.

ഫർണിച്ചറിനുവേണ്ടി ചെലവഴിച്ച 2,20,000/- രൂപയിൽ 47,350/- രൂപയ്ക്ക് റിവോൾവിംഗ് ചെയർ , ഈസി ചെയർ, 74695/-രൂപയ്ക്ക് 2 കമ്പ്യൂട്ടറുകൾ, ബാക്കി തുകയ്ക്ക് (97,955/-) ഫർണിഷിംഗിനു വേണ്ട സ്ക്രൂ, പ്ലൈവുഡ്, ഗ്ലാസ്, ആണി മുതലായ സാധനങ്ങളുടെ ലിസ്റ്റ് ആണ് ഹാജരാക്കിയത്. ഈ ഇനത്തിലുള്ള ചെലവിന് അംഗീകൃത പദ്ധതി രേഖയിൽ നിർദ്ദേശം ഇല്ല. ആയതിനാൽ ഈ ചെലവ് ഓഡിറ്റിൽ അംഗീകരിയ്ക്കാൻ സാധിക്കുന്നില്ല.

അംഗീകൃത പദ്ധതി രേഖ പ്രകാരം 10 ലക്ഷം രൂപ അടങ്കൽ ഉള്ള പദ്ധതിയ്ക്കായി 1,25,000/- രൂപ പുസ്തകങ്ങൾക്കും 1,00,000/- രൂപ ഫർണിച്ചറിനും ചെലവഴിയ്ക്കാം. എന്നാൽ ഇതിനു വിരുദ്ധമായി ഫർണിച്ചറുകൾക്ക് 2,59,636/- രൂപയും, ബുക്കുകൾക്ക് 3,24,329/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

'പഠനവീടുകൾക്കായി' പദ്ധതി വിഹിതം പിൻവലിച്ചത് 31.3.12 നകം ചെലവഴിച്ചു എന്ന് കാണിച്ച് വ്യാജ രേഖകൾ ഹാജരാക്കുകയും ഓഡിറ്റ് ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് നൽകിയതിന് ശേഷം 9/12 ൽ (2012-13 കാലയളവിൽ) വാങ്ങിയ സാധനങ്ങളുടെ ബിൽ 2011-12 ൽ നിർവ്വഹിക്കേണ്ട പദ്ധതിയ്ക്കായി ഹാജരാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 31.1.2013 ൽ ബീമാപള്ളി യു.പി.എസ്-ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ 'പഠനവീട്' പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയ എല്ലാ ഉപകരണങ്ങളും യു.പി.സ്കൂൾ ലൈബ്രറിയും, ഓഫീസ് മുറിയും നവീകരിക്കുന്നതിന് ഉപയോഗിച്ചതായി ബോദ്ധ്യപ്പെട്ടു. തുടർന്ന് ബീമാപള്ളി എച്ച്.എം ന് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പഠനവീട്ടിലെ അദ്ധ്യാപകരെ തെരഞ്ഞെടുക്കുന്നതും, ഓണറേറിയം, ലഘുഭക്ഷണം എന്നിവ നല്കുന്നതും SSA ആണ് എന്നും, SSA, പഠനവീടുകളുടെ എണ്ണം പരിമിതപ്പെടുത്തിയതിനാൽ 2 പഠനവീടുകൾ മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത് എന്നും അറിയിച്ചു. നിർവ്വഹണോദ്യോഗസ്ഥയ്ക്ക് 13.2.12 ൽ നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്കും (സി.എ.10/121) ഇതേ മറുപടിയാണ് ലഭിച്ചത്.

SSA യുടെ ധനസഹായത്തോടെ നടത്തുന്ന പദ്ധതിയാണ് 'പഠനവീട്'. SSA നടത്തുന്ന പദ്ധതിയ്ക്കായി നഗരസഭ പണം ചെലവഴിയ്ക്കേണ്ട ആവശ്യകതയില്ല. ഇപ്രകാരം അധിക ചെലവ് നടത്താൻ പാടില്ല എന്ന് സർക്കാർ നിർദ്ദേശവും ഉണ്ട്. 'പഠനവീട്' പദ്ധതയ്ക്കായി വാങ്ങിയ ലൈബ്രറി പുസ്തകങ്ങൾ മറ്റ് ഉപകരണങ്ങൾ എന്നിവ ഈ പദ്ധതിയ്ക്കായി ഉപയോഗിക്കാതെ സ്കൂളിനുവേണ്ടി ഉപയോഗിക്കുന്നു. 'പഠനവീട്' പദ്ധതി പ്രകാരം കമ്പ്യൂട്ടറുകൾ വാങ്ങാൻ തുക

LOCAL FUND AUDIT DEPARTMENT

വകയിരുത്താതിരുന്നിട്ടും ടി പദ്ധതിയിൽ ഉൾപ്പെടുത്തി 74,695/- രൂപയ്ക്ക് 2 കമ്പ്യൂട്ടറുകൾ വാങ്ങി സ്കൂളിൽ ഉപയോഗിക്കുന്നതും ഗുരുതരമായ ക്രമക്കേടാണ്. സ്കൂളിൽ വലിയൊരു കമ്പ്യൂട്ടർ ലാബ് പ്രവർത്തിക്കുന്നിടത്താണ് ഇപ്രകാരം അംഗീകൃത പദ്ധതി രേഖയിൽ ഉൾപ്പെടാത്ത ഇനത്തിനായി പദ്ധതി പണം പിൻവലിച്ച് ചെലവഴിച്ചത്.

SSA വിഹിതത്തിൽ നിന്നും 1387000/- രൂപയോളം സ്കൂളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ടി കാലയളവിൽ ബീമാപള്ളി യു.പി.സ്കൂളിന് അനുവദിച്ചിട്ടുണ്ട്. (അക്കൗണ്ട്നം.67010433967- എസ്.ബി.റ്റി- പൂന്തുറ ബ്രാഞ്ച്)

കരിയം GLPS ന് നല്കിയ 1,33,087/- രൂപയും മേൽ പ്രകാരം പദ്ധതി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചു. Govt UPS Fort , HM ന് നല്കിയ 1,10,000/- രൂപയുടെ ചെലവ് സംബന്ധിച്ച് വെള്ള പേപ്പറിൽ എഴുതിയ സ്റ്റേറ്റ്മെന്റ് അല്ലാതെ മറ്റൊരു ചെലവ് രേഖകളും ഹാജരാക്കാതെ ടി തുക എച്ച്.എം ന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുക മാത്രം ചെയ്തു.

ഓഡിറ്റിൽ ലഭ്യമാക്കിയ ഫയലിൽ 31.3.12 നകം എല്ലാ ചെലവും നടത്തി എന്ന് കാണിച്ച് വ്യാജരേഖകൾ ഹാജരാക്കുകയും, ഓഡിറ്റ് ഒബ്ജക്ഷൻ 27.11.12 ൽ നല്കിയപ്പോൾ 2012-13 ൽ ചെലവഴിച്ച തുകയുടെ രേഖകൾ ഹാജരാക്കുകയും ചെയ്തു. പദ്ധതി പണം പിൻവലിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനല്ലാത്ത ഒരാളുടെ അക്കൗണ്ടിൽ അനധികൃതമായി മാസങ്ങളോളം നിക്ഷേപിക്കുകയും, പിന്നീട് യഥേഷ്ടം ചെലവഴിക്കുകയും ചെയ്തിരിക്കുന്നത്, ധനദുർവിനിയോഗമാണ്. ജി.ഒ(പി)177/ 2006 ഫിൻ 12.4.2006 ലെ ധനവിനിയോഗ മാർഗ്ഗരേഖ ഖണ്ഡിക 6.1, സർക്കുലർ നം.28691/എ.സി.2/08/ത.സ്വ.ഭ.വ.തീയതി 7.7.11 എന്നിവയിലെ നിർദ്ദേശങ്ങൾക്കും വിരുദ്ധമാണ് ഈ നടപടി.

ജി.ഒ.(എം.എസ്)183/07 ത.സ്വ.ഭ.വ 24.7.07 ലെ നിർദ്ദേശ പ്രകാരം വികസന ഫണ്ട് ഉപയോഗിച്ച് ഓണറേറിയം, ഭക്ഷണം, ഫീൽഡ്ട്രിപ്പുകൾ എന്നിവയ്ക്ക് ചെലവ് നടത്താൻ പാടില്ല. ടി ഉത്തരവിലും സ.ഉ.നം.44667/ഇ.എം.2/08 ത.സ്വ.ഭ.വ തീയതി 19.10.10 ലെ ഉത്തരവിലും വിദ്യാഭ്യാസ മേഖലയിലെ ഇപ്രകാരം ഉള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാരിൽ നിന്നും മുൻകൂർ അനുവാദം ലഭ്യമാക്കണമെന്നും നിർദ്ദേശിക്കുന്നു. എന്നാൽ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാരിൽ നിന്ന് അനുവാദം ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങാതെ വികസനഫണ്ട് ചെലവഴിച്ചാൽ അത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യത ആകുന്നതാണ് എന്ന് ജി.ഒ (എം.എസ്)183/07 ഖണ്ഡിക.22 ൽ വ്യക്തമാക്കുന്നുണ്ട്.

ഇതു സംബന്ധിച്ച് 13.2.12 ൽ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി നിർവ്വഹണ ഉദ്യോഗസ്ഥ രേഖാമൂലം അറിയിച്ചിട്ടുള്ളത്, "24.2.12 ലെ കൗൺസിൽ തീരുമാനപ്രകാരം ട്രഷറി ഇടപാടുകൾ നടത്തുന്നതിനായി J6 സെക്ഷനിൽ നിന്നും സ്കൂളിൽ വന്ന കോർപ്പറേഷൻ പ്രതിനിധിയും എജ്യൂക്കേഷൻ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണും ആവശ്യപ്പെടുകയും അതനുസരിച്ച് സ്കൂളിൽ കൊണ്ടുവന്ന ഫയലിൽ ഒപ്പിടുകയും ചെയ്തു. 31.3.12 ൽ കോർപ്പറേഷൻ പ്രതിനിധി അലോട്ട്മെന്റും നിർദ്ദിഷ്ട

LOCAL FUND AUDIT DEPARTMENT

വ്യക്തികളുടെ പേരിൽ തുകകൾ എഴുതിയ ഡി.ഡി. ഫോമും പൂരിപ്പിച്ച് ട്രഷറിയിൽ വരുകയും, അതനുസരിച്ച് POC വാങ്ങി ഡി.ഡി. എഴുതി J6 സെക്ഷനിൽ ഏല്പിക്കുകയും ചെയ്തു. എല്ലാ പ്രവർത്തനങ്ങളും നഗരസഭാ അധികൃതർ നടത്തിയതിനുശേഷം നിർദ്ദിഷ്ട സ്ഥലങ്ങളിൽ ഒപ്പിടുന്നതിനായി മാത്രം ഏല്പിക്കുകയും ചെയ്തു" എന്നുമാണ്.

എങ്കിലും നിർവ്വഹണ അധികാരി എന്ന നിലയിൽ പദ്ധതി പ്രവർത്തനം/ധനവിനിയോഗം എന്നിവ സംബന്ധിച്ച മാർഗ്ഗരേഖകൾ അനുസരിച്ച് പദ്ധതി നിർവ്വഹണം നടത്തേണ്ട ഉത്തരവാദിത്തം ഫോർട്ട് ഗവ.സംസ്കൃത എൽ.പി.എസ് എച്ച്.എം ന് ഉണ്ടായിരുന്നു. ആയതിനാൽ ഈ ക്രമക്കേടിന് നിർവ്വഹണാധികാരിയാണ് ഉത്തരവാദി.

വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിയ്ക്കേണ്ട പദ്ധതി പണം പിൻവലിച്ച് മാസങ്ങളോളം മറ്റ് അക്കൗണ്ടുകളിൽ നിക്ഷേപിക്കുകയും, സർക്കാർ ഉത്തരവുകളും, സർക്കുലറുകളും പാലിയ്ക്കാതെ, അംഗീകൃത പദ്ധതിരേഖയിലെ ലക്ഷ്യങ്ങളിൽ നിന്നും തികച്ചും വ്യതിചലിച്ച് മറ്റൊരു ഏജൻസി (SSA) നടപ്പിലാക്കിയ പദ്ധതിയ്ക്കായി അടുത്ത സാമ്പത്തിക വർഷം ചെലവഴിക്കുകയും ചെയ്തത് ഗുരുതരമായ സാമ്പത്തിക ക്രമക്കേടാണ്.

ആയതിനാൽ ടി പദ്ധതിയ്ക്കായി ചെലവഴിച്ച 8,92,837/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മാത്രമല്ല, പദ്ധതി നിർവ്വഹണത്തെപ്പറ്റി വ്യക്തമായ ധാരണ ഇല്ലാതിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥയെ ക്രമക്കേടുകൾക്കു പ്രേരിപ്പിച്ച നഗരസഭാ ജീവനക്കാരുടേയും വിദ്യാഭ്യാസ സ്ഥിരം സമിതി മേധാവിയുടേയും പങ്കിനെപ്പറ്റി അന്വേഷണത്തിന് ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

3.6.4 ഗവ.അധ്യാപകർക്ക് കമ്പ്യൂട്ടർ പരിശീലനം – പദ്ധതി വിഹിതത്തിന്റെ ദുർവിനിയോഗം

പ്രോജക്ട് നം /പേര്	: 81/12
നിർവ്വഹണ ഉദ്യോഗസ്ഥൻ	: എച്ച് എം, ഗവ.സംസ്കൃത എച്ച്.എസ്/എൽ.പി.എസ്.ഫോർട്ട്
അടങ്കൽ	: 3 ലക്ഷം
ചെലവ് തുക	: 3 ലക്ഷം (ബിൽ.നം.1/11-12/31.3.12)
ഡി.ഡി.നം.	: 256262/30.4.12

നഗരത്തിലെ സർക്കാർ എൽ.പി.വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് 3 മാസത്തെ കമ്പ്യൂട്ടർ പരിശീലനം നല്കുന്നതാണ് ഈ പദ്ധതി. ഇതിനായി 200 അദ്ധ്യാപകർക്ക് 1500/- രൂപ ക്രമത്തിൽ 3 മാസ ട്രയിനിംഗിനായി 3 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് നിർവ്വഹണ ഉദ്യോഗസ്ഥ നഗരസഭാ കമ്പ്യൂട്ടർ ട്രയിനിംഗ് സെന്റർ പ്രോജക്ട് ഓഫീസർക്ക് നല്കി.

LOCAL FUND AUDIT DEPARTMENT

24.7.2004 ലെ ജി.ഒ (എം.എസ്)183/2007/ത.സ്വ.ഭ.വ ഉത്തരവിൽ പരിശീലന പരിപാടികൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കായി പരിമതിപ്പെടുത്തേണ്ടതും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായോ, വേതന തൊഴിൽ ലഭിക്കുമെന്ന് ഉറപ്പുള്ളതോ ആയ മേഖലകളിൽ മാത്രമായി പരിശീലന പരിപാടികൾ നിർവ്വഹിക്കേണ്ടതും ആണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം സർക്കാർ ഉത്തരവുകൾക്കു വിരുദ്ധമായി അദ്ധ്യാപകർക്ക് ട്രയിനിംഗ് നൽകുന്നതിന് നടപ്പിലാക്കിയ ഈ പ്രോജക്ടിന്റെ നിർവ്വഹണത്തിലെ മറ്റ് ക്രമക്കേടുകൾ കൂടി താഴെ ചേർക്കുന്നു.

1. ഏത് കോഴ്സിൽ ആണ് പരിശീലനം നല്കേണ്ടത് എന്ന് പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടില്ല.
2. നഗരസഭാ കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്റർവഴി പരിശീലനം ലഭിച്ച അദ്ധ്യാപകർ പരിശീലനത്തിൽ പങ്കെടുത്തു എന്നതിന് തെളിവായി അറ്റൻഡൻസ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. പരിശീലനം ലഭിച്ചവർക്ക് ലഭിക്കേണ്ട സർട്ടിഫിക്കറ്റിന്റെ പകർപ്പും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച 24.7.12 ൽ നല്കിയ ഓഡിറ്റ് അന്വേഷണം (9) ന് മറുപടിയായി കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്ററിന്റെ അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പാണ് ഹാജരാക്കിയത്. കൂടാതെ IHRD നല്കിയ 6 പേരുടെ സർട്ടിഫിക്കറ്റിന്റെ പകർപ്പും ലഭിച്ചു.
3. പരിശീലന ഫീസ് ലഭ്യമാക്കുന്നതിന്റെ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ മൂന്നുമാസം ദൈർഘ്യമേറിയ കോഴ്സിൽ പരിശീലനം നല്കിയതായി പറയുന്നു. എന്നാൽ 3 മാസത്തെ കോഴ്സിനായി ഗവ.സ്കൂൾ അദ്ധ്യാപകർ എപ്രകാരമാണ് പങ്കെടുത്തത് എന്നും വ്യക്തമല്ല.
4. പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല.

വികസന ഫണ്ട് ഉപയോഗിച്ച് സർക്കാർ ജീവനക്കാരായ അദ്ധ്യാപകർക്ക് പരിശീലന പരിപാടികൾ നല്കാൻ പാടില്ലാത്തതാണ്. (അദ്ധ്യാപകർ ദാരിദ്ര്യരേഖയ്ക്ക് താഴെവരുന്ന ഗുണഭോക്താക്കളല്ല.) മാത്രമല്ല ഫീസിനത്തിൽ നല്കിയ മൂന്ന് ലക്ഷം രൂപ IHRD ക്ക് ലഭിച്ചിട്ടില്ല. പരിശീലനം നല്കിയ IHRD ക്ക് ഫീസ് നൽകുന്നതിനു പകരം നഗരസഭയുടെ കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്ററിന്റെ മാനേജിംഗ് കമ്മിറ്റിയാണ് തുക കൈപ്പറ്റിയിരിക്കുന്നത്. ഈ സ്ഥാപനത്തിന്റെ ഭൗതിക സാഹചര്യം മാത്രം പ്രയോജനപ്പെടുത്തി IHRD യാണ് കോഴ്സ് നടത്തേണ്ടത്. എന്നാൽ മൂന്ന് ലക്ഷം രൂപയും നഗരസഭാ കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്റർ മാത്രമാണ് കൈപ്പറ്റിയിരിക്കുന്നത്.

IHRD ക്ക് 3 ലക്ഷം രൂപ നല്കിയതിന്റെ രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറിയും (നം.9/24.07.12), ഓഡിറ്റ് ഒബ്ജക്ഷനും

LOCAL FUND AUDIT DEPARTMENT

(നം.21/11–12/15.09.12) നല്കിയിട്ടും കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. IHRD ക്ക് നല്കിയ ഫീസ്, പഠിതാക്കളുടെ എണ്ണം ഇവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് റിക്വിസിഷന് കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്റർ നല്കിയ മറുപടിയിൽ, 2011–12 കാലയളവിൽ 6,95,800/– രൂപ മാത്രമാണ് IHRD ക്ക് നല്കിയത് എന്ന് അറിയിച്ചിട്ടുണ്ട്. SC വിദ്യാർത്ഥികളുടെ കമ്പ്യൂട്ടർ പരിശീലനത്തിനായി ടി കാലയളവിൽ നഗരസഭ 33,54,500/– രൂപ കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്ററിന് നല്കിയിട്ടുണ്ട്. ഈ ഇനത്തിലുള്ള ഫീസ് കൂടി ഉൾപ്പെടുത്തിയ തുകയാണ് 6,95,800/– രൂപ . ഇതിൽ നിന്നും എല്ലാ അദ്ധ്യാപകർക്കും പരിശീലനം ലഭിച്ചിട്ടില്ല എന്നും IHRD ക്ക് ഫീസ് ഇനത്തിൽ 3 ലക്ഷം രൂപ നല്കിയിട്ടില്ല എന്നും വ്യക്തമാണ്.

സർക്കാർ ഉത്തരവുകളും മാനദണ്ഡങ്ങളും പാലിക്കാതെ നടപ്പിലാക്കിയ ടി പദ്ധതിയുടെ ചെലവിന് 24.2.11 ലെ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളും 11.6.12 ലെ കൗൺസിലിൽ പങ്കെടുത്ത ജനപ്രതിനിധികളും, നഗരസഭാ സെക്രട്ടറിയും ബഹു.മേയറും ഒരുപോലെ ഉത്തരവാദികളാണ്. വികസന ഫണ്ട് നിയമവിരുദ്ധമായി പരിശീലനത്തിന് ഉപയോഗിച്ചതിനാൽ ഈ ഇനത്തിലെ 3 ലക്ഷം രൂപയുടെ ചെലവ് നിരാകരിക്കുന്നു.

3.6.5 അന്താരാഷ്ട്ര രസതന്ത്ര വർഷം– ശാസ്ത്ര പഠന പരിപാടി നടപ്പിലാക്കിയതിന്റെ രേഖകൾ ഇല്ല –1,02,241/– രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം /പേര്	: 0074/2012 "അന്താരാഷ്ട്ര രസതന്ത്ര വർഷാചരണം, വനവർഷം."
നിർവ്വഹണ ഉദ്യോഗസ്ഥൻ	: പ്രിൻസിപ്പൽ, ഗവ.വി.എച്ച്.എസ്.എസ്.പേട്ട
അടങ്കൽ	: 4 ലക്ഷം (വികസന ഫണ്ട്)
പിൻവലിച്ച തുക	: 2 ലക്ഷം (ബിൽ.നം.1/11–12/20.03.12)
ചെലവ് തുക	: 1,02,241/–

അന്താരാഷ്ട്ര രസതന്ത്ര വർഷാചരണത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും വിവിധ വിഷയങ്ങളിൽ ശാസ്ത്രപഠനപരിപാടിയും, അധ്യാപകർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനവും നല്കുന്നതിനും ക്ലാസ് സംഘടിപ്പിക്കുന്നതിനും ലക്ഷ്യമിട്ടിരുന്ന പ്രോജക്ട് ആണ് ഇത്.

ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ കണ്ടെത്തിയ പ്രധാന ഓഡിറ്റ് പരാമർശങ്ങൾ താഴെ ചേർക്കുന്നു.

1. ശാസ്ത്ര പഠനപരിപാടി നടപ്പിലാക്കുന്നതിനായി 1,02,241/– രൂപ പിൻവലിച്ചു. ഇതിൽ റിസോഴ്സ് പേഴ്സൺ, വോളന്റിയർ എന്നിവർക്ക് 24,000/– രൂപ നല്കി(16000+8000). ആർച്ച്, വേദി ഇവയ്ക്ക് 26,450/– രൂപയും ഭക്ഷണത്തിന് 36,125/– രൂപയും, ശബ്ദം, വെളിച്ചം എന്നിവയ്ക്ക് 8,000/– രൂപയും മെറ്റീരിയൽസിന് 6,796/– രൂപയും, റ്റി.എ ഇനത്തിൽ 1,050/– രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ടിൽ ലക്ഷ്യമിട്ടിരുന്ന പരിശീലനം, വിവിധ വിഷയങ്ങളിലെ ക്ലാസുകൾ എന്നിവ നടത്തിയതിന്റെ രേഖകൾ പരിശോധനയക്ക്

LOCAL FUND AUDIT DEPARTMENT

ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഫയലിൽ ഉൾപ്പെടുത്തിയ കൈപ്പറ്റു രസീതിൽ റിസോഴ്സ് പേഴ്സൺമാരായി തുക കൈപ്പറ്റിയവരുടെ പേരും മേൽവിലാസവും മാത്രമാണുള്ളത്. ഇവരുടെ ഔദ്യോഗിക പദവി ക്ലാസ്സെടുക്കുന്നതിനുള്ള യോഗ്യത എന്നിവ വ്യക്തമല്ല.

2. ചെലവ് ഇനങ്ങൾക്ക് രേഖയായി സമർപ്പിച്ചിട്ടുള്ള ബില്ലിൽ സ്റ്റാമ്പ് പതിപ്പിച്ച് ക്യാഷ് റിസീവ്ഡ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അതായത് പദ്ധതി തുക പണമായി നൽകിയിരിക്കുന്നു. 12.4.2006 ലെ ജി.ഒ.(പി) 177/06 ധനം വകുപ്പിന്റെ ഉത്തരവ് പ്രകാരം 1000/- രൂപയിൽ അധികമുള്ള ചെലവുകൾക്ക് ഡി.ഡി.മാത്രമേ നല്കാവൂ എന്നാണ്. ഇതിനു വിരുദ്ധമായി തുക ക്യാഷായി നൽകിയത് ക്രമപ്രകാരമല്ല.
3. ടി പദ്ധതിയുടെ ഫയലിനൊപ്പം കുറച്ച് വിദ്യാർത്ഥികളുടെ ലിസ്റ്റ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ഈ വിദ്യാർത്ഥികൾ പരിശീലനത്തിൽ പങ്കെടുത്തതിന്റെ അറ്റൻഡൻസ്/മറ്റു രേഖകൾ എന്നിവയൊന്നും ഹാജരാക്കിയിട്ടില്ല.

4. അംഗീകൃത പദ്ധതി പ്രകാരം അദ്ധ്യാപകർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനം നല്കുന്നതിനും ലക്ഷ്യമിട്ടിരുന്നു. എന്നാൽ ആയതിന്റെ രേഖകൾ ഒന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച് 21.7.12 ലെ ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയായി ടി പരിശീലനം നടന്നിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. വിവിധ ലക്ഷ്യങ്ങൾ കൈവരിയ്ക്കുന്നതിനായി പദ്ധതി അംഗീകാരം വാങ്ങുകയും പദ്ധതിപണം പിൻവലിക്കുകയും ചെയ്തിട്ടും പദ്ധതി നടപ്പിലാക്കാതിരുന്നത് ശരിയായ നടപടി അല്ല.
5. 'രസതന്ത്ര പരീക്ഷണങ്ങൾ' സംബന്ധിച്ച പരിശീലനം, ക്ലാസ് ഇവ നടത്തിയതിന്റെ യാതൊരു രേഖയും ഇല്ല. ടി പരിശീലനം നടത്താതെതന്നെ 2337/- രൂപയുടെ ലാബ് ഉപകരണങ്ങൾ വാങ്ങിയിരിക്കുന്നു. ടി ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും ആയത് വിതരണം ചെയ്തതിന്റെ രേഖയില്ല.

6. ടി പദ്ധതിയ്ക്കായി പിൻവലിച്ച 2 ലക്ഷം രൂപയിൽ ചെലവഴിക്കാതെ ബാക്കി വന്ന 97,759/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ കാനറ ബാങ്ക് പാറ്റൂർ ശാഖയിലെ അക്കൗണ്ട് നം.2968101082537 ൽ 2.5.12 ൽ നിക്ഷേപിച്ചതായി കാണുന്നു. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ഇപ്രകാരം പദ്ധതി പണം പിൻവലിച്ച് യഥാസമയം തിരികെ ഒടുക്കാതിരുന്നതിന് വിശദീകരണം നല്കേണ്ടതും ടി തുക അർഹമായ പലിശ സഹിതം സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഒടുക്കേണ്ടതും ആണ് എന്ന് ഓഡിറ്റ് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ, 16.08.12 ൽ ചെലാൻ നം. 4968 പ്രകാരം പ്രത്യേക അക്കൗണ്ടിൽ സൂക്ഷിച്ചിരുന്ന 97,759/- രൂപ തിരികെ ഒടുക്കി. എന്നാൽ നിയമാനുസൃതമായ പലിശ ഒടുക്കിയിട്ടില്ല.
7. അംഗീകൃത പദ്ധതിരേഖപ്രകാരം പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ (വിദ്യാഭ്യാസ, സാംസ്കാരിക, കായിക യുവജനകാര്യം) മോണിട്ടറിംഗ് നടത്തിയതിന്റെയും രേഖയില്ല.

മതിയായ രേഖകളുടെ അഭാവത്തിൽ പദ്ധതിയ്ക്കായി ചെലവഴിച്ച 1,02,241/- രൂപ തടസ്സപ്പെടുത്തുന്നു.

LOCAL FUND AUDIT DEPARTMENT

3.6.6 പഠിപ്പുര – നിലവിൽ പ്രവർത്തനമില്ലാത്ത പദ്ധതിയ്ക്കായി പണം ചെലവഴിച്ചു.

പ്രോജക്ട് നം/.പേര്	: 652/12, പഠിപ്പുര (SC)
നിർവ്വഹണ ഉദ്യോഗസ്ഥൻ	: പ്രിൻസിപ്പൽ, ഗവ.വി.എച്ച്.എസ്.എസ്, പേട്ട
അടങ്കൽ	: 9,60,000/-
പിൻവലിച്ച തുക	: 1,29,600/- ബിൽ നം.2/11-12/31.3.12

നഗരത്തിലെ പട്ടികജാതി സങ്കേതങ്ങൾ കേന്ദ്രീകരിച്ച് അവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് സായാഹ്നങ്ങളിൽ പഠിക്കുന്നതിനായി കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും, പ്രാദേശികരായ അധ്യാപകർ ക്ലാസ്സുകൾ നടത്തുന്നതിനും, കുട്ടികൾക്കു വേണ്ട പഠനോപകരണങ്ങളും ലഘുഭക്ഷണവും ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്ന പദ്ധതി ആണ് ഇത്.

പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ വിശദമാക്കുന്നു.

1. ആറ്റിപ്രയിൽ പ്രവർത്തിച്ചുവരുന്ന 'പഠിപ്പുര' എന്ന പദ്ധതിയുടെ ചെലവുകൾക്കായി രൂപീകരിച്ച പദ്ധതി എന്നാണ് അംഗീകൃത പ്രോജക്ടിന്റെ പ്രവർത്തന ക്രമത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 2010-11 ലെ പദ്ധതി രേഖകൾ പരിശോധിച്ചതിൽ ടി പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടില്ല എന്ന് വ്യക്തമാണ്. അംഗീകാരം ലഭിയ്ക്കാത്ത പദ്ധതി എപ്രകാരം നടപ്പിലാക്കി എന്നതിനും ആരാണ് നിർവ്വഹണം നടത്തിയത് എന്നതിനും രേഖയില്ല. 2010-11 ൽ അംഗീകാരം ലഭ്യമാക്കാതെതന്നെ പദ്ധതി നടപ്പിലാക്കുകയും ആയതിന്റെ ടി കാലയളവിലെ ചെലവുകൾക്കായി 2011-12 ൽ പദ്ധതി പണം പിൻവലിച്ച് ചെലവഴിക്കുകയും ചെയ്തത് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഇത് സംബന്ധിച്ച് 21.7.12 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്

''സമയത്തിന് പദ്ധതിയ്ക്ക് പണം നൽകാൻ കഴിയാത്തതിനാൽ പദ്ധതി പ്രവർത്തനം നിലയ്ക്കുകയായിരുന്നു" എന്നും, നടത്തിയ പദ്ധതി പ്രവർത്തനങ്ങൾക്കു വേണ്ടി 2011-12 ൽ പണം ചെലവഴിച്ചു" എന്നും ആണ്. അംഗീകാരം ലഭിക്കാതെതന്നെ പദ്ധതി നടപ്പിലാക്കുകയും പിന്നീട് ചെലവ് നിർവ്വഹിക്കുകയും പദ്ധതി തുടർന്ന് നടപ്പിലാക്കാതിരിക്കുകയുമാണ് ചെയ്തിരിക്കുന്നത്.

2. പ്രോജക്ടിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രകാരം പദ്ധതി നടപ്പിലാക്കിയിരിക്കുന്നത് പട്ടികജാതി സങ്കേതങ്ങൾ കേന്ദ്രീകരിച്ച്, SC വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ആണ് എന്നതിന് രേഖയില്ല. കുട്ടികൾക്ക് ക്ലാസ് നടത്തി എന്നതിന് തെളിവായി അവരുടെ അറ്റൻഡൻസും , മറ്റു രേഖകളും ലഭ്യമാക്കിയിട്ടില്ല. പദ്ധതിപ്രകാരം കുട്ടികൾക്ക് വാങ്ങി നല്കേണ്ട പഠനോപകരണങ്ങൾ വാങ്ങി നല്കിയിട്ടുമില്ല. ക്ലാസ് എടുത്ത അധ്യാപകരെ ഏതു മാനദണ്ഡപ്രകാരമാണ് തെരഞ്ഞെടുത്തത് എന്നതിനും അവർക്ക് എപ്രകാരമാണ് ഓണറേറിയം നല്കിയത് എന്നതിനും രേഖയില്ല. ഈ അധ്യാപകർ ഏതെല്ലാം വിഷയങ്ങളിൽ ഏതെല്ലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ക്ലാസ് നല്കി എന്നതിനും രേഖയില്ല.

LOCAL FUND AUDIT DEPARTMENT

3. സ്വീപ്പിംഗ് ചാർജ്, ലഘുഭക്ഷണം, ന്യൂസ്പേപ്പർ എന്നിവയ്ക്കായി 40,800/- രൂപയും സ്റ്റഡി സൂപ്പർവൈസറിനും ഗസ്റ്റ് ലക്ച്ചറേഴ്സിനും ഓണറേറിയം നല്കുന്നതിനായി 88,800/- രൂപയും ചെലവഴിച്ചു. ബന്ധപ്പെട്ടവർ തുക കൈപ്പറ്റിയതിന്റെ ഒറിജിനൽ രേഖയില്ല. തീയതി രേഖപ്പെടുത്താത്ത കൈപ്പറ്റ് രസീതിന്റെ ഫോട്ടോകോപ്പികൾ മാത്രമാണ് തുക ചെലവഴിച്ചതിന്റെ രേഖയായി സൂക്ഷിച്ചിട്ടുള്ളത്.

4. നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കുന്ന പ്രോജക്ട് അക്കൗണ്ട് ബുക്ക് പരിശോധിച്ചതിൽ ടി പദ്ധതിയുടെ ചെലവായ 1,29,600/- രൂപ 19.4.12 ൽ 'പഠനവീട് കൺവീനർക്ക് കൊടുത്തത് ' എന്നാണ് പേജ് 3 ൽ രേഖപ്പെടുത്തിയിരിക്കുന്നത്. അംഗീകൃത പദ്ധതി രേഖപ്രകാരം നിർവ്വഹണം നടത്തേണ്ടത് പ്രിൻസിപ്പൽ, വി.എച്ച്.എസ്.എസ്, പേട്ട ആയിരിക്കെ പദ്ധതി നടപ്പിലാക്കുന്നതിനും തുക ചെലവഴിക്കുന്നതിനും മറ്റൊരാളെ ഏല്പിച്ചത് ക്രമവിരുദ്ധമായ നടപടിയാണ്.

5. പദ്ധതി വിജയകരമായി പൂർത്തീകരിച്ചു എന്നതിന് തെളിവായി വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിട്ടറിംഗ് റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ ഈ പദ്ധതി നടപ്പിലായിട്ടില്ല എന്ന് വിലയിരുത്തുന്നു. ഈ പദ്ധതിയ്ക്കായി ചെലവഴിച്ച 1,29,600/- രൂപ നിരാകരിക്കുന്നു.

'പഠനവീട്' പോലുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ ആയത് തുടർന്നും നടപ്പിലാക്കുന്നതിനും വിദ്യാർത്ഥികൾക്ക് ആയതിന്റെ പ്രയോജനം ലഭിക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതിനും ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥനും ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ പദ്ധതി പണം ലഭിക്കാത്തതിനാൽ മുടങ്ങിയ പദ്ധതിയ്ക്കായി 2011-12 ൽ 9,60,000/- രൂപ അടങ്കലിൽ പദ്ധതിയ്ക്ക് അംഗീകാരം വാങ്ങുകയും തുടർന്ന് പ്രവർത്തനം നടത്താതിരിക്കുകയും ചെയ്തതുവഴി വികസന ഫണ്ട് ലക്ഷ്യബോധമില്ലാതെ ചെലവഴിക്കുകയാണുണ്ടായത്. 'പഠനവീട്' എന്ന പദ്ധതി SSA ഫണ്ടുപയോഗിച്ച് 2011-12 ൽ നഗരത്തിലെ വിവിധ സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതേ പദ്ധതിയ്ക്കായി വീണ്ടും വികസന ഫണ്ട് ചെലവഴിച്ച നടപടി ശരിയല്ല. ഈ അധിക ചെലവിന് നിർവ്വഹണോദ്യോഗസ്ഥനും 25.1.12 ലെ കൗൺസിൽ അംഗങ്ങളും ഉത്തരവാദിയാണ്. ഇവരിൽ നിന്നും നിരാകരിച്ച തുക തുല്യമായി ഈടാക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

3.6.7 രജിസ്റ്റേർഡ് സ്പോർട്സ് ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നല്കിയത് – പദ്ധതി നിർദ്ദേശങ്ങൾക്ക് വിരുദ്ധം

പ്രോജക്ട്-നം	:	SO 157/12
അടങ്കൽ	:	5 ലക്ഷം
നിർവ്വഹണ ഉദ്യോഗസ്ഥ	:	എച്ച്.എം, ഗവ.യു.പി.എസ്.ഫോർട്ട്
ചെലവ്	:	4,77,550/- രൂപ (ബിൽ നം.23/11-12/31.3.12)

സർക്കാർ വിദ്യാലയങ്ങളിൽ കായികോപകരണങ്ങൾ വാങ്ങി നല്കുന്നതിനുവേണ്ടി രൂപീകരിച്ചതാണ് SO 157/12 എന്ന പദ്ധതി.

അംഗീകൃത പദ്ധതി രേഖയുടെ പ്രവർത്തനവും സംഘാടനവും തുടർ നടത്തിപ്പും സംബന്ധിച്ച വിവരണാത്മക വിശദാംശത്തിൽ പറയുന്നത്, 'നഗരത്തിലെ സർക്കാർ വിദ്യാലയങ്ങളിൽ കായികോപകരണങ്ങൾ വാങ്ങി നൽകുന്നതിനാണ്' എന്നതാണ്. എന്നാൽ പദ്ധതിയുടെ പേര് 'രജിസ്റ്റേർഡ് സ്പോർട്സ് ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകൽ' എന്നാണ്.

പ്രോജക്ടിന്റെ പ്രവർത്തന രേഖയിൽ പറഞ്ഞിരിക്കുന്നതിനനുസരിച്ചല്ല

പ്രോജക്ട് നടപ്പിലാക്കിയിരിക്കുന്നത്. പ്രോജക്ടിന്റെ നടത്തിപ്പിനായി വികസന ഫണ്ടുപയോഗിച്ച് 4,77,550/- രൂപയുടെ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി 54 സ്പോർട്ട്സ് ക്ലബ്ബുകൾക്ക് നൽകുകയാണ് ചെയ്തിരിക്കുന്നത്. സ്പോർട്സ് ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകുന്നത് സർക്കാർ സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടുന്നില്ല. സ.ഉ (എം.എസ്)183/07/ത.സ്വ.ഭ.വ 24.7.07 ഖണ്ഡിക 2.2 പ്രകാരം മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഏതൊരു ഇനത്തിനും സബ്സിഡി നല്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കി ചെലവഴിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതാണ് എന്നും ഈ ഉത്തരവിലൂടെ വ്യക്തമാക്കിയിട്ടുണ്ട്.

ടി പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ മറ്റ് അപാകതകൾ താഴെ ചേർക്കുന്നു.

1. സ്പോർട്സ് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൻ പ്രകാരം സമർപ്പിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ തുക കോട്ട് ചെയ്ത TBS Distributers & Publishers, Statue എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ "ഭാഗികം" എന്നു കാണിച്ച് നിരസിക്കുകയും പകരം കൂടിയ നിരക്ക് കോട്ട് ചെയ്ത KICO, അടൂർ എന്ന സ്ഥാപനത്തിന്റെ നിരക്ക് അംഗീകരിക്കുകയും അവരിൽ നിന്ന് ഉപകരണങ്ങൾ വാങ്ങുകയും ചെയ്തു. ക്വട്ടേഷനിൽ ആവശ്യപ്പെട്ടിരിക്കുന്ന അതേ ഇനങ്ങൾക്ക് നികുതി ഉൾപ്പെടെയുള്ള നിരക്കാണ് TBS കോട്ട് ചെയ്തിരിക്കുന്നത്. ഇപ്രകാരം കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത ക്വട്ടേഷൻ അംഗീകരിക്കാത്തതു വഴി നഗരസഭയ്ക്ക് 8165/- രൂപയുടെ നഷ്ടവും ഉണ്ടായി. [KICO യുടെ നിരക്ക് - 470070/-; TBS ന്റെ നിരക്ക്- 461905/-]
2. വാങ്ങിയ സ്പോർട്സ് ഉപകരണങ്ങളുടെ സ്റ്റോക്ക്, വിതരണം ഇവ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് 17.8.12, 14.9.12, 26.11.12 എന്നീ തീയതികളിൽ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് നൽകിയതിനു ശേഷമാണ് കൈപ്പറ്റ് രസീത് ഹാജരാക്കിയത്. 27.3.12 ൽ ലഭ്യമായ ഉപകരണങ്ങൾ (സ്റ്റോക്ക്

രജിസ്റ്റർ പ്രകാരം) 3.10.12 ൽ മാത്രമാണ് വിതരണം ചെയ്തിരിക്കുന്നത്. സ്പോർട്ട്സ് ഉപകരണങ്ങൾ വിതരണം ചെയ്ത 54 ക്ലബ്ബുകളിൽ നിന്നും വെള്ള പേപ്പറിലുള്ള കൈപ്പറ്റ് രസീതുകളുടെ ഫോട്ടോകോപ്പിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ആധികാരികമായ കൈപ്പറ്റു രസീതിന്റെ അഭാവത്തിൽ വാങ്ങിയ സ്പോർട്സ് ഉപകരണങ്ങൾ എല്ലാം പ്രോജക്ടിൽ പറയും പ്രകാരം രജിസ്റ്റേർഡ് ക്ലബ്ബുകൾക്കാണോ നല്കിയത് എന്ന് ഓഡിറ്റിൽ വിലയിരുത്താൻ സാധിക്കുന്നില്ല.

സ്പോർട്സ് ഉപകരണങ്ങൾ വിതരണം ചെയ്തതിലും ക്രമക്കേടുകൾ കാണുന്നു. KICO നല്കിയ ബില്ലിന് (ഇൻവോയ്സ് നം.1768/തീയതി 27.3.12) അനുസൃതമായിട്ടല്ല ഉപകരണങ്ങൾ വിതരണം ചെയ്തിരിക്കുന്നത്. കൈപ്പറ്റ് രസീതുകളിൽ ഓരോ ഇനവും കൈപ്പറ്റിയതിന്റെ എണ്ണത്തിൽ തിരുത്തലുകൾ വരുത്തിയിരിക്കുന്നു. ഇപ്രകാരം കൈപ്പറ്റ് രസീതുകളിൽ തിരുത്തലുകൾ വരുത്തുന്നതും ഗുരുതരമായ നിയമലംഘനമാണ്.

കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9 (സി) പ്രകാരം ഒരേ തരത്തിലുള്ള സാധനം ഒരേ സാമ്പത്തിക വർഷം പല പ്രാവശ്യമായി വാങ്ങരുത് എന്ന് നിർദ്ദേശം ഉണ്ട്. ഇതിന് വിരുദ്ധമായി നഗരസഭ, കായികോപകരണ വിതരണം, കളരി, എസ്.സി വിദ്യാർത്ഥികൾക്ക് കായിക പരിശീലനം എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി 18 ലക്ഷത്തിലധികം രൂപയോളം സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. (വിശദ വിവരത്തിന് ഖണ്ഡിക 3.6.29 കാണുക.)

ഇപ്രകാരം സർക്കാർ സബ്സിഡി മാർഗ്ഗ രേഖയ്ക്കും, സ്റ്റോർ പർച്ചേസ് മാന്വലിനും വിരുദ്ധമായി പദ്ധതി പണം ചെലവഴിച്ചതിനാൽ , ടി പദ്ധതിയ്ക്കായി ചെലവഴിച്ച 4,77,550/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

3.6.8. സർക്കാർ ഉത്തരവുകൾ ലംഘിച്ച്-അംഗീകാരം ലഭിക്കാത്ത പദ്ധതി നടപ്പിലാക്കി- പദ്ധതിപണം ക്രമരഹിതമായി ചെലവഴിച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	-	എച്ച്.എം, ഗവ.യു.പി.എസ്, ഫോർട്ട്
പ്രോജക്ട് നം/പേര്	-	96/11- കായികാദ്ധ്യാപക ബാങ്ക്
അടങ്കൽ	-	10 ലക്ഷം (വികസന ഫണ്ട്)

നഗരത്തിലെ സർക്കാർ എൽ.പി, യു.പി, ഹൈസ്കൂളുകളിൽ കായികാദ്ധ്യാപകരുടെ കുറവ് മൂലം കായികക്ഷമതാ പദ്ധതി നടപ്പിലാക്കുന്നതിൽ ബുദ്ധിമുട്ടനുഭവപ്പെടുന്നു. ആയത് പരിഹരിക്കുന്നതിനായി കായികാദ്ധ്യാപകരുടെ ഒരു ബാങ്ക് രൂപീകരിച്ച് അതിൽ നിന്നും 6 മാസ കാലയളവിലേയ്ക്ക് വിദ്യാലയങ്ങളിൽ അദ്ധ്യാപകരെ നിയമിച്ച് വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നൽകുന്നതിനുവേണ്ടി, വിവിധ സ്പോർട്സ്, ഗെയിംസ് രംഗങ്ങളിൽ പ്രാഗല്ഭ്യം തെളിയിച്ചവരുടെ ലിസ്റ്റ് നഗരസഭ സ്പോർട്സ് കൗൺസിൽ തയ്യാറാക്കുന്നു. ഈ അദ്ധ്യാപകരെ നഗരത്തിലെ 40 വിദ്യാലയങ്ങളിൽ കായിക പരിശീലനത്തിന് നിയോഗിക്കുന്നു. 4000/- രൂപ വീതം 40 പേർക്ക് 6 മാസത്തേയ്ക്ക് 9,60,000/- രൂപയും കായിക ഉപകരണങ്ങൾ വാങ്ങുന്നതിന് 1000/- രൂപ വീതം 40

LOCAL FUND AUDIT DEPARTMENT

സ്കൂളുകൾക്ക് 40,000/- രൂപയും (ആകെ 10 ലക്ഷം) ചെലവഴിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നുത്.

ടി പദ്ധതി നടത്തിപ്പിലെ പ്രധാന അപാകങ്ങൾ താഴെ ചേർക്കുന്നു.

1) 2010-11 ൽ ഡി.പി.സി അനുമതി നിരസിച്ച കായികാദ്ധ്യാപക ബാങ്ക് എന്ന പദ്ധതി സ്പിൽ ഓവർ ആയി തുടരുന്നതിന് 30.4.11 ലെ കൗൺസിൽ തീരുമാനിക്കുകയും, ഡി.പി.സി. അംഗീകാരം ലഭ്യമാക്കാതെ തന്നെ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് പ്രോജക്ട് നടപ്പിലാക്കുന്നതിനായി നല്കുകയും ചെയ്തു. 24.07.07 ലെ സ.ഉ.(എം.എസ്)183/07 ത.സ്വ.ഭവ. ഖണ്ഡിക 6.2, പ്രകാരം ശമ്പളം/ഓണറേറിയം എന്നിവ വികസന ഫണ്ടിൽ നിന്നും നല്കുവാൻ പാടില്ല. ജി.ഒ(എം.എസ്)128/07 ത.സ്വ.ഭ.വ 14.5.07, ജി.ഒ(എം.എസ്)199/07 ത.സ്വ.ഭ.വ 11.7.08 ലും ആയത് വ്യക്തമാക്കിയിട്ടുണ്ട്. കുറഞ്ഞ കാലയളവിലേയ്ക്ക് അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കിയതുമൂലം പദ്ധതി ലക്ഷ്യം കൈവരിയ്ക്കുവാനും സാധിയ്ക്കില്ല. കളരി, SC വിദ്യാർത്ഥികൾക്കുള്ള കായികപരിശീലനം എന്നീ പദ്ധതികളിലൂടെ ലക്ഷക്കണക്കിന് രൂപ കായിക പരിശീലനത്തിനായി നഗരസഭ ചെലവഴിച്ചു. ഈ പദ്ധതികൾക്കെല്ലാം ഉപരിയായി വീണ്ടും വിവിധ സ്കൂളുകളിൽ കായികാദ്ധ്യാപകരെ നിയമിച്ചും നിലവിലുള്ള സർക്കാർ ഉത്തരവുകളെ ലംഘിച്ചും നടപ്പിലാക്കിയ ഈ പദ്ധതി "പദ്ധതി പണം എങ്ങനെയും ചെലവഴിക്കുക" എന്ന ലക്ഷ്യം മാത്രമാണ് സാക്ഷാത്കരിച്ചിരിക്കുന്നത്.

2. നിർവ്വഹണ ഉദ്യോഗസ്ഥ താഴെ പറയും പ്രകാരം ഈ പദ്ധതിയ്ക്കായി പണം പിൻവലിച്ചിട്ടുണ്ട്.

ബിൽ നം.11/11-12/26.12.11	- 88,000/-
ബിൽ നം.12/11-12/12.1.12	- 1,32,000/-
ബിൽ നം.113/11-12/24.2.12	- 1,28,000/-
ബിൽ നം.16/11-12/29.3.12	- 1,28,000/-
ആകെ	4,76,000/-
	==========

മേൽപറഞ്ഞ തുക കൂടാതെ 31.3.2012 ലെ ബിൽ നം.20/11-12 പ്രകാരം പിൻവലിച്ച 4,41,830/- രൂപയിൽ നിന്നും 1,24,000/- രൂപ കൂടി കായികാധ്യാപക ബാങ്കിനായി ചെലവഴിച്ചിട്ടുണ്ട്.

പിൻവലിച്ച തുകയുടെ ചെലവ് രേഖകൾ, കൈപ്പറ്റ് രസീത് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഫയലിനൊപ്പം സൂക്ഷിച്ചിരിക്കുന്ന വൗച്ചറുകളിൽ 11/11 ലെ ശമ്പളം ഇനത്തിൽ 8,000/- രൂപ 2 പേർ കൈപ്പറ്റിയതിന്റെയും 12/11 ലെ ശമ്പളം ഇനത്തിൽ 122000/- രൂപ 33 പേർ കൈപ്പറ്റിയതിന്റെയും, അക്വിറ്റൻസ് ലഭ്യമാണ്. ഇതിൽ നിന്നും പിൻവലിച്ച തുകകൾ പണമായി വിതരണം ചെയ്തു എന്ന് വ്യക്തമാണ്. 1000/- രൂപയ്ക്ക് മുകളിൽ വരുന്ന ഓരോ തുകയും ഡി.ഡി/ചെക്ക് മുഖാന്തിരം മാത്രമേ ചെലവഴിയ്ക്കാവൂ എന്ന് 12.4.2006 ലെ ജി.ഒ.(പി) 177/08 ധനം നമ്പർ ധനവിനിയോഗ നടപടി ക്രമങ്ങളിൽ സർക്കാർ കർശനമായി നിർദ്ദേശിച്ചിട്ടുണ്ട്. തുക പണമായി വിതരണം ചെയ്ത നടപടി സർക്കാർ ഉത്തരവിന്റെ ലംഘനമാണ്.

LOCAL FUND AUDIT DEPARTMENT

സ.ഉ.(എം.എസ്)183/07/ത.സ്വ.ഭ.വ തീയതി 24.7.07, ജി.ഒ (എം.എസ്) 128/07 ത.സ്വ.ഭവ. തീയതി 14.5.07 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ മേഖലയ്ക്കാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്താവുന്നതും,എന്നാൽ പഠനവിഷയങ്ങളിൽ ഇടപെടാൻ പാടില്ലാത്തതും ആണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് ഒബ്ജക്ഷന് (നം.31/11-12) മറുപടിയായി 4000/- രൂപ വീതം ആകെ 6 ലക്ഷം രൂപ വിവിധ വ്യക്തികൾ ഒപ്പിട്ടു നൽകിയ ഡിസ്ബേഴ്സ്മെന്റ് രജിസ്റ്റർ ഹാജരാക്കിയിട്ടുണ്ട്. ഫയലിൽ ഉണ്ടായിരുന്ന കൈപ്പറ്റിലെ ഒപ്പും രജിസ്റ്ററിലെ ഒപ്പും വ്യത്യാസം ഉണ്ട്. ഹാജരാക്കിയ രേഖകളുടെ ആധികാരികത ഓഡിറ്റിന് ബോദ്ധ്യപ്പെട്ടിട്ടില്ല. ഇതിൽ നിന്നും പദ്ധതി നടന്നിട്ടില്ല എന്നും വ്യക്തമാണ്.

സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും പാലിയ്ക്കാതെ പദ്ധതി നടപ്പിലാക്കുകയും, പിൻവലിച്ച തുകയ്ക്ക് വ്യക്തമായി ചെലവ് രേഖകൾ സൂക്ഷിക്കാതെയും ഉള്ള നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഈ നടപടി തികച്ചും ഗുരുതരമായ കൃത്യവിലോപമാണ്. ഈ പദ്ധതിയ്ക്കായി പിൻവലിച്ച് ചെലവഴിച്ച 6,00,000/- രൂപ നിരാകരിക്കുന്നു. ടി തുക നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും, ഡി.പി.സി അനുമതി നിരസിച്ച പദ്ധതിയുടെ തുടർ നിർവ്വഹണത്തിന് തീരുമാനമെടുത്ത കൗൺസിൽ അംഗങ്ങളിൽ (തീയതി 30.04.11) നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

3.6.9 "കായികോപകരണ വിതരണം" – സ്കൂളുകളുടെ ആവശ്യകത നിർണ്ണയിക്കാതെ വാങ്ങൽ നടത്തി–വാങ്ങലിലും വിതരണത്തിലും സുതാര്യത ഉറപ്പാക്കിയില്ല.

പ്രോജക്ട് നം	:	S0-1150/12
അടങ്കൽ	:	5 ലക്ഷം
ചെലവ് തുക	:	474236/-(ബിൽ നം.23/11-12/31.3.12 951786/- ബില്ലിൽ ഉൾപ്പെടുത്തി)
നിർവ്വഹണ ഉദ്യോഗസ്ഥ	:	എച്ച്.എം, ഗവ.യു.പി.എസ്.ഫോർട്ട്

നഗരസഭാ പരിധിയിലെ സർക്കാർ വിദ്യാലയങ്ങൾക്ക് വേണ്ട സ്പോർട്സ് ഉപകരണങ്ങൾ ലഭ്യമാക്കുകയാണ് പദ്ധതി ലക്ഷ്യം. പദ്ധതി നടത്തിപ്പിലെ പ്രധാന അപാകങ്ങൾ താഴെ ചേർക്കുന്നു.

1. ഏതെല്ലാം സ്പോർട്സ് ഉപകരണങ്ങൾ, ഏതെല്ലാം സ്കൂളുകളിലേയ്ക്ക് എത്ര എണ്ണം വീതം നല്കണം എന്നതും ധനകാര്യവിശകലനവും, ഡി.പി.സി. അംഗീകാരവും വ്യക്തമായി രേഖപ്പെടുത്തിയ പദ്ധതിരേഖ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.
2. മുൻ വർഷങ്ങളിലും കായികോപകരണ വിതരണ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ഇവയുടെ രേഖകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ആയതിനാൽ മുൻകാലങ്ങളിൽ സ്പോർട്സ് ഉപകരണങ്ങൾ നല്കിയ സ്കൂളുകൾക്ക് തന്നെയാണോ ഈ വർഷവും നല്കുന്നത് എന്നതും വ്യക്തമല്ല.

LOCAL FUND AUDIT DEPARTMENT

3. ഓരോ സ്കൂളുകളിലേയും വിദ്യാർത്ഥികളുടെ എണ്ണം, താല്പര്യം എന്നിവ കണക്കിലെടുക്കാതെയും, പരിശീലകരായ കായികാദ്ധ്യാപകർ വിദ്യാലയങ്ങളിൽ ഉണ്ടോ എന്ന് ഉറപ്പാക്കാതെയുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ സ്പോർട്ട്സ് ഉപകരണങ്ങൾ വാങ്ങി സ്കൂളുകളിൽ വിതരണം ചെയ്തത്.
4. വാങ്ങിയ സ്പോർട്സ് ഉപകരണങ്ങളുടെ എണ്ണം, വിതരണം എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.
5. ഒരേ തരത്തിലുള്ള സാധനങ്ങൾ ഒരേ സാമ്പത്തിക വർഷം പല പ്രാവശ്യമായി വാങ്ങരുത് എന്ന് കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 24 (സി), കേരള ഫിനാൻഷ്യൽ കോഡ്– ആർട്ടിക്കിൾ 131 എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിനു വിരുദ്ധമായി സ്കൂളുകൾക്കും, സ്പോർട്സ് ക്ലബ്ബുകൾക്കും, സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനായി വെവ്വേറെ ക്വട്ടേഷനുകൾ ക്ഷണിച്ചു. ഈ ഇനത്തിൽ പത്രപരസ്യം ചെയ്തതിന് 7480/– രൂപ ചെലവഴിച്ചു. തൻവർഷം പദ്ധതിചെലവുകൾക്കായി പ്രത്യേക പ്രോജക്ട് തയ്യാറാക്കി അംഗീകാരം ലഭിച്ചിട്ടുള്ളതിനാലും, പത്രപരസ്യം നല്കുന്നതിന് പണം ചെലവഴിക്കുന്നതിന് പദ്ധതി രേഖയിൽ നിർദ്ദേശം ഇല്ലാത്തതിനാലും ടി തുക നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.
6. 31.1.2013 ൽ ബീമാപ്പള്ളി യു.പി.എസ് – ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ പദ്ധതി പ്രകാരം വിതരണം ചെയ്തു എന്നു കാണിച്ചിട്ടുള്ള എല്ലാ കായിക ഉപകരണങ്ങളും സ്കൂളുകളിൽ ലഭ്യമായിട്ടില്ല എന്നു കാണുന്നു. ഉദാ: ബാസ്ക്കറ്റ്ബോൾ (1) ബോൾ (2 സെറ്റ്) മാത്രമാണ് സ്കൂളിൽ ലഭിച്ചിട്ടുള്ളത്. ആകയാൽ വിതരണം ചെയ്തു എന്നു രേഖപ്പെടുത്തിയ ഉപകരണങ്ങൾ എല്ലാം എല്ലാ സ്കൂളുകളിലും ലഭ്യമായിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദമായ അന്വേഷണം നടത്തേണ്ടതാണ്. ഇത് ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഉപകരണങ്ങൾ വിതരണം ചെയ്തിട്ടില്ലായെന്ന് കാണുന്ന പക്ഷം ചെലവു തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയാകുന്നതുമാണ്.
7. 21.3.12 ൽ വാങ്ങിയ ഉപകരണങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥ 20.7.12 ൽ മാത്രമാണ് വിതരണം ചെയ്തിരിക്കുന്നത്. 2011–12 ൽ നടപ്പിലാക്കിയ കായികാധ്യാപക ബാങ്ക് (പ്രോജക്ട് നം.96/2011) എന്ന പദ്ധതി പ്രകാരം (വിശദ വിവരം ഖണ്ഡിക 3.6.9 കാണുക.) കായികാധ്യാപകരെ സ്കൂളുകളിൽ നിയോഗിച്ചിരിക്കുന്നത് 2011 നവംബർ മുതൽ 2012 മാർച്ച് വരെയുള്ള വിവിധ ദിവസങ്ങളിലേയ്ക്കു മാത്രമാണ്. സ്പോർട്സ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് മുൻപ് സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിച്ചതുവഴി ടി പദ്ധതി ഫലപ്രദമായി നടപ്പിലാക്കിയിട്ടില്ല എന്നും ഓഡിറ്റിൽ വിലയിരുത്തുന്നു. സമഗ്രമായ അന്വേഷണം ടി പദ്ധതി നടത്തിപ്പ് സംബന്ധിച്ച് നടത്തേണ്ടതാണ്. പദ്ധതിയുടെ ഫലപ്രദമായ മോണിട്ടറിംഗ് നടന്നിട്ടില്ലാത്തതിനാലും മുകളിൽ പറഞ്ഞിരിക്കുന്ന കാരണങ്ങളാലും ഓഡിറ്റിൽ നിരാകരിച്ച 7,480/– രൂപ ഒഴികെയുള്ള 4,66,756/– രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

LOCAL FUND AUDIT DEPARTMENT

3.6.10 സ്കൂൾ ലാബ് ഉപകരണവിതരണം – കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചില്ല– നഗരസഭയ്ക്ക് 4,14,016/– രൂപയുടെ നഷ്ടം

പ്രോജക്ട്	:	S01142/12
അടങ്കൽ	:	10ലക്ഷം (മെയിന്റനൻസ് ഫണ്ട് – നോൺ റോഡ്)
നിർവ്വഹണ ഉദ്യോഗസ്ഥ	:	എച്ച്.എം, ഗവ.സെൻട്രൽ സ്കൂൾ, കിഴക്കേകോട്ട
പിൻവലിച്ച തുക	:	9,91,121/– രൂപ
ബിൽ നമ്പർ	:	3/2012 തീയതി 31.3.2012

നഗരപ്രദേശങ്ങളിലെ സർക്കാർ ഹൈസ്കൂളുകളിലേയ്ക്കുള്ള ലാബ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ലക്ഷ്യമിട്ട പദ്ധതിയാണ് ഇത്. സർക്കാർ സ്കൂളുകളിലെ ലാബുകളിൽ ആവശ്യമുള്ള ഉപകരണങ്ങളുടെ ലിസ്റ്റ് ശേഖരിച്ച ശേഷം സ്റ്റോർ പർച്ചേസ് നിബന്ധനകൾക്ക് വിധേയമായി പൊതുമാർക്കറ്റിൽ നിന്നോ, സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ വാങ്ങി നല്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. അംഗീകൃത പദ്ധതി രേഖയിൽ നിന്നും വ്യതിചലിച്ചും, കേരള സ്റ്റോർ പർച്ചേസ് മാനുവൽ, കേരള ഫിനാൻഷ്യൽ കോഡ് എന്നിവയിലെ വ്യവസ്ഥകളും സർക്കാർ ഉത്തരവുകളും പാലിക്കാതെയും നടപ്പിലാക്കിയ ഈ പദ്ധതി നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടത്തിന് ഇടയാക്കി. പദ്ധതി നിർവ്വഹണത്തിലെ ക്രമക്കേടുകൾ താഴെ ചേർക്കുന്നു.

1) കേരള സ്റ്റോർ പർച്ചേസ് മാനുവൽ ഖ.66 (എ), ഖ. 63, കെ.എഫ്.സി ആർട്ടിക്കിൾ 141 എന്നിവ പ്രകാരം പർച്ചേസിംങ് ഓഫീസർമാർ റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനങ്ങളിൽ നിന്നും മാത്രമേ വിവിധ സാധനങ്ങൾ വാങ്ങാവൂ എന്ന് നിർദ്ദേശം ഉണ്ട്. കൂടാതെ സ്റ്റോർ പർച്ചേസ് വകുപ്പിന്റെ 8.1.99 ലെ 4874/എ3/98/എസ്.പി.ഡി നം.സർക്കുലറിലും ഈ നിർദ്ദേശം ഉണ്ട്. റേറ്റ് കോൺട്രാക്ട് നിലവിലുള്ള സിഡ്കോയിൽ നിന്നും ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനു പകരം, പ്രാദേശികമായി പരസ്യം ചെയ്ത് ക്വട്ടേഷൻ ക്ഷണിച്ച് ലാബ് ഉപകരണങ്ങൾ വാങ്ങിയത് നിലവിലുള്ള നിയമങ്ങളുടെയും ഉത്തരവുകളുടേയും ലംഘനമാണ്.
2) ഇപ്രകാരം ലാബ് ഉപകരണങ്ങൾ വാങ്ങിയതിലും ഗുരുതരമായ ക്രമക്കേടുകൾ കാണുന്നു. ലാബ് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ 3 ക്വട്ടേഷനുകളാണ് ലഭിച്ചത്. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത Chemicose എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുന്നതിനു പകരം The Central Scientific Supplies, Palayam എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷനാണ് അംഗീകരിച്ചത്. (25.1.2012 ലെ കൗൺസിൽ തീരുമാനം നമ്പർ 3 (എച്ച്) 7). EMD അടച്ചിട്ടില്ല എന്ന കാരണത്താലാണ് Chemicose എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ നിരസിച്ചത്. എന്നാൽ ടി സ്ഥാപനം Small scale Industries & cottage Industries യൂണിറ്റിൽ Register ചെയ്തിട്ടുള്ള സ്ഥാപനമാണ്. ഇപ്രകാരം രജിസ്റ്റർ ചെയ്ത

LOCAL FUND AUDIT DEPARTMENT

സ്ഥാപനങ്ങൾക്ക് EMD ഒടുക്കേണ്ടതില്ല. (GO(P) No.385/2008/Fin dt. 27.8.2008). നിലവിലുള്ള നിയമങ്ങൾ കണക്കിലെടുക്കാതെ കൂടിയ നിരക്കിലുള്ള ഉപകരണങ്ങൾ വാങ്ങിയതുവഴി താഴെപ്പറയും പ്രകാരം 4,06,816/- രൂപയുടെ അധിക ചെലവ് ഉണ്ടായി.

ലാബ് ഉപകരണങ്ങൾക്കായി

Central Scientific Suppliers സമർപ്പിച്ച ക്വട്ടേഷൻ പ്രകാരമുള്ള ആകെ നിരക്ക്	= 9,83,921/
Chemicose സമർപ്പിച്ച ക്വട്ടേഷൻ പ്രകാരമുള്ള ആകെ നിരക്ക്	= 5,77,105/-
വ്യത്യാസം	= 4,06,816/-

പദ്ധതിയുടെ നടത്തിപ്പിൽ കണ്ടെത്തിയ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാങ്ങിയ ഉപകരണങ്ങൾ ഗുണനിലവാരം ഉള്ള കമ്പനിയുടേതാണ് എന്ന് അധികാരപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

The Central Scientific Suppliers നല്കിയ Invoice/list of items പ്രകാരം നല്കിയ സാധനങ്ങൾ ക്വട്ടേഷനിൽ പറയുന്ന പ്രകാരം ഉള്ള കമ്പനിയുടേതാണ് എന്ന് രേഖപ്പെടുത്തൽ ഇല്ല. ആയതിനാൽ വിതരണം ചെയ്തിരിക്കുന്ന ലാബ് ഉപകരണങ്ങൾ ഗുണനിലവാരം ഉള്ളവ ആണ് എന്ന് ഉറപ്പു വരുത്താൻ കഴിയുന്നില്ല.

2. അംഗീകൃത പദ്ധതി രേഖ പ്രകാരം, സ്കൂളുകളിൽ നിന്നും ലാബുകൾക്ക് ആവശ്യമുള്ള ഉപകരണങ്ങളുടെ ലിസ്റ്റ് ശേഖരിച്ചും, സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ചും ഉപകരണങ്ങൾ വാങ്ങി നല്കുന്നതിനു പകരം, എല്ലാ സ്കൂളുകളിലും തുല്യമായി ഉപകരണങ്ങൾ വാങ്ങി നല്കിയ നടപടിയും ശരിയല്ല.
3. പദ്ധതി നടപ്പിലാക്കിയതിന് മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല.
4. കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിക്കാത്തതുവഴി സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 34 ന്റെ ലംഘനം നടത്തുക മാത്രമല്ല, കെ.എഫ്.സി ആർട്ടിക്കിൾ 131, കേരള സ്റ്റോർ പർച്ചേസ് മാനുവൽ ഖ.24 (സി) എന്നിവ പ്രകാരം ടെൻഡർ ക്ഷണിക്കുന്നതിൽ പാലിക്കേണ്ട നടപടിക്രമങ്ങളും പാലിച്ചിട്ടില്ല. ഒരേ ഇനത്തിലുള്ള സാധനങ്ങൾ ഒരേ സാമ്പത്തിക വർഷം പലതവണ ടെൻഡർ ക്ഷണിച്ച് വാങ്ങരുതെന്ന നിർദ്ദേശത്തിന് വിരുദ്ധമായി, യു.പി.സ്കൂളുകളുടെ ലാബ് ഉപകരണ വിതരണത്തിനായി വീണ്ടും ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്. കൂടാതെ, പത്രപരസ്യം നല്കിയതിന് 7200/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി ചെലവ് പദ്ധതി രേഖയിൽ വകയിരുത്തിയിട്ടില്ല. ക്രമനമ്പർ 2 ൽ പറഞ്ഞിട്ടുള്ള ക്രമക്കേടുകൾ പ്രകാരം നഗരസഭയ്ക്ക് നഷ്ടമായ 4,06,816/- രൂപയും ക്രമ നമ്പർ 6 പ്രകാരമുള്ള 7,200/- രൂപയും ചേർത്ത് ആകെ 4,14,016/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഇതിൽ 4,06,816/- രൂപ കൂടിയ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ച 21.1.2012 ലെ കൗൺസിൽ യോഗത്തിൽ പങ്കെടുത്തവർ, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

3.6.11 പട്ടികജാതി വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനം- ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് വാർഡ് സഭയല്ല ; കമ്പ്യൂട്ടർ സ്ഥാപനം.

പ്രോജക്ട് നം.	650/12
പ്രോജക്ടിന്റെ പേര്	പട്ടികജാതി വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനം
അടങ്കൽ	40 ലക്ഷം രൂപ (വികസന ഫണ്ട്)
നിർവ്വഹണ ഉദ്യോഗസ്ഥ	എച്ച്.എം, ഫോർട്ട് യു.പി.എസ്.

നഗരസഭാ പരിധിയിലെ തെരഞ്ഞെടുക്കപ്പെട്ട 300 പട്ടികജാതി വിദ്യാർത്ഥികൾക്ക് 2011-12 കാലയളവിൽ ചെലവ് കുറഞ്ഞ രീതിയിൽ ഐറ്റി.വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് നഗരസഭയുടെ കമ്പ്യൂട്ടർ ട്രയിനിംഗ് സെന്ററിൽ വച്ച് ഐ.എച്ച്.ആർ.ഡി, കെൽട്രോൺ, സി-ഡാക്ക് എന്നീ സർക്കാർ സ്ഥാപനങ്ങളുടെ അംഗീകൃത കോഴ്സുകൾ നടത്തുകയാണ് പദ്ധതി ലക്ഷ്യം.

40 ലക്ഷം രൂപ അടങ്കലുള്ള ടി പദ്ധതി നടപ്പിലാക്കുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്നും (എസ്.സി.പി) താഴെപ്പറയും പ്രകാരം 33,54,500/- രൂപ പിൻവലിച്ച് നിർവ്വഹണോദ്യോഗസ്ഥ ടിയാളുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം.67146138185, എസ്.ബി.റ്റി തിരുവനന്തപുരം മെയിൻ ബ്രാഞ്ച്) നിക്ഷേപിച്ചു. ഇതിൽ നിന്നും 17.3.2012 ൽ 4,75,000/- രൂപയും 7.7.2012 ൽ 1,59,500/- രൂപയും 2011-12 വർഷത്തെ 47, 48 ബാച്ചുകളിലെ 244 കുട്ടികളുടെയും 49-ാം ബാച്ചിലെ 72 കുട്ടികളുടേയും ഫീസ് ഇനത്തിലേയ്ക്ക് നഗരസഭയുടെ കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്ററിന് (CTC) നൽകിയിട്ടുണ്ട്. തുടർന്ന് 09.7.2012 ൽ 27,20,000/- രൂപ പിൻവലിച്ച് 2012 മുതൽ 2014 വരെയുള്ള കാലയളവിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനുവേണ്ടി മുൻകൂറായി CTC ക്ക് നൽകിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഈ നടപടി 12.4.2006 ലെ ജി.ഒ.(പി) 177/2006/ഫിൻ ഖ.5.6 ൽ നിഷ്കർഷിച്ച നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. CTC ക്ക് നൽകിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

ബിൽ നം/തീയതി	ചെക്ക് നം./തീയതി	പിൻവലിച്ച പദ്ധതി വിഹിതം
15/11-12/24.2.12	193939/17.3.12	4,75,000
19/11-12/31.3.12	593305/7.7.12	1,59,500
21/11-12/31.3.12	593304/9.7.12	27,20,000
	ആകെ	33,54,500/-

LOCAL FUND AUDIT DEPARTMENT

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത് ഓരോ വാർഡ് സഭകളിൽ നിന്നും മുൻഗണനാ ക്രമത്തിന്റെ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി വേണം എന്ന് 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 45 ൽ നിർദ്ദേശിച്ചിട്ടുണ്ട്. ജി.ഒ(പി) നമ്പർ 220/97/ത.സ്വ.ഭ.വ തീയതി 2.10.97 ലും ഇതു സംബന്ധിച്ച നിർദ്ദേശം ഉണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം വാർഡ് സഭകൾക്കാണെന്നും ഗുണഭോക്താക്കളുടെ പക്ഷപാതപരമായ തെരഞ്ഞെടുക്കൽ ഇന്ത്യൻ ഭരണഘടനയുടെ ലംഘനമാണെന്ന് ഹൈക്കോടതിയും വ്യക്തമാക്കി യിട്ടുണ്ട്. 47, 48, 49 ബാച്ചുകളിലെ ഗുണഭോക്താക്കളെ നഗരസഭയുടെ വാർഡ്

സഭകളിൽ നിയമാനുസരണം തെരഞ്ഞെടുത്ത് കൗൺസിൽ അംഗീകരിച്ചിട്ടില്ല. അതിനു പകരം 2010–11 ൽ വിദ്യാഭ്യാസമേഖലയിലെ വിവിധ പദ്ധതികളിൽ CTC മുഖേന പരിശീലനം നല്കിയ പട്ടികജാതി വിദ്യാർത്ഥികളുടെ ലിസ്റ്റ് ആണ് നിർവ്വഹണ ഉദ്യോഗസ്ഥ തയ്യാറാക്കി, 27.10.2011 ലെ (3എച്ച് നമ്പർ 1) തീരുമാന പ്രകാരം കൗൺസിൽ അംഗീകരിച്ചത്.

2010–11 ൽ പരിശീലനം നല്കിയ വിദ്യാർത്ഥികൾക്കായി 2011–12 ൽ പദ്ധതിപണം പിൻവലിച്ച് ചെലവഴിച്ചു എന്നും, പരിശീലനത്തിനായി ഗുണഭോക്താക്കളെ കണ്ടെത്തിയത് CTC ആണ് എന്നും, ഇതിൽ നിന്നും വ്യക്തമാണ്. ഇപ്രകാരം CTC മുഖേന ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത നടപടി നിയമവിരുദ്ധവും നിലവിലുള്ള സർക്കാർ ഉത്തരവുകളുടേയും മുനിസിപ്പാലിറ്റി ചട്ടങ്ങളുടേയും പ്രകടമായ ലംഘനവുമാണ്. 2012 മാർച്ച് മുതൽ ആരംഭിക്കുന്ന വിവിധ ബാച്ചുകളിലെ വിവിധ കമ്പ്യൂട്ടർ കോഴ്സുകൾക്ക് പരിശീലനം നൽകുന്നതിന് 1540 കുട്ടികൾക്ക് കോഴ്സ് ഫീ ഇനത്തിൽ 27,20,000/– രൂപ നൽകണമെന്ന് CTC ഡയറക്ടറും കൺവീനറും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പദ്ധതി വിഹിതം മുൻകൂർ പിൻവലിച്ച് CTC യ്ക്ക് നൽകി. ടി വിദ്യാർത്ഥികളുടെ ലിസ്റ്റ് കൗൺസിൽ അംഗീകരിച്ചിട്ടുമില്ല. ഇവർ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എസ്.സി വിഭാഗത്തിൽപ്പെട്ടവരാണ് എന്നതിനും രേഖയില്ല.

ലക്ഷങ്ങൾ ചെലവഴിച്ച് കമ്പ്യൂട്ടർ പരിശീലനം നല്കുന്നതിനായി നഗരസഭാ ട്രയിനിംഗ് സെന്ററിനെ ചുമതലപ്പെടുത്തിയതിന്റെ മാനദണ്ഡം വ്യക്തമല്ല പരിശീലനത്തിനായി ഉൾപ്പെടുത്തേണ്ട കോഴ്സുകൾ, ഓരോ കോഴ്സിന്റേയും കാലാവധി, ഫീസ് എന്നിവ കാണിച്ച് കമ്പ്യൂട്ടർ പരിശീലനം നല്കുന്നതിന് യോഗ്യമായ സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുകയും, അതിൽ നിന്നും അർഹമായ സ്ഥാപനത്തെ പരിശീലനം നല്കുന്നതിനുമായി തെരഞ്ഞെടു ക്കുന്നതിനു പകരം ഗവ.അംഗീകാരം ലഭ്യമാകാത്ത CTC ക്ക് പണം പിൻവലിച്ച് നല്കി.

വിദ്യാർത്ഥികൾക്ക് കോഴ്സ് നടത്തുന്നതിനായി CTC, IHRD യെ ചുമതലപ്പെടുത്തുകയും കോഴ്സ് ഫീസിനത്തിൽ ആകെ 13,60,110/– രൂപ IHRD ക്ക് നല്കിയിട്ടുണ്ട് എന്നും 06.04.13, 17.04.13 തിയതികളിൽ CTC യ്ക്ക് നൽകിയ ഓഡിറ്റ് റിക്വിസിഷനുകൾക്ക് നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകി. ഇതിൽ 6,95,800/– രൂപ 2011–12 വർഷത്തെ 47, 48, 49 ബാച്ചുകളിലെ എസ്.സി & ജനറൽ വിഭാഗത്തിലെ 852 വിദ്യാർത്ഥികളുടേയും, ബാക്കി 6,64,350/– രൂപ 2012–13 ലെ 50, 51 ബാച്ചുകളിലെ എസ്.സി & ജനറൽ വിഭാഗത്തിലെ 767 വിദ്യാർത്ഥികളുടേയും ഫീസാണ് (ഇതിൽ പ്രൊജക്ട് നം.81/12 ലെ 3 ലക്ഷം രൂപയും ഉൾപ്പെട്ടിട്ടുണ്ട്). എസ്.സി. വിഹിതം പിൻവലിച്ച് ജനറൽ വിഭാഗം വിദ്യാർത്ഥികളുടെ പരിശീലനത്തിനുംകൂടി വിനിയോഗിച്ചത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തു നിന്നും ഉണ്ടായ കൃത്യവിലോപവും ഗുരുതരമായ ക്രമക്കേടുമാണ്.

പരിശീലനത്തിനായി 2011–12 ൽ പിൻവലിച്ച പദ്ധതി വിഹിതമായ (എസ്.സി വിഹിതം ഉൾപ്പെടെ 36,54,500/– (33,54,500+3,00,000) രൂപയിൽ IHRD ക്ക് കൈമാറിയ മേൽപറഞ്ഞ 13,60,150/– രൂപ ഒഴികെ ബാക്കി തുകയായ 22,94,350/–രൂപ ഇപ്പോഴും വിനിയോഗിക്കാതെ CTC യുടെ അക്കൗണ്ടിൽ (അക്കൗണ്ട് നം.57044143865,

LOCAL FUND AUDIT DEPARTMENT

എസ്.ബി.റ്റി, വികാസ് ഭവൻ ബ്രാഞ്ച്) അവശേഷിക്കുന്നു. ഇത്തരത്തിൽ, ആവശ്യങ്ങൾക്കനുസരിച്ച് യഥാർത്ഥ ധനവിനിയോഗം നടത്താതെ ട്രഷറിയിൽ നിന്നും പദ്ധതി വിഹിതം പിൻവലിച്ചത് 12.4.2006 ലെ ജി.ഒ.(പി)177/2006/ ഫിൻ ഖ.5.6 ലെ നിർദ്ദേശങ്ങളുടേയും, 7.7.2011 ലെ സർക്കുലർ നം.28691/എ.സി.2/08/ത.സ്വ.ഭ.വ കർശന നിർദ്ദേശങ്ങളുടേയും ബോധപൂർവ്വമായിട്ടുള്ള ലംഘനമാണ്.

മേൽപറഞ്ഞിരിക്കുന്ന ക്രമക്കേടുകൾ സംബന്ധിച്ച് 4.10.2012 ൽ 1996 ലെ കെ.എൽ.എഫ്.എ.റൂൾസ്, റൂൾ II പ്രകാരം ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് നല്കിയിട്ടും നിർവ്വഹണ ഉദ്യോഗസ്ഥ നാളിതുവരെ യാതൊരു വിധത്തിലുള്ള സത്വരനടപടികളും സ്വീകരിച്ചിട്ടില്ല.

വാർഡ്സഭ തെരഞ്ഞെടുക്കുന്നതിനു പകരം, കമ്പ്യൂട്ടർ സ്ഥാപനത്തെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനായി ചുമതലപ്പെടുത്തുകയും, തെരഞ്ഞെടുത്ത വിദ്യാർത്ഥികൾ എസ്.സി ആണ് എന്ന് ഉറപ്പാക്കാതെയും, ഭാവിയിൽ പരിശീലനത്തിൽ പങ്കെടുക്കുന്നവർക്കായി പ്ലാൻ ഫണ്ടിലെ എസ്.സി.വിഭാഗം ഫണ്ട് അനധികൃതമായി പിൻവലിച്ച് കമ്പ്യൂട്ടർ സ്ഥാപനത്തിന് മുൻകൂറായി തുക അനുവദിച്ചതും നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുള്ള ഗുരുതരമായ നിയമലംഘനവും സാമ്പത്തിക ക്രമക്കേടുമാണ്. 2012 മുതൽ 2014 വരെയുള്ള പരിശീലനത്തിനായി പദ്ധതി വിഹിതത്തിൽ നിന്നും അനധികൃതമായി പിൻവലിച്ച് CTC യ്ക്ക് മുൻകൂറായി നൽകിയ 27,20,000/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക നാളിതുവരെയുള്ള പിഴപ്പലിശ സഹിതം തിരികെ ഒടുക്കേണ്ടതാണ്. ബാക്കി ചെലവ് തുക 6,34,500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൂടാതെ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുള്ള നടപടികളിന്മേൽ വിശദമായ പരിശോധന നടത്തുന്നതിനുവേണ്ടി കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

3.6.12 സർക്കാർ/എയ്ഡഡ് സ്കൂളുകൾ, നഗരസഭാ നഴ്സറി സ്കൂളുകൾ എന്നിവിടങ്ങളിൽ പാൽ വിതരണം - 3208709/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ	: 138/12
നിർവ്വഹണാധികാരി	: സെക്രട്ടറി, തിരുവനന്തപുരം നഗരസഭ
ഫയൽ നമ്പർ	: J2/155287/12
അടങ്കൽ തുക	: 90,00,000/- രൂപ (വികസന ഫണ്ട്)
ചെലവ്	: 33,29,703/- രൂപ

138/12 എന്ന പ്രോജക്ടിനുവേണ്ടി 2011-12 സാമ്പത്തിക വർഷം 33,29,703/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. സർക്കാർ/എയ്ഡഡ് സ്കൂളുകൾ, നഗരസഭാ നഴ്സറികൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് 2011 ഒക്ടോബർ മുതൽ 2012 മാർച്ച് വരെയുള്ള മാസങ്ങളിൽ പാൽ വിതരണം നടത്തുന്നതിനാണ് ഈ ചെലവ് ചെയ്തിട്ടുള്ളത്.

സ.ഉ.(സാധ) നം.1269/2010/തസ്വഭവ. തീയതി 8.4.10 സർക്കുലർ നമ്പർ 71413/ഡി.ബി.2/2008/ത.സ്വ.ഭവ. തീയതി

LOCAL FUND AUDIT DEPARTMENT

10.11.08 എന്നിവ പ്രകാരം സംയോജിത ശിശുവികസന പരിപാടിയുടെ (ഐ.സി.ഡി.എസ്) ഭാഗമായി നടപ്പാക്കുന്ന പോഷകാഹാര വിതരണ പ്രോജക്ടുകൾ, ആശ്രയ-അഗതി കുടുംബങ്ങൾക്കുള്ള ഭക്ഷ്യധാന്യം, സർക്കാർ സ്കൂളുകളോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി സ്കൂളുകൾ, ഗ്രാമപഞ്ചായത്തുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ശിശുമന്ദിരങ്ങൾ എന്നിവടങ്ങളിലെ കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതിനുള്ള പദ്ധതികൾ എന്നിവയ്ക്കു മാത്രമേ വികസന ഫണ്ട്/തനത് ഫണ്ട് ഉപയോഗിക്കുവാൻ പാടുള്ളൂ. പദ്ധതി മാർഗ്ഗരേഖ/സർക്കാർ ഉത്തരവ് എന്നിവയ്ക്ക് വിരുദ്ധമായാണ് ഈ പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിരിക്കുന്നത്.

നഗരസഭാ പരിധിയിലുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകൾ, നഗരസഭാ നഴ്സറി സ്കൂളുകൾ എന്നീ സ്ഥാപനങ്ങളിലെ അഞ്ചാംക്ലാസ് വരെയുള്ള കുട്ടികളെയാണ് ഗുണഭോക്താക്കളായി നിശ്ചയിച്ചിട്ടുള്ളത്. ഇതിൽ നഗരസഭയുടെ നഴ്സറി സ്കൂളുകളിലെയും സർക്കാർ സ്കൂളുകളോട് അനുബന്ധമായി പ്രവർത്തിക്കുന്ന പ്രീപ്രൈമറി സ്കൂളുകളിലെയും കുട്ടികൾക്കു മാത്രമേ ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുള്ളൂ.

ഈ ഓഫീസിൽ നിന്നും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ.8) മറുപടിയായി സർക്കാർ പദ്ധതി പ്രകാരം ആഴ്ചയിൽ മൂന്നു ദിവസം പാൽ വിതരണം നടത്തിയിട്ടുണ്ടെന്ന് നഗരസഭ അറിയിച്ചിട്ടുണ്ട്. അതായത്, നിലവിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഒരു പദ്ധതിയ്ക്ക് സമാന്തരമായി തദ്ദേശ സ്വയംഭരണ സ്ഥാപനം വിനിയോഗിച്ചുകൂടാത്ത ഒരു ചെലവിനാണ് പദ്ധതി തുക ചെലവഴിച്ചിരിക്കുന്നത്. ഇതിൽ നിന്നുതന്നെ യഥാർത്ഥ ആവശ്യം മനസ്സിലാക്കാതെയാണ് നഗരസഭ ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാവുന്നു.

ഈ പദ്ധതി നടപ്പിലാക്കിയതിലും അപാകതയുണ്ട്. പദ്ധതിയിലൂടെ 17.10.11 മുതൽ മാർച്ച് 2012 വരെ ആകെ 1,18,918 ലിറ്റർ പാൽ 'ക്ഷീര' (മാറനല്ലൂർ ക്ഷീര വ്യവസായ സഹകരണ സംഘം) യിൽ നിന്നും വാങ്ങുകയുണ്ടായി. ഈ വാങ്ങലിന് സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ക്വട്ടേഷൻ ക്ഷണിക്കേണ്ടതായിരുന്നു. എന്നാൽ ക്വട്ടേഷൻ ക്ഷണിക്കാതെ ഒരു ലിറ്റർ പാലിന് 28/- രൂപ നിരക്ക് സമ്മതിച്ച് നഗരസഭയും ക്ഷീരയും കരാറിൽ ഏർപ്പെടുകയും അതനുസരിച്ച് ക്ഷീരയിൽ നിന്ന് പാൽ വാങ്ങുകയുമാണ് ചെയ്തത്. ക്ഷീരയുടെ പാൽ പൊതുജനങ്ങൾക്ക് ലിറ്ററിന് 28/- രൂപ നിരക്കിൽ പുറത്തു നിന്ന് ലഭിക്കും. ഏജൻസികൾക്കാകുമ്പോൾ ലിറ്ററിന് 26.50/- രൂപ നിരക്കിൽ നൽകുകയാണ് ചെയ്യുന്നത്. ക്വട്ടേഷൻ ക്ഷണിച്ചിരുന്നുവെങ്കിലോ, 'ക്ഷീര' യുമായി നെഗോസിയേഷൻ നടത്തിയിരുന്നു വെങ്കിലോ, ലിറ്ററിന് 26.50 രൂപയേക്കാളും കുറഞ്ഞ നിരക്കിൽ നഗരസഭയ്ക്ക് പാൽ ലഭിക്കുമായിരുന്നു. മാസം ശരാശരി 20,000 ൽ അധികം ലിറ്റർ പാൽ വാങ്ങുന്ന സംരംഭമാണ്. ഏജൻസികൾക്ക് ലഭിക്കുന്ന കുറഞ്ഞ നിരക്ക് പ്രകാരം ലഭിച്ചിരുന്നുവെങ്കിൽതന്നെ ഒരു ലിറ്ററിന് 1.50 രൂപയുടെ കുറവ് ഉണ്ടാകുമായിരുന്നു. ഈ ഇനത്തിൽ 1,18,918 ലിറ്റർ പാലിന് ചുരുങ്ങിയത് 1,78,377/- രൂപ (1,18,918X1.50/-)നഗരസഭയ്ക്ക് നഷ്ടമായിട്ടുണ്ട്.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടി **"ക്ഷീര"** സഹകരണ സംഘം സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിലാണ് പാൽ വിതരണം

LOCAL FUND AUDIT DEPARTMENT

ചെയ്യുന്നത്. മുൻ വർഷങ്ങളിൽ മിൽമ വഴിയായിരുന്നു പാൽ വിതരണം നടത്തിയതെങ്കിലും യഥാസമയങ്ങളിൽ പാൽ എത്തിക്കുന്നതിൽ മിൽമയുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായി. സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ/ടെണ്ടർ ക്ഷണിച്ച് കുട്ടികൾക്ക് പാൽ വിതരണം ചെയ്യുകയാണെങ്കിൽ അത് എത്രത്തോളം ഗുണനിലവാരമുള്ളതാണെന്ന് വിലയിരുത്തുവാൻ നിലവിലുള്ള സാഹചര്യത്തിൽ നഗരസഭയ്ക്ക് സാധിക്കുകയില്ല. ആയതിനാലാണ് **"ക്ഷീര"** മുഖേന നഗരസഭ പാൽ വിതരണം നടത്തിയത് എന്നാണ്.

ക്വട്ടേഷൻ/ടെണ്ടർ ക്ഷണിച്ചിരുന്നുവെങ്കിൽ കുറഞ്ഞ നിരക്കിൽ പാൽ ലഭ്യമാകുമായിരുന്നു എന്നതിനുപുറമേ ന്യായമായി വസ്തുതാപരമായ കാരണങ്ങളുണ്ടെങ്കിൽ ഏതെങ്കിലും സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കാതിരിക്കുവാനും നഗരസഭയ്ക്ക് സാധിക്കുമായിരുന്നു. അതുവഴി ഗുണനിലവാരമുള്ള പാൽതന്നെ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കാമായിരുന്നു. 28.7.12 ലെ പത്ര വാർത്ത പ്രകാരം 'മാറനല്ലൂർ ക്ഷീര' യുടെ പാൽ പായ്ക്കറ്റുകൾ ഭക്ഷ്യസുരക്ഷ ഉദ്യോഗസ്ഥർ പിടിച്ചെടുത്ത് നശിപ്പിക്കുകയും പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്. പരമാവധി വിലക്കുറവിൽ ഗുണമേന്മയുള്ള പാൽ വാങ്ങുവാൻ നിർവ്വഹണാധികാരി ശ്രമിച്ചില്ല. കുറഞ്ഞ ചെലവിൽ പ്രോജക്ട് നടപ്പാക്കുവാനുള്ള ചെറിയ ശ്രമമെങ്കിലും നടത്തിയിരുന്നുവെങ്കിൽ 1,78,377/- രൂപയെങ്കിലും ലാഭിക്കാമായിരുന്നു.

ഈ പദ്ധതിയിൽ നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന ശിശു മന്ദിരങ്ങൾ, സർക്കാർ സ്കൂളുകളോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീപ്രൈമറി സ്കൂളുകൾ എന്നിവയിലെ കുട്ടികൾക്ക് പാൽ വിതരണം ചെയ്യുന്നതിനായി 1,20,994/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ/സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ചെലവു ചെയ്ത 32,08,709/- രൂപ (3329703-120994) യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

LOCAL FUND AUDIT DEPARTMENT

3.6.13 അധ്യാപക ബാങ്ക് - സർക്കാർ അനുമതിയില്ലാതെ പദ്ധതി പണം ചെലവഴിച്ചു.

പ്രോജക്ട് നം.	: S0083/12
അടങ്കൽ	: 3 ലക്ഷം,
ചെലവ് തുക	: 2 ലക്ഷം (ബിൽ നം.3/11-12/31.3.12)
നിർവ്വഹണ ഉദ്യോഗസ്ഥൻ	: പ്രിൻസിപ്പൽ, ഗവ.വി.എച്ച്.എസ്.എസ്സ്, ഫോർ ഗേൾസ്, പേട്ട

നഗരസഭയിലെ സർക്കാർ എച്ച്.എസ്, യു.പി, എൽ.പി വിദ്യാലയങ്ങളിൽ കല, കമ്പ്യൂട്ടർ, ഭാഷ, ഗണിതം, ശാസ്ത്ര വിഷയങ്ങൾ എന്നിവയിൽ അധ്യാപകക്ഷാമം അനുഭവപ്പെടുമ്പോൾ ആ കുറവ് നികത്തുന്നതിനായി നഗരസഭാ തലത്തിൽ യോഗ്യരായ അധ്യാപകരുടെ ലിസ്റ്റ് തയ്യാറാക്കിയതിനുശേഷം അവരുടെ സേവനം വിദ്യാലയങ്ങളിൽ ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

പദ്ധതി നടത്തിപ്പിലേയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ രണ്ട് ലക്ഷം രൂപ 31.3.12 ലെ ബിൽ നം.3/11-12 പ്രകാരം വികസന ഫണ്ടിൽ നിന്നും പിൻവലിച്ചു. ടി തുക, നഗരത്തിലെ വിവിധ സർക്കാർ സ്കൂളുകളിൽ ആകസ്മികാവധി, ആർജ്ജിതാവധി

എന്നിവ എടുക്കുന്ന അധ്യാപകരുടെ ഒഴിവുകളിൽ അധ്യാപക ബാങ്കിൽ നിന്നുള്ളവരെക്കൊണ്ട് ക്ലാസ് എടുത്തതായി രേഖപ്പെടുത്തിയിട്ട് വേതനം നല്കുന്നതിനുവേണ്ടി ചെലവഴിച്ചു. 24.07.07 ലെ സ.ഉ.(എം.എസ്)183/07 ഖണ്ഡിക 6.2 പ്രകാരം ശമ്പളം/ഓണറേറിയം എന്നിവ വികസന ഫണ്ടിൽ നിന്നും നല്കുവാൻ പാടില്ല. ജി.ഒ (എം.എസ്)128/07 ത.സ്വ.ഭ.വ തീയതി 14.05.07, ജി.ഒ (എം.എസ്)199/07 ത.സ്വ.ഭ.വ.തീയതി 11/7/08 ലും ആയത് വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം അധ്യാപകരെ നിയമിക്കണമെങ്കിൽ സർക്കാർ അനുവാദം വാങ്ങണമെന്നും 19.10.10 ലെ സർക്കുലർ നം.44667 ഇ.എം.2/08/ത.സ്വ.ഭ.വ.യിലൂടെ വ്യക്തമാകുന്നുണ്ട്. എന്നാൽ ഇപ്രകാരമുള്ള സർക്കാർ അനുവാദം ലഭ്യമാക്കാതെയാണ് പദ്ധതി നടപ്പിലാക്കിയത്. നിലവിലുള്ള സർക്കാർ ഉത്തരവുകളെ ലംഘിച്ചുകൊണ്ട് നടപ്പിലാക്കിയ ഈ പദ്ധതി, "പദ്ധതി പണം ചെലവഴിക്കുക" എന്ന ലക്ഷ്യം മാത്രമാണ് നിർവ്വഹിച്ചിരിക്കുന്നത്. പദ്ധതി നിർവ്വഹണത്തിൽ കണ്ടെത്തിയ മറ്റ് അപാകങ്ങൾ താഴെ ചേർക്കുന്നു.

1. ക്ലാസ്സുകൾ എടുത്ത അധ്യാപകർക്ക് വേതനം പണമായിട്ടാണ് വിതരണം ചെയ്തിരിക്കുന്നത് എന്ന് ഫയലിൽ നിന്നും വ്യക്തമാണ്. 1000/- രൂപയ്ക്ക് മുകളിൽ വരുന്ന ഓരോ തുകയും ഡി.ഡി/ചെക്ക് മുഖാന്തിരം മാത്രമേ ചെലവഴിയ്ക്കാവൂ എന്ന് 12.4.2006 ലെ ജി.ഒ.(പി)177/08 ധനവകുപ്പിന്റെ ധനവിനിയോഗ നടപടിക്രമങ്ങളിൽ സർക്കാർ കർശനമായി നിർദ്ദേശിച്ചിട്ടുണ്ട്. അതിനാൽ ഇപ്രകാരം വേതനം പണമായി നൽകിയ നടപടി ക്രമവിരുദ്ധമാണ്.
2. ടി പ്രോജക്ടിനായി പിൻവലിച്ച 2 ലക്ഷം രൂപയിൽ 1,69,200/- രൂപ മാത്രമാണ് വേതനം നല്കുന്നതിന് വിനിയോഗിച്ചിട്ടുള്ളത്. ചെലവഴിയ്ക്കാതെ മിച്ചം വന്ന തുക 30800/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വന്തം പേരിൽ കാനറാബാങ്കിന്റെ പാറ്റൂർ ശാഖയിൽ (അക്കൗണ്ട് നം.2968101082537) നിക്ഷേപിച്ചു. ഭാവിയിൽ ചെലവ് വരും എന്ന നിഗമനത്തിൽ തുക മുൻകൂർ പിൻവലിയ്ക്കാൻ പാടില്ല എന്നും, അധികം പിൻവലിക്കുന്ന തുക 30 ദിവസത്തിനകം സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഒടുക്കേണ്ടതുമാണ് എന്നും മേൽ ഉത്തരവിലെ ഖ.6.1, ഖ.10 എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പണം പിൻവലിച്ച് ബാങ്കിൽ നിക്ഷേപിച്ചത് അർഹമായ പലിശ സഹിതം തിരികെ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 27.2.2012 ൽ ഓഡിറ്റ് എൻക്വയറി നൽകിയതിനെത്തുടർന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അക്കൗണ്ടിൽ സൂക്ഷിച്ചിരുന്ന 30800/- രൂപ 16.8.2012 തീയതിയിൽ 4928-ാം നമ്പർ ചെലാൻ പ്രകാരം ട്രഷറിയിലേയ്ക്ക് തിരികെ ഒടുക്കി. എന്നാൽ നിയമാനുസൃതമായ പലിശ നാളിതുവരെ ഒടുക്കിയിട്ടില്ല.
3. ടി പദ്ധതിയുടെ മോണിട്ടറിംഗും നടന്നിട്ടില്ല.
4. അധ്യാപകരെ തെരഞ്ഞെടുക്കുന്നതിന് കൗൺസിൽ/കമ്മറ്റി അംഗീകാരം ലഭ്യമാക്കിയതായി കാണുന്നില്ല. ടി പദ്ധതിയുടെ ചെലവിന് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും കൗൺസിലിന്റേയും അംഗീകാരം ലഭ്യമാകുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് 3.2.12 ൽ മേയർ മുൻകൂർ അനുവാദം നല്കിയിട്ടുണ്ട്. പിന്നീട് പദ്ധതിയ്ക്കായി പണം ചെലവഴിച്ചതിനുശേഷം 26.7.2012 ൽ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും 16.8.12 ൽ (തീരുമാനം നം.3 എച്ച് (1) പ്രകാരം കൗൺസിലും പദ്ധതിയ്ക്ക് അനുവാദം നല്കി.

LOCAL FUND AUDIT DEPARTMENT

സർക്കാർ അനുമതി ഇല്ലാതെ ചെലവഴിക്കുന്ന തുക തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കി ചെലവ് തുക ഉത്തരവാദപ്പെട്ട നിർവ്വഹണാധികാരിയിൽ നിന്നും ഈടാക്കേണ്ടതാകയാൽ ടി പദ്ധതിയ്ക്കായി ചെലവഴിച്ച 1,69,200/- രൂപയും ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ച 30,800/- രൂപയുടെ നിയമാനുസൃത പലിശയും നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്

3.6.14 മനസ്സ്, വികാസ് -സ്കോളർഷിപ്പ് വിതരണം - രേഖകളുടെ അഭാവം - 99,13,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - എച്ച്.എം, ഗവ.യു.പി.എസ്., അമ്പലത്തറ

മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കായി 2011-12 ൽ തിരുവനന്തപുരം നഗരസഭ രണ്ടു പ്രോജക്ടുകളാണ് നടപ്പിലാക്കിയത്. അവയുടെ വിശദവിവരം ചുവടെ നൽകുന്നു.

LOCAL FUND AUDIT DEPARTMENT

പ്രോജക്ട്	പ്രോജക്ടിന്റെ പ്രവർത്തനം	വകയിരുത്തിയ തുക	പിൻവലിച്ച തുക/ ബിൽ.നം/തീയതി
1. മനസ്സ് s0079/12(മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ്-വനിത	വിവിധ വിദ്യാലയങ്ങളിൽ പഠിക്കുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന 609 കുട്ടികൾക്ക് പ്രതിമാസം 250/- രൂപ വീതം 10 മാസത്തേയ്ക്ക് 15,22,500/- രൂപയും വസ്ത്രബത്തയായി പ്രതിവർഷം 750/- രൂപ വീതം 4,56,750/- രൂപയും, പഠനസഹായമായി പ്രതിവർഷം 1250/- രൂപ വീതം 7,61,250/- രൂപയും ഉൾപ്പെടെ 2740500/- രൂപയുടെ പദ്ധതിയാണിത്.	വികസന ഫണ്ട് 27,40,500/-	വികസന ഫണ്ട് 27,40,500/- ബിൽ നമ്പർ 4/2011-12 തീയതി 31.3.12
2. വികാസ് s0084/12(മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക്	നഗരാതിർത്തിയിലെ വിവിധ വിദ്യാലയങ്ങളിൽ പഠിക്കുന്ന മാനസ്സിക	വികസന ഫണ്ട്-78,30,000/- തനത് ഫണ്ട്-	വികസനഫണ്ട് 78,30,000/- ബിൽ നമ്പർ

സ്കോളർഷിപ്പ്)	വെല്ലുവിളികൾ നേരിടുന്ന 970 കുട്ടികൾക്ക് പ്രതിമാസം 750/- രൂപ വീതം 10 മാസത്തേക്ക് സ്കോളർഷിപ്പ് 72,75,000/- രൂപയും വസ്ത്രബത്തയായി 7,27,500/- രൂപയും ചേർത്ത് ആകെ 80,02,500/- രൂപയുടെ പദ്ധതിയാണിത്.	1,72,500/- ആകെ 80,02,500/-	3/2011-12 തീയതി 31.3.12
		ആകെ	1,05,70,500/-

മേൽ പറഞ്ഞിട്ടുള്ള വികാസ്, മനസ്സ് എന്നിവ ഏകവർഷ പ്രോജക്ടുകളാണ്. അതായത് ടി പ്രോജക്ടുകളുടെ നിർവ്വഹണം 31.3.12 നു മുമ്പായി പൂർത്തിയാക്കേണ്ടതായിരുന്നു. ആയതിന് കഴിയാത്തപക്ഷം ട്രഷറിയിൽ നിന്നും പിൻവലിച്ച തുക 31.3.12 നു മുൻപായി സംസ്ഥാന പബ്ലിക്ക് അക്കൗണ്ടിലെ ഡെപ്പോസിറ്റ് അക്കൗണ്ടിലേക്ക് ചലാൻ മുഖേന അടവാക്കേണ്ടതും തുടർന്നുള്ള സാമ്പത്തിക വർഷത്തിൽ ജില്ലാ ആസൂത്രണ സമിതിയുടെ സ്പിൽ ഓവർ സാങ്ഷൻ വാങ്ങിയ ശേഷം തുക പിൻവലിച്ച് പദ്ധതി നടപ്പിലാക്കാവുന്നതുമാണ്. എന്നാൽ ഈ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ നിർവ്വഹണോദ്യോഗസ്ഥ പദ്ധതി മാനദണ്ഡങ്ങൾ, ധനവിനിയോഗം സംബന്ധിച്ച ഉത്തരവ് (സ.ഉ (പി) 177/2006 ധനം.തീയതി 12.4.06) എന്നിവ പ്രകാരമുള്ള മേൽ നിബന്ധന പാലിച്ചില്ല.

ഈ പ്രോജക്ടുകളുടെ നിർവ്വഹണത്തിലെ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1) 31.03.12 ന് ബിൽ ബുക്ക് പ്രകാരം പിൻവലിച്ച 1,05,70,500/-(27,40,500+78,30,000) രൂപ നിർവ്വഹണോദ്യോഗസ്ഥ ഇന്ത്യൻ ബാങ്ക്, അമ്പലത്തറ ബ്രാഞ്ചിലെ തന്റെ ഔദ്യോഗിക വിലാസത്തിലെ അക്കൗണ്ടിൽ (A/C No.507001340) നിക്ഷേപിച്ചു.
2) 31.3.12 നു മുമ്പ് പദ്ധതി പൂർത്തീകരിച്ചിട്ടില്ല. ഡി.പി.സി യുടെ അംഗീകാരം കൂടാതെ 1.8.12 മുതൽ പദ്ധതി തുക വിതരണമാരംഭിച്ചു.
3) ഈ പദ്ധതികളുടെ ഗുണഭോക്താക്കൾ മാനസിക വൈകല്യമുള്ള വിദ്യാർത്ഥികളാണ് എന്ന് തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.
4) പദ്ധതി ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നത് ഓരോ സ്കൂളിലേയും ഹെഡ്മാസ്റ്ററുടെ പേരിൽ ചെക്ക് ആയിട്ടാണ് ഈ തുക ഗുണഭോക്താക്കൾക്ക് നൽകിയതിനുള്ള രേഖകൾ അപൂർണമാണ്.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് നിർവ്വഹണോദ്യോഗസ്ഥയ്ക്ക് 26/11-12 നമ്പർ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് നൽകിയിട്ടുള്ളതും ആയതിന് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുള്ളതുമാണ്. 31.3.12 ന് ട്രഷറിയിൽ അലോട്ട്മെന്റ് ഹാജരാക്കിയെങ്കിലും 28.6.12 നാണ് ക്യാഷ് ലഭ്യമായത് എന്നും

LOCAL FUND AUDIT DEPARTMENT

2.7.12ലെ കൗൺസിൽ 1 (4)–ാം നമ്പർ തീരുമാനപ്രകാരം സ്പിൽ ഓവർ അനുമതി നൽകിയതിനാലാണ് തുക വിതരണം ആരംഭിച്ചതെന്നും അറിയിച്ചിട്ടുണ്ട്. ബാങ്ക് അക്കൗണ്ടിൽ പദ്ധതി തുക നിക്ഷേപിച്ചത് ധനവിനിയോഗത്തിന്റെ എളുപ്പത്തിനാണ് എന്നാണ് അറിയിച്ചിരിക്കുന്നത്. കൂടാതെ, സ്കോളർഷിപ്പ് തുക വിതരണം ചെയ്തതിന്റെ രേഖകളും, ഗുണഭോക്താക്കളായ കുട്ടികളുടെ അർഹത തെളിയിക്കുന്നതിനുള്ള രേഖകളും സ്കൂളുകളിൽ നിന്നും ലഭ്യമാക്കുന്നതിനനുസരിച്ച് ഹാജരാക്കാം എന്നുമാണ് അറിയിച്ചിട്ടുള്ളത്.

ഒരു പദ്ധതി സ്പിൽ ഓവർ ആയി നടപ്പാക്കുന്നതിന് ജില്ലാ ആസൂത്രണ സമിതിയുടെ അനുമതി ആവശ്യമാണ്. ഡി.പി.സി അംഗീകാരം ലഭിക്കുന്നതിനു മുൻപ് കൗൺസിൽ അംഗീകാരം മാത്രം വച്ച് ഒരു പദ്ധതി നടപ്പാക്കാവുന്നതല്ല. സ.ഉ (പി) 177/2006 ധനം തീയതി 12.4.06 ഉത്തരവ് അനുസരിച്ച് പദ്ധതി തുക മുൻകൂർ പിൻവലിക്കാവുന്നതല്ല. മുൻകൂർ തുക പദ്ധതി നിർവ്വഹണത്തിന് അത്യാവശ്യമുള്ള സാഹചര്യത്തിൽ ആയത് മുൻകൂർ പിൻവലിച്ച് ഡി.ഡി. ആക്കി വിതരണം ചെയ്യേണ്ടതാണ്. പിൻവലിച്ച തുക ഒരു മാസത്തിലധികം സൂക്ഷിക്കാവുന്നതല്ല. ഒരു മാസം കവിയുന്നക്ഷം തുക തിരികെ ഒടുക്കേണ്ടതാണ്. ഇവയൊന്നും നിർവ്വഹണോദ്യോഗസ്ഥ പാലിച്ചിട്ടില്ല.

കൂടാതെ തുക പിൻവലിക്കുന്നതിനു മുൻപുതന്നെ ഗുണഭോക്താക്കളെല്ലാം ആനുകൂല്യത്തിന് അർഹരാണെന്ന് ഉറപ്പാക്കുന്നതിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് പരിശോധിക്കേണ്ടതായിരുന്നു. എന്നാൽ ഇതിനൊന്നും ശ്രമിക്കാതെ മുഴുവൻ പദ്ധതി തുകയും പിൻവലിച്ച് സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ പേരിൽ തുക ചെക്ക് ആയി നൽകുകയാണുണ്ടായത്.

വികേന്ദ്രീകൃതാസൂത്രണ സബ്സിഡി മാർഗ്ഗരേഖ സ.ഉ (എം.എസ്) 183/07/ത.സ്വ.ഭ.വ 24.7.07 പ്രകാരം മാനസിക വൈകല്യമുള്ള/വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നല്കേണ്ട സ്കോളർഷിപ്പ് പ്രതിമാസം 750/– രൂപയും, വസ്ത്രങ്ങൾക്കുള്ള ബത്ത (വാർഷികം) 750/– രൂപയുമാണ്. എന്നാൽ മറ്റ് ശാരീരിക വെല്ലുവിളികൾ നേരിടുന്ന/വൈകല്യമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പ്രതിമാസം 300/– മുതൽ 500/– രൂപ വരെ മാത്രമാണ്. ചില സ്കൂളുകളിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന 60 ൽ അധികം കുട്ടികൾ ഉള്ളതായി കാണിച്ച് തുക വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ അർഹത തെളിയിക്കുന്ന രേഖകൾ ഒന്നും ഇല്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ എണ്ണം പെരുപ്പിച്ച് കാണിച്ച് ഉയർന്ന സ്കോളർഷിപ്പ് തുക വാങ്ങുന്നതിനുള്ള ശ്രമമാണ് ഇവിടെ നടന്നിരിക്കുന്നത് എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

ക്രമ നമ്പർ	സ്കൂളിന്റെ പേര്	കുട്ടികളുടെ എണ്ണം	പ്രോജക്ട് നമ്പർ
1	ഗവ.മോഡൽ എച്.എസ്.എസ്. ഫോർ ഗേൾസ്	62	S0079/12
2	ഗവ.വി.എച്ച്.എസ്.എസ്.മണക്കാട്	63	S0079/12
3	ഗവ.ജി.എച്ച്.എസ്.എസ്.കോട്ടൺഹിൽ.	31	S0079/12
4	ഗവ.റ്റി.റ്റി.ഐ.മണക്കാട്	17	S0079/12

LOCAL FUND AUDIT DEPARTMENT

5	ഗവ.ഹൈസ്കൂൾ പാപ്പനംകോട്	10	S0079/12
6	ഗവ.ജി.എച്ച്.എസ്.എസ്.കരമന	10	S0079/12
7	ചിന്നമ്മ മെമ്മോറിയൽ ഹൈസ്കൂൾ	16	S0079/12
8	ഫോർട്ട് ഹൈസ്കൂൾ	11	S0079/12
9	ഗവ.വി.എച്ച്.എസ്.എസ്.ഫോർ ഗേൾസ്, പേട്ട	11	S0079/12
10	ഗവ.യു.പി.എസ്.കുമാരപുരം	10	S0079/12
11	ജി.എച്ച്.എസ്.എസ്.കഴക്കൂട്ടം	9	S0079/12
12	രാജാകേശവദാസ് NSS HSS ശാസ്തമംഗലം	19	S0084/12
13	NSS HSS പാൽക്കുളങ്ങര	24	S0084/12
14	SM.V Govt.മോഡൽ H.S.S	20	
15	ഗവ.ഹൈസ്കൂൾ, പാപ്പനംകോട്	16	S0084/12
16	ഗവ.മോഡൽ HSS ഫോർ ഗേൾസ്, പട്ടം	32	
17	ഗവ.മെഡിക്കൽ കോളേജ് HSS	9	S0084/12
18	ഗവ. BHSS കരമന	14	
19	ഫോർട്ട് ഹൈസ്കൂൾ	10	S0084/12
20	ഗവ.എച്ച്.എസ്.എസ്.കമലേശ്വരം	13	
21	സെന്റ് ജോസഫ് H.S.S	14	S0084/12
22	AM.HSS തിരുമല	38	
23	BNVV HSS ഫോർ ബോയ്സ്, തിരുവല്ലം	21	S0084/12
24	ഗവ. V HSS വട്ടിയൂർക്കാവ്	29	
25	ഗവ. LPS ചെങ്കോട്ടുകോണം	24	S0084/12

LOCAL FUND AUDIT DEPARTMENT

പദ്ധതി നിർവ്വഹണത്തിനായി നിർവ്വഹണോദ്യോഗസ്ഥ പിൻവലിച്ച ആകെ തുക 1,05,70,500/– രൂപയിൽ തുക കുട്ടികൾക്ക് വിതരണം ചെയ്തതിന് വിതരണരേഖ ഹാജരാക്കിയിട്ടുള്ളത് കേവലം 33,68,250/–രൂപക്കു മാത്രമാണ്. 6,57,000/– രൂപ 28.12.12 ന് നിർവ്വഹണോദ്യോഗസ്ഥ ട്രഷറിയിൽ തിരികെ ഒടുക്കിയിട്ടുണ്ട്. ബാക്കി തുകയായ 6545250/– രൂപ നിർവ്വഹണോദ്യോഗസ്ഥ വിവിധ സ്കൂൾ എച്ച്.എം മാർക്ക് നൽകിയിട്ടുള്ളതും എന്നാൽ തുക ഗുണഭോക്താക്കൾക്ക് നൽകിയതിന് രേഖകളൊന്നും ലഭിക്കാത്തതുമാണ്.

വ്യക്തികൾക്ക് ആനുകൂല്യം അനുവദിക്കുമ്പോൾ 1000 രൂപയിൽ അധികമുള്ള ചെലവ് ഗുണഭോക്താവിന് ഡി.ഡി.ആയി നൽകണമെന്നിരിക്കെ

(സ.ഉ.(പി) 177/2006 ധനം.12.4.2006) നിർവ്വഹണോദ്യോഗസ്ഥ സ്കൂൾ എച്ച്.എം ന്റെ പേർക്കാണ് തുക വിതരണം ചെയ്തിരിക്കുന്നത്.

മേൽ സാഹചര്യത്തിൽ 99,13,500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നിർവ്വഹണോദ്യോഗസ്ഥ 28.12.12 ന് ട്രഷറിയിൽ തിരികെ ഒടുക്കിയതായ അധികം പിൻവലിച്ച പദ്ധതി തുക 6,57,000/- രൂപയ്ക്ക് (ചലാൻ നമ്പർ 1087, 1083) തുക പിൻവലിച്ച് തിരികെ ഒടുക്കിയ തീയതി വരെ 18% പിഴപ്പലിശ കൂടി ഒടുക്കേണ്ടതാണ്.

3.6.15 പ്രാദേശിക ചരിത്ര പഠനം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് നമ്പർ	: 70/2011-12
പ്രോജക്ടിന്റെ പേര്	: "പ്രാദേശിക ചരിത്ര പഠനം"
അടങ്കൽ തുക	: 4,00,000/- (വികസന ഫണ്ട് - 300000/-) (തനത് ഫണ്ട് 100000/-)
ചെലവ്	: 1,50,000/- (വികസന ഫണ്ട്)
നിർവ്വഹണ ഉദ്യോഗസ്ഥൻ	: വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ
ഫയൽ നമ്പർ	: സി.3/23853/11

LOCAL FUND AUDIT DEPARTMENT

നഗരത്തിലെ സർക്കാർ, സർക്കാർ എയ്ഡഡ് മേഖലയിലെ യു.പി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് അവരുടെ സ്വന്തം നാടിന്റെ ചരിത്രം അറിയുന്നതിന് സാഹചര്യം ഉണ്ടാക്കുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം.

പദ്ധതിയുടെ നടത്തിപ്പിനായി വികസന ഫണ്ടിൽ നിന്നും നഗരസഭ നൽകിയ 3,00,000/- രൂപ ധനവിനിയോഗ മാർഗ്ഗരേഖകൾ ലംഘിച്ച് നിർവ്വഹണോദ്യോഗസ്ഥ മുൻകൂറായി പിൻവലിച്ച് ബാങ്കിൽ നിക്ഷേപിച്ചു. 16.03.2012, 23.03.2012 എന്നീ തീയതികളിൽ മണക്കാട് VHSS ൽ വെച്ചും 28.03.2012, 29.03.2012 എന്നീ തീയതികളിൽ ഫോർട്ട് UP സ്കൂളിൽ വെച്ചും പരിപാടി സംഘടിപ്പിച്ചു. ഇതിലേയ്ക്കായി 1,50,000/- രൂപയാണ് ചെലവഴിച്ചത്. ചെലവാകാതെ മാസങ്ങളോളം ബാങ്കിൽ സൂക്ഷിച്ചിരുന്ന 1,50,000/- രൂപ ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് 21.11.12 ലെ ചെലാൻ നമ്പർ 344 പ്രകാരം ട്രഷറിയിൽ തിരികെ ഒടുക്കി.

500 വിദ്യാർത്ഥികൾക്കും 100 അധ്യാപകർക്കുമായി 3 ദിവസത്തെ ചരിത്ര കോൺഗ്രസ് നടത്താനായിരുന്നു പ്രോജക്ടിലെ നിർദ്ദേശം. എന്നാൽ രണ്ടു ഘട്ടങ്ങളിലായി രണ്ടു ദിവസം വീതം ആകെ നാലു ദിവസം പരിപാടി നടത്തി. 100 അദ്ധ്യാപകരെയാണ് ഗുണഭോക്താക്കളായി നിശ്ചയിച്ചിരുന്നതെങ്കിലും രണ്ടു ഘട്ടങ്ങളിലും കൂടി പരിപാടിയിൽ 320 അദ്ധ്യാപകരാണ് പങ്കെടുത്തത്. 500 വിദ്യാർത്ഥികളും പരിപാടിയിൽ പങ്കെടുക്കേണ്ടതായിരുന്നു. എന്നാൽ വിവിധ വിഭാഗങ്ങളിലായി വിദ്യാർത്ഥികളും അദ്ധ്യാപകരും തയ്യാറാക്കിയ ഏതാനും പ്രോജക്ടുകൾ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടുണ്ട് എന്നല്ലാതെ എത്ര വിദ്യാർത്ഥികൾ പരിപാടിയിൽ പങ്കെടുത്തു എന്ന് വ്യക്തമല്ല. ഫയലിനോടൊപ്പമുള്ള പ്രോജക്ടുകൾ പലതും സ്കൂൾ പഠനത്തിന്റെ ആവശ്യത്തിനായി വിദ്യാർത്ഥികൾ മുൻപ് തയ്യാറാക്കിയതാണ് എന്ന് പരിശോധനയിൽ വ്യക്തമായി.

നഗരസഭാ പ്രദേശത്തെ സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായാണ് പ്രോജക്ട് രൂപീകരിച്ചത്. എന്നാൽ പരിപാടിയിൽ പങ്കെടുത്തവരുടെ ഹാജർ പട്ടിക പരിശോധിച്ചതിൽ, തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട്, പൂവച്ചൽ, മാണിക്കൽ, മാറനല്ലൂർ, കാഞ്ഞിരംകുളം, കരകുളം, തൊളിക്കോട്, പൂവാർ, അണ്ടൂർക്കോണം, കല്ലറ എന്നീ ഗ്രാമപഞ്ചായത്തുകളിലെ സ്കൂളിൽ നിന്നുള്ള അദ്ധ്യാപകരും നഗരത്തിലെ ഹോളി ഏഞ്ചൽസ് ജി.എച്ച്.എസ്, കാർമൽ ജി.എച്ച്.എസ്, ചിന്മയ വിദ്യാലയ, നിർമ്മലഭവൻ, വിദ്യാധിരാജ മുതലായ അൺഎയ്ഡഡ് സ്കൂളുകളിൽ നിന്നുള്ള അദ്ധ്യാപകരും പങ്കെടുത്തിട്ടുള്ളതായി കാണുന്നു.

രണ്ടു ഘട്ടങ്ങളിലുമായി പരിപാടിയിൽ പങ്കെടുത്ത 320 അദ്ധ്യാപകർക്കും 200/- രൂപ വീതം ആകെ 64,000/- രൂപ (21600+42400=64000/-) യാത്രാപ്പടി നൽകിയിട്ടുണ്ട്. യാത്രാപ്പടി നൽകാൻ പ്രോജക്ടിൽ നിർദ്ദേശിക്കുകയോ ഇതിനായി തുക വകകൊള്ളിക്കുകയോ ചെയ്തിട്ടില്ല. രണ്ട് ഘട്ടങ്ങളിലായി നടന്ന പരിപാടിയിൽ പങ്കെടുത്ത അദ്ധ്യാപകരുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ഹാജർ പട്ടികയിൽ പരാമർശിച്ചിട്ടുള്ള എല്ലാ സ്കൂൾ അധികാരികളോടും ഓഡിറ്റ് ആവശ്യപ്പെട്ടിരുന്നു. ഇവർ ലഭ്യമാക്കിയിട്ടുള്ള വിവരങ്ങൾ പ്രകാരം പല സ്കൂളുകളിൽ നിന്നും യഥാർത്ഥത്തിൽ പരിപാടിയിൽ പങ്കെടുത്തവരുടെ എണ്ണം ഹാജർ പട്ടികയിലും അക്വിറ്റൻസിലും കാണിച്ചിട്ടുള്ളതിൽ നിന്നും വളരെ കുറവാണ്. ചില സ്കൂളുകളിൽ നിന്നും ഒരാൾ പോലും പങ്കെടുത്തിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ. നം.	സ്കൂളിന്റെ പേര്	പങ്കെടുത്തവരുടെ എണ്ണം		റിമാർക്സ്
		ഹാജർ പട്ടിക പ്രകാരം	സ്കൂളുകൾ ലഭ്യമാക്കിയ വിവരം പ്രകാരം	
1	സെന്റ് ജോൺസ് മോഡൽ H.S.S നാലാഞ്ചിറ	3	1	പങ്കെടുത്തിട്ടില്ലാത്തവരുടെ പേര് രണ്ടു ഘട്ടത്തിലും കാണുന്നു. യഥാർത്ഥത്തിൽ പങ്കെടുത്ത അദ്ധ്യാപകരല്ല ഹാജർപട്ടികയിൽ ഹാജർ രേഖപ്പെടുത്തിയത്.
2	ഗവ.ഗേൾസ് VHSE, പേട്ട	5	0	
3	ഗവ.ഹൈസ്കൂൾ, മണ്ണന്തല	3	1	
4	ഗവ.ഹൈസ്കൂൾ, കാലടി	1	1	
5	സെന്റ് ഫിലോമിനാസ് ഗേൾസ് ഹൈസ്കൂൾ, പൂന്തുറ	3	1	
6	ഗവ. VHSE, വട്ടിയൂർക്കാവ്	6	1	
7	ഗവ.ഗേൾസ് ഹൈസ്കൂൾ, ചാല	10	1	
8	മാധവവിലാസം HSS	3	0	

LOCAL FUND AUDIT DEPARTMENT

	തുണ്ടത്തിൽ			
9	ജി.വി.രാജ സ്പോർട്ട്സ് സ്കൂൾ, മൈലം	5	1	
10	ഗവ.മോഡൽ HSS, ചാല	8	1	
11	ഗവ.ഹൈസ്കൂൾ, കാച്ചാണി	6	1	
ആകെ		53	10	

മേൽ പരാമർശിച്ച കാരണങ്ങളാൽ ഫയലിൽ സൂക്ഷിച്ചിട്ടുള്ള ഹാജർപട്ടികയും കൈപ്പറ്റുരേഖയും യഥാർത്ഥത്തിലുള്ളതല്ലെന്നും പിന്നീട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടുള്ളതാണെന്നും വ്യക്തമാകുന്നു.

ഓരോ വിഭാഗത്തിലും മികച്ച അഞ്ച് പ്രോജക്ടുകൾക്ക് സമ്മാനം നൽകുക, പങ്കാളിത്ത സർട്ടിഫിക്കറ്റ് നൽകുക, മികച്ച പ്രൊജക്ടുകൾ തെരഞ്ഞെടുത്ത് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുക എന്നീ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. വിദ്യാഭ്യാസ സാംസ്കാരിക കായിക യുവജനകാര്യ വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ടിന്റെ നടത്തിപ്പ് മോണിട്ടർ ചെയ്യണം എന്ന് പ്രോജക്ടിൽ നിർദ്ദേശമുണ്ടെങ്കിലും ഒരു ഘട്ടത്തിലും മോണിട്ടറിംഗ് നടത്തിയിട്ടില്ല.

വ്യക്തമായ ആസൂത്രണമില്ലാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥ പദ്ധതി നടപ്പിലാക്കിയത് എന്ന് ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. 500 വിദ്യാർത്ഥികൾക്ക് സ്വന്തം നാടിന്റെ ചരിത്രം അറിയുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച പദ്ധതി , അദ്ധ്യാപകർ പങ്കെടുത്ത ഒരു ശില്പശാലയായി മാറി. പ്രോജക്ട് ലക്ഷ്യം കൈവരിക്കാനുമായില്ല. ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പ്രോജക്ടിലെ നിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ച് നടപ്പിലാക്കിയതു മൂലം പൊതു പണം ചെലവഴിക്കാൻ വേണ്ടി മാത്രം തട്ടിക്കൂട്ടിയ ഒന്നായി മാറി ഈ പ്രോജക്ട്. പ്രോജക്ട് ഉദ്ദേശ്യലക്ഷ്യം കണ്ടെത്താത്തതിനാൽ ഇതിന്റെ നടത്തിപ്പിനുവേണ്ടി ചെലവഴിച്ച 1,50,000/- രൂപയും പാഴ്ചെലവായതായി ഓഡിറ്റ് വിലയിരുത്തുന്നു.

3.6.16 സ്കൂൾ പോലീസ് കേഡറ്റ് പദ്ധതിയ്ക്ക് സഹായം- ആസൂത്രണമില്ലാതെ നടപ്പിലാക്കിയ പദ്ധതി -3,38,800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ	-	86/2011-12
നിർവ്വഹണോദ്യോഗസ്ഥൻ	-	വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ
അടങ്കൽ തുക	-	3,38,800/- (വികസന ഫണ്ട്)
ഫയൽ നമ്പർ	-	C3/23859/2011

സ്കൂൾ പോലീസ് കേഡറ്റ് പദ്ധതിയ്ക്ക് സഹായം എന്ന ഈ പദ്ധതിയുടെ ലക്ഷ്യം അംഗീകൃത പ്രോജക്ട് പ്രഫോർമയിൽ വ്യക്തമാക്കിയിട്ടില്ല.

അഞ്ച് സ്കൂളുകളിൽ നിന്ന് ജൂനിയർ വിഭാഗത്തിൽ നിന്നും 44 ഉം സീനിയർ വിഭാഗത്തിൽ നിന്നും 44 ഉം കുട്ടികളെ വീതം തെരഞ്ഞെടുത്ത് 7 ദിവസം (രണ്ടാം ശനിയാഴ്ചകളിൽ) പരിശീലനം നൽകാനും പരിശീലനത്തിനൊടുവിൽ ആറു ദിവസത്തെ ക്യാമ്പ് സംഘടിപ്പിക്കാനുമാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്.

പദ്ധതിയ്ക്കായി വകയിരുത്തിയിരുന്ന മുഴുവൻ തുകയും (3,38,800/- രൂപ) 23.12.2012 ൽ മുൻകൂറായി പിൻവലിച്ച് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ പേരിലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. ഇതിൽ നിന്നും രണ്ട് എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെ ഏഴു സ്കൂളുകൾക്ക് പദ്ധതി നടത്തിപ്പിനായി 14.02.2012 ൽ 25,000/- രൂപ വീതം ആകെ 1,75,000/- രൂപ മുൻകൂർ നൽകി. ഇവയിൽ ആറു സ്കൂളുകൾ ചെലവ് വൗച്ചറുകൾ ഹാജരാക്കിയ മുറയ്ക്ക് 133104/-രൂപ കൂടി അനുവദിച്ചു നൽകി. ശേഷിക്കുന്ന 30696/- രൂപ (338800-(17500+133104)=30696/-) ക്യാമ്പ് സംഘടിപ്പിക്കുന്നതിനുവേണ്ടി തമ്പാനൂർ പോലീസ് സർക്കിൾ ഇൻസ്പെക്ടർക്ക് കൈമാറാൻ ഗവ.മോഡൽ SMV സ്കൂൾ ഹെഡ്മാസ്റ്റർക്ക് നൽകി. (ഡി.ഡി.നം.416975 തീയതി 30.03.2012)

2010 ഓഗസ്റ്റ് മുതൽ സംസ്ഥാനത്തെ 127 സ്കൂളുകളിൽ ആഭ്യന്തര/വിദ്യാഭ്യാസ വകുപ്പിന്റെ സംയുക്താഭിമുഖ്യത്തിൽ ട്രാൻസ്പോർട്ട്, വനം, എക്സൈസ്, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ നടത്തിവരുന്ന പദ്ധതിയാണ് സ്കൂൾ പോലീസ് കേഡറ്റ് പദ്ധതി. പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന/ജില്ലാ/സ്കൂൾ തലങ്ങളിൽ അഡ്വൈസറി കമ്മിറ്റികൾ നിലവിലുണ്ട്. പദ്ധതിയ്ക്കായി മേൽ പരാമർശിച്ച വകുപ്പുകളുടെ പ്ലാൻ ഫണ്ടിൽ നിന്നും തുക കണ്ടെത്തുകയും പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളിലെ പ്രിൻസിപ്പൽ/എച്ച്.എം മാർക്ക് നല്കുകയും അവർ ഫണ്ട് കൈകാര്യം ചെയ്യുകയും ചെയ്യേണ്ടതാണ്. ഓരോ വർഷവും സംസ്ഥാനതലത്തിൽ എസ്.പി.സി. യൂണിറ്റുകൾ പിൻതുടരേണ്ട ടൈംടേബിൾ "Annual State SPC Activity Calender" - ൽ നിശ്ചയിച്ചിട്ടുണ്ട്. ഇതിൽ ട്രെയിനിംഗ്ദ ക്യാമ്പുകൾ, ഫീൽഡ് സന്ദർശനം എന്നിവയെപ്പറ്റി വ്യക്തമായ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി സ്കൂൾതലത്തിൽ 3 ദിവസം , ജില്ലാതല്ത്തിൽ 7 ദിവസം, സംസ്ഥനതലത്തിൽ 7 ദിവസവും ദൈർഘ്യമുള്ള ക്യാമ്പുകൾ നടത്തുന്നുണ്ട്. ഈ സാഹചര്യത്തിലാണ് നഗരസഭ പ്രസ്തുത പദ്ധതിയ്ക്ക് സഹായം എന്ന പേരിൽ പദ്ധതി രൂപീകരിച്ച് ക്യാമ്പും പരിശീലനവും നടത്തുന്നതിന് തുക ചെലവഴിച്ചത്.

സ്കൂൾ പോലീസ് കേഡറ്റ് പദ്ധതിയെക്കുറിച്ച് കൂടിയാലോചിക്കുന്നതിന് മേയറും വിവിധ സ്കൂളുകളിലെ പ്രധാനാദ്ധ്യാപകരും പങ്കെടുത്ത ഒരു യോഗം 12.12.2011 ന് നടന്നു. ഈ യോഗത്തിൽ 2011 ഡിസംബർ 27, 28 തീയതികളിൽ വിവിധ സ്കൂളുകളിൽ വച്ച് സ്കൂൾ പോലീസ് കേഡറ്റുകൾക്ക് ക്യാമ്പ് നടത്തണമെന്നും 29-ാം തീയതി സെന്റ് മേരീസ് എച്ച്.എസ്.എസ്.ൽ വച്ച് സമാപന സമ്മേളനം നടത്തണമെന്നും തീരുമാനിച്ചു. ഫയൽ പരിശോധിച്ചതിൽ 16.12.11 ന് നിർവ്വഹണാധികാരിയായ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, 3,38,800/- രൂപ

LOCAL FUND AUDIT DEPARTMENT

ആർക്ക് നല്കണമെന്ന് വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നഗരസഭാ സെക്രട്ടറിക്കും മേയർക്കും കത്തെഴുതിയതായി കാണുന്നു. (സി.3/23859/11). ഇതിൽ നിന്നും ക്യാമ്പ് നടത്തുന്നതിനെക്കുറിച്ച് വ്യക്തമായ ധാരണ ഇല്ലാതെയാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാണ്.

പദ്ധതി തുക വിനിയോഗിച്ച് 27.12.2011 മുതൽ 29.12.2011 വരെ മൂന്നു ദിവസം പരിശീലനം നൽകിയതായി സ്കൂളുകൾ ഹാജരാക്കിയ വൗച്ചറുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഇതുമായി ബന്ധപ്പെട്ട് മണക്കാട് ഗവ.വൊക്കേഷണൽ ആന്റ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ ഹാജരാക്കിയ വൗച്ചർ പ്രകാരം 74,200/- രൂപ ചെലവിൽ 800 എക്സിക്യൂട്ടീവ് ബാഗും 800 പേനയും വാങ്ങിയിട്ടുള്ളതായി കാണുന്നു. ഇതിന്റെ വിതരണത്തിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടുമില്ല. പരിപാടി നടത്തിയതിനുശേഷം ബാക്കിയുള്ള 30696/- രൂപ ക്യാമ്പ് സംഘടിപ്പിക്കുന്നതിനായി തമ്പാനൂർ പോലീസ് സർക്കിൾ ഇൻസ്പെക്ടർക്ക് കൈമാറുന്നതിനായി ഗവ.മോഡൽ SMV ഹൈസ്കൂൾ ഹെഡ്മാസ്റ്ററെ ഏൽപ്പിച്ചു. തുക ഗവ.മോഡൽ SMV ഹൈസ്കൂൾ ഹെഡ്മാസ്റ്റർ കൈപ്പറ്റിയിട്ടുണ്ട് എന്നല്ലാതെ ഈ തുക തമ്പാനൂർ പോലീസ് സർക്കിൾ ഇൻസ്പെക്ടർ കൈപ്പറ്റിയതിന്റെ രസീത് ലഭ്യമല്ല. പ്രോജക്ടിൽ നിർദ്ദേശിച്ചിട്ടുള്ള ആറു ദിവസത്തെ ക്യാമ്പ് സംഘടിപ്പിച്ചത് സംബന്ധിച്ച് യാതൊരു വിവരവും ലഭ്യമല്ല. നിർവ്വഹണോദ്യോഗസ്ഥ പദ്ധതി തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. വിദ്യാഭ്യാസ സാംസ്കാരിക കായിക യുവജനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രോജക്ടിന്റെ നടത്തിപ്പ് മോണിട്ടർ ചെയ്യണം എന്ന് നിർദ്ദേശമുണ്ടെങ്കിലും ഒരു ഘട്ടത്തിലും മോണിട്ടറിംഗ് നടന്നിട്ടില്ല.

വ്യക്തമായ ആസൂത്രണത്തോടെ വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി സർക്കാർ നൽകുന്ന പണം ദുർവിനിയോഗം ചെയ്യുന്നതിന്റെ ഉത്തമ ഉദാഹരണമാണ് ഈ പദ്ധതി. ഉല്പാദനപരമല്ലാത്ത ബോധവല്ക്കരണ ക്യാമ്പുകൾ നടത്തുന്നതിന് വികസന ഫണ്ട് ഉപയോഗിക്കാൻ പാടില്ല എന്ന് സർക്കാർ നിർദ്ദേശമുണ്ട്. (സ.ഉ.(എം.എസ്) 183/07 ത.സ്വ.ഭ.വ തീയതി 24.07.2007). ഈ നിർദ്ദേശത്തിന് വിരുദ്ധമായാണ് പദ്ധതി രൂപീകരിച്ചതും വികസനഫണ്ട് അവധിക്കാല ക്യാമ്പിനുവേണ്ടി ചെലവഴിച്ചതും. മാത്രമല്ല, സംസ്ഥാനതലത്തിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ മുൻ നിശ്ചയിച്ച ഷെഡ്യൂൾ പ്രകാരം നടത്തിവരുന്ന സ്കൂൾ പോലീസ് കേഡറ്റ് പദ്ധതിയ്ക്കായി, ജില്ലാ/സ്കൂൾതല അഡ്വൈസറി കമ്മിറ്റികളുമായി കൂടിയാലോചിക്കാതെ ക്യാമ്പ് നടത്തി പദ്ധതിപണം ചെലവഴിച്ചത് ക്രമപ്രകാരമല്ല. ആയതിനാൽ ഈ പദ്ധതിയ്ക്കായി ചെലവഴിച്ച 3,38,800/- രൂപ തടസ്സപ്പെടുത്തുന്നു.

3.6.17 "പത്താം തരത്തിൽ നൂറുമേനി" –പ്രോജക്ട് നിർദ്ദേശങ്ങൾക്കും സർക്കാർ ഉത്തരവിനും വിരുദ്ധമായി ട്രഷറിയിൽ നിന്നും പണം പിൻവലിച്ചു.

പ്രോജക്ട് നമ്പർ	–	69/2011–12
നിർവ്വഹണോദ്യോഗസ്ഥൻ	–	വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ
അടങ്കൽ തുക	–	6,00,000/– (വികസന ഫണ്ട് – 5,65,000/–) (തനതു ഫണ്ട് – 35000/–)
ഫയൽ നമ്പർ	–	C3/23852/2011

നഗരത്തിലെ സർക്കാർ സ്കൂളുകളിലെ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പത്താംക്ലാസ് പരീക്ഷ നല്ല ഗ്രേഡിൽ പൂർത്തിയാക്കാൻ വേണ്ടി സ്കൂൾ സമയത്തിനു മുൻപോ, പിൻപോ കുറഞ്ഞത് 100 ദിവസം പരിശീലനം നൽകുക, ഇതിനായി വിദഗ്ധ അദ്ധ്യാപകരുടെ സഹകരണത്തിൽ ഓരോ വിഷയത്തിലും പത്തോളം ചോദ്യപേപ്പറുകൾ അടങ്ങുന്ന വർക്ക്ബുക്ക് തയ്യാറാക്കി വിദ്യാർത്ഥികളെക്കൊണ്ട് ചെയ്യിക്കുക എന്നീ പ്രവർത്തനങ്ങൾക്കായാണ് പ്രോജക്ട് രൂപീകരിച്ചത്. 2011 സെപ്റ്റംബറിൽ ഗുണഭോക്താക്കളെ കണ്ടെത്താനും 2011 ഒക്ടോബർ, നവംബർ, ഡിസംബർ, 2012 ജനുവരി എന്നീ മാസങ്ങളിലായി പദ്ധതി നടപ്പിലാക്കാനുമാണ് പദ്ധതിയിൽ നിർദ്ദേശിക്കുന്നത്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ധനവിനിയോഗ മാർഗ്ഗ രേഖകൾ (ജി.ഒ.(പി)177/2006/ഫിൻ തീയതി 12.04.2006, സർക്കുലർ നം.28691/എ.സി.1/08/തസ്വഭവ തീയതി 07.07.2011) ലംഘിച്ച് വികസന ഫണ്ടിൽ നിന്നും വകയിരുത്തിയിരുന്ന 5,65,000/- രൂപയും മുൻകൂറായി പിൻവലിച്ച് ബാങ്കിൽ നിക്ഷേപിച്ചു. തുക പിൻവലിച്ചത് 05.03.2012 ൽ ആണെങ്കിലും ബാങ്കിൽ നിക്ഷേപിച്ചത് 21.05.2012 ൽ മാത്രമാണ്. ചെലവ് ഒന്നും നടന്നിട്ടില്ലെങ്കിലും 2012 മാർച്ച് 31 ന് ട്രഷറിയിൽ തിരികെ ഒടുക്കേണ്ടിയിരുന്ന ഈ തുക ഇപ്പോഴും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ current അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.
2. DPC അംഗീകരിച്ച പ്രോജക്ടിലെ നിർദ്ദേശപ്രകാരം 2011 സെപ്റ്റംബറിൽ ഗുണഭോക്താക്കളെ കണ്ടെത്താനാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് ആവശ്യപ്പെട്ട് DEO ക്ക് കത്തയച്ചത് 16.12.2011 ൽ മാത്രമാണ്.
3. നഗരസഭാ പ്രദേശത്ത് 32 സർക്കാർ ഹൈസ്കൂളുകളാണുള്ളത് എന്ന് നോട്ട് ഫയൽ ഖണ്ഡിക 13 ൽ നിന്നും വ്യക്തമാകുന്നു. ഇതിൽ 4 സ്കൂളുകൾ മാത്രമാണ് വിദ്യാർത്ഥികളുടെ ലിസ്റ്റും, വൗച്ചറുകളും ലഭ്യമാക്കിയത്. പത്താം തരത്തിൽ പഠിക്കുന്ന മുഴുവൻ വിദ്യാർത്ഥികളുടേയും ഹാജർ പുസ്തകത്തിന്റെ പകർപ്പാണ് ഈ സ്കൂളുകൾ ലഭ്യമാക്കിയത്. ഇതനുസരിച്ച് ഈ സ്കൂളുകൾ വിദ്യാർത്ഥികളുടെ ലഘു ഭക്ഷണത്തിനായി ചെലവഴിച്ച 2,89,978/- രൂപ (വകയിരുത്തിയ തുകയുടെ 51.32%) നൽകാനുള്ള നടപടികൾ ആരംഭിച്ചു. ഓരോ വിദ്യാർത്ഥിക്കും ലഘുഭക്ഷണത്തിന് എത്ര രൂപ വീതമാണ് നൽകേണ്ടത് എന്നതിന് യാതൊരു മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടില്ല. മറിച്ച് ഹെഡ്മാസ്റ്റർമാർ ഹാജരാക്കിയ വൗച്ചറുകളുടെ അടിസ്ഥാനത്തിൽ മുഴുവൻ തുകയും നൽകാനാണ് നടപടികൾ സ്വീകരിച്ചത്.
4. പ്രോജക്ടിന് DPC അംഗീകാരം ലഭിച്ചത് 29.02.2012 ൽ മാത്രമാണെങ്കിലും 2011 ഒക്ടോബർ മുതലുള്ള വൗച്ചറുകളാണ് സ്കൂളുകൾ ഹാജരാക്കിയതും നിർവ്വഹണോദ്യോഗസ്ഥ അംഗീകരിച്ചതും. ഇത് നിയമവിരുദ്ധമാണ്.
5. "വിദഗ്ധ അധ്യാപകരെക്കൊണ്ട് ഓരോ വിഷയത്തിലും കുറഞ്ഞത് പത്ത് ചോദ്യപേപ്പർ അടങ്ങുന്ന വർക്ക് ബുക്ക് തയ്യാറാക്കി വിദ്യാർത്ഥികളെക്കൊണ്ട് ചെയ്യിക്കുക" എന്ന പ്രവർത്തനം നടത്താൻ വേണ്ടി യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. പഠന നിലവാരം ഉയർത്തുന്നതിനുവേണ്ടി പ്രവർത്തന ങ്ങളൊന്നും നടത്താത്ത സ്കൂളുകളിൽ ഭക്ഷണത്തിന്റെ ചെലവിന് മാത്രമായി

LOCAL FUND AUDIT DEPARTMENT

തുക നല്കാൻ തീരുമാനിച്ചത് അംഗീകരിക്കാൻ കഴിയാത്ത പ്രവർത്തനമാണ്. (സർക്കാർ ധനസഹായത്തോടൊപ്പം ഭക്ഷണം സ്കൂളുകളിൽ ഇപ്പോൾതന്നെ നല്കിവരുന്നുണ്ട്)

മാർച്ച് ആദ്യവാരം SSLC പരീക്ഷ ആരംഭിക്കും എന്നിരിക്കെ 29.02.2012 ൽ മാത്രം DPC അംഗീകാരം ലഭിച്ച ഈ പ്രോജക്ട്, പ്രോജക്ട് കലണ്ടർ അനുസരിച്ച് നടപ്പിലാക്കാൻ കഴിയില്ല എന്ന ലളിതമായ യാഥാർത്ഥ്യം നിലനിൽക്കെയാണ് പദ്ധതിക്കായി വികസന ഫണ്ടിൽ വകയിരുത്തിയിരുന്ന മുഴുവൻ തുകയും നിലവിലുള്ള ധനവിനിയോഗ മാനദണ്ഡങ്ങൾ ലംഘിച്ച് മുൻകൂറായി പിൻവലിച്ചത്.

ഈ സാഹചര്യത്തിൽ നിലവിലുള്ള ധനവിനിയോഗ മാനദണ്ഡങ്ങളും പ്രോജക്ട് നിർദ്ദേശങ്ങളും ലംഘിച്ച് നിർവ്വഹണോദ്യോഗസ്ഥയായ തിരുവനന്തപുരം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ മുൻകൂറായി പിൻവലിച്ച് ബാങ്കിൽ സൂക്ഷിച്ചിട്ടുള്ള 5,65,000/- രൂപ, ഈ തുക പിൻവലിച്ച 05.03.2012 മുതൽ തിരച്ചടക്കുന്ന തീയതി വരെ 18% പലിശ സഹിതം ട്രഷറിയിൽ തിരിച്ചടക്കേണ്ടതും ചെലാൻ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

3.6.18 ചലച്ചിത്ര അവബോധന ക്യാമ്പ് ചലച്ചിത്രമേളയാക്കി മാറ്റി- പദ്ധതി ലക്ഷ്യം കണ്ടില്ല- 3,00,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

പ്രോജക്ടിന്റെ പേര്	: 'ദൃശ്യ' - കുട്ടികൾക്കായി ചലച്ചിത്ര അവബോധന ക്യാമ്പ്.
പ്രോജക്ട് നമ്പർ	:87/2011-12
അടങ്കൽ തുക	: 3,00,000/- (വികസന ഫണ്ട്)
നിർവ്വഹണോദ്യോഗസ്ഥ	: വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ
ഫയൽ നമ്പർ	: സി.3/23860/2011

നഗരത്തിലെ സർക്കാർ, സർക്കാർ എയ്ഡഡ് ഹൈസ്കൂളുകളിൽ നിന്നും, ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിന്നും തെരഞ്ഞെടുത്ത 100 വിദ്യാർത്ഥികൾക്കു വേണ്ടി 6 ദിവസം നീണ്ടു നിൽക്കുന്ന ചലച്ചിത്ര അവബോധന ക്യാമ്പ് സംഘടിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രോജക്ട് രൂപീകരിച്ചത്.

പദ്ധതിയ്ക്കായി വകയിരുത്തിയിരുന്ന മുഴുവൻ തുകയും, ധനവിനിയോഗ മാർഗ്ഗ രേഖകൾ ലംഘിച്ച് 05.03.2012 ൽ മുൻകൂറായി പിൻവലിച്ച് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. 2012 മാർച്ച് 16,17 തീയതികളിൽ വഴുതക്കാട് കലാഭവൻ തീയറ്ററിൽ വെച്ച് ഇറാൻ, ഫ്രാൻസ്, അമേരിക്ക, ജപ്പാൻ എന്നിവിടങ്ങളിൽ നിന്നുള്ള 5 ചലച്ചിത്രങ്ങൾ കുട്ടികൾക്കായി പ്രദർശിപ്പിച്ചു. പ്രോജക്ടിനായി വകയിരുത്തിയിരുന്ന മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

തെരഞ്ഞെടുത്ത 100 വിദ്യാർത്ഥികൾക്കു വേണ്ടി ക്യാമ്പ് നടത്താനാണ് പ്രോജക്ടിൽ നിർദ്ദേശിച്ചിരുന്നത്. എന്നാൽ പ്രസ്തുത പരിപാടിയിൽ 653 കുട്ടികൾ പങ്കെടുത്തതായി രജിസ്ട്രേഷൻ പട്ടിക വ്യക്തമാക്കുന്നു.
ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾക്കായാണ് ക്യാമ്പ് സംഘടിപ്പിക്കേണ്ടത് എന്ന് പ്രോജക്ടിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും പങ്കെടുത്ത 653 കുട്ടികളിൽ 115 പേർ എൽ.പി.സ്കൂളിലും 293 പേർ യു.പി.സ്കൂളിലും പഠിക്കുന്നവരാണ്. ഗുണഭോക്താക്കൾ സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളിലെ

LOCAL FUND AUDIT DEPARTMENT

വിദ്യാർത്ഥികളായിരിക്കണം എന്നിരിക്കെ നഗരത്തിലെ 8 അൺ എയ്ഡഡ് സ്കൂളിലെ വിദ്യാർത്ഥികളും പരിപാടിയിൽ പങ്കെടുത്തിട്ടുണ്ട്.

6 ദിവസം നീണ്ടു നിൽക്കുന്ന ക്യാമ്പ് സംഘടിപ്പിക്കാനാണ് പ്രോജക്ട് നിർദ്ദേശമെങ്കിലും രണ്ടു ദിവസങ്ങൾകൊണ്ട് അഞ്ച് ചലച്ചിത്രങ്ങൾ പ്രദർശിപ്പിക്കുകയാണുണ്ടായത്. സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിൽ വഴുതക്കാട് സ്ഥിതിചെയ്യുന്ന കലാഭവൻ തീയറ്റർ രണ്ടു ദിവസത്തേയ്ക്ക് വാടകയ്ക്കെടുത്താണ് ചലച്ച്രിതങ്ങൾ പ്രദർശിപ്പിച്ചത്. ഇതിന്റെ വാടകയിനത്തിൽ രണ്ടു ദിവസത്തേയ്ക്ക് ചലച്ചിത്ര വികസന കോർപ്പറേഷന് 35,000/- രൂപയും, ഭക്ഷണയിനത്തിൽ 1,71,600/- രൂപയും വോളണ്ടിയർമാർക്ക് 10,400/- രൂപ പ്രതിഫലവും നൽകിയിട്ടുണ്ട്.

പ്രോജക്ടിന്റെ നടത്തിപ്പ് വിദ്യാഭ്യാസ സാംസ്കാരിക കായിക യുവജനകാര്യ വർക്കിംഗ് ഗ്രൂപ്പ് മോണിട്ടർ ചെയ്യണം എന്നാണ് പ്രോജക്ടിലെ നിർദ്ദേശമെങ്കിലും ഒരിക്കൽ പോലും വർക്കിംഗ് ഗ്രൂപ്പ് യോഗം ചേരുകയോ പ്രോജക്ടിന്റെ നിർവ്വഹണം മോണിട്ടർ ചെയ്യുകയോ ചെയ്തിട്ടില്ല.

ചലച്ചിത്രം എന്ന മാധ്യമത്തെ അതിൽ അഭിരുചിയുള്ള 100 ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾക്ക് ഗൗരവമായി സമീപിക്കാനും വിമർശന ബുദ്ധിയോടെ നിരീക്ഷിക്കാനും പഠനങ്ങളും നിരൂപണങ്ങളും നടത്താനുമൊക്കെയായി രൂപീകരിച്ച പ്രോജക്ട് 653 വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള ഒരു ചലച്ചിത്രമേള മാത്രമായി മാറി. പരിപാടിക്കുവേണ്ടി തയ്യാറാക്കിയ ലഘുലേഖയിൽ "ഇന്ത്യയിലാദ്യമായി ഒരു നഗരസഭ സംഘടിപ്പിക്കുന്ന കുട്ടികളുടെ ചലച്ചിത്രമേള" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിൽ നിന്നുതന്നെ ചലച്ചിത്ര അവബോധന ക്യാമ്പ് അല്ല കുട്ടികളുടെ ചലച്ചിത്ര മേളയാണ് സംഘടിപ്പിച്ചത് എന്ന് വ്യക്തമാകുന്നു. ഫ്രഞ്ച്, പേർഷ്യൻ, ജാപ്പനീസ്, ഇംഗ്ലീഷ് ഭാഷകളിലുള്ള ചിത്രങ്ങൾ ഭൂരിഭാഗവും LP, UP സ്കൂൾ വിദ്യാർത്ഥികളായുള്ള സദസിനു മുൻപിൽ പ്രദർശിപ്പിക്കുന്നതിലെ യുക്തിരാഹിത്യവും നിർവ്വഹണോ ദ്യോഗസ്ഥ കണക്കിലെടുത്തില്ല. പൊതുപണം ചെലവാക്കി വിദ്യാഭ്യാസ മേഖലയിൽ ഒരു പ്രോജക്ട് കൂടി നടപ്പിലാക്കി എന്നു കാണിക്കാൻ വേണ്ടി മാത്രം യാതൊരു ആസൂത്രണവുമില്ലാതെ നടപ്പിലാക്കിയ ഒരു പ്രോജക്ടായി മാറി ഇത്.

പ്രോജക്ടിൽ പറയുന്ന തരത്തിലുള്ള ചലച്ചിത്രാവബോധന ക്യാമ്പ് നടത്താനോ, കുട്ടികൾക്ക് സിനിമ കാണുന്നതിനുവേണ്ടി ഒരു പ്രോജക്ട് നടപ്പിലാക്കാനോ വികസന ഫണ്ട് വിനിയോഗിക്കാൻ പാടില്ലാത്തതാണ്. (സ.ഉ.(ജി.ഒ.എം.എസ്) 183/07 ത.സ്വ.ഭ.വ തീയതി 24.07.2007. യാതൊരു ആസൂത്രണവും ഇല്ലാതെയും ഡി.പി.സി അംഗീകരിച്ച പ്രോജക്ടിൽ നിന്നും വ്യതിചലിച്ചും വികേന്ദ്രീകൃതാസൂത്രണ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെയും നടപ്പിലാക്കിയതുമൂലം 3,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

LOCAL FUND AUDIT DEPARTMENT

3.6.19 SSA പദ്ധതിക്ക് തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതം – വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമല്ല– 1,60,00,000/– രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ	68/2011–12
അടങ്കൽ തുക	1,80,00,000/– (വികസന ഫണ്ട് – 1,60,00,000) (തനതു ഫണ്ട് – 20,00,000)
നിർവ്വഹണോദ്യോഗസ്ഥൻ	വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ
ഫയൽ നമ്പർ	C3/23851/2011
ചെലവ്	1,60,00,000/– (DD.No.25650/01.03.2012–80,00,000) (DD.No.25672/05.03.2012–80,00,000)

സർവ്വശിക്ഷാ അഭിയാൻ പദ്ധതിക്കുള്ള തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതമായ 1,80,00,000/– രൂപ നൽകുന്നതിനായാണ് പ്രോജക്ട് തയ്യാറാക്കിയത്. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ 27.2.2012 ലെ സി.3/23851/2011–ാം നമ്പർ ഉത്തരവ് പ്രകാരം 1,60,00,000/– രൂപ രണ്ട് ഡിമാന്റ് ഡ്രാഫ്റ്റുകളായി SSA ജില്ലാ പ്രോജക്ട് ഓഫീസർക്ക് നൽകി. (തനതു ഫണ്ടിൽ നിന്നും വകയിരുത്തിയിരുന്ന 20,00,000/– രൂപയുടെ അലോട്ട്മെന്റ് നഗരസഭയിൽ നിന്ന് ലഭിക്കാത്തതിനാൽ ഈ തുക SSA ക്ക് നൽകിയിട്ടില്ല). പിന്നീട് വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ ആവശ്യപ്പെട്ടതിനെത്തുടർന്ന് SSA ജില്ലാ പ്രോജക്ട് ഓഫീസർ 20.06.2012 ലെ SSA (2)/1223/2012/DPO/Tvpm നം.കത്തു പ്രകാരം ആയത് ലഭ്യമാക്കുകയും ചെയ്തു.

എന്നാൽ 1,60,00,000/– രൂപ നൽകിയതിന് ഹാജരാക്കിയിരിക്കുന്ന വിനിയോഗ സർട്ടിഫിക്കറ്റ് 2,48,82,559/– രൂപയുടേതാണ്. ഇതാകട്ടെ നഗരസഭയുടെ വിഹിതം ലഭിക്കാൻ വേണ്ടി SSA ജില്ലാ പ്രോജക്ട് ഓഫീസർ 06.12.2011 ൽ ഹാജരാക്കിയ വാർഷിക ആക്ഷൻ പ്ലാനിന്റെ പകർപ്പ് തന്നെയാണ്. ഇതിൽ നിന്നും നഗരസഭ നൽകിയ 1,60,00,000/– രൂപ ഏതൊക്കെ പ്രവർത്തനങ്ങൾക്കായി എപ്രകാരം ചെലവഴിച്ചു എന്ന് വ്യക്തമല്ല. കൂടാതെ പദ്ധതിയുടെ മോണിട്ടറിംഗും നടന്നിട്ടില്ല.

പദ്ധതിയുടെ നിർവ്വഹണത്തിനായി അനുവദിച്ച തുക മുഴുവനും യഥാവിധി ഉപയോഗിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥന്റെ ചുമതലയാണ്. ഈ പദ്ധതിക്കായി SSA ക്ക് കൈമാറി നൽകിയിട്ടുള്ള 1,60,00,000/– രൂപയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഈയിനത്തിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നടത്തിയ 1,60,00,000/– രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

LOCAL FUND AUDIT DEPARTMENT

ഈ തുക ചെലവിട്ടതിന്റെ വിശദാംശങ്ങളും വിനിയോഗ സർട്ടിഫിക്കറ്റും നിർവ്വഹണോദ്യോഗസ്ഥൻ ഹാജരാക്കേണ്ടതാണ്. (അനുബന്ധം 11)

3.6.20 മാതൃകാവിദ്യാലയം (SCP) – ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. 6,08,277/– രൂപ/– തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ	: (894/11–12)
അടങ്കൽ തുക	: 30,00,000/– (വികസന ഫണ്ട്)
നിർവ്വഹണോദ്യോഗസ്ഥൻ	: ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം)
ഫയൽ നമ്പർ	: C3/4859/2012

നഗരത്തിലെ പട്ടികജാതി സങ്കേതങ്ങൾക്ക് സമീപം സ്ഥിതി ചെയ്യുന്നതും പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ കൂടുതൽ പഠിക്കുന്നതുമായ നഗരത്തിലെ കാഞ്ഞിരംപാറ ഗവ.എൽ.പി.സ്കൂളിനെ മാതൃകാവിദ്യാലയമാക്കി മാറ്റാനാണ് പ്രത്യേക ഘടക പദ്ധതിയിലുൾപ്പെടുത്തി പ്രോജക്ട് രൂപീകരിച്ചത്. വിദ്യാലയത്തിന്റെ ചുവരുകൾക്ക് ആകർഷകമായ നിറങ്ങൾ നൽകി ശിശുകേന്ദ്രീകൃതമാക്കാനും വിദ്യാലയങ്ങളിൽ എല്ലാവിധ സൗകര്യങ്ങളും (പൂന്തോട്ടം, കായികോപകരണങ്ങൾ, ലാബ്) PTA മുഖേന ഏർപ്പെടുത്താനുമാണ് ഉദ്ദേശിച്ചിരുന്നത്.

ഇതിലേയ്ക്കായി വകയിരുത്തിയിരുന്ന 30,00,000/– രൂപയും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ 31.3.2012 ൽ പിൻവലിച്ച് (ബിൽ നം.37/11–12) കാഞ്ഞിരംപാറ ഗവ.എൽ.പി.സ്കൂൾ ഹെഡ്മിസ്ട്രസിന് ഡിമാന്റ് ഡ്രാഫ്റ്റായി (നം.025899 തീയതി 03.04.2012) നൽകി. തുടർന്ന് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ ഹെഡ്മിസ്ട്രസ്സിനോട് 02.06.2012 ൽ ആവശ്യപ്പെട്ടു. 30% തുക മാത്രമേ വിനിയോഗിച്ചിട്ടുള്ളൂ എന്നും പണി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സർട്ടിഫിക്കറ്റ് അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കുന്നതാണെന്നും ഹെഡ്മിസ്ട്രസ് അറിയിച്ചു. (കാഞ്ഞിരംപാറ ഗവ.എൽ.പി.സ്കൂൾ ഹെഡ്മിസ്ട്രസിന്റെ 25.06.2012 ലെ 18/12–13–ാം നമ്പർ കത്ത്)

ധനവിനിയോഗം സംബന്ധിച്ച 12.04.2006 ലെ ജി.ഒ (പി)177/2006/ഫിൻ സർക്കാർ ഉത്തരവ്, 07.07.2011 ലെ 28691/AC1/08/ത.സ്വ.ഭ.വ നം.സർക്കുലർ എന്നിവ ലംഘിച്ചാണ് പദ്ധതിക്ക് വകയിരുത്തിയിരുന്ന മുഴുവൻ തുകയും മുൻകൂർ പിൻവലിച്ച് കാഞ്ഞിരംപാറ ഗവ.എൽ.പി.സ്കൂൾ ഹെഡ്മിസ്ട്രസിന് നൽകിയത്. പ്രസ്തുത സ്കൂളിനെ മാതൃകാവിദ്യാലയം ആക്കിമാറ്റാൻ എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കേണ്ടത് എന്നതു സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥ യാതൊരു തീരുമാനങ്ങളും കൈക്കൊണ്ടിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ആയിരിക്കെ 30,00,000/– രൂപ പ്രസ്തുത സ്കൂളിലെ ഹെഡ്മിസ്ട്രസിന് കൈമാറിയത് എന്തിനാണെന്ന് വ്യക്തമല്ല. പദ്ധതിയുടെ നിർവ്വഹണം ഏതു ഘട്ടത്തിലാണെന്നോ എത്രമാത്രം ചെലവഴിച്ചുവെന്നോ നിർവ്വഹണോദ്യോഗസ്ഥയ്ക്ക് അറിയില്ല. വിദ്യാഭ്യാസ സംസ്കാരിക, കായിക യുവജനകാര്യ വർക്കിംഗ് ഗ്രൂപ്പ് ഒരു ഘട്ടത്തിലും മോണിട്ടറിംഗ് നടത്തിയിട്ടില്ല. ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന്, സ്കൂൾ ഹെഡ്മാസ്റ്റർ ചെലവഴിക്കാതെ അക്കൗണ്ടിലുണ്ടായിരുന്ന 23,91,723/– രൂപ

LOCAL FUND AUDIT DEPARTMENT

ട്രഷറിയിൽ തിരികെ ഒടുക്കിയിട്ടുണ്ട്. (ചെലാൻ നമ്പർ 926/തീയതി 11.12.12) 6,08,277/- രൂപയുടെ ചെലവിന്റെ രേഖകൾ ഒന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ടി ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3.6.21 മാതൃകാവിദ്യാലയം- വ്യക്തമായ രൂപരേഖയോ, എസ്റ്റിമേറ്റോ ഇല്ലാതെ തുക പിൻവലിച്ചു

പ്രോജക്ട്	: മാതൃകാ വിദ്യാലയം
പ്രോജക്ട് നമ്പർ	: 76/12
ഫയൽ നമ്പർ	: സി.3/23857/11
പദ്ധതി തുക	: 20 ലക്ഷം രൂപ (മെയിന്റനൻസ് ഫണ്ട് - റോഡിതരം)
നിർവ്വഹണോദ്യോഗസ്ഥൻ	:വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ

നഗരത്തിലെ സർക്കാർ വിദ്യാലയങ്ങളെ ആകർഷകമാക്കുന്നതിനും, വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. വിദ്യാലയങ്ങളുടെ ചുമരുകൾക്ക് ആകർഷകനിറം നൽകുക, വിദ്യാലയ മുറ്റത്ത് ഉദ്യാനം നിർമ്മിക്കുക, കളി ഉപകരണങ്ങൾ ലഭ്യമാക്കുക മുതലായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്.

എൽ.പി.വിഭാഗത്തിൽ ആറും, യു.പി.വിഭാഗത്തിൽ രണ്ടും വീതം ആകെ എട്ട് വിദ്യാലയങ്ങളെയാണ് 2011-12 സാമ്പത്തിക വർഷത്തിൽ പദ്ധതി നടത്തിപ്പിനായി നഗരസഭ തെരഞ്ഞെടുത്തത്. പ്രസ്തുത പദ്ധതിയ്ക്കായി മെയിന്റനൻസ് ഫണ്ടിൽ (റോഡിതരം) നിന്നും അനുവദിച്ച 20 ലക്ഷം രൂപ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ 23.02.2012 ലെ സി.3/23857/11-ാം നമ്പർ ഉത്തരവ് പ്രകാരം പിൻവലിച്ച് ഡിമാന്റ് ഡ്രാഫ്റ്റുകളായി മാറ്റി ചുവടെ ചേർക്കുന്ന എട്ട് വിദ്യാലയങ്ങൾക്കും വിതരണം ചെയ്തതായി ഫയലിൽ നിന്നും വ്യക്തമാകുന്നു.

1.ഗവ.യു.പി.എസ്,കുടപ്പനക്കുന്ന്	: 3ലക്ഷം രൂപ (ഡി.ഡി.നം.274910/27.2.12)
2. ഗവ.എൽ.പി.എസ്, മുടിപ്പുര	: 2ലക്ഷം രൂപ (ഡി.ഡി.നം.274906/27.2.12)
3.ഗവ.യു.പി.എസ്.കമലേശ്വരം	:2 ലക്ഷം രൂപ (ഡി.ഡി.നം.274904/27.2.12)
4. ഗവ.യു.പി.എസ്. തിരുമല	:3 ലക്ഷം രൂപ (ഡി.ഡി.നം.274905/27.2.12)
5. ഗവ.എൽ.പി.എസ്, വലിയ ഉദ്യേശ്വരം	:2 ലക്ഷം രൂപ (ഡി.ഡി.നം.274911/27.2.12)
6.ഗവ.യു.പി.എസ്, കാട്ടായിക്കോണം	:3 ലക്ഷം രൂപ (ഡി.ഡി.നം.274907/27.2.12)
7.ഗവ.എൽ.പി.എസ്, പാങ്ങോട്	:3 ലക്ഷം രൂപ (ഡി.ഡി.നം.274908/27.2.12)
8.ഗവ.എൽ.പി.എസ്.മണക്കൽ	:2 ലക്ഷം രൂപ (ഡി.ഡി.നം.274909/27.2.12)

ആകെ 20 ലക്ഷം രൂപ.

ഗവ.യു.പി.എസ്, കാട്ടായിക്കോണം, ഗവ.എൽ.പി.എസ്, പാങ്ങോട് എന്നിവ തുക (3 ലക്ഷം രൂപാ വീതം) കൈപ്പറ്റിയെങ്കിലും (ഡി.ഡി.നം.274907/27.2.12, 274908/27.2.12), ഡിമാന്റ് ഡ്രാഫ്റ്റ് ഇഷ്യൂ ചെയ്ത രജിസ്റ്ററിൽ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ, അനുവദിച്ച തുക പൂർണ്ണമായും മുൻകൂറായി പിൻവലിച്ച വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി 12.04.2006 ലെ ജി.ഒ(പി)177/2006/ധന.നമ്പർ ഉത്തരവിന് വിരുദ്ധമാണ്.

LOCAL FUND AUDIT DEPARTMENT

കൂടാതെ പദ്ധതിയുടെ നിർവ്വഹണ ചുമതലയുണ്ടായിരുന്ന വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നേരിട്ട് പ്രവർത്തനങ്ങൾ നടത്തേണ്ടതിനു പകരം അതത് വിദ്യാലയ അധികൃതരെ പണം ഏൽപ്പിച്ചത് ക്രമപ്രകാരമല്ല.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ധനവിനിയോഗപത്രം, ചെലവ് വിവരങ്ങൾ തുടങ്ങിയവയൊന്നും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ഉപയോഗിച്ച് നടപ്പാക്കാൻ കഴിയാത്ത പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. സ്കൂളുകളിൽ ഉദ്യാനം നിർമ്മിക്കുക, കളി ഉപകരണങ്ങൾ വാങ്ങുക എന്നിവ മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ഉപയോഗിച്ച് നടപ്പാക്കാൻ കഴിയാത്ത പ്രവൃത്തികളാണ് (ജി.ഒ.(എം.എസ്)330/2004/ത.സ്വ.ഭ.വ തീയതി 9.12.04). ആവശ്യമായ ആസ്തിയുടെ യൂണിറ്റ്/സ്പെസിഫിക്കേഷൻ തുടങ്ങിയ വിവരങ്ങൾ പ്രോജക്ടിൽ വ്യക്തമാക്കിയിട്ടില്ല. വിദ്യാലയങ്ങളിൽ നടത്തേണ്ട പ്രവർത്തനങ്ങളുടെ വ്യക്തമായ വിവരങ്ങളോ എസ്റ്റിമേറ്റോ പ്രൊജക്ടിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

ചെലവ് രേഖകളുടെ അഭാവത്തിൽ 20,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

3.6.22 "തുടർ വിദ്യാഭ്യാസം" പ്രോജക്ടിലെ നിർദ്ദേശത്തിന് വിരുദ്ധമായി സാക്ഷരതാമിഷന് തുക നൽകി– 7,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ	: 72/11-12
പ്രോജക്ടിന്റെ പേര്	: തുടർ വിദ്യാഭ്യാസം
അടങ്കൽ തുക	: 10,00,000/-(വികസനഫണ്ട് - 7,00,000/-) (തനതു ഫണ്ട് - 3,00,000/-)
നിർവ്വഹണോദ്യോഗസ്ഥൻ	: ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം)
ഫയൽ നമ്പർ	: C3/23855/2011

ഔപചാരിക വിദ്യാഭ്യാസത്തിന് അവസരം കിട്ടാതെപോയവർക്കും ഇടയ്ക്കുവെച്ച് പഠനം നിർത്തേണ്ടി വന്നവർക്കും നഗരസഭ നടപ്പിലാക്കുന്ന അനൗപചാരിക വിദ്യാഭ്യാസ പരിപാടിയിലൂടെ 4, 7, 10-ാം തരങ്ങൾക്ക് തുല്യതാ പഠനത്തിന് അവസരമൊരുക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി ആവിഷ്കരിച്ചത്. 17 നും 50 നും ഇടയിൽ പ്രായമുള്ള 4-ാം തരം തുല്യതാ പരീക്ഷ ജയിച്ചവർ, 7-ാം തരം തുല്യതാ പരീക്ഷ ജയിച്ചവർ, 2005 ന് മുൻപ് SSLC തോറ്റവർ, 8-ാം ക്ലാസ്സിനും 10-ാം ക്ലാസ്സിനുമിടയിൽ പഠനം നിർത്തിയവർ എന്നിവരാണ് ഗുണഭോക്താക്കൾ. 10-ാം ക്ലാസ്സ് പാസ്സാകാത്ത BPL വിഭാഗക്കാർക്ക് പദ്ധതിയിൽ മുൻഗണന നൽകിയിട്ടുണ്ട്.

പദ്ധതിയുടെ നടത്തിപ്പിനായി പഠിതാക്കളുടെ ലിസ്റ്റും പ്രവർത്തന റിപ്പോർട്ടും ആവശ്യപ്പെട്ടുകൊണ്ട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ 14.12.2011 ൽ സാക്ഷരതാമിഷൻ ജില്ലാ കോ-ഓർഡിനേറ്റർക്ക് അയച്ചെങ്കിലും മറുപടിയൊന്നും ലഭിച്ചില്ല. തുടർന്ന് വികസന ഫണ്ടിൽ വകയിരുത്തിയിരിക്കുന്ന 7,00,000/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ഡിമാന്റ് ഡ്രാഫ്റ്റായി സാക്ഷരതാമിഷൻ

LOCAL FUND AUDIT DEPARTMENT

കോ–ഓർഡിനേറ്റർക്ക് 05.03.2012 ൽ അയച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ ഇതു കൈപ്പറ്റിയതിന്റെ രസീതോ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി എന്നതിന്റെ റിപ്പോർട്ടോ ഫയലിൽ ലഭ്യമല്ല. സാക്ഷരതാ മിഷൻ ജില്ലാ കോ–ഓർഡിനേറ്ററോട് വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 02.06.2012 ൽ കത്തയച്ചിട്ടുള്ളതുമാത്രമാണ് പണം നൽകിയ ശേഷം സ്വീകരിച്ച ഏക നടപടി.

"തുടർ വിദ്യാഭ്യാസം" എന്ന പദ്ധതി വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നേരിട്ട് നിർവ്വഹിക്കണം എന്നാണ് ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പ്രോജക്ടിലെ നിർദ്ദേശം. സാക്ഷരതാമിഷൻ ജില്ലാ കോ–ഓർഡിനേറ്ററെ പദ്ധതി നടത്തിപ്പിൽ പങ്കാളിയാക്കാൻ യാതൊരു നിർദ്ദേശവും പ്രൊജക്ടിൽ ഇല്ലെന്നിരിക്കെ പദ്ധതിക്കായി വകയിരുത്തിയ തുക സാക്ഷരതാമിഷന് നൽകിയ നടപടി ക്രമവിരുദ്ധമാണ്. പണം നൽകിയതൊഴിച്ചാൽ പദ്ധതിയുടെ നിർവ്വഹണം ഏതു ഘട്ടത്തിൽ എത്തി എന്നുപോലും നിർവ്വഹണോദ്യോഗസ്ഥനായ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ചിട്ടില്ല. വികസന സാംസ്കാരിക കായിക യുവജനകാര്യ വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് നടത്തണം എന്ന് പ്രൊജക്ടിൽ നിർദ്ദേശമുണ്ടെങ്കിലും ഒരു ഘട്ടത്തിലും മോണിട്ടറിംഗ് നടന്നിട്ടില്ല. 10,00,000/– രൂപയാണ് പദ്ധതിയുടെ അടങ്കൽ എന്ന് പ്രൊജക്ടിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും പ്രോജക്ടിനോടൊപ്പം ചേർത്തിട്ടുള്ള വിശദമായ ധനകാര്യ വിശകലന പത്രിക പ്രകാരം ആകെ അടങ്കൽ 10,25,000/– രൂപയാണ്. ഇതിൽ നിന്നുംതന്നെ വ്യക്തമായ ആസൂത്രണവും സൂക്ഷ്മതയുമില്ലാതെയാണ് ഈ പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാണ്. ചുരുക്കത്തിൽ നഗരസഭയുടെ പദ്ധതി വിഹിതം ജില്ലാ സാക്ഷരതാമിഷന് കൈമാറാൻവേണ്ടി മാത്രമുള്ള ഒന്നായി ഈ പദ്ധതി മാറി.

ഭാവിയിൽ ചെലവുണ്ടാകും എന്ന നിഗമനത്തിൽ പദ്ധതി തുക പിൻവലിക്കാൻ പാടുള്ളതല്ല എന്ന് പദ്ധതി ധനവിനിയോഗം സംബന്ധിച്ച് 12.04.2006 ൽ സർക്കാർ പുറപ്പെടുവിച്ച ജി.ഒ (പി)177/2006/ഫിൻ ഉത്തരവിലെ ഖണ്ഡിക 6.1 ൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ നിർദ്ദേശം ലംഘിച്ചുകൊണ്ടാണ് നിർവ്വഹണോദ്യോഗസ്ഥനായ വിദ്യാഭ്യാസ ഡെപ്യൂട്ടിഡയറക്ടർ വികസന ഫണ്ടിൽ നിന്നും 7,00,000/– രൂപ പിൻവലിച്ചത്. ചെലവ് രേഖകളുടെ അഭാവത്തിൽ 7,00,000/– രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3.6.23 യു.പി.വിദ്യാലയങ്ങളിലെ ലാബ് ഉപകരണ വിതരണം– കൂടിയ നിരക്കിലെ ക്വട്ടേഷൻ അംഗീകരിച്ചു–നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം

പ്രോജക്ട് നമ്പർ – SO 78/12
പ്രോജക്ട് – ' ലാബ് ഉപകരണ വിതരണം – യു.പി. വിദ്യാലയങ്ങളിൽ'
അടങ്കൽ – 10 ലക്ഷം (സംരക്ഷണ ഗ്രാന്റ് –റോഡിതരം)
പിൻവലിച്ച തുക –985541/– ബിൽ നം.22/11–12/31.3.12
നിർവ്വഹണ ഉദ്യോഗസ്ഥ – എച്ച്.എം, യു.പി.എസ്.ഫോർട്ട്

നഗരത്തിലെ യു.പി.വിദ്യാലയങ്ങളിൽ ആധുനിക രീതിയിലുള്ള ലാബ് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതി. പദ്ധതി നടത്തിപ്പിലെ പ്രധാന അപാകങ്ങൾ താഴെ ചേർക്കുന്നു.

LOCAL FUND AUDIT DEPARTMENT

1) റേറ്റ് കോൺട്രാക്റ്റ് നിലവിലുള്ള സ്ഥാപനങ്ങളിൽ നിന്നും മാത്രമേ സാധനങ്ങൾ വാങ്ങാവൂ എന്ന് കേരള സ്റ്റോർ പർച്ചേസ് മാന്വൽ – ഖണ്ഡിക 66 (എ), 63, കേരള ഫിനാൻഷ്യൽ കോഡ് –ആർട്ടിക്കിൾ 141, ജി.ഒ.(പി)259/10 ത.സ്വ.ഭ.വ തീയതി 8.11.2010 എന്നിവയിലൂടെ സർക്കാർ കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. ലാബ് ഉപകരണങ്ങൾ സപ്ലൈ ചെയ്യുന്നതിന് സിഡ്കോയ്ക്ക് റേറ്റ് കോൺട്രാക്ട് നിലവിലുണ്ട്. (GO(Rt)No.56/11 SPD dt.21.11.11) റേറ്റ് കോൺട്രാക്റ്റ് ഉള്ള സ്ഥാപനത്തിൽ നിന്നും ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിന് പകരം പ്രാദേശികമായി ക്വട്ടേഷൻ ക്ഷണിച്ച് ലാബ് ഉപകരണങ്ങൾ വാങ്ങിയത് നിലവിലുള്ള നിയമങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും ഘടകവിരുദ്ധമായ നടപടിയാണ്. റേറ്റ് കോൺട്രാക്റ്റ് ഉള്ളവരിൽ നിന്നല്ലാതെ സാധനങ്ങൾ വാങ്ങുന്നതിന് സ്റ്റോർ പർച്ചേസ് വകുപ്പിന്റെ മുൻകൂർ അനുമതി വാങ്ങണമെന്ന സർക്കുലർ നം.4874/എ3/98/ എസ്.പി.ഡി.സ്റ്റോർസ്സ് (എ) വകുപ്പ് തീയതി 08.01.99 ലെ നിർദ്ദേശം ഇവിടെ പാലിച്ചിട്ടില്ല.
2) മേൽ പരാമർശിച്ച 8.11.2010 ലെ സർക്കാർ ഉത്തരവ് പ്രകാരം സാധനങ്ങൾ വാങ്ങുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥ ഉൾപ്പെട്ട ഒരു പർച്ചേസിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ട്. എന്നാൽ ഇപ്രകാരം പർച്ചേസിംഗ് കമ്മിറ്റി രൂപീകരിക്കുകയോ വാങ്ങി നല്കിയ ലാബ് ഉപകരണങ്ങൾ ഗുണനിലവാരം ഉള്ളവയാണ് എന്ന് അധികാരസ്ഥാനങ്ങളിലുള്ള ആരുംതന്നെ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.
3) സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം അനുസരിച്ച് ഓരോ സ്കൂളിനും നല്കേണ്ട ലാബ് ഉപകരണങ്ങളുടെ എണ്ണം നിശ്ചയിക്കുന്നതിന് പകരം, എല്ലാ സ്കൂളുകൾക്കും തുല്യ എണ്ണം ലാബ് ഉപകരണങ്ങൾ നല്കിയ നടപടിയും ക്രമപ്രകാരമല്ല.

4) കൂടാതെ, നിയമങ്ങളും സർക്കാർ ഉത്തരവുകളും പാലിയ്ക്കാതെ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങിയതിലും ഗുരുതരമായ ക്രമക്കേടു കാണുന്നു. ലാബ് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൻ പ്രകാരം മൂന്ന് ക്വട്ടേഷനുകൾ ലഭിച്ചു. ഇതിൽ താരതമ്യേന നിരക്ക് കുറവുള്ള ക്വട്ടേഷൻ അംഗീകരിക്കുന്നതിനു പകരം കൂടിയ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചത് സാമ്പത്തിക നഷ്ടത്തിന് ഇടയാക്കി.

ലഭിച്ച മൂന്ന് ക്വട്ടേഷനുകളും ടാബുലേറ്റ് ചെയ്ത് സെലക്ഷൻ നടത്തിയപ്പോൾ, പർച്ചേസ് ചെയ്യാത്ത ഉപകരണങ്ങളുടെ വില കൂടി ഉൾപ്പെടുത്തി. ലഭ്യമായ ക്വട്ടേഷനുകളിൽ 'ജൂപ്പിറ്റർ' എന്ന സ്ഥാപനം മാത്രം ചില ഇനങ്ങളുടെ നിരക്ക് ക്വോട്ട് ചെയ്തിരുന്നു. സെലക്ഷൻ നടത്തിയപ്പോൾ ഈ ഇനങ്ങളുടെ വിലകൂടി ഉൾപ്പെടുത്തിയതായി കാണുന്നു. ആയതിനാൽ ക്വട്ടേഷനുകളുടെ ആകെ നിരക്ക് താരതമ്യപ്പെടുത്തിയപ്പോൾ ഓരോ ഇനത്തിനും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത 'ജൂപ്പിറ്റർ' എന്ന സ്ഥാപനത്തിന്റെ ആകെ നിരക്ക്, മറ്റ് രണ്ട് സ്ഥാപനങ്ങളുടെ ആകെ നിരക്കിനേക്കാൾ 11,928/– രൂപയോളം വർദ്ധിക്കുകയും ചെയ്തു. തത്ഫലമായി ഓരോ ഇനത്തിനും കൂടിയ നിരക്ക് ക്വോട്ട് ചെയ്ത Central Scientific Supplies എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു. താരതമ്യേന നിരക്ക് കുറഞ്ഞ Jupiter ന്റെ ഉപകരണങ്ങൾ നികുതി ഉൾപ്പെടെ 5,97,176/– രൂപയ്ക്ക് വാങ്ങാമെന്നിരിക്കെ, നിരക്ക് കൂടിയ ഉപകരണങ്ങൾ

LOCAL FUND AUDIT DEPARTMENT

(ഗുണനിലവാരം ഉറപ്പാക്കാതെ തന്നെ) 9,78,621/– രൂപയ്ക്ക് വാങ്ങി. ഇതുമൂലം 3,81,445/– രൂപയുടെ നഷ്ടം (9,78,621 – 5,97,176) ഉണ്ടായിട്ടുണ്ട്.

വാങ്ങിയ ഉപകരണങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥ നിലവാരം ഉറപ്പാക്കി സ്റ്റോക്കിൽ ചേർത്ത് വിതരണം ചെയ്തതായി രേഖയില്ല. ലാബ് ഉപകരണങ്ങൾ വിതരണം ചെയ്ത സ്ഥാപനത്തിന്റെ ഇൻവോയ്സ്, സ്കൂളുകളുടെ കൈപ്പറ്റ് രസീതുകൾ എന്നിവയിലെ ഐറ്റം നം.71, 72 എന്നിവ പ്രകാരം Charts of Solar System, Charts of Soil type ആണ് വിതരണം ചെയ്തിരിക്കുന്നത്. എന്നാൽ 31.1.13 ൽ ബീമാപ്പള്ളി യു.പി.എസ്– ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ മേൽ പറഞ്ഞവയിൽ Charts of Soil type ലഭ്യമായിട്ടില്ല എന്നും Charts of Solar System ത്തിനു പകരം അതിന്റെ മോഡൽ ആണ് ലഭ്യമായത് എന്ന് ബീമാപ്പള്ളി എച്ച്.എം രേഖാമൂലം മറുപടി നൽകിയിട്ടുണ്ട്. ഇതിൽ നിന്നും വാങ്ങിയ എല്ലാ ഉപകരണങ്ങളും വിതരണം ചെയ്തിട്ടില്ല എന്ന് വ്യക്തമാണ്.

5) പത്രപരസ്യം നൽകിയതിന് 6920/– രൂപ ചെലവഴിച്ചിട്ടുണ്ട്. ടി ചെലവ് പ്രോജക്ടിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല.
6) പദ്ധതിപ്രകാരമുള്ള മോണിട്ടറിംഗും നടന്നിട്ടില്ല.

കൂടിയ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചതുമൂലമുണ്ടായ നഷ്ടം 3,81,445/– രൂപയും പത്രപരസ്യത്തിനു നൽകിയ 6920/– രൂപയും ഉൾപ്പെടെ 3,88,365/– രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഒഴികെ ചെലവഴിച്ച തുകയിൽ 5,97,176/– രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതിയ്ക്ക് 31.1.12 ൽ മുൻകൂർ അനുമതി നൽകിയ ബഹ.മേയർ, നിർവ്വഹണോദ്യോഗസ്ഥ എന്നിവരിൽ നിന്നും ഓഡിറ്റ് നിരാകരിച്ച തുക തുല്യമായി ഈടാക്കേണ്ടതാണ്.

3.6.24 "നഗരം സംഗീത സാന്ദ്രം" – പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ല

പ്രോജക്ട് നം.	:	എസ്.0077/12)
അടങ്കൽ	:	6 ലക്ഷം രൂപ (വികസനഫണ്ട് – 4,95,109/ – രൂപ മെയിന്റനൻസ് ഗ്രാന്റ് – 1,04,891/– രൂപ)
നിർവ്വഹണ ഉദ്യോഗസ്ഥ	:	എച്ച്.എം. ഗവ. യു.പി.എസ്. ഫോർട്ട്
ചെലവ് തുക	:	2,66,520/– രൂപ (ബിൽ നം. 20/11–12/തീയതി: 31.3.12)

നഗരത്തിലെ തെരഞ്ഞെടുത്ത എൽ.പി./യു.പി. വിദ്യാലയങ്ങളിൽ സംഗീത ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും ശാസ്ത്രീയ സംഗീതത്തിലും/ സംഗീത ഉപകരണങ്ങൾ വായിക്കുന്നതിലും തല്പരരായ വിദ്യാർത്ഥികൾക്ക് പരിശീലനം നല്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതി പ്രകാരം നഗരത്തിലെ 7 സ്കൂളുകളിൽ തബല, മൃദംഗം, ഹാർമോണിയം, വയലിൻ തുടങ്ങിയ സംഗീത ഉപകരണങ്ങൾ വാങ്ങി നൽകുകയും, വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി അഞ്ച് അധ്യാപകരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തു. സംഗീത

LOCAL FUND AUDIT DEPARTMENT

ഉപകരണങ്ങൾക്കായി M/S KICO, അടൂർ എന്ന സ്ഥാപനത്തിന് 2,19,600 /- രൂപയും (ഡി.ഡി.നം. 593296/27.4.12), അധ്യാപകർക്ക് ഓണറേറിയമായി 40,000 /- രൂപയും, പരസ്യചെലവ് 6920 /- രൂപയും ചേർത്ത് ആകെ 2,66,520 /- രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചു.

പദ്ധതിവിഹിതം ഉപയോഗിച്ച് സർക്കാർ സ്കുളുകളിൽ സംഗീത അദ്ധ്യാപകരെ നിയമിക്കുന്നതിനും സംഗീത ഉപകരണങ്ങൾ വാങ്ങി നല്കുന്നതിനും ജി.ഒ. (എം.എസ്.)183/2007 ത.സ്വ.ഭ.വ 24.7.07 സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശം ഇല്ല. സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശം ഇല്ലാത്ത ഏതൊരിനവും നടപ്പിലാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. സർക്കാർ അനുമതി ഇല്ലാതെ ദിവസവേതന അടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കാൻ പാടില്ല എന്നും 19.10.10 ലെ സ.ഉ. നം. 44667 ഇ.എം.2/08/ത.സ്വ.ഭ.വ ഉത്തരവിലും വ്യക്തമാക്കിയിട്ടുണ്ട്. ടി പദ്ധതിയ്ക്കായി നഗരസഭ സർക്കാരിന്റെ അനുവാദം ലഭ്യമാക്കിയതായും രേഖയില്ല. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 'നഗരം സംഗീത സാന്ദ്രം' എന്ന പദ്ധതിയ്ക്ക് 2,66,520/- രൂപ ചെലവഴിച്ചത് നിയമവിരുദ്ധമാണ്.

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടപ്പിലാക്കിയ പദ്ധതിയിൽ ധാരാളം ക്രമക്കേടുകൾ കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

1) വിദ്യാർത്ഥികൾക്ക് നൽകിയ സംഗീത പരിശീലനത്തെ സംബന്ധിച്ച് യാതൊരു വിവരങ്ങളും ലഭ്യമല്ല. ഏതെല്ലാം വിദ്യാർത്ഥികൾക്ക് എത്രനാൾ ഏതെല്ലാം സംഗീത ഉപകരണങ്ങളിൽ /ശാസ്ത്രീയ സംഗീതത്തിൽ പരിശീലനം നല്കി എന്നതിനും വിദ്യാർത്ഥികൾ പരിശീലനം പൂർത്തീകരിച്ചതിനും രേഖകൾ ഇല്ല. മോണിട്ടറിംഗ് റിപ്പോർട്ടും ഇല്ല. പരിശീലനത്തിനായി തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ ലിസ്റ്റ് കൗൺസിൽ അംഗീകരിച്ചതായും കാണുന്നില്ല.

2) സംഗീത ഉപകരണങ്ങൾ വിതരണം ചെയ്യാൻ M/S KICO അടൂർ എന്ന സ്ഥാപനത്തോട് 14.3.12 ലാണ് ആവശ്യപ്പെടുന്നത്. (കത്ത് നം. J6/155925/VI/Edu. തീയതി: 14.3.12). വിവിധ സ്കൂളുകൾ സംഗീത ഉപകരണങ്ങൾ കൈപ്പറ്റിയിരിക്കുന്നത് 31.3.12, 30.4.12, 14.5.12 എന്നീ തീയതികളിലാണ്. ഇവ വിതരണം ചെയ്യുന്നതിനു മുൻപു തന്നെ പദ്ധതി പണം പിൻവലിച്ച് M/S KICO, അടൂരിനു നൽകി. (കൈപ്പറ്റ് രസീത് നം. 487/27.4.12, ഡി.ഡി.നം. 593296/27.4.12).

3) അംഗീകൃത പദ്ധതി രേഖയുടെ പ്രവർത്തന കലണ്ടർ പ്രകാരം പദ്ധതി 2012 ഫെബ്രുവരി മാസം പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ പരിശീലനത്തിന് നിയമിക്കപ്പെട്ട അധ്യാപകരുടെ 'attendence copy' പ്രകാരം ഫെബ്രുവരി 13 മുതൽ മാർച്ച് 30 വരെയുള്ള ദിവസങ്ങളിലാണ് പരിശീലനം നടന്നിട്ടുള്ളത്. മാർച്ച് മാസം കുട്ടികൾക്ക് പരീക്ഷാദിനങ്ങളാണ് എന്നതും ശ്രദ്ധേയമാണ്. മാത്രമല്ല, മേൽ ഖണ്ഡികകയിൽ പരാമർശിച്ച പ്രകാരം 2012 മാർച്ച് അവസാനവും, ഏപ്രിൽ, മെയ് മാസങ്ങളിലുമാണ് സ്കൂളുകൾ സംഗീത ഉപകരണങ്ങൾ കൈപ്പറ്റിയിരിക്കുന്നത്. ഗവ. യു.പി.എസ്. നെടുങ്കാട്, ഗവ. യു.പി. എസ്., പാൽക്കുളങ്ങര എന്നീ സ്കൂളുകൾ ഇവ കൈപ്പറ്റിയതിന് കൃത്യമായി രേഖകളില്ല. ഇതിൽ നിന്നും വിവിധ സ്കൂളുകളിൽ വിതരണം ചെയ്യപ്പെട്ട സംഗീതഉപകരണങ്ങളിൽ അതത്

LOCAL FUND AUDIT DEPARTMENT

സ്കൂളുകളിലെ കുട്ടികൾക്ക് പരിശീലനം നൽകിയിട്ടില്ല എന്നും, ഇവ വിതരണം ചെയ്യുന്നതിനു മുൻപു തന്നെ പരിശീലനം പൂർത്തിയാക്കിയതായും വ്യക്തമാണ്.

4) സംഗീത പരിശീലനത്തിനായി നിയമിക്കപ്പെട്ട അധ്യാപകരുടെ തെരഞ്ഞെടുപ്പ്, അവർ വിവിധ സംഗീതവിഷയങ്ങളിൽ പ്രാവീണ്യം നേടിയവരാണോ എന്നതു സംബന്ധിച്ച് യാതൊരു രേഖകളുമില്ല. നഗരസഭാ കൗൺസിൽ 11 പേരെയാണ് സംഗീത അധ്യാപകരായി തെരഞ്ഞെടുത്തത്. (കൗൺസിൽ തീരുമാനം നം. 3 എച്ച് (1) തീയതി: 23.7.12). പരിശീലനം നൽകിയ 5 അധ്യാപകരിൽ രണ്ടു പേർ മാത്രമാണ് കൗൺസിൽ അംഗീകരിച്ച ലിസ്റ്റിലുൾപ്പെടുന്നത്. ബാക്കി മൂന്നു പേരെയും നിർവ്വഹണോദ്യോഗസ്ഥ കൗൺസിൽ തീരുമാനം ഇല്ലാതെ നിയമിച്ചതായി കാണുന്നു.

സംഗീത പരിശീലനത്തിന് അദ്ധ്യാപകരെ നിയമിച്ച സ്കൂളുകളിൽ ഗവ. യു.പി.എസ്. ഫോർട്ടിന് മാത്രമാണ് സംഗീത ഉപകരണങ്ങൾ വിതരണം ചെയ്തത്. ഉപകരണങ്ങൾ നല്കിയ മറ്റ് സ്കൂളുകളിൽ ആരാണ് പരിശീലനം നല്കിയത് എന്നും, പരിശീലനം നല്കിയ വ്യക്തികൾ ഏതെല്ലാം ഉപകരണങ്ങളിൽ പരിശീലനം നല്കി എന്നതിനും രേഖയില്ല. ഉദാഹരണമായി ബീമാപ്പള്ളി യു.പി.എസിൽ സംഗീത അദ്ധ്യാപകർ ഇല്ലാത്തതിനാൽ നല്കിയ ഉപകരണങ്ങൾ ആരും തന്നെ പ്രയോജനപ്പെടുത്തിയിട്ടില്ല എന്ന് ടി സ്കൂളിലെ അധ്യാപകൻ മറുപടി നല്കിയിട്ടുണ്ട്.

ഹാജരാക്കിയ ഫയൽ പ്രകാരം 40,000/- രൂപ ഓണറേറിയം നല്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 5 പേർക്ക് വിവിധ സ്കൂളുകളിൽ 30,250/- രൂപ ചെലവഴിച്ചതായി നിർവഹണോദ്യോഗസ്ഥ ഒപ്പിട്ട വെള്ളപേപ്പർ ഓഡിറ്റിന് നല്കിയിട്ടുണ്ട്. എന്നാൽ പരിശീലനം നല്കിയ അദ്ധ്യാപകർ തുക കൈപ്പറ്റിയതിന്റെ രേഖകൾ ഒന്നും ലഭ്യമാക്കിയിട്ടില്ല. ബാക്കി 9,750/- രൂപ (40000-30250) ആർക്ക് നല്കിയെന്നും അറിയുവാൻ സാധിക്കുന്നില്ല.

കൗൺസിൽ തീരുമാനത്തിന് വിരുദ്ധമായി അധ്യാപകരെ നിയമിക്കുകയും, അധ്യാപകരെ നിയമിച്ച സ്കൂളുകളിൽ ഉപകരണങ്ങൾ സമയബന്ധിതമായി നല്കാതെയും, പിൻവലിച്ച മുഴുവൻ തുകയ്ക്കുമുള്ള വ്യക്തമായ രേഖകൾ ഹാജരാക്കാതെയും നിർവഹണ ഉദ്യോഗസ്ഥ പദ്ധതി നടപ്പിലാക്കുന്നതിന് പണം പിൻവലിച്ച് ചെലവഴിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച് 17.8.12, 14.9.12 തീയതികളിൽ നല്കിയ ഓഡിറ്റ് എൻക്വയറികൾക്കും, 8.10.12 ൽ നല്കിയ ഓഡിറ്റ് ഒബ്ജക്ഷനും വ്യക്തമായ മറുപടി നല്കുകയോ ആവശ്യമായ എല്ലാ രേഖകളും ഹാജരാക്കുകയോ ചെയ്തിട്ടില്ല.

5) പത്രപരസ്യത്തിന് 6,920/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ ടി ചെലവ് പ്രോജക്ടിൽ വകയിരുത്തിയിട്ടില്ല.

മേൽ പ്രകാരം പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വികസനഫണ്ട് പിൻവലിക്കുകയും തികച്ചും പ്രയോജനപ്രദമല്ലാതെ തുക ചെലവഴിക്കുകയും ചെയ്തിരിക്കുന്നു. ആയതിനാൽ പദ്ധതിയ്ക്കായി ചെലവഴിച്ച 2,66,520/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

LOCAL FUND AUDIT DEPARTMENT

3.6.25 സ്കൂളുകളിൽ ഫർണിച്ചർ വാങ്ങൽ– കേരള സ്റ്റോർ പർച്ചേസ് മാന്വലിന്റെ ലംഘനം– നഗരസഭയ്ക്ക് നഷ്ടം

1.	പ്രോജക്ട് നം.1144/11	(സ്കൂൾ അധ്യാപകർക്കുള്ള മേശയും കസേരയും വിതരണം) (ബിൽ നം.2/12/31.3.12/തുക –9,79,152/–)
2.	പ്രോജക്ട് നം.1143/11	സ്കൂളുകളിൽ ബഞ്ച് /ഡസ്ക് വിതരണവും മെയിന്റനൻസും) ബിൽ.നം.1/12/31.3.12/ തുക – 9,97,454/–രൂപ
	നിർവ്വഹണ ഉദ്യോഗസ്ഥൻ	എച്ച്. എം , സെൻട്രൽ ഹൈസ്കൂൾ കിഴക്കേക്കോട്ട

പ്രോജക്ട് നമ്പർ 1143/11, 1144/11 എന്നീ പദ്ധതികളുടെ നിർവ്വഹണ ത്തിനായി 31.3.12 ൽ പിൻവലിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥൻ 3.5.12 ൽ എസ്.ബി.റ്റി.ഫോർട്ട് ശാഖ (അക്കൗണ്ട് –67009586962) ൽ നിക്ഷേപിച്ചു. അതിനു ശേഷം 19.9.12 ൽ ടി തുക ബാങ്കിൽ നിന്നും പിൻവലിച്ച് പദ്ധതി നിർവ്വഹണം നടത്തി. ജി.ഒ.(പി) 177/2006 ധനം/തീയതി 12.4.2006, സർക്കുലർ നം.28691/AC2/08/ത.സ്വ.ഭ.വ തീയതി 7.7.11 എന്നിവയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അക്കൗണ്ടിലേയ്ക്ക് പദ്ധതിപണം നിക്ഷേപിച്ചത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ കൃത്യവിലോപമാണ്. കൂടാതെ പിൻവലിച്ച തുകയുടെ ചെലവ് രേഖകൾ ഹാജരാക്കുന്നതിന് 11.6.12 ൽ ഓഡിറ്റ് റിക്വിസിഷനും 15.6.12, 20.6.12, 26.6.12, 31.7.12, 22.8.12 തീയതികളിൽ ഓഡിറ്റ് എൻക്വയറികളും നല്കിയതിനും ശേഷമാണ് ടി ചെലവ് നടത്തിയിട്ടുള്ളത്. ഈ ചെലവ് സംബന്ധിച്ച് 16.11.12 ൽ ഓഡിറ്റ് ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് (Form V) നല്കിയതിന് " 'അറിവില്ലായ്മയും, പരിചയക്കുറവുമാണ് cash ആയി അക്കൗണ്ടിൽ പണം സൂക്ഷിച്ചത് എന്നും , പദ്ധതി വർഷം കഴിഞ്ഞതിനാൽ പദ്ധതി സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയിട്ടാണ് വിതരണക്കാർക്കുള്ള തുക നല്കിയത്" എന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കാൻ ആവില്ല. ഇപ്രകാരം പദ്ധതി നിർദ്ദേശങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമായി നടപ്പിലാക്കിയ ഈ പദ്ധതികളുടെ നിർവ്വഹണത്തിലും ക്രമക്കേടുകൾ കാണുന്നു. ആയത് താഴെ വിശദമാക്കുന്നു.

1. പ്രോജക്ട് നം.1144/11 (സ്കൂൾ അദ്ധ്യാപകർക്കുള്ള മേശയും കസേരയും വിതരണം) ചെലവ് തുക – 9,79,152/–രൂപ

നഗരത്തിലെ വിവിധ സ്കൂളുകളിൽ മേശയും കസേരയും വിതരണം ചെയ്യുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. 2010–11 കാലയളവിൽ S 0086/11–ാം പദ്ധതിയായി നടപ്പിലാക്കാൻ ലക്ഷ്യമിട്ട ഈ പദ്ധതി, പ്രൊജക്ട് നമ്പർ 1144/2011 ലെ സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

LOCAL FUND AUDIT DEPARTMENT

1) KERALA SIDCO യിൽ നിന്നും മേശയും, കസേരയും വാങ്ങുന്നതിന് 23.09.11 ലെ വർക്കിംഗ് ഗ്രൂപ്പ് തീരുമാനിച്ചു. SIDCO യുടെ നിരക്കുകൾ അംഗീകരിക്കുന്നതിനായി SIDCO യുടെ ഇൻവോയ്സ് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചു. എന്നാൽ ടി പ്രോജക്ടിൽ (10/11 ൽ സമർപ്പിച്ച) ടെണ്ടർ മുഖേന സാധന സാമഗ്രികൾ ലഭ്യമാക്കും എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ വിദ്യാഭ്യാസസ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥനോട് ആവശ്യപ്പെട്ടു [11.1.2012 ൽ കൂടിയ വിദ്യാഭ്യാസ കായികകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നം.1 (J6/1428/12]. എന്നാൽ ഈ നടപടി സർക്കാർ ഉത്തരവുകൾക്കു വിരുദ്ധവും കേരള ഫിനാൻഷ്യൽ കോഡിന്റെ ലംഘനവുമാണ്. വിശദവിവരം താഴെ ചേർക്കുന്നു.

സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 12 ലെ നിർദ്ദേശ പ്രകാരം റണ്ണിംഗ്/റേറ്റ് കോൺട്രാക്ട് ഉള്ള സാധനങ്ങൾ വാങ്ങുന്നതിന് ക്വട്ടേഷൻ/ടെണ്ടർ ആവശ്യമില്ല. (മരഫർണിച്ചർ/സ്റ്റീൽ ഫർണിച്ചർ ടെൻഡർ കൂടാതെ സിഡ്കോയിൽ നിന്നും വാങ്ങാവുന്നതാണ് എന്ന് GO(Rt) 53/09/SPD dt.22.12.09, GO(Rt)52/09/SPD dt.19.12.09 ലും നിർദ്ദേശം ഉണ്ട്. ഈ നിർദ്ദേശത്തിനു വിരുദ്ധമായി ടെണ്ടർ വിളിച്ച് വാങ്ങലുകൾ നടത്തിയതിലും ക്രമക്കേടുകൾ കാണുന്നു.

28.1.12 ൽ പ്രസിദ്ധീകരിച്ച ടെൻഡർ നോട്ടീസ് പ്രകാരം Neo comibines, Kollam, SIDCO- Wood working Unit എന്നീ സ്ഥാപനങ്ങളിൽ നിന്നും ടെൻഡറുകൾ ലഭിച്ചു. എന്നാൽ ഇതൊന്നും പരിഗണിക്കാതെ നഗരസഭ അംഗീകരിച്ചത് 7.2.2011 ൽ Micro Scientific Centre, Kottarakkara സമർപ്പിച്ച ക്വട്ടേഷൻ ആണ്. ഈ മൂന്ന് സ്ഥാപനങ്ങളുടേയും നിരക്കുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി വയ്ക്കുകയും, പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിക്കേണ്ടതിനാൽ കമ്മിറ്റിയുടേയും കൗൺസിലിന്റെയും അംഗീകാരം പ്രതീക്ഷിച്ചുകൊണ്ട് സപ്ളൈ ഓർഡർ നല്കുന്നതിന് മേയർ 14.03.12 ൽ അനുവാദം നല്കുകയും ചെയ്തു. പത്രപരസ്യത്തിനായി അധികം തുക ചെലവഴിക്കുകയും മുൻവർഷം സമർപ്പിച്ച അധിക നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിക്കുകയുമാണ് ചെയ്തത്.

7.2.11 ൽ നൽകിയ ക്വട്ടേഷൻ 14.3.2012 ൽ മേയർ അംഗീകരിച്ചതോടെ 28.1.2012 ൽ നടത്തിയ ടെൻഡർ നടപടികളുടെ പ്രസക്തിതന്നെ നഷ്ടമായി. Micro Scientific Centre ന്റെ ക്വട്ടേഷൻ താരതമ്യേന നിരക്ക് കൂടുതലായിട്ടും അംഗീകരിച്ചത് കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 34, ഖ.48, ഖ.49 എന്നിവയുടെ പ്രകടമായ ലംഘനമാണ്. ടി പദ്ധതിയ്ക്കായി നഗരസഭയിൽ ലഭിച്ച ഇൻവോയ്സ്/ക്വട്ടേഷൻ നിരക്കുകൾ താഴെ ചേർക്കുന്നു.

LOCAL FUND AUDIT DEPARTMENT

	Neo dt. 7.2.12	Sidco Wood working Unit dt.6.2.12	Micro Scientific Centre dt.7.2.11	Kerala Sidco dtd 17.10.11
സ്റ്റീൽ ടേബിൾ 48"x24"x30" നോവാപാൻ (Top 20 g) 54"x30"x30"	Plastic furniture	5019.75	–	4048
സ്റ്റീൽ ടേബിൾ 36"x24"x30" (20g) 36"x18"x30"(20g) 36"x18"x30"(22g)	– – –	– – –	– 3190 2800	2830 – –
Full arm chair plastic rattined & back with Teak wood frame	–	1431	1740	1431

കുറഞ്ഞ നിരക്ക് സമർപ്പിച്ച Sidco യുടെ ക്വട്ടേഷൻ അംഗീകരിയ്ക്കാതെ Micro Scientific Centre ന്റെ കൂടിയ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിക്കുകയും 175 ജോടി മേശയും കസേരയും 9,71,672/- രൂപയ്ക്ക് വാങ്ങി നഗരത്തിലെ 17 വിദ്യാലയങ്ങൾക്ക് നൽകുകയും ചെയ്തു. ഇതുവഴി നഗരസഭയ്ക്ക് 1,31,856/- രൂപയുടെ അധിക നഷ്ടം ഉണ്ടായി. നഷ്ടവിവരം താഴെ ചേർക്കുന്നു.

I. സിഡ്കോ സമർപ്പിച്ച നിരക്കു പ്രകാരം : -

1. മേശ – 2830 രൂപ X 175 എണ്ണം	=	4,95,250/-
2 കസേര – 1431/- രൂപ X 175 എണ്ണം	=	2,50,425/-
ആകെ	=	7,45,675/-
12.5% ടാക്സ്	=	93,209/-
1% സെസ്സ്	=	932/-
ആകെ	=	**8,39,816/-**

II. മൈക്രോ സയിന്റിഫിക് സെന്ററിന്റെ നിരക്ക് പ്രകാരം ആകെ വില = 9,71,672/-

രണ്ടു ടെൻഡറുകളുടേയും നിരക്കുകൾ തമ്മിലുള്ള വ്യത്യാസം = 971672-839816

= **1,31,856/-**

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ടെൻഡർ ക്ഷണിച്ചതുവഴി പത്രപരസ്യം ഇനത്തിൽ 7,480/- രൂപ നഷ്ടമായി. ടി തുകയും 1,31,856/- രൂപയും ഉൾപ്പെടെ 1,39,336/- രൂപയുടെ നഷ്ടം നഗരസഭയ്ക്ക് ഉണ്ടായി. ടി നഷ്ടം 11.1.12 ലെ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ, ബഹു.മേയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

സ്റ്റോർ പർച്ചേസ് മാന്വൽ ഖ.58, കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 128 എന്നിവയിലെ നിർദ്ദേശപ്രകാരം സർക്കാരിന്റേതല്ലാത്ത സ്ഥാപനങ്ങളിൽ നിന്നും 10,000/- രൂപയിൽ കൂടുതൽ വിലയ്ക്കുള്ള മരം ഫർണിച്ചർ വാങ്ങുമ്പോൾ ഫോറസ്റ്റ് വകുപ്പിലെ റേഞ്ചറുടെ തസ്തികയിൽ കുറയാത്ത ഒരു ടെക്നിക്കൽ ഓഫീസർ

LOCAL FUND AUDIT DEPARTMENT

പരിശോധിച്ച് മരത്തിന്റെ ഗുണമേന്മ ഉറപ്പു വരുത്തേണ്ടതാണ്. എന്നാൽ വാങ്ങിയ ഉപകരണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തിയതായി രേഖയില്ല.

24.3.12 ൽ മൈക്രോ സയിന്റിഫിക് സെന്റർ സമർപ്പിച്ച ഇൻവോയ്സ് പ്രകാരം Steel Table one drawer one cupboard with novopan 36"x18"x30" 20 guage ഉം full armed chair seat & back with teak wood frame സപ്ലൈ ചെയ്തിട്ടുണ്ട്. ഇപ്രകാരം സൂചിപ്പിച്ചിരിക്കുന്ന സ്പെസിഫിക്കേഷനോടു കൂടിയ ഗുണനിലവാരം ഉള്ള സാധനങ്ങൾ അല്ല Micro Scientific Centre supply ചെയ്തിരിക്കുന്നത് എന്ന് 31.01.2013 ൽ ബീമാപ്പള്ളി യു.പി.എസ് ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

മേൽ പറഞ്ഞ രീതിയിൽ 2010–11 ലെ പദ്ധതി 2011–12 ൽ സ്പിൽ ഓവറിൽ ഉൾപ്പെടുത്തുകയും തൻവർഷവും നടപ്പിലാക്കാതെ 2011–12 ൽ തുക പിൻവലിയ്ക്കുക മാത്രമാണ് ചെയ്തത്. പിന്നീട് 2012–13 ൽ നടപ്പിലാക്കിയതും ആയതിൽ വൻ ക്രമക്കേടുകൾ നടത്തിയതും സംബന്ധിച്ച് സർക്കാർ തലത്തിലും ഭരണതലത്തിലും സമഗ്രമായ അന്വേഷണം നടത്തേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

2) സ്കൂളുകളിൽ ബഞ്ചും ഡസ്ക്കും വിതരണവും മെയിന്റനൻസും–
പ്രോജക്ട് നം (S 1143/12) ചെലവ് തുക – 9,97,454/–

നഗരസഭാ പരിധിയിലുള്ള സർക്കാർ വിദ്യായങ്ങളിൽ ബഞ്ചുകളുടെയും ഡസ്ക്കുകളുടെയും കുറവ് പരിഹരിക്കുക, വിദ്യാലയങ്ങളിൽ കേടായി കിടക്കുന്ന ബഞ്ചുകളും ഡസ്ക്കുകളും റിപ്പയർ ചെയ്ത ഉപയോഗപ്രദമാക്കുക എന്നിവയാണ് പദ്ധതി ലക്ഷ്യം.

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. 29.9.11 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനപ്രകാരം28.12.11 ൽ കേരള സിഡ്കോ സമർപ്പിച്ച ഇൻവോയസ് പ്രകാരമുള്ള നിരക്ക് അംഗീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി മുഖാന്തിരം കൗൺസിലിന് സമർപ്പിച്ചു എങ്കിലും 11.01.12 ലെ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി തിരുമാനത്തിൽ ടി നിർദ്ദേശം നിരസിച്ചുകൊണ്ട് ബഞ്ച് ഡസ്ക്ക് ഇവ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചു. വിദ്യാലയങ്ങൾക്ക് ആവശ്യമായ ബഞ്ച്, ഡസ്ക് വിവരങ്ങൾ ശേഖരിച്ച് സ്റ്റോർ പർച്ചേസ് നിയമങ്ങൾക്ക് വിധേയമായി വാങ്ങുന്നതിന് പദ്ധതി പ്രവർത്തനങ്ങളിൽ നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി വീണ്ടും ടെൻഡർ ക്ഷണിക്കുക വഴി 7480/– രൂപയുടെ അധിക നഷ്ടം ഉണ്ടായി. ടി തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.
2. തടി ഫർണിച്ചർ ടെൻഡർ കൂടാതെ സിഡ്കോയിൽ നിന്നും വാങ്ങാവുന്നതാണ് എന്ന സ്റ്റോർ പർച്ചേയ്സ് വ്യവസ്ഥയിലെ നിർദ്ദേശത്തിന് വിരുദ്ധമായി ടെൻഡർ ക്ഷണിച്ച് സ്വകാര്യ ഏജൻസിയിൽ നിന്നും ഉപകരണങ്ങൾ വാങ്ങി. വാങ്ങിയ ഉപകരണങ്ങളുടെ ഗുണമേന്മ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പാക്കിയിട്ടില്ല.
3. പദ്ധതി പ്രകാരം വിവിധ സ്കൂളുകളിൽ കേടായ ഉപകരണങ്ങളുടെ മെയിന്റനൻസും ഉൾപ്പെടുത്തിയിരുന്നു. എന്നാൽ പദ്ധതി തുക മുഴുവനും

ഉപകരണങ്ങൾ വാങ്ങുന്നതിന് മാത്രമായി ചെലവഴിച്ചത് അംഗീകൃത പദ്ധതി രേഖയ്ക്ക് വിരുദ്ധമാണ്.

2009–10 കാലയളവിലും ഇതേ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ടി കാലയളവിൽഉപകരണങ്ങൾ വിതരണം ചെയ്തിട്ടുള്ള വിദ്യാലയങ്ങൾക്ക് തന്നെയാണോ ഇവ വീണ്ടും വിതരണം ചെയ്തിരിക്കുന്നത് എന്നതും ഓരോ വിദ്യാലയത്തിലും ആവശ്യമായ ഫർണിച്ചർ എത്രയെന്നോ നിർവ്വഹണോ ദ്യോഗസ്ഥൻ ഉറപ്പാക്കിയിട്ടില്ല. ഈ കാരണങ്ങളാൽ പദ്ധതി പ്രകാരം ബഞ്ചുകളും ഡസ്കുകളും വാങ്ങുന്നതിനായി ചെലവഴിച്ച 9,89,974/– രൂപ(997454 –7480) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മേൽപ്പറഞ്ഞിരിക്കുന്ന പദ്ധതി പ്രകാരം വാങ്ങിയ ഉപകരണങ്ങളുടെ ഗുണമേന്മ, വിതരണം എന്നിവ സംബന്ധിച്ച് സമഗ്രമായ അന്വേഷണം സർക്കാർ തലത്തിൽ ഉണ്ടാകേണ്ടതാണ്.

3.6.26. 'അക്ഷരാലയങ്ങളിൽ കമ്പ്യൂട്ടർ വിതരണം'–20,500/– രൂപയ്ക്ക് കമ്പ്യൂട്ടർ വാങ്ങണമെന്ന് സർക്കാർ നിർദ്ദേശമുള്ളപ്പോൾ 30,000/– രൂപയ്ക്ക് 47 കമ്പ്യൂട്ടറുകൾ വാങ്ങി– 4,46,500 /– രൂപയുടെ നഷ്ടം

പ്രോജക്ട് നമ്പർ	:	S.0080/12
അടങ്കൽ	:	15 ലക്ഷം
ചെലവ് തുക		14,80,804 /–
ബിൽ നം./തുക	:	03/11–12/31.3.12/24,80,804/– രൂപ
നിർവഹണ ഉദ്യോഗസ്ഥ	:	എച്ച്.എം. ഗവ.എൽ.പി.എസ്.ഫോർട്ട് (സംസ്കൃതം)

നഗരത്തിലെ തെരഞ്ഞെടുത്ത 22 വിദ്യാലയങ്ങളിൽ കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടാണിത്. പദ്ധതി പ്രകാരം 22 സ്കൂളുകളിലേക്ക് 47 കമ്പ്യൂട്ടറുകൾ വിതരണം ചെയ്തതിന് M/S സെൻട്രൽ സയിന്റിഫിക് സപ്ലൈസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് 14,66,964 /– രൂപ നൽകിയിട്ടുണ്ട്. സ്റ്റോർ പർച്ചേസ് നിബന്ധനകളും ഉത്തരവുകളും പാലിക്കാതെയുള്ള ഈ പദ്ധതി നടപ്പിലാക്കിയതുമൂലം നഗരസഭയ്ക്ക് വൻ നഷ്ടം ഉണ്ടായിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ വിവിധ ഓഡിറ്റ് പരാമർശങ്ങൾ താഴെ ചേർക്കുന്നു.

1) കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി 24.2.12 ലെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം ടെൻഡർ ക്ഷണിക്കുകയും ആരും പങ്കെടുക്കാതിരിക്കുകയും ചെയ്തതിനെ തുടർന്ന് 7.2.12 ൽ റീടെൻഡർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ എസ്.ആർ.എസ്. അസോസിയേറ്റ്സ്, സെൻട്രൽ സയിന്റിഫിക് സപ്ലൈസ് എന്നീ രണ്ടു സ്ഥാപനങ്ങളുടെ ക്വട്ടേഷനുകൾ ലഭിച്ചു. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത എസ്. ആർ. എസ്. അസോസിയേറ്റ്സ്, ഇ.എം.ഡി. വച്ചിട്ടില്ല എന്നു കാണിച്ച് 16.2.12 ലെ വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ് ഇവരുടെ ക്വട്ടേഷൻ നിരസിക്കുകയും സെൻട്രൽ സയിന്റിഫിക് സപ്ലൈസിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു. (എന്നാൽ എസ്.ആർ.എസ്.അസോസിയേറ്റ്സ് സമർപ്പിച്ച ടെൻഡർ ഫോമിൽ ഇ.എം.ഡി. 15000 രൂപ അടച്ചതായി (7.2.12) രേഖപ്പെടുത്തൽ ഉണ്ട്.)

LOCAL FUND AUDIT DEPARTMENT

2) ടി വാങ്ങലിന് 22.3.12 ൽ മേയർ മുൻകൂർ അനുവാദം നൽകിയെങ്കിലും, കൗൺസിൽ അംഗീകാരം നൽകുന്നത് 22.6.12 ലെ 3 എച്ച് (3) നം. തീരുമാന പ്രകാരം മാത്രമാണ്.
3) അംഗീകൃത പദ്ധതി നിർദ്ദേശപ്രകാരം സ്റ്റോർ പർച്ചേസ് നിബന്ധനകൾക്കനുസൃതമായാണ് വാങ്ങലുകൾ നടത്തേണ്ടത്. കൂടാതെ സ്കൂളുകൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം. 55239/ഡി.എ.1/08/ത.സ്വ.ഭ.വ തീയതി 28.8.08, പൊതുവിദ്യാഭ്യാസഡയറക്ടറുടെ 6.5.08 ലെ NEP3/80281/07/DPI നടപടിക്രമം, 22.9.11 – ലെ ജി.ഒ.(എം.എസ്.) നം.30/11/ഐ.റ്റി.ഡി. എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത ഉത്തരവുകളിൽ നിഷ്ക്കർഷിച്ചിക്കുന്ന സ്പെസിഫിക്കേഷനോട് കൂടിയ കമ്പ്യൂട്ടറുകളല്ല വാങ്ങി നൽകിയിട്ടുള്ളത്.
4) ഗവ. നിർദ്ദേശ പ്രകാരം കമ്പ്യൂട്ടറുകൾ വാങ്ങാവുന്ന പരമാവധി തുക 20,500/– രൂപയും കുറഞ്ഞ തുക 18,000/– രൂപയുമാണ്. കൂടാതെ ഇവ കെൽട്രോണിൽ നിന്നോ അല്ലാത്ത പക്ഷം ഗുണനിലവാരമുള്ള മറ്റ് കമ്പനികളുടെ കമ്പ്യൂട്ടറുകൾ ഇതേ നിരക്കിൽ തന്നെ വാങ്ങണമെന്നുമാണ്സർക്കാർ നിർദ്ദേശം. എന്നാൽ വാങ്ങിയ 47 കമ്പ്യൂട്ടറുകളും ഗുണനിലവാരമുള്ള കമ്പനിയുടേതാണെന്ന് അധികാരപ്പെട്ട ഉദ്യോഗസ്ഥർ ആരും തന്നെ ഉറപ്പാക്കിയിട്ടില്ല. അംഗീകൃത കമ്പനികളുടേതല്ലാത്ത 30,000/– രൂപയുടെ 47 കമ്പ്യൂട്ടറുകൾ നഗരത്തിലെ 22 സ്കൂളുകൾക്ക് വാങ്ങി വിതരണം ചെയ്തു. വാങ്ങിയ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കി നിർവഹണ ഉദ്യോഗസ്ഥ, സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കണമെന്ന കേരള സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക 77 കെ.എഫ്.സി. ആർട്ടിക്കിൾ 147 എന്നിവയിലെ നടപടികളും പൂർത്തീകരിച്ചിട്ടില്ല.
5) കമ്പ്യൂട്ടറുകൾ സപ്ലൈ ചെയ്യുന്ന സ്ഥാപനം തന്നെയാണ് ആയത് ഇൻസ്റ്റാൾ ചെയ്യേണ്ടത്. എന്നാൽ ഇതിനു പകരം iMax sys technologies, Chennai എന്ന സ്ഥാപനമാണ് കമ്പ്യൂട്ടർ ഇൻസ്റ്റാൾ ചെയ്തിരിക്കുന്നത്. സ്ഥാപനം നൽകിയ ബില്ലിൽ 4GB കമ്പ്യൂട്ടറുകളുടെ വിലയാണ് ഈടാക്കിയിരിക്കുന്നത്. എന്നാൽ കമ്പ്യൂട്ടർ ഇൻസ്റ്റാൾ ചെയ്ത സ്ഥാപനത്തിന്റെ സർവ്വീസ് റിപ്പോർട്ടിൽ 2GB കമ്പ്യൂട്ടർ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. കമ്പ്യൂട്ടറുകൾ വാങ്ങി നൽകിയ സ്കൂളുകളിൽ നടത്തിയ പ്രാദേശിക പരിശോധനയിലും 2GB കമ്പ്യൂട്ടറുകളാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. 4GB കമ്പ്യൂട്ടറുകൾ സപ്ലൈ ചെയ്തതായി കാണിച്ച് 2GB കമ്പ്യൂട്ടറുകൾ നൽകുക വഴി അധിക സാമ്പത്തിക നഷ്ടം നഗരസഭയ്ക്ക് ഉണ്ടായി. നിർവഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ കൃത്യവിലോപമാണ്. വാങ്ങി നൽകിയ കമ്പ്യൂട്ടറുകൾ എല്ലാം ബില്ലിൽ പറഞ്ഞിരിക്കുന്ന അതേ സ്പെസിഫിക്കേഷനോടു കൂടിയതാണെന്നും ഗുണനിലവാരമുള്ളവ യാണോയെന്നും നിർവഹണ ഉദ്യോഗസ്ഥ ഉറപ്പാക്കിയിട്ടില്ല.
6) കമ്പ്യൂട്ടറുകൾ സപ്ലൈ ചെയ്ത സ്ഥാപനവുമായി നിയമാനുസൃതം ചമയ്ക്കേണ്ട കരാറിലും ഏർപ്പെട്ടിട്ടില്ല.
7) ടി കാലയളവിൽ തന്നെ ഹയർ സെക്കന്ററി വിദ്യാലയങ്ങളിൽ കമ്പ്യൂട്ടർ വാങ്ങി നൽകുന്നതിനായി (പ്രോജക്ട് നം. 1628/12, അക്ഷരാലയങ്ങളിൽ കമ്പ്യൂട്ടർ) ക്വട്ടേഷൻ ക്ഷണിച്ചതിൽ M/S സെൻട്രൽ സയന്റഫിക് സപ്ലൈസ്

LOCAL FUND AUDIT DEPARTMENT

എന്ന സ്ഥാപനത്തിന്റെ 25,000/- രൂപ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിക്കുകയും ടി സ്ഥാപനത്തിൽ നിന്ന് 57 കമ്പ്യൂട്ടറുകൾ വാങ്ങി 7 സ്കൂളുകളിലേയ്ക്ക് നഗരസഭയിൽ നിന്നും വിതരണം ചെയ്യുകയും ചെയ്തു. M/S സെൻട്രൽ സയിന്റിഫിക് സപ്ലൈസ് എന്ന സ്ഥാപനത്തിൽ നിന്നും ഒരേ കാലയളവിൽ ഒരേ സ്പെസിഫിക്കേഷനോടു കൂടിയ 57 കമ്പ്യൂട്ടറുകൾ 25000 രൂപയ്ക്കും 47 കമ്പ്യൂട്ടറുകൾ 30,000/- രൂപയ്ക്കും വാങ്ങിയത് സ്റ്റോർ പർച്ചേസ് നിയമങ്ങളുടെയും, 08.11.2010 ലെ ജി.ഒ.(പി)259/10/ത.സ്വ.ഭ.വ നമ്പർ ഉത്തരവിന്റെയും പ്രകടമായ ലംഘനമാണ്. ഈ വാങ്ങലുകൾ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തേണ്ടതാണ്.

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി കമ്പ്യൂട്ടറുകൾ വാങ്ങിയതിലൂടെ ഉണ്ടായ 4,46,500 /- രൂപയുടെ ചെലവ് നഷ്ടം താഴെ ചേർക്കും പ്രകാരം കണക്കാക്കിയിരിക്കുന്നു.

- സർക്കാർ നിർദ്ദേശ പ്രകാരം വാങ്ങി നൽകേണ്ട കമ്പ്യൂട്ടറിന്റെ കൂടിയ വില : 20,500 /- രൂപ
- നഗരസഭ വാങ്ങിയ കമ്പ്യൂട്ടറിന്റെ വില : 30,000 /- രൂപ
- ടി വാങ്ങലിലൂടെ ഉണ്ടായ അധിക ചെലവ് : (47× 30000 – 47 × 20500)= 4,46,500 /- രൂപ

8) ഒരേ കാലയളവിൽ തന്നെ ഒരേ ഇനത്തിന് 2 തവണ (14.10.11, 24.2.12) ക്വട്ടേഷൻ ക്ഷണിക്കുകയും പിന്നീട് റീ ടെൻഡർ 7.2.12 ൽ ക്ഷണിക്കുകയും ചെയ്തു. കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 24, കേരള ഫിനാഷ്യൽ കോഡ് ആർട്ടിക്കിൾ 131 പ്രകാരം ടെൻഡർ ക്ഷണിക്കുന്നതിനു മുമ്പ് വാങ്ങുന്ന സാധനത്തിന്റെ അളവ്, വാങ്ങാനുദ്ദേശിക്കുന്ന സമയം എന്നിവയെക്കുറിച്ച് വ്യക്തമായ ആസൂത്രണം ഉണ്ടാകേണ്ടതും, ഒരേ തരത്തിലുള്ള സാധനം ഒരേ സാമ്പത്തിക വർഷം ഒന്നിലധികം തവണ വാങ്ങാൻ പാടില്ലാത്തതുമാണ്. കൂടാതെ പത്രപരസ്യം ചെയ്യുന്നതിന് അംഗീകൃത പദ്ധതിരേഖയിൽ മാർഗ്ഗനിർദ്ദേശം ഇല്ലാത്തതിനാലും പത്രപരസ്യത്തിന് ചെലവഴിച്ച 13840 /- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

9) സർക്കാർ നിർദ്ദേശങ്ങൾക്കും സ്റ്റോർ പർച്ചേസ് വ്യവസ്ഥകൾക്കും പദ്ധതി മാർഗ്ഗരേഖകൾക്കും വിരുദ്ധമായി നടത്തിയ ഈ വാങ്ങലിലൂടെ ഉണ്ടായ 4,60,340/- (4,46,500+ 13,840) രൂപയുടെ നഷ്ടം നിർവഹണ ഉദ്യോഗസ്ഥ, സെക്രട്ടറി,ബഹു.മേയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

നിരാകരിച്ച 4,60,340/- രൂപ ഒഴികെ, പദ്ധതിക്കായി ചെലവഴിച്ച 10,20,464/-രൂപ മേൽ പരാമർശിച്ചിട്ടുള്ള കാരണങ്ങളാൽ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3.6.27 ഒരു സാധനത്തിന് ഒരു ദിവസം പല വിലകൾ ഈടാക്കുന്ന സ്ഥാപനത്തിൽ നിന്നും വാങ്ങലുകൾ നടത്തി.

2011-12 കാലയളവിൽ തിരുവനന്തപുരം നഗരസഭ വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ വിവിധ പരിശീലന പദ്ധതികൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും, KICO Sports, Adoor എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു. ടി സ്ഥാപനത്തിൽ

LOCAL FUND AUDIT DEPARTMENT

നിന്നും വിവിധ പദ്ധതികൾക്കായി താഴെപ്പറയും പ്രകാരം 18,68,581/- രൂപയുടെ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുകയും ചെയ്തു.

പ്രൊജക്ട് നമ്പർ /പേര്	വാങ്ങിയ ഉപകരണങ്ങളുടെ ബിൽ പ്രകാരമുള്ള തുക (രൂപ)
1. കളരി(SO 158/12)	4,36,615/-
2. എസ്.സി. വിദ്യാർത്ഥികൾക്ക് കായിക പരിശീലനം.(SO 648/12)	1,78,870/-
3. നീന്തൽ പരിശീലനം (SO 159/12)	96,670/-
4. ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകൽ (SO 157/12)	4,70,070/-
5. നഗരം സംഗീത സാന്ദ്രം (SO-077 /12)	2,19,600/-
6. കായികോപകരണ വിതരണം (SO 1150)	4,66,756/-
ആകെ	1868581/-

LOCAL FUND AUDIT DEPARTMENT

1. എന്നാൽ, KICO സമർപ്പിച്ച ഇൻവോയ്സുകൾ /ബില്ലുകൾ പരിശോധിച്ചതിൽ, ഒരേ ഇനം ഉപകരണങ്ങൾക്ക് വിവിധ ക്വട്ടേഷനുകളിൽ ഒരേ തീയതിയിൽ (27.3.2012) പല നിരക്കുകളാണ് പ്രസ്തുത സ്ഥാപനം ക്വോട്ട് ചെയ്തിട്ടുള്ളത്. സ്പോർട്സ് ഉപകരണങ്ങളുടെ നിരക്കിലുള്ള വ്യത്യാസം താഴെ ചേർക്കുന്നു.

ഇനം	വാങ്ങിയ എണ്ണം	ഇൻവോയ്സ് നമ്പർ/പ്രൊജക്ട് നം.	വാങ്ങിയ വില (I)	ഇൻവോയ്സ് നമ്പർ/പ്രൊജക്ട് നം.	വാങ്ങിയ വില (II)	വിലയിലെ വ്യത്യാസം (I-II)
ഫുട്ബോൾ	10	1768 (SO 157/12) &1769(SO 1150/12)	674	1767 (SO 698/12)	695	21
വോളി ബോൾ	10	,,	449	,,	500	51
സ്കിപ്പിംഗ് റോപ്പ്	24	,,	50	,,	75	25
ബാസ്കറ്റ് ബാൾ	10	,,	429	,,	520	91
ഷോട്ട്പുട്ട് 5 kg	1	,,	870	,,	1450	580
ഷോട്ട്പുട്ട് 4kg	1	,,	700	,,	1100	400
				ആകെ		1,168/-

ഒരേ ദിവസം, ഒരേ സ്ഥാപനം നല്കിയ ഒരേ ഇനം സാധനങ്ങളുടെ ബില്ലിൽതന്നെ ഇത്രയധികം രൂപയുടെ വ്യത്യാസം രേഖപ്പെടുത്തിയിരിക്കുന്നു. ടി സ്ഥാപനത്തിൽ നിന്നും നഗരസഭയിലെ വിവിധ പദ്ധതികൾക്കായി 18,68,581/- രൂപയുടെ

സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയത് ഉചിതമായ നടപടി അല്ല. ഒരു ദിവസം ഒരു സാധനത്തിന് വിവിധ വിലകൾ ഈടാക്കുന്ന സ്ഥാപനത്തിന്റെ വിശ്വാസ്യത ചോദ്യം ചെയ്യപ്പെടേണ്ടതാണ്. ഇത്തരം സ്ഥാപനങ്ങളിൽ നിന്നും ഭാവിയിൽ വാങ്ങലുകൾ നടത്താതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സെക്രട്ടറി/നിർവ്വഹണോദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന നിയമപരമായ ഒരു വാങ്ങൽ ടീം (ജി.ഒ.(പി) 259/10 ത.സ്വ.ഭ.വ 8.11.2010) രൂപീകരിച്ച് പ്രവർത്തിച്ചിരുന്നുവെങ്കിൽ വാങ്ങലുകളിലെ ഇത്തരം അപാകതകൾ ഒഴിവാക്കാമായിരുന്നു. ഇത്തരത്തിൽ ഒരു വാങ്ങൽ ടീമിന്റെ പ്രവർത്തനം നഗരസഭയിൽ അനിവാര്യമാണ്.

ഈ വാങ്ങലുകൾ സംബന്ധിച്ചും ചെലവഴിച്ച തുക സംബന്ധിച്ചും സമഗ്രമായ അന്വേഷണം നടത്തേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

3.6.28 ആവശ്യമില്ലാതെ പദ്ധതി പണം പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു. ധനവിനിയോഗ ചട്ടങ്ങളുടെ ലംഘനം.

നിർവ്വഹണ ഉദ്യോഗസ്ഥ– വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ 2011–12 ൽ നടപ്പിലാക്കിയ 11 പദ്ധതികൾക്കും, വകയിരുത്തിയിരുന്ന തുക മുൻകൂറായി പിൻവലിക്കുകയും ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന കൈമാറാനുള്ള തുക ഒഴിച്ച് ബാക്കി തുക SBT ഫോർട്ട് ശാഖയിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ പേരിലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 57029165516) നിക്ഷേപിക്കുകയും ചെയ്തിട്ടുള്ളതായി കാണുന്നു. മുഴുവൻ തുകയും മുൻകൂർ പിൻവലിച്ച് ഈ അക്കൗണ്ടിൽ നിക്ഷേപിച്ച ശേഷം ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന ആവശ്യാനുസരണം പണം ചെലവഴിച്ചു വരികയാണ് ചെയ്യുന്നത്. ഇപ്രകാരം പിൻവലിച്ച തുകയിൽ ചെലവഴിക്കാതെ ശേഷിക്കുന്ന തുക (2012 മാർച്ച് 31 ന് ട്രഷറിയിൽ തിരിച്ചടയ്ക്കേണ്ടിയിരുന്നത്) ഓഡിറ്റ് സമയത്തും ഈ അക്കൗണ്ടിൽ സൂഷിച്ചിരിക്കുന്നു. ഇപ്രകാരം തുക പിൻവലിച്ച് ചെലവഴിച്ചത്, നീക്കിയിരിപ്പ്, അനധികൃതമായി കൈവശം വെച്ചത് തുടങ്ങിയ വിശദാംശങ്ങൾ അനുബന്ധം 11 ൽ ചേർത്തിട്ടുണ്ട്.

2011–12 സാമ്പത്തിക വർഷത്തിൽ 11 പ്രോജക്റ്റുകൾക്കായി വകയിരുത്തിയ തുകയിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥയായ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ മുൻകൂറായി പിൻവലിച്ചത് 2,40,68,916/– രൂപയാണ്. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് (SBT ഫോർട്ട് ശാഖ, സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പർ 57029165516) ഫയലുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ഇപ്രകാരം മുൻകൂർ പിൻവലിച്ച തുകയിൽ 11,20,000/– രൂപ ഓഡിറ്റ് സമയത്തും ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതായി വ്യക്തമാകുന്നു.

ജി.ഒ(പി) നം.177/2006 ഫിൻ തീയതി 12.4.2006 ഖ.6.1, ഖണ്ഡിക 8.3 എന്നിവ പ്രകാരം ഭാവിയിൽ ചെലവുണ്ടാകും എന്ന നിഗമനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തുക മുൻകൂറായി പിൻവലിക്കരുത് എന്നും, അധികമായി പിൻവലിച്ച തുക 30 ദിവസത്തിനകം തിരികെ ട്രഷറിയിൽ ഒടുക്കേണ്ടതാണ് എന്ന് യഥാക്രമം വ്യക്തമാക്കിയിട്ടുണ്ട്.

LOCAL FUND AUDIT DEPARTMENT

സർക്കാർ നിർദ്ദേശങ്ങൾ ഇതായിരിക്കെ എല്ലാ മാനദണ്ഡങ്ങളും ലംഘിച്ചാണ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ പദ്ധതി തുക മുൻകൂറായി പിൻവലിച്ചതും സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചതും. 2011-12 സാമ്പത്തിക വർഷത്തിൽ ഇപ്രകാരം മുൻകൂർ പിൻവലിച്ച 2,40,68,916/- രൂപയിൽ "SSA പദ്ധതിയ്ക്ക് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വിഹിതം" എന്ന പദ്ധതിക്കായി ലഭിച്ച 1,60,00,000/- രൂപ ഒഴികെ, മറ്റൊരു പദ്ധതിക്കും പണം മുൻകൂർ പിൻവലിക്കേണ്ട സാഹചര്യം ഇല്ലായിരുന്നു. ഇത് സംബന്ധിച്ച് 28.7.2012 ൽ എൽ.എഫ്.സി.എ.8/567/2012 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് പ്രത്യേക കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ, ഈ നിരീക്ഷണങ്ങൾക്ക് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ 11.1.13 ൽ മറുപടി നല്കുകയുണ്ടായി. അക്കൗണ്ടിൽ നിക്ഷേപിച്ച തുകയിൽ നിന്നും താഴെപറയുന്നവ ട്രഷറിയിൽ ഒടുക്കിയിട്ടുണ്ടെന്ന് മറുപടിയിൽ വ്യക്തമാകുകയും ഒടുക്കിയ ചെലാന്റെ പകർപ്പ് ഹാജരാക്കുകയും ചെയ്തു. എന്നാൽ തുക ഒടുക്കിയ തീയതിവരെയുള്ള പിഴപ്പലിശ ഒടുക്കുകയും അസ്സൽ ചെലാൻ ഹാജരാക്കുകയും ചെയ്യേണ്ടതാണ്.

പ്രൊജക്ട് നമ്പർ	ട്രഷറിയിൽ ഒടുക്കിയ തുക	ചെലാൻ നം/തീയതി
1. 70/11-12 പ്രാദേശിക ചരിത്രപഠനം	1,50,000	344/21.11.12
2. 71/11-12 കനവ് - സാംസ്കാരിക പൈതൃകം സംരക്ഷിക്കൽ	2,50,000	712/19.11.12
3. 73/11-12 മലയാളപ്പെരുമ	1,55,000	706/19.11.12
4. 894/11-12 മാതൃകാവിദ്യാലയം(SCP)	23,97,727	926/11.12.12

3.6.29 നിർവ്വഹണം നടത്തേണ്ടത് എച്ച്.എം- എന്നാൽ പണം ചെലവഴിച്ചത് 'കൺവീനർ' എന്ന പേരിൽ ഉദ്യോഗസ്ഥനല്ലാത്ത വ്യക്തിയും

ഗവ.യു.പി.എസ്.ഫോർട്ടിലെ ഹെഡ്മിസ്ട്രസ് നിർവ്വഹണാധികാരിയായി നടപ്പിലാക്കിയ 3 പദ്ധതികളാണ് ചുവടെ ചേർക്കുന്നത്.

പ്രൊജക്ട് നം.	ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ച തുക	ബിൽ നമ്പർ
1. കളരി S0 158/12	15,62,924/- രൂപ പദ്ധതി വിഹിതം	9/11-12/26.12.11, 6/11-12/22.9.11, 17/11-12/31.3.12
2. പട്ടികജാതി വിദ്യാർത്ഥികൾക്ക് കായിക പരിശീലനം S0 648/12	5,75,310/- രൂപ പദ്ധതി വിഹിതം	10/11-12/26.12.11, 14/11-12/27.2.12, 20/11-12/31.3.12
3 നീന്തൽ പരിശീലനം S0 159/12	5,58,830/- രൂപ പദ്ധതി വിഹിതം	7/11-12/22.9.11 8/11-12/26.12.11, 18/11-12/31.3.12

LOCAL FUND AUDIT DEPARTMENT

ഈ 3 പ്രൊജക്ടുകളും നടപ്പിലാക്കാനായി ചുമതലപ്പെടുത്തിയിരിക്കുന്നത് കൺവീനർ എന്ന പേരിൽ ഉദ്യോഗസ്ഥനല്ലാത്ത ഒരു വ്യക്തിയെ ആണ്. നിർവ്വഹണാധികാരിയായ എച്ച്.എം ട്രഷറിയിൽ നിന്നും തുക പിൻവലിച്ച് കൺവീനർ എന്ന വ്യക്തിക്ക് നൽകിയിരിക്കുകയാണ്. കൺവീനർ (ഷാജി.സി.ഉമ്മൻ) തുക കൈപ്പറ്റുകയും തുക ചെലവഴിക്കുകയുമാണ് ചെയ്യുന്നത്. തുടർന്ന് കൺവീനർ ചെലവഴിച്ച രേഖകൾ നിർവ്വഹണാധികാരിക്ക് നൽകുകയും ചെയ്യുന്നു. പ്രോജക്ട് നടപ്പിലാക്കുന്നത് നിർവ്വഹണാധികാരി തന്നെയായിരിക്കണം. നിർവ്വഹണാധികാരി അല്ലാത്ത ഒരു വ്യക്തിക്ക് പ്രോജക്ടിന്റെ നിർവ്വഹണം നടത്തുന്നതിനുവേണ്ടി പദ്ധതി പണം നൽകുന്നതിന് വ്യവസ്ഥകളില്ല. കൺവീനർക്ക് നല്കിയ തുകയുടെ ചെലവ് വിശ്വസനീയവും ആധികാരികവും അല്ല. പദ്ധതി പണം പിൻവലിച്ച് ചെലവിനെന്ന പേരിൽ മറ്റൊരു വ്യക്തിക്ക് നൽകിയ നടപടി സാമ്പത്തിക ക്രമക്കേടായി കാണുന്നു.

ഓഡിറ്റിനായി ഹാജരാക്കിയ, കൺവീനർ മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

എ. കളരി (SO 158/12)

നഗരത്തിലെ കുട്ടികളിൽ കായികാഭിമുഖ്യം വളർത്തുന്നതിനായി ഫുട്ബോൾ, വോളിബോൾ , ബാസ്ക്കറ്റ് ബോൾ, അത്‌ലറ്റിക്സ് ഇനങ്ങളിൽ ആഴ്ചയിൽ 2 ദിവസം വീതം പരിശീലനം നല്കുന്നതിനും പരിശീലനത്തിൽ മികവ് കാണിക്കുന്ന വിദ്യാർത്ഥികൾക്ക് ആഴ്ചയിൽ 2 ദിവസം അധിക പരിശീലനം നല്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

1. 22.9.11 ലെ ബിൽ നമ്പർ 6/11–12 പ്രകാരം പിൻവലിച്ച 1,34,642/– രൂപ, 26.12.11 ലെ ബിൽ നമ്പർ 9/11–12 പ്രകാരം പിൻവലിച്ച 2,41,638/– രൂപ എന്നിവ സംബന്ധിച്ച യാതൊരു ചെലവു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 1,34,642/– രൂപയുടെ ചെലവിന്റെ യാതൊരു വിവരവും ഫയലിൽ ലഭ്യമല്ല. പേയ്മെന്റ് ഓതറൈസേഷൻ പോലും ലഭിയ്ക്കാതെയാണ് ടി തുക പിൻവലിച്ചത്. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 1997 ലെ കേരള മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 12 (2) പ്രകാരം പ്രസ്തുത ചെലവ് നടന്നിട്ടില്ലാ എന്ന നിഗമനത്തിൽ എത്തുന്നു. ആയതിനാൽ മേൽപ്പറഞ്ഞ 3,76,280/– രൂപ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.
2. പദ്ധതിയ്ക്കായുള്ള ഗുണഭോക്തൃലിസ്റ്റ് 29.11.11 ലെ 3എച്ച്(2) നം.തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ടി ലിസ്റ്റിൽ ഉൾപ്പെടാത്ത ആളുകൾക്ക് ആനുകൂല്യം നൽകിയിരിക്കുന്നു.
3. സെലക്ഷൻ ട്രയൽ, 2011 നവംബർ മുതൽ 2012 മാർച്ച് വരെ നടപ്പിലാക്കിയ പരിശീലനം, 7 ദിവസത്തെ പരിശീലന ക്യാമ്പ് എന്നിവയ്ക്ക് ഭക്ഷണം, യാത്രാപ്പടി, പരിശീലകർക്കുള്ള പ്രതിഫലം, താമസം എന്നീ ഇനങ്ങളിലായി 7,43,109/– രൂപ ചെലവഴിച്ചു. എന്നാൽ 24.7.2007 ലെ സ.ഉ.(എം.എസ്) 183/07/ത.സ്വ.ഭവ.ഖണ്ഡിക 6.9., 6.11, 21.2.2009 ലെ സർക്കുലർ നമ്പർ 44669/ഡി.ബി.2/2009/ത.സ്വ.ഭ. എന്നിവ പ്രകാരം പ്രസ്തുത ഇനങ്ങൾക്ക് വികസന ഫണ്ട് ചെലവഴിയ്ക്കാൻ പാടുള്ളതല്ല. ആയതിനാൽ ഈ ഇനങ്ങളിലെ 7,43,109/– രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

LOCAL FUND AUDIT DEPARTMENT

4. പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്താത്തതിനാൽ പത്രപരസ്യത്തിനായി ചെലവഴിച്ച 6,920/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.
5. 245 കുട്ടികൾക്കായി 4,36,615/- രൂപയ്ക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ അംഗീകൃത പദ്ധതി രേഖയിൽ 2,91,700/- രൂപയാണ് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനായി വകയിരുത്തിയിട്ടുള്ളത്. 147 കുട്ടികൾക്ക് പരിശീലനം നൽകിയതായാണ് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 135 കുട്ടികൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും പരിശീലനം ലഭിയ്ക്കാത്തവർക്കായി സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുകയും പരിശീലനം ലഭിച്ചു എന്നു പറയുന്നവർക്ക് വാങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടില്ല എന്നും വ്യക്തമാണ്.

12/2011 ൽ ആരംഭിച്ചു എന്ന പറയുന്ന പരിശീലനത്തിന് 31.3.12 ൽ മാത്രം സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുകയും അവ അർഹരായവർക്ക് വിതരണം ചെയ്യാത്തതു വഴിയും, ആവശ്യത്തിൽ അധികം ഉപകരണങ്ങൾ വാങ്ങിയതിലൂടെയും അധിക നഷ്ടം ഉണ്ടായി. കൂടാതെ കുട്ടികൾ സ്പോർട്സ് ഉപകരണങ്ങൾ കൈപ്പറ്റിയതിന്റെ രേഖകളും ലഭ്യമല്ല. ആയതിനാൽ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ച 4,36,615/- രൂപയും ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

മേൽപ്പറഞ്ഞ കാരണങ്ങളാൽ 15,62,924/- രൂപയുടെ (3,76,280+7,43,109+6,920+4,36,615) ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

ബി . പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള കായിക പരിശീലനം

(പ്രോജക്ട് നം : S0-648/12)

നഗരത്തിലെ പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികളുടെ കായികക്ഷമത വളർത്തുന്നതിനായി, സെലക്ഷൻ ട്രയൽ നടത്തി തെരഞ്ഞെടുക്കുന്ന 100 വിദ്യാർത്ഥികൾക്ക് ആഴ്ചയിൽ 5 ദിവസം 2 മണിക്കൂർ പരിശീലനവും, ഇവർക്ക് ലഘുഭക്ഷണവും, വന്നുപോകുന്നതിനുള്ള യാത്രാപ്പടിയും നല്കുന്നതിനും, 7 ദിവസം നീളുന്ന 2 സ്പോർട്സ് ക്യാമ്പ് നടത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

1. പരിശീലനത്തിൽ പങ്കെടുത്ത വിദ്യാർത്ഥികളെ തെരഞ്ഞെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. പരിശീലനത്തിൽ പങ്കെടുത്ത വിദ്യാർത്ഥികൾ പട്ടികജാതി വിഭാഗക്കാരാണ് എന്ന് ഉറപ്പു വരുത്തിയിട്ടില്ല. പരിശീലനം നടത്തിയതിന്റെ ആധികാരികമായ യാതൊരു രേഖകളും ലഭിച്ചിട്ടില്ല.
2. പദ്ധതിയിൽ ഉൾപ്പെടുത്തി 1,78,870/- രൂപയുടെ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ വാങ്ങിയ ഉപകരണങ്ങളുടെ കൈപ്പറ്റ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി ചെലവ് അംഗീകരിക്കുന്നില്ല. ഇതേ രീതിയിലുള്ള 'കളരി' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയും കായിക ഉപകരണങ്ങൾ വാങ്ങുകയും കുട്ടികൾക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഒരേ കുട്ടികൾ തന്നെയാണ് രണ്ട് പദ്ധതിയിലും പങ്കെടുത്തിരിക്കുന്നത്. പദ്ധതി പണം ഒരേ ചെലവിന് പല തവണ ആവശ്യമില്ലാതെ ചെലവഴിക്കുന്നതിന് ഇത് ഇടയാക്കി.

LOCAL FUND AUDIT DEPARTMENT

3. സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും വിരുദ്ധമായി ക്യാമ്പുകൾ നടത്തുകയും, ഭക്ഷണം, താമസം, യാത്രാപ്പടി, ഓണറേറിയം എന്നിവ നല്കുന്നതിനായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ള തുക അനുവദിക്കുന്നില്ല.
4. പദ്ധതിയുടെ വിജയകരമായ നടത്തിപ്പ് സംബന്ധിച്ച് മോണിട്ടറിംഗ് റിപ്പോർട്ടും ലഭിച്ചിട്ടില്ല.
5. പത്രപരസ്യത്തിനായി ചെലവഴിച്ച 6,920/- രൂപ പദ്ധതി രേഖയിൽ ഉൾപ്പെടുത്താത്തതിനാൽ അംഗീകരിക്കുന്നില്ല

മേൽപ്പറഞ്ഞ കാരണങ്ങളാൽ ഈ പദ്ധതിയ്ക്കായി ചെലവഴിച്ച 5,75,310/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക നിർവ്വഹണാധികാരിയിൽ നിന്നും ഈടാക്കേണ്ടതാണ്.

സി. നീന്തൽ പരിശീലനം (പ്രോജക്ട് നം.SO159/12)

ഉയർന്ന സാമൂഹ്യ സാഹചര്യവും ജീവിതനിലവാരത്തിലെ ഉയർച്ചയുമാണ് പദ്ധതിയുടെ ലക്ഷ്യം. നഗരസഭാ പ്രദേശത്തുള്ള 150 പേരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. സെലക്ഷൻ ട്രയൽ വഴി ഗുണഭോക്താക്കളെ കണ്ടെത്തുകയും തുടർന്ന് ജൂൺ മുതൽ മാർച്ച് വരെ പത്തുമാസം ആഴ്ചയിൽ രണ്ടു ദിവസം വീതം പരിശീലനം നടത്തുന്നതിനും വർഷത്തിൽ രണ്ടു തവണ ഒരാഴ്ച ദൈർഘ്യമുള്ള ക്യാമ്പുകൾ നടത്തുന്നതുമാണ് പദ്ധതിയുടെ പ്രവർത്തനങ്ങൾ.

1. ബിൽ ബുക്കു പ്രകാരം നീന്തൽ പരിശീലനത്തിനായി 5,58,830/- രൂപ പിൻവലിച്ചിട്ടുണ്ട്. സെലക്ഷൻ ട്രയൽ, 2011 നവംബർ മുതൽ 2012 മാർച്ച് വരെ നടത്തിയ പരിശീലനം, 2011 ഡിസംബറിൽ ഒരാഴ്ചത്തെ ക്യാമ്പ്, സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയത്, പരസ്യ ചെലവ് എന്നിവയിലേയ്ക്കായി 44,67,83/- രൂപ ചെലവായതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പരിശോധനയ്ക്കായി 3,61,700/- രൂപയുടെ വൗച്ചറുകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. 1,97,130/- രൂപയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമല്ല. പദ്ധതിക്കായി ട്രഷറിയിൽ നിന്നും പിൻവലിച്ച 1,97,130/- രൂപയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ടി ചെലവ് നടന്നിട്ടില്ല എന്ന നിഗമനത്തിലെത്താൻ ഓഡിറ്റ് നിർബന്ധിതമായിരിക്കുന്നു. [1997 ലെ കേരള മുൻസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ , ചട്ടം 12 (2)] ആയതിനാൽ 1,97,130/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.
2. പദ്ധതിയ്ക്ക് ഡി.പി.സി അംഗീകാരം ലഭിക്കുന്നത് 11.11.11 നാണ്. 29.11.11 ലെ കൗൺസിൽ തീരുമാനം 3 എച്ച് (2) പ്രകാരം 69 പേരുടെ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ 2011 നവംബർ 5-ാം തീയതി മുതൽ ആഴ്ചയിൽ രണ്ടു ദിവസം വീതം പരിശീലനം നടത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് ഒബ്ജക്ഷന് (നം.27/11-12 തീയതി 17.09.12) നൽകിയ മറുപടിയിൽ സ്പോർട്സ് വർക്കിംഗ് ഗ്രൂപ്പിന്റെ തീരുമാനപ്രകാരമാണ് 2011 നവംബർ 5-ാം തീയതി മുതൽ കോച്ചിംഗ് ക്യാമ്പ് ആരംഭിച്ചത്

എന്നറിയിച്ചിട്ടുണ്ട്. പദ്ധതിയ്ക്ക് ഡി.പി.സി യുടെ അംഗീകാരം ലഭിക്കുന്നതിനും, ഗുണഭോക്തൃലിസ്റ്റ് കൗൺസിൽ അംഗീകരിക്കുന്നതിനും മുൻപ് പരിശീലനം ആരംഭിച്ചത് നിർവ്വഹണോദ്യോഗസ്ഥയുടെ ഭാഗത്തുള്ള ഗുരുതരമായ വീഴ്ചയാണ്.

3. പരിശീലനത്തിന് ആവശ്യമായ കായിക ഉപകരണങ്ങൾ KICO സ്പോർട്സ് അടൂർ, എന്ന സ്ഥാപനത്തിൽ നിന്നും 1,78,870/- രൂപയ്ക്ക് വാങ്ങിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്ഥാപനത്തിന്റെ ബിൽ പ്രകാരം തുക 96,670/- രൂപയാണ്. (ഇൻവോയ്സ് നം.1766/27.3.12). പത്ത് ഇനം ഉപകരണങ്ങൾക്കാണ് ക്വട്ടേഷൻ ക്ഷണിച്ചത്. എന്നാൽ ബിൽ പ്രകാരം സപ്ലൈ ചെയ്തത് ഏഴ് ഇനം ഉപകരണങ്ങൾ മാത്രമാണ്. സ്ഥാപനം തുക കൈപ്പറ്റിയതിന്റെ രേഖകൾ ലഭ്യമല്ല. വിതരണ രേഖയായി 49 പേരുടെ ഒപ്പ് രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റാണ് ഹാജരാക്കിയത്. സ്പോർട്സ് കിറ്റിൽ T Shirt(1), Shorts(1), Socks (1 Pair) , ഷൂസ് (1 ജോടി), Gogles(1), Cap (1) എന്നിവയാണ് ഉൾപ്പെടുന്നത്. ഇവയെല്ലാം 50 എണ്ണം വീതം വാങ്ങിയിട്ടുണ്ട്. ഇതു കൂടാതെ വാങ്ങിയ 50 ആംപാഡുകൾ വിതരണം ചെയ്തിട്ടില്ല. പരിശീലനത്തിൽ പങ്കെടുത്തു എന്നു പറയപ്പെടുന്ന 40 പേരിൽ 29 പേർ മാത്രമാണ് കിറ്റ് കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുള്ളത്. ബാക്കി 20 പേർ പരിശീലനത്തിൽ പങ്കെടുക്കാത്തയാളുകളുമാണ്. ഹാജരാക്കിയ വിതരണ രേഖയുടെ ആധികാരികത ഓഡിറ്റിന് ബോദ്ധ്യപ്പെട്ടിട്ടില്ല. ഈയിനത്തിൽ ചെലവഴിച്ച 96,670/- രൂപ നിരാകരിക്കുന്നു.

    കൂടാതെ പരസ്യചെലവിനായി 6,920/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടി തുക പ്രോജക്ടിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ ചെലവ് നിരാകരിക്കുന്നു.

4. സെലക്ഷൻ ട്രയൽ, 2011 നവംബർ മുതൽ 2012 മാർച്ച് വരെ നടത്തിയ പരിശീലനം, 7 ദിവസത്തെ കോച്ചിംഗ് ക്യാമ്പ് എന്നിവയ്ക്കായി ഭക്ഷണം, യാത്രപ്പടി, താമസം എന്നീ ഇനങ്ങളിൽ 1,76,875/- രൂപ സർക്കാർ ഉത്തരവിന് വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ടി തുക നിരാകരിക്കുന്നു.

5. പരിശീലനം നൽകിയ മൂന്നു കോച്ചുമാർക്ക് പ്രതിദിനം 250/- രൂപ വീതം പ്രതിഫലം നൽകിയിട്ടുണ്ട്. എന്നാൽ പരിശീലകരെ തെരഞ്ഞെടുത്ത തെങ്ങനെ, യോഗ്യത എന്നിവയെപ്പറ്റി യാതൊരു വിവരങ്ങളും ലഭ്യമല്ല. പ്രതിഫലം കൈപ്പറ്റിയതിന്റെ രസീതുകൾ മാത്രമാണുള്ളത്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പരിശീലകരും, ദേശീയ നീന്തൽ രംഗത്തും, സംസ്ഥാന ജില്ലാ തലത്തിലും പ്രാഗൽഭ്യം തെളിയിച്ചിട്ടുള്ളവരെയുമാണ് പരിശീലകരായി നിയമിക്കുന്നത് എന്ന്, ഈ വിഷയത്തിലെ ഓഡിറ്റ് ഒബ്ജക്ഷനു മറുപടിയായി നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതിന് ഉപോൽബലകമായ രേഖകളോ, ടിയാളുകളെ നിയമിക്കുന്നതിന് കൗൺസിലിന്റെ തീരുമാനമോ ലഭ്യമല്ല.

2011 ഡിസംബർ മാസത്തിൽ മൂന്നുപേർക്ക് 250/- രൂപ വീതം 6,750/- രൂപ (3x250x9) നൽകിയതായി കാണിച്ചിട്ടുണ്ട്. എന്നാൽ പരിശോധനയ്ക്ക് ഹാജരാക്കിയ മൂന്നു കൈപ്പറ്റ് രസീതുകളിൽ രണ്ടെണ്ണം മധുകുമാർ കെ.ബി, കെ.ജി.ഭവൻ, പി.പി

LOCAL FUND AUDIT DEPARTMENT

ലെയ്ൻ എന്നയാളുടേതാണ്. ഇതിൽ നിന്നും ഒരാൾ തന്നെയാണ് രണ്ടു പേരുടെ തുക കൈപ്പറ്റിയതെന്നു കാണുന്നു. 2012 മാർച്ച് മാസത്തിൽ മൂന്നു പേർക്ക് 1500 രൂപ വീതം (3 x 250x6 ദിവസം)4500/- രൂപ നൽകിയിട്ടുണ്ട്. ഇതിൽ രണ്ടു കൈപ്പറ്റു രസീതുകൾ മാത്രമാണുള്ളത്. ഇവ രണ്ടും കെ.ബി.മധുകുമാർ, കെ.ജി.ഭവൻ എന്നയാളുടേതാണ്. കൈപ്പറ്റു രസീതുകളുടെ അഭാവത്തിൽ, 2011 ഡിസംബർ മാസത്തിൽ പ്രതിഫലമായി നൽകിയ 2250/- രൂപയും 2012 മാർച്ച് മാസത്തിൽ നൽകിയ 3000/- (1500+1500) രൂപയും നിരാകരിക്കുന്നു.

ഒരാഴ്ചത്തെ ക്യാമ്പിൽ, രണ്ടു പരിശീലകർക്ക് 250/- രൂപ വീതം 3500/- രൂപയും, ആറു വോളന്റിയർമാർക്ക് 150/- രൂപ വീതം 6300/- രൂപയും രണ്ടു വാർഡർമാർക്ക് 250/- രൂപ വീതം 3500/- രൂപയും നൽകിയിട്ടുണ്ട്. വോളന്റിയർമാർ, വാർഡർമാർ എന്നിവരെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം ടിയാളുകളുടെ ചുമതലകൾ എന്നിവയെ സംബന്ധിച്ച് യാതൊരു വിവരങ്ങളും ലഭ്യമല്ല. വോളന്റിയർമാരുടെ ആറു കൈപ്പറ്റു രസീതുകൾ ഹാജരാക്കിയതിൽ ഒരെണ്ണം കോച്ചായ ജയകുമാർ, പാലവിള ഹൗസ്, പാളയം എന്നയാളുടേതും, രണ്ടെണ്ണം ഷമ്മി.എസ് എന്നയാളുടേതുമാണ്. കൈപ്പറ്റു രസീതുകളുടെ ആധികാരികത ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടില്ല. ഒരാൾതന്നെ കോച്ചിന്റെയും, വോളന്റിയറുടേയും പ്രതിഫലം കൈപ്പറ്റിയത് അംഗീകരിക്കാവുന്നതല്ല. കൈപ്പറ്റുരസീതുകളുടെ അടിസ്ഥാനത്തിൽ വോളന്റിയർമാർക്ക് നൽകിയതിൽ നാലുപേരുടേതൊഴികെ രണ്ടുപേർക്ക് നൽകിയ 2100/- രൂപയുടെ (150x7x2) ചെലവ് നിരാകരിക്കുന്നു.

വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ 1,97,130/- രൂപയും, ഹാജരാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ മേൽ ഖണ്ഡികകളിൽ പരാമർശിച്ച പ്രകാരം 2,87,815/- രൂപയും ഉൾപ്പെടെ ആകെ 4,84,945/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഇത് നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി ഈടാക്കേണ്ടതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിദ്യാഭ്യാസ മേഖലയിൽ ഏറ്റെടുക്കാവുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് 14.5.07 ലെ (എസ്.എസ്)128/2007 ത.സ്വ.ഭ.വ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. 24.07.07 ലെ ജി.ഒ(എം.എസ്)183/07 ത.സ്വ.ഭ.വ സബ്സിഡി മാർഗ്ഗരേഖ പ്രകാരം വികസന ഫണ്ട് ഉല്പാദനപരമല്ലാത്ത പരിപാടികളായ ക്യാമ്പയിനുകൾ, മേളകൾ, ഉല്ലാസയാത്രകൾ എന്നിവയ്ക്കായി ഉപയോഗിക്കാൻ പാടില്ലാത്തതാണ്. കൂടാതെ പരിശീലന പരിപാടികൾ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കായും, സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായോ വേതനതൊഴിൽ ലഭിക്കുമെന്ന് ഉറപ്പുള്ളതോ ആയ മേഖലകളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. സർക്കാർ നിർദ്ദേശങ്ങളും പദ്ധതി മാർഗ്ഗരേഖയും മുഖവിലയ്ക്കെടുക്കാതെ നടപ്പിലാക്കിയ പ്രോജക്ടുകളാണിവ. വിദ്യാഭ്യാസം, സംസ്കാരം, കായിക യുവജനകാര്യം വർക്കിംഗ് ഗ്രൂപ്പിനാണ് പദ്ധതികളുടെ മോണിട്ടറിംഗ് ചുമതല. എന്നാൽ ഒരു ഘട്ടത്തിലും മോണിട്ടറിഗ് നടന്നതായി കാണുന്നില്ല.

പൊതുഖജനാവിൽ നിന്നുള്ള പണം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി ഏതാനും രേഖകളുടെ പിൻബലത്തിൽ തികച്ചും നിരുത്തരവാദപരമായി ചെലവഴിക്കുന്ന നടപടികൾ പുന:പരിശോധിക്കേണ്ടതാണ്. പദ്ധതികളുടെ രൂപീകരണഘട്ടത്തിലും, അംഗീകാരം നൽകുന്ന ഘട്ടത്തിലും ഉദ്യോഗസ്ഥരും ഭരണനേതൃത്വവും ഈ വസ്തുതകൾ ശ്രദ്ധിക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

3.7 മൃഗസംരക്ഷണ മേഖല

3.7.1 പന്നിവളർത്തലിന് ധനസഹായം – സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധം.

പ്രോജക്ട് നം.	: 36/12
നിർവ്വഹണാധികാരി	: സീനിയർ വെറ്ററിനറി സർജൻ
അടങ്കൽ തുക	: 4,00,000/- [വികസന ഫണ്ട് -1,00,000/- ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവഴിക്കുന്നത്): 3,00,000/-]
ബിൽ നം./ തിയതി	: 3/11-12/22.03.2012
ആകെ ചെലവഴിച്ച തുക	: 10,000/- രൂപ

നിലവിൽ പന്നി വളർത്തുന്നവർക്ക് ധനസഹായമായി 10,000/- രൂപ അതാത് സ്ഥലത്തെ മൃഗഡോക്ടറുടെ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കി ഡി.പി.സി അംഗീകാരം ലഭിച്ചിട്ടുള്ളത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പതിനൊന്നാം പഞ്ചവത്സര പദ്ധതിയിലെ സബ്സിഡി മാനദണ്ഡങ്ങളും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ.(എം.എസ്)183/2007/ത.സ്വ.ഭ.വ തീയതി 24.7.2007) പ്രകാരം ധനസഹായങ്ങൾ വികസന ഫണ്ടിൽ നിന്നും നൽകുവാൻ പാടുള്ളതല്ല. പന്നി വളർത്തുന്നവർക്ക് യാതൊരു മാനദണ്ഡവുമില്ലാതെ 10,000/- രൂപ ധനസഹായം നൽകാൻ ഡി.പി.സി.അംഗീകരിച്ച ഈ പ്രോജക്ട് സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവനിയോഗവുമാണ്. ഈ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിനെ തെരഞ്ഞെടുത്ത് ധനസഹായമായി 10,000/- രൂപ നൽകിയതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നൽകിയ തുകയുടെ ഡി.ഡി. നമ്പർ, കൈപ്പറ്റ് രസീത് എന്നിവ ലഭ്യമല്ല. പിൻവലിച്ച തുക ഗുണഭോക്താവിന് നൽകിയതിന് യാതൊരു തെളിവുമില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണം (നം.6/23.7.12) ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റ് (നം.37/11-12) എന്നിവയ്ക്ക് നിർവ്വഹണോദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ, പദ്ധതി ഡി.പി.സി അംഗീകരിച്ച് സബ്സിഡി മാനദണ്ഡങ്ങൾക്കനുസൃതമായി നടപ്പിലാക്കിയതാണെന്നും വെറ്ററിനറി സർജന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകിയതെന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതി ഡി.പി.സി.അംഗീകരിച്ചു എങ്കിലും നിർവ്വഹണോദ്യോഗസ്ഥൻ ഈ പദ്ധതി നടപ്പിലാക്കുവാൻ നിലവിലുള്ള ഉത്തരവുകൾ അനുവദിക്കുന്നില്ല. ആകയാൽ ഇതു സംബന്ധിച്ച നിർവ്വഹണാധികാരിയുടെ മറുപടി അംഗീകരിക്കുന്നില്ല. ധനസഹായമായി നൽകിയ തുകയായ 10,000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ സീനിയർ വെറ്ററിനറി സർജൻ ശ്രീ.ഇ.ജെ.പ്രേംജയിനിൽ നിന്നും ഈടാക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

3.7.2 നേച്ചർ ഫ്രഷ് ഗ്രൂപ്പുകൾക്ക് പലിശ സബ്സിഡി – മാർഗ്ഗരേഖയ്ക്ക് വിരുദ്ധം നഷ്ടം 4,77,000/-

പ്രോജക്ട് നം	:	20/12
നിർവ്വഹണാധികാരി	:	സീനിയർ വെറ്ററിനറി സർജൻ
അടങ്കൽ തുക	:	46,55,000/ (വികസന ഫണ്ട് -11,55,000/-, ധനകാര്യസ്ഥാപനങ്ങളിൽ നിന്ന്വായ്പ: 35,00,000/-)

ഏപ്രിൽ 2011 ന് ശേഷം മൃഗസംരക്ഷണ മേഖലയിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുത്തിട്ടുള്ള വ്യക്തികളിൽ തെരഞ്ഞെടുക്കപ്പെട്ടവർക്ക് വായ്പയുടെ പലിശയിനത്തിൽ വരുന്ന തുക പരമാവധി 16,500/- രൂപ വരെ ധനസഹായം ലഭിക്കുന്നതും പദ്ധതി വിഹിതം തുക ഗുണഭോക്താവിന്റെ ലോൺ അക്കൗണ്ടിൽ അതാത് ബാങ്കിൽ നിക്ഷേപിക്കുന്നതുമാണ് പദ്ധതി. തിരുവനന്തപുരം ജില്ലയിലെ ആറ് നേച്ചർ ഫ്രഷ് ഗ്രൂപ്പുകളെയാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി

തെരഞ്ഞെടുത്തിരിക്കുന്നത്. ഓരോ ഗ്രൂപ്പും 5,75,000/- രൂപയുടെ വീതം വായ്പ എടുത്തതിൽ 84,530/- രൂപയുടെ വീതം തുകകൾ പലിശയിനത്തിൽ അടയ്ക്കുവാനുണ്ടായിരുന്നതിൽ 79,500/- രൂപ വീതം ആറ് നേച്ചർ ഫ്രഷ് ഗ്രൂപ്പുകൾക്ക് ആകെ 4,77,000/- രൂപ ബാങ്കിൽ ഒടുക്ക് വരുത്തിയിരിക്കുന്നു. (SBT Secretariat view Branch) (16.4.12 ലെ ഡി.ഡി. നം.281374 മുതൽ 281379 വരെ)

ഈ പദ്ധതിയ്ക്കായി വകയിരുത്തിയ ആകെ തുകയായ 46,55,000/- രൂപയിൽ 11,55,000/- രൂപ വികസന ഫണ്ടിൽ നിന്നുമാണ് പതിനൊന്നാം പഞ്ചവൽസര പദ്ധതിയിലെ സബ്സിഡി മാനദണ്ഡങ്ങൾ (സ.ഉ.(എം.എസ്) 183/2007/ത.സ്വ.ഭ.വ തീയതി 24.7.2007) പ്രകാരം പലിശ സബ്സിഡി വികസന ഫണ്ടിൽ നിന്നും നൽകുവാൻ പാടുള്ളതല്ല. സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നു. സബ്സിഡിയിനത്തിൽ ആറ് നേച്ചർ ഫ്രഷ് ഗ്രൂപ്പുകൾക്ക് നൽകിയ ബാങ്ക് പലിശ തുകയായ 4,77,000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻ ശ്രീ.ഇ.ജെ.പ്രേംജയിനിൽ നിന്നും ഈടാക്കേണ്ടതാണ്.

3.7.3 കറവ യന്ത്രം പ്രചരിപ്പിക്കൽ – അധികച്ചെലവ് 55,000/- രൂപ

പ്രോജക്ട്	:	19/11-12
നിർവ്വഹണാധികാരി	:	സീനിയർ വെറ്ററിനറി സർജൻ
അടങ്കൽ തുക	:	24,11,350/- (വികസന ഫണ്ട് -800000/-

ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) - 10,56,350/-
ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) - 5,55,000/-)

LOCAL FUND AUDIT DEPARTMENT

ഈ പദ്ധതിയനുസരിച്ച് അഞ്ചോ അതിലധികമോ കറവ പശുക്കളുള്ള ക്ഷീര കർഷകർക്കാണ് പദ്ധതിയ്ക്ക് അർഹതയുള്ളത്. ഒരു യന്ത്രത്തിന്റെ വില 50,000 രൂപയും ഇത് സ്ഥാപിക്കുന്നതിനാവശ്യമായ വൈദ്യുതീകരണവും പശ്ചാത്തലമൊരുക്കലും ഗുണഭോക്താവ് നേരിട്ട് ചെയ്യുന്നതിനാൽ 15,000/- രൂപ ചെലവും കണക്കാക്കുന്നു. ഒരു യൂണിറ്റിന്റെ ആകെ അടങ്കൽ തുക 65000/- രൂപയാണ്. 30,000/- രൂപ ഗുണഭോക്തൃ വിഹിതമായി സ്ഥാപനത്തിൽ അടയ്ക്കേണ്ടതും സബ്സിഡിയായി 20,000/- രൂപ ഒരു ഗുണഭോക്താവിന് യന്ത്രത്തിന്റെ വിലയിൽ നൽകുന്നതുമാണ് പദ്ധതി.

<u>അപാകതകൾ</u>

1) പദ്ധതിക്കായി അഞ്ച് ഗുണഭോക്താക്കൾ അപേക്ഷിച്ചിട്ടുണ്ടെന്നും 20,000/-രൂപ വീതം ആകെ 1,00,000/-രൂപ സബ്സിഡി തുക ചെലവഴിച്ച് അഞ്ച് മെഷീനുകൾ വാങ്ങിയതായും ബന്ധപ്പെട്ട ഫയലിൽ നിന്നും വ്യക്തമാകുന്നു. അഞ്ചു പേരിൽ ഗുണഭോക്താക്കളായ തങ്കമണി, പാച്ചല്ലൂർ.പി.ഒ, സന്തോഷ്കുമാർ, ഗാന്ധിപുരം, പൗഡിക്കോണം, ജയചന്ദ്രൻ നായർ, ഞാണ്ടൂർക്കോണം, പൗഡിക്കോണം എന്നീ മൂന്നു പേർ മെഷീൻ വാങ്ങി ഉപയോഗപ്പെടുത്തുന്നതായി ബന്ധപ്പെട്ട വെറ്റിനറി സർജൻമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ബാക്കി രണ്ട് പേർക്ക് 31.03.2012 തീയതിക്ക് മുമ്പ് ഗുണഭോക്തൃവിഹിതം അടയ്ക്കുവാൻ കഴിയാത്തതിനാൽ കറവയന്ത്രം നൽകുവാൻ കഴിഞ്ഞിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജൻ മറുപടി നൽകിയിട്ടുണ്ട്. എന്നാൽ അഞ്ച് ഗണഭോക്താക്കളുടെ സബ്സിഡി തുകയായ ഒരു ലക്ഷം രൂപ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് ഡിമാന്റ് ഡ്രാഫ്റ്റ് നമ്പർ 281340/16.4.12 പ്രകാരം നൽകിയിട്ടുണ്ട്. പദ്ധതിയ്ക്കായി തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ഗുണഭോക്തൃവിഹിതം അടച്ചതിനുശേഷം സബ്സിഡി തുക കൈമാറിയിരുന്നുവെങ്കിൽ 40,000/-രൂപയുടെ അധികച്ചെലവ് ഒഴിവാക്കാമായിരുന്നു. മാത്രമല്ല ഗുണഭോക്തൃ വിഹിതം നഗരസഭയിൽ അടയ്ക്കാതിരുന്നവർക്ക് കറവയന്ത്രം വാങ്ങുവാനുള്ള സബ്സിഡി അഗ്രോ ഇൻഡട്രീസ് കോർപ്പറേഷന് നൽകിയത് നിയമവിരുദ്ധമാണ്. ഈ സാഹചര്യത്തിൽ രണ്ട് കറവ യന്ത്രങ്ങൾക്ക് നൽകിയ സബ്സിഡി തുകയായ 40,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.
2) ഒരു കറവ യന്ത്രത്തിന് വിലയായി 45,000/- രൂപയാണ് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ കണക്കാക്കിയിരിക്കുന്നത്. (KAICO യുടെ ഇൻവോയസ് നമ്പർ:X-3094/11-12 തീയതി 30.3.12) 45,000/- രൂപ വിലവരുന്ന കറവ യന്ത്രത്തിന് ഗുണഭോക്താക്കൾ നൽകിയ ഗുണഭോക്തൃവിഹിതമായ 30000/- രൂപയും ബാക്കി തുകയായ 15,000/- രൂപ സബ്സിഡിയും അഗ്രോ ഇൻഡസ്ട്രീസിന് നൽകിയാൽ മതിയായിരുന്നു. (ആകെ യൂണിറ്റ് ചെലവിന്റെ

LOCAL FUND AUDIT DEPARTMENT

33%) ഇപ്രകാരം ഓരോ കറവയന്ത്രത്തിനും 5,000/– രൂപ അധികം നൽകി. മൂന്ന് ഗുണഭോക്താക്കൾക്കാണ് കറവയന്ത്രം നൽകിയത്.

ഈ സാഹചര്യത്തിൽ മൂന്ന് കറവ യന്ത്രങ്ങൾക്ക് അധികമായി നൽകിയ സബ്സിഡി തുകയായ 15,000/– രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

അധികമായി വാങ്ങിയ കറവയന്ത്രങ്ങളുടെ വില 40,000/– രൂപയും വിതരണം ചെയ്ത മൂന്ന് കറവയന്ത്രങ്ങൾക്ക് അധിക സബ്സിഡിയായി നൽകിയ 15000/– രൂപയും ഉൾപ്പെടെ ആകെ 55,000/– രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രീ.ഇ.ജെ.പ്രേംജയിനിൽ നിന്നും ഈടാക്കേണ്ടതാണ്.

3.8 കാർഷിക മേഖല

3.8.1 പുഷ്പകൃഷി വികസനം – നല്കിയ തൈകൾ പുഷ്പിച്ചില്ല – പദ്ധതി ലക്ഷ്യം കൈവരിച്ചതിന് രേഖയില്ല

പ്രോജക്ട് നം. S 0012/12
നിർവ്വഹണം : കൃഷി ഡെപ്യൂട്ടി ഡയറക്ടർ

നഗരസഭാപരിധിയിൽ വരുന്ന കുടുംബങ്ങളുടെ വരുമാന വർദ്ധനവ് ലക്ഷ്യമാക്കി, പുതുതായി വ്യക്തികളെയും കുടുംബങ്ങളേയും ആകർഷിച്ച് ആദായകരമായ ഒരു തൊഴിൽ സംരംഭമായി പുഷ്പകൃഷിയെ നിലനിർത്തി സംരക്ഷിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. കൃഷിഭവനുകൾ മുഖേന നടപ്പിലാക്കിയ പദ്ധതി പ്രകാരം കുറ്റിമുല്ല/ ആന്തൂറിയം/ഓർക്കിഡ് തൈകളും, ജൈവവളവും സർക്കാർ അംഗീകൃത ഏജൻസി മുഖാന്തിരം ഗുണഭോക്താക്കൾക്ക് നൽകുന്നു. 1,02,850/– രൂപ അടങ്കലുള്ള പദ്ധതി 700 സ്ത്രീ ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ബിൽ നം.5/2011–12 തീയതി 30.03.12 പ്രകാരം 3,85,000/– രൂപയും, ബിൽ നം.07/2011–12/തീയതി 31.03.12 പ്രകാരം 3,85,000/– രൂപയും, ബിൽ നം.07/2011–12/തീയതി 31.03.12 പ്രകാരം 180975/– രൂപയും (ആകെ 5,65,975/– രൂപ) ചെലവഴിച്ചിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി 11 കൃഷിഭവനുകൾ മുഖേന 489 കുറ്റിമുല്ല യൂണിറ്റുകളും, 190 ഓർക്കിഡ്/ആന്തൂറിയം യൂണിറ്റുകളും വിതരണം ചെയ്യുകയും 5 കൃഷിഭവനുകളുടെ നേതൃത്വത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുകയും ചെയ്തു. എന്നാൽ തൈകൾ വിതരണം ചെയ്തതിനുശേഷം നടീൽ, വളമിടീൽ, വളർച്ച, വിളവെടുപ്പ് എന്നിവ സംബന്ധിച്ച് കൃഷിഭവനുകളിൽ നിന്നോ, കൃഷി വർക്കിംഗ് ഗ്രൂപ്പ് മുഖേനയോ മോണിട്ടറിംഗ് നടന്നതായി കാണുന്നില്ല. വികസന ഫണ്ടിൽ നിന്നും ലക്ഷങ്ങൾ ചെലവഴിച്ച് കുറേ തൈകൾ വിതരണം ചെയ്തു എന്നല്ലാതെ, അവ കൈപ്പറ്റിയ കർഷകർ തൈകൾ പ്രയോജനപ്പെടുത്തിയോ എന്നറിയാൻ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. ആദായകരമായ തൊഴിൽ സംരംഭമായി പുഷ്പകൃഷിയെ മാറ്റുന്നതിന് ലക്ഷ്യമിട്ടാണ് പദ്ധതി വിഭാവനം ചെയ്തതെങ്കിലും വിപണനത്തെപ്പറ്റി യാതൊരു മാർഗ്ഗനിർദ്ദേശവും പ്രോജക്ടിലില്ല. കർഷകർക്ക് പുഷ്പകൃഷിയിലൂടെ സ്വന്തമായി വരുമാനം ലഭ്യമാക്കുന്നതിൽ പദ്ധതി പരാജയപ്പെട്ടതായി വിലയിരുത്തുന്നു.

LOCAL FUND AUDIT DEPARTMENT

3.8.2 സമഗ്രനെൽകൃഷി വികസനം- സമയബന്ധിതമായി ഉല്പാദനോപാധികൾ വിതരണം ചെയ്തില്ല.

പ്രോജക്ട് നം. : S 001/12
നിർവ്വഹണം : കൃഷി ഡെപ്യൂട്ടി ഡയറക്ടർ

തിരുവനന്തപുരം ജില്ലയിലെ 44 ഹെക്ടർ സ്ഥലത്ത് നെൽകൃഷിക്കുള്ള ഉൽപ്പാദനോപാധികൾ വിതരണം ചെയ്യുക, തരിശുനിലത്ത് നെൽകൃഷി വ്യാപിപ്പിക്കുക, കാർഷിക യന്ത്രവൽക്കരണത്തിന്റെ ഭാഗമായി മേലാങ്കോട് മാങ്കിളിക്കരി പാടശേഖരത്തിന് ഒരു വിന്നോവർ-കം-ത്രെഷർ വിതരണം ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കാനുദ്ദേശിച്ച പ്രവർത്തനങ്ങൾ. 11,07,200/- രൂപ (വികസന ഫണ്ട് 675000/- ഗുണഭോക്തൃ വിഹിതം (നേരിട്ട്) 432200/-) അടങ്കൽ നിശ്ചയിച്ച ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ നേമം, കഴക്കൂട്ടം, വിഴിഞ്ഞം കൃഷിഭവനുകളുടെ പരിധിയിൽ വരുന്ന നെൽകർഷകരാണ്. പാടശേഖരസമിതികൾ മുഖേന നടപ്പിലാക്കിയ ടി പദ്ധതിക്കായി ബിൽ.നം.1/11-12/25.1.12 പ്രകാരം 2,24,800/- രൂപയും, ബിൽ നം.2/11-12/17.03.12 പ്രകാരം 1,43,010/- രൂപയും ചേർത്ത് ആകെ 3,67,810/- രൂപ ചെലവഴിച്ചിട്ടുണ്ട്.

നേമം, വിഴിഞ്ഞം, കഴക്കൂട്ടം കൃഷിഭവനുകൾക്കു കീഴിലുള്ള നാലു പാടശേഖരസമിതികൾ മുഖേന (ആകെ 21 ഹെക്ടർ) നെൽകർഷകർക്ക് നെൽവിത്തുകളും രാസ/ ജൈവവളവും വിതരണം ചെയ്യുകയും, പൂട്ടുകൂലി നൽകുകയും മാത്രമാണ് ടി പദ്ധതിപ്രകാരം ആകെ നടപ്പിലാക്കിയത്. ഒന്നാംവിള ഓണത്തിനും രണ്ടാംവിള നവംബർ, ഡിസംബർ മാസത്തിലുമാണ് വിള വെടുക്കുന്നത്. വെള്ളത്തിന്റെ ലഭ്യതയും മറ്റു പരിത സ്ഥിതികളും അടിസ്ഥാനപ്പെടുത്തി നടപ്പിലാക്കേണ്ട നെൽകൃഷിക്ക് ഉൽപ്പാദനോപാധികൾ സമയബന്ധിതമായി വിതരണം ചെയ്യേണ്ടതുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിപ്രകാരം വിതരണം ചെയ്ത വിത്ത്/വളം എന്നിവയുടെ പെർമിറ്റുകൾ, കൈപ്പറ്റു രസീതുകൾ ഇവയിലൊന്നും തീയതി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇവ സമയബന്ധിതമായി കർഷകർക്ക് നൽകിയതായി ഉറപ്പാക്കാൻ കഴിയുന്നില്ല. വിത്തും വളവും വിതരണം ചെയ്തതല്ലാതെ ഒരു ഘട്ടത്തിലും മോണിട്ടറിംഗ് നടന്നിട്ടില്ല.

11,07,200/- രൂപ അടങ്കലുള്ള പദ്ധതിയിൽ തരിശു കിടക്കുന്ന പാടങ്ങളിൽ കൃഷി ഇറക്കുന്നതിനായി വകയിരുത്തിയത് ആകെ 21,500/- രൂപയാണ്. (പദ്ധതിവിഹിതം 12,000/-, ഗുണ.വിഹിതം - 9,550/-) എന്നാൽ ഈയിനത്തിൽ യാതൊരു പ്രവർത്തനവും നടത്തിയിട്ടില്ല. ഭക്ഷ്യധാന്യങ്ങൾക്കായി അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്ന സംസ്ഥാനത്ത്, നിലവിലുള്ള തരിശു പാടങ്ങളിൽ നെൽകൃഷി വ്യാപിപ്പിക്കുന്നത്, കർഷകരുടെ വരുമാന വർദ്ധനവിനൊപ്പം ഭക്ഷ്യസുരക്ഷയെന്ന ലക്ഷ്യത്തിലേക്ക് ഒരു ചുവടുവയ്പ്പ് കൂടിയാണ്. ഇതിനായി പദ്ധതികൾ രൂപീകരിച്ച് തുക വകയിരുത്തിയിട്ടുണ്ടെങ്കിലും

LOCAL FUND AUDIT DEPARTMENT

അവ ഫലപ്രദമായി നടപ്പിലാക്കാനുള്ള ഇച്ഛാശക്തി നിർവ്വഹണോദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടാകുന്നില്ല എന്നുള്ളത് ആശാസ്യമല്ല.

ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, നെൽകർഷകരുടെ വരുമാന വർദ്ധനവും, കാർഷിക യന്ത്രവൽക്കരണം തുടങ്ങിയ പദ്ധതി ലക്ഷ്യങ്ങളൊന്നും കൈവരിച്ചിട്ടില്ല.

3.8.3 സമഗ്ര വാഴകൃഷി –റസിഡൻസ് അസോസിയേഷനുകൾ വഴി വിതരണം – ഗുണഭോക്താക്കൾക്ക് ലഭിച്ചതിന് രേഖയില്ല.

പ്രോജക്ട് നം. S 006/12
നിർവ്വഹണം : കൃഷി ഡെപ്യൂട്ടി ഡയറക്ടർ

750 ഹെക്ടർ സ്ഥലത്ത് അധികമായി വാഴകൃഷി വ്യാപിപ്പിക്കുക, 1500 ടൺ വാഴക്കുല അധികമായി ഉൽപ്പാദിപ്പിക്കുക, 2000 തൊഴിലവസരങ്ങൾ അധികമായി സൃഷ്ടിക്കുക എന്നിവയാണ് പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ. വാഴക്കന്ന്, ജൈവരാസവളങ്ങൾ എന്നിവ പെർമിറ്റ് അടിസ്ഥാനത്തിൽ കുറഞ്ഞത് ഒരു സെന്റ് സ്ഥലമെങ്കിലും സ്വന്തമോ, പാട്ടത്തിനോ ഉള്ളവർക്ക് നൽകുക എന്നതാണ് പ്രവർത്തനം. ഇതിനായി ബിൽ.നം.3/11–12/തീയതി 30.3.12, ബിൽ നം.6/11–12 എന്നിവ പ്രകാരം ആകെ 76,65,000/– രൂപ ചെലവഴിച്ചിട്ടുണ്ട്.

നഗരസഭാ കൃഷിഭവനിലേക്ക് വിതരണത്തിനായി 7450 യൂണിറ്റുകൾ KAICO യിൽ നിന്നും വാങ്ങിയിട്ടുണ്ട്. 1 യൂണിറ്റിൽ 10 വാഴക്കന്ന്, 20 കി.ഗ്രാം വേപ്പിൻ പിണ്ണാക്ക്, 25 കി.ഗ്രാം രാസവളം, Pseudomonas 200ml എന്നിവ ഉൾപ്പെടുന്നു. ഹാജരാക്കിയ വിതരണ ലിസ്റ്റ് പ്രകാരം 246 യൂണിറ്റുകൾ വ്യക്തിഗത ഗുണഭോക്താക്കൾക്കും, 7204 യൂണിറ്റുകൾ വിവിധ റസിഡൻസ് അസ്സോസി യേഷനുകൾക്കുമാണ് വിതരണം ചെയ്തിട്ടുള്ളത്. മുട്ടട വാർഡിലെ ഗ്രീൻവാലി

റസിഡൻസ് അസോസിയേഷന് 454 യൂണിറ്റും, കുന്നുകുഴി, ഫോർട്ട്, പട്ടം വാർഡുകളിലെ ആകെ 27 റസിഡന്റ്സ് അസോസിയേഷനുകൾക്ക് 250 യൂണിറ്റുകൾ വീതവും നൽകിയിട്ടുണ്ട്. റസിഡൻസ് അസോസിയേഷനുകൾ വഴി വിതരണം ചെയ്ത ഉല്പാദനോപാധികൾ വ്യക്തിഗത ഗുണഭോക്താക്കൾക്ക് ലഭിച്ചതായുള്ള യാതൊരു രേഖകളും ലഭ്യമല്ല. പദ്ധതിയുടെ ഒരു ഘട്ടത്തിലും മോണിട്ടറിംഗ് നടന്നതായി കാണുന്നില്ല. ലക്ഷങ്ങൾ ചെലവഴിച്ച് നടപ്പിലാക്കിയ പദ്ധതി ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിച്ചതായി കരുതാൻ കഴിയില്ല.

AG AUDIT DEPARTMENT

3.8.4 സമഗ്രകരകൃഷി വികസനം – ഉല്പാദനക്ഷമത കൈവരിച്ചില്ല

പ്രോജക്ട് നം. : S 002/12
നിർവ്വഹണം : കൃഷി ഡെപ്യൂട്ടി ഡയറക്ടർ

തെങ്ങിൻതടങ്ങളിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കൽ, ഇടവിളകൃഷി പ്രോത്സാഹിപ്പിക്കൽ, രോഗകീടനിയന്ത്രണം എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. ഇതിനായി 3000 തെങ്ങിന് വേപ്പിൻ പിണ്ണാക്ക് 50% സബ്സിഡിയിൽ വിതരണം, 2000 രോഗം ബാധിച്ചതും ഉൽപാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ മുറിച്ചു മാറ്റുന്നതിന് തെങ്ങൊന്നിന് 500 രൂപ വീതം ധനസഹായം, മുറിച്ചു മാറ്റിയ തെങ്ങുകൾക്ക് പകരം തെങ്ങിൻതൈ വിതരണം, 2500 തെങ്ങിന് മരുന്ന് തളിക്കുന്നതിന് കീടനാശിനിക്കും 50% സബ്സിഡി, തെങ്ങിന് ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് 100 കിണറുകളും, 200 പമ്പ് സെറ്റും സ്ഥാപിക്കുന്നതിന് 50% സബ്സിഡി, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കിഴങ്ങുവർഗ്ഗ കിറ്റും, ഫലവർഗ്ഗ തൈകളുടെ കിറ്റും വിതരണം ചെയ്യുക, പരിശീലന പരിപാടികൾ എന്നീ പ്രവർത്തനങ്ങൾ നടത്തുവാനാണ് തുക വകയിരുത്തിയിട്ടുള്ളത്.

ഈ പദ്ധതിപ്രകാരം 950 തെങ്ങുകളാണ് വെട്ടിമാറ്റിയിട്ടുള്ളത്. ഇതിനായി 4,75,000/–(950X500) രൂപ ഗുണഭോക്താക്കൾക്ക് നൽകി. വെട്ടിമാറ്റിയ തെങ്ങുകൾക്കു പകരം തെങ്ങിൻതൈ വിതരണ ത്തിനായി 40000/– രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ഈ അനുബന്ധ പ്രവൃത്തി നടപ്പിലാക്കിയിട്ടില്ല. ജി.ഒ (എം.എസ്) 183/07 ത.സ്വ.ഭ.വ തീയതി 24/7/07 പ്രകാരം രോഗം ബാധിച്ച തെങ്ങുകൾ തിട്ടപ്പെടുത്തി പ്രത്യേകം അടയാളപ്പെടുത്തുന്നതിന് കൃഷി ഓഫീസറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി ഉണ്ടാകേണ്ടതും കമ്മിറ്റിയുടെ പരിശോധനയ്ക്കു ശേഷം മാത്രം വെട്ടിമാറ്റിയ തെങ്ങുകൾക്ക് ധനസഹായം നൽകേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള റിപ്പോർട്ടുകളൊന്നും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. സർക്കാർ നിബന്ധനകൾ ഒന്നും പാലിക്കാതെയാണ് ഈ പ്രവർത്തനം നടപ്പാക്കിയിരിക്കുന്നത്. വെട്ടി മാറ്റിയ തെങ്ങുകൾക്കു പകരം തെങ്ങിൻതൈ വിതരണം ചെയ്യാതിരുന്നത് സമഗ്ര കേരകൃഷി വികസനത്തിന് തടസ്സമാണ്.

വേപ്പിൻപിണ്ണാക്ക് തെങ്ങൊന്നിന് 5 കി.ഗ്രാം വീതം വിതരണം ചെയ്യുന്നതിനാണ് പദ്ധതിയിൽ നിഷ്കർഷിച്ചിരിക്കുന്നത്. എന്നാൽ വിതരണ ലിസ്റ്റിൽ എത്ര തെങ്ങുകൾക്ക്, എത്ര കി.ഗ്രാം വളം വീതം നൽകിയെന്ന് വ്യക്തമല്ല.

തെങ്ങിന് ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി 100 കിണറുകളും 200 പമ്പ് സെറ്റും സ്ഥാപിക്കുന്നതിന് 50% സബ്സിഡി നൽകുന്നതിന് പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്. ഇതു പ്രകാരം 80 പേർക്ക് കിണർ കുഴിക്കുന്നതിനും 166 പേർക്ക് പമ്പ് സെറ്റിനും

സബ്സിഡി നൽകിയിട്ടുണ്ട്. ജലസേചനകിണർ, പമ്പ്സെറ്റ് എന്നിവയ്ക്ക് കുറഞ്ഞത് 10 സെന്റ് സ്ഥലം സ്വന്തമായി വേണം. എന്നാൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾക്ക് സ്വന്തമായി 10 സെന്റ് സ്ഥലം ഉള്ളതായി തെളിയിക്കുന്ന രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. ജലസേചനത്തിനായുള്ള കിണർ, പമ്പ്സെറ്റ് എന്നിവ അനുവദിച്ചതും ജൈവവളം വിതരണം ചെയ്തതും ഒരേ കൃഷിക്കോ കൃഷിക്കാർക്കോ അല്ല.

കിഴങ്ങ് വർഗ്ഗങ്ങളുടെ ഇടവിളകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 4925 കിഴങ്ങുവർഗ്ഗകിറ്റുകൾ (12,21,400/-രൂപ) ഫലവൃക്ഷതൈകൾ വച്ചു പിടിപ്പിക്കുന്നതിന് 6400 ഫലവർഗ്ഗതൈകൾ (6,40,000/- രൂപ) വിതരണം ചെയ്തിട്ടുണ്ട്. ഇവ വിതരണം ചെയ്തതല്ലാതെ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഇവ എങ്ങനെ ഉപയോഗിച്ചു എന്നറിയാനായി ഒരു ഘട്ടത്തിലും മോണിട്ടറിംഗ് നടത്തിയിട്ടില്ല.

സമഗ്രകരകൃഷി വികസനം എന്ന പേരിൽ നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ടിനായി വികസന ഫണ്ടിൽ നിന്നും 64,90,089/- രൂപ ചെലവഴിച്ചു എന്നല്ലാതെ, ഉല്പാദനക്ഷമത വർദ്ധിപ്പിച്ചതായോ, കാർഷികവികസനം എന്ന ലക്ഷ്യം കൈവരിച്ചതായോ കാണുന്നില്ല.

കാർഷിക മേഖലയിലെ വിവിധ പദ്ധതികൾക്കുള്ള വാർഡ് കമ്മിറ്റികൾ തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ് കൗൺസിൽ അംഗീകരിക്കുന്നത് 25.1.12 നാണ്. [തീരുമാനം നം.3 ബി(3)] ത.സ്വ.ഭ.വകുപ്പിന്റെ 3.8.04 ലെ സർക്കുലർ നം.22675/എൽ.3 പ്രകാരം ഒരു വർഷത്തിൽ ഒന്നാമത്തെ ഗ്രാമസഭ നടപ്പുവർഷ പ്രോജക്ടുകളും രണ്ടാമത്തെ ഗ്രാമസഭ അംഗീകരിച്ച പ്രോജക്ടുകളുടെ ചർച്ചയും, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പും നടത്തേണ്ടതാണ്. കാലാവസ്ഥയും ജലലഭ്യതയും ആശ്രയിച്ച് സമയബന്ധിതമായി നടത്തേണ്ടതാണ് കാർഷിക മേഖലയിലെ പദ്ധതികൾ . അതോടൊപ്പം വാർഷിക പദ്ധതിയുടെ സമയക്രമവും പാലിക്കേണ്ടതുണ്ട്. ആയതിനാൽ പദ്ധതികളുടെ സുഗമമായ നടത്തിപ്പിനും വിജയത്തിനുമായി ഗുണഭോക്തൃലിസ്റ്റ് സമയബന്ധിതമായി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

3.9 സേവന മേഖല

3.9.1 ആശ്രയ പദ്ധതി – ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതി നടപ്പാക്കുന്നതിൽ നഗരസഭയ്ക്ക് താല്പര്യക്കുറവ്

പ്രോജക്ട് നം.	:	എസ്. ഒ 627/12
നിർവ്വഹണ ഉദ്യോഗസ്ഥൻ	:	പ്രോജക്ട് ഓഫീസർ
അടങ്കൽ	:	34,59,200/- രൂപ
ചെലവ്	:	3,50,575/- രൂപ
ബിൽ നം.	:	1. 627/12/28.03.2012 – 70,115/- രൂപ 2. 627/12/31.03.2012 – 2,80,460/- രൂപ

സമൂഹത്തിലെ അശരണരും, നിരാശ്രയരും നിരാലംബരും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ നിഷേധിക്കപ്പെട്ടവരും ആയ 463 അഗതികൾക്ക് കിടപ്പാടം, ശുദ്ധജലം, ശുചിത്വ കക്കൂസ്, വസ്ത്രം, ഭക്ഷണം, മെച്ചപ്പെട്ട ചികിത്സാ സൗകര്യം എന്നിവ എത്തിച്ചു കൊടുക്കുന്നതിനുള്ള പദ്ധതിയാണ് 'ആശ്രയ'.

LOCAL FUND AUDIT DEPARTMENT

2011-12 കാലയളവിൽ ഇതിനായി 6,49,060/- രൂപ വികസന ഫണ്ടും, 17,57,000/- രൂപ കേന്ദ്ര വിഹിതവും, 8,50,140/- രൂപ സംസ്ഥാന വിഹിതവും, 2,03,000/- രൂപ തനതു ഫണ്ടും വകയിരുത്തിയിട്ടുണ്ട്. ഇതിൽ 3,50,575/- രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷണം, പോഷകാഹാരം എന്നിവ നൽകുന്നതിനായി 4 സി.ഡി.എസ് മെമ്പർ സെക്രട്ടറിമാർക്ക് നൽകിയിട്ടുണ്ട്. ഈ തുകയുടെ വിനയോഗ വിവരങ്ങൾ ലഭ്യമല്ല. വിനിയോഗ സാക്ഷ്യപത്രം, വൗച്ചറുകൾ എന്നിവ ഹാജരാക്കുന്നതിന് സി.ഡി.എസ് മെമ്പർ സെക്രട്ടറിമാർക്ക് അറിയിപ്പ് കൊടുത്തിട്ടുണ്ടെന്ന്, 14.12.2012 ൽ രേഖകൾ ഹാജരാക്കുന്നതിന് വേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.60) പ്രോജക്ട് ഓഫീസർ മറുപടി നൽകിയിട്ടുണ്ട്.

പദ്ധതിയ്ക്കായി വകയിരുത്തിയ വികസന ഫണ്ട് 6,49,060/- രൂപ ഭവന നവീകരണത്തിനും, ചലഞ്ച് ഫണ്ട് ഭക്ഷണത്തിനും ഉപയോഗിക്കണമെന്നാണ് പദ്ധതി നിർദ്ദേശം. എന്നാൽ പദ്ധതി അംഗീകാരം ലഭിച്ച് ഒരു വർഷം കഴിഞ്ഞിട്ടും ചലഞ്ച് ഫണ്ട് ലഭ്യമാക്കിയിട്ടില്ല. കൂടാതെ, പദ്ധതിയ്ക്കായി വകയിരുത്തിയ തനതു ഫണ്ടും പിൻവലിച്ച് ചെലവഴിച്ചിട്ടില്ല. സ.ഉ. (എം.എസ്) 183/07/ത.സ്വ.ഭ.വ 24.07.2007 ഖണ്ഡിക 6.17(iv) പ്രകാരം ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് തനതു ഫണ്ട് മതിയായ തോതിൽ ലഭ്യമാകുമെന്ന് ഉറപ്പായാൽ മാത്രമേ അവ പ്രോജക്ടിൽ ഉൾപ്പെടുത്താൻ പാടുള്ളൂ. എന്നാൽ സമയബന്ധിതമായി ഫണ്ടുകൾ ലഭ്യമാക്കാതെ 34.5 ലക്ഷം രൂപ അടങ്കലുള്ള പദ്ധതിയിൽ 10% വികസന ഫണ്ട് മാത്രമേ ആശ്രയ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുള്ളൂ. സമൂഹത്തിലെ ഏറ്റവും അവശത അനുഭവിയ്ക്കുന്ന ഒരു വിഭാഗം ജനങ്ങൾക്കു വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നഗരസഭ തികച്ചും അലംഭാവവും നിരുത്തരവാദപരമായ നിർവ്വഹണവുമാണ് നടത്തിയിട്ടുള്ളത്.

സമയബന്ധിതമായി ഫണ്ടുകൾ ലഭ്യമാക്കി ആശ്രയ പദ്ധതി അങ്ങേയറ്റം കുറ്റമറ്റതായും, കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നഗരസഭ ഊർജ്ജിത നടപടി സ്വീകരിക്കേണ്ടതാണ്. 3,50,575/- രൂപ ചെലവഴിച്ച് എന്ത് പ്രവൃത്തി നടത്തി എന്നതിന് തെളിവില്ല. ധനവിനിയോഗത്തിലെ അവ്യക്തത നിലനിൽക്കുന്നതിനാൽ 3,50,575/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3.9.2 ദാരിദ്ര്യ ലഘൂകരണ ഫണ്ട് - പത്തു കോടിയിലധികം നൽകാൻ ബാക്കി

1994 ലെ കേരള മുൻസിപ്പാലിറ്റി നിയമം 284-ാം വകുപ്പു പ്രകാരം ഓരോ മുൻസിപ്പാലിറ്റിയും അതിന്റെ വാർഷിക ബജറ്റിൽ മുൻസിപ്പൽ പ്രദേശത്ത് ദാരിദ്ര്യ ലഘൂകരണ പരിപാടികൾ നടപ്പിലാക്കുന്നതിനായി മുൻസിപ്പാലിറ്റിയുടെ റവന്യൂ വരുമാനത്തിന്റെ 2% ദാരിദ്ര്യ ലഘൂകരണ ഫണ്ട് (യു.പി.എ ഫണ്ട്) എന്ന പേരിൽ ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കുന്നതിനായി നൽകേണ്ടതും, അത് അതത് സമയം സർക്കാർ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കു വിധേയമായി വിനിയോഗി ക്കേണ്ടതുമാണ്. 29/05/1998 ലെ ജി.ഒ (എം.എസ്) 111/98/എൽ.എ.ഡി, എസ്.ജെ.എസ്.ആർ.വൈ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം, യു.പി.എ ഫണ്ടിന്റെ 2% എസ്.ജെ.എസ്.ആർ.വൈ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടതാണ്.

31.03.12 വരെ ഈയിനത്തിൽ നഗരസഭ 10,53,95,703/- രൂപ നൽകാനുണ്ട്. നഗരസഭയുടെ സാമ്പത്തികസ്ഥിതി മോശമാകുന്നതു കാരണമാണ് യു.പി.എ ഫണ്ട്

കൃത്യമായി മാറ്റി വയ്ക്കാത്തത് എന്നാണ് ഈ വിഷയത്തിലെ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടുള്ളത്. 06.11.12 ൽ മാത്രമാണ് നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം യു.പി.എ ഫണ്ടിനായി പ്രത്യകം അക്കൗണ്ട് രൂപീകരിച്ചത്. (അക്കൗണ്ട് നം. 67200632504, എസ്.ബി.റ്റി, വികാസ് ഭവൻ). അതിനു മുമ്പ് ലഭ്യമാക്കിയ തുക വിവിധ അക്കൗണ്ടുകളിലാണ് നിക്ഷേപിച്ചിട്ടുള്ളത്:

13.03.2000 ൽ നൽകിയ രണ്ടു ലക്ഷം രൂപ (ചെക്ക് നം.618177/13.03.2000), 23.07.08 ൽ നൽകിയ 10 ലക്ഷം രൂപ (ചെക്ക് നം.10475/22.07.2008) എന്നിവ 57044140922–ാം നമ്പർ അക്കൗണ്ടിലും, 20.03.12 ൽ നൽകിയ 25 ലക്ഷം രൂപ 57044145206–ാം നമ്പർ അക്കൗണ്ടിലുമാണ് നിക്ഷേപിച്ചിരിക്കുന്നത്.

ദാരിദ്ര്യ ലഘൂകരണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് മാറ്റി വയ്ക്കുന്നതിൽ നഗരസഭ ശുഷ്കാന്തി കാണിച്ചിട്ടില്ല. ഇത് മുൻസിപ്പാലിറ്റി നിയമത്തിലെ വ്യവസ്ഥകളുടെ ലംഘനമാണ്. നികുതി പിരിവുകൾ ഊർജ്ജിതമാക്കി, റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതോടൊപ്പം, യു.പി.എ ഫണ്ടിനത്തിൽ കുടിശ്ശികയായി വന്ന തുക മുഴുവനും ലഭ്യമാക്കി, നിയമത്തിൽ വിഭാവനം ചെയ്യുന്നതനുസരിച്ച് ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

3.9.3 ഇ.എം.എസ്.ഭവന പദ്ധതി –നഗരസഭയിൽ മെല്ലെപോക്ക്

തിരുവനന്തപുരം നഗരസഭ നടപ്പിലാക്കിവരുന്ന ഇ.എം.എസ് ഭവന പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്നും ജനറൽ വിഭാഗത്തിന് 5 കോടി രൂപയും പട്ടികജാതി വിഭാഗത്തിന് 3 കോടി രൂപയും 31.3.12 ൽ അനുവദിച്ചിരുന്നു. ഇ.എം.എസ്. ഭവന പദ്ധതിയ്ക്കായി ജില്ലാ സഹകരണ ബാങ്കിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ട് നം.SBLB 4906 അക്കൗണ്ടിൽ 01.04.11 ൽ 22,86,69,754/– രൂപ നീക്കിയിരിപ്പുണ്ടായിരുന്നു. 2011–12 കാലയളവിൽ 30,86,69,754/– രൂപ ലഭ്യമായിട്ടും എസ്.സി, ജനറൽ വിഭാഗങ്ങൾക്കായി ടി കാലയളവിൽ ഏകദേശം 2,22,35,000/– രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. വളരെ കുറച്ച് ഗുണഭോക്താക്കൾക്ക് മാത്രമാണ് ഭവന നിർമ്മാണം പദ്ധതിയുടെ ആനുകൂല്യം ലഭ്യമായിട്ടുള്ളത്

വാസസ്ഥലം ലഭ്യമല്ലാത്ത 12509 ഗുണഭോക്താക്കൾക്കും (General- 10826, SC-1683), പാർപ്പിടം ഇല്ലാത്ത 3834 (General- 2923, SC -911) ഗുണഭോക്താക്കൾക്കും വേണ്ടി ആരംഭിച്ച ടി പദ്ധതി നാളിതുവരെ 2% പോലും ലക്ഷ്യം കൈവരിച്ചിട്ടില്ല.

2011–12 കാലയളവിൽ നടപ്പിലാക്കിയ ഇ.എം.എസ്.ഭവന പദ്ധതി– സംക്ഷിപ്തം

1. ഭവന നിർമ്മാണം– ഗഡുക്കൾ അനുവദിച്ചത്
   - SCP – 49
   - General – 157
2. ഭവന നിർമ്മാണം പൂർത്തീകരിച്ചത്
   - SCP – 14
   - General – 75
3. ഭൂമി വാങ്ങി നൽകിയത്
   - SCP – 28
   - General - 23

പദ്ധതി നടത്തിപ്പിന് കോടികണക്കിനു രൂപ ലഭിച്ചിട്ടും പദ്ധതി ഊർജ്ജിതമായി നടപ്പാക്കാൻ നഗരസഭ ശ്രമിച്ചിട്ടില്ല.

3.9.4 ബി.എസ്.യു.പി യുടെ 8 കോടിയിലധികം രൂപ വിവിധ ഏജൻസികളിൽ വർഷങ്ങളായി നിക്ഷേപിച്ചിരിക്കുന്നു

ബി എസ് യു പി യുടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി വിവിധ നിർവഹണ ഏജൻസികൾക്ക് 8,08,51,621 /– രൂപ നല്കിയിട്ടുണ്ട്. നിക്ഷേപം നടത്തിയിട്ട് വർഷങ്ങളായെങ്കിലും ബന്ധപ്പെട്ട പദ്ധതികൾ ഈ ഏജൻസികൾ പൂർത്തീകരിച്ചിട്ടില്ല. യഥാസമയം പദ്ധതി പൂർത്തീകരിച്ച് ലക്ഷ്യം കൈവരിക്കാൻ കഴിയാത്തത് നഗരസഭയുടെ ഭാഗത്തുള്ള കൃത്യവിലോപമായി വിലയിരുത്തുന്നു. പദ്ധതി നടപ്പിലാക്കുന്നതിനായി വിവിധ നിർവഹണ ഏജൻസികളിൽ നിക്ഷേപിച്ചിരിക്കുന്ന തുകയുടെ വിശദവിവരം.

	ഏജൻസിയുടെ പേര്	നിക്ഷേപിച്ച തുക	ഏത് നിർമ്മാണ പ്രവൃത്തിക്കുവേണ്ടി
1	ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്	1,13,01,272/–	കണ്ണംമൂല ബണ്ട് കോളനി
2	ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്	1,19,23,040/–	രാജീവ് നഗർ കോളനി
3	നിർമ്മിതി കേന്ദ്രം	9,96,000/–	രണ്ട് സെന്റ് കോളനി
4	"	37,32,600/–	പൂങ്കുളം കോളനി
5	കോസ്റ്റ്ഫോർഡ്	4,90,85,084/–	കരിമഠം
6	"	38,13,625/–	കല്ലടിമുഖം
	ആകെ	8,08,51,621/–	

സാധാരണ ജനങ്ങൾക്ക് ഉപകാരപ്രദമാകേണ്ട 8 കോടിയിലധികം രൂപ വർഷങ്ങളായി വിവിധ ഏജൻസികളിൽ നിക്ഷേപിച്ചിരിക്കുന്നത് ശരിയായ നടപടിയല്ല. ആവശ്യമായ സൗകര്യങ്ങൾ നല്കി, നിർവഹണ ഏജൻസിയെക്കൊണ്ട് പ്രോജക്ടുകൾ പൂർത്തീകരിക്കാൻ ബന്ധപ്പെട്ട കോർ കമ്മിറ്റി അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

3.9.5 ബി .എസ്. യു. പി. – ഭവന നിർമ്മാണം – 5 വർഷമായിട്ടും പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല.

LOCAL FUND AUDIT DEPARTMENT

ബി.എസ്.യു.പി. ഏറ്റെടുത്ത പ്രധാന പദ്ധതികളിൽ ഒന്നാണ് വിവിധ കോളനികളിലായി പുതിയ വീടുകൾ നിർമ്മിച്ച് നല്കുക എന്നത്. 2008 വർഷം ആരംഭിച്ച ഈ പദ്ധതി പ്രകാരം 10889 വീടുകളാണ് ഗുണഭോക്താക്കൾക്ക് നിർമ്മിച്ച് നല്കേണ്ടത്. എന്നാൽ നാളിതുവരെ ആകെ 5897 വീടുകളുടെ പണി മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. അതായത് പണി തുടങ്ങി അഞ്ച് വർഷമായിട്ടും പദ്ധതിയുടെ 54 ശതമാനം ലക്ഷ്യത്തിൽ എത്താൻ മാത്രമേ കഴിഞ്ഞിട്ടുള്ളൂ. രണ്ട് സെന്റ് കോളനി, മൺവിള സെറ്റിൽമെന്റ് കോളനി, മൺവിള ഹരിജൻ കോളനി, ബാലൻനഗർ കോളനി, ബീമാപള്ളി–വാരുവിളാകം, ആക്കുളം കോളനി, ബാർട്ടൺഹിൽ, നാലാഞ്ചിറ കൊല്ലവിള, പോങ്ങുംമൂട്, ആലപ്പുറം തുടങ്ങിയ കോളനിയിൽ ഒരു വീട് പോലും പണി പൂർത്തീകരിച്ചിട്ടില്ല. 1235 വീടുകളുടെ പണി തുടങ്ങിയിട്ട്, പകുതി വഴിയിൽ നിർമ്മാണം ഉപേക്ഷിച്ചിരിക്കുകയാണ്.

വിവിധ കോളനികളിൽ 1624 ഫ്ളാറ്റുകൾ നിർമ്മിച്ച് പാർപ്പിട സൗകര്യം ഒരുക്കുന്നതിന് വേണ്ടിയും ബി.എസ്.യു.പി പദ്ധതി ഏറ്റെടുത്തിരുന്നു. നാളിതുവരെ, ഈ പദ്ധതിക്കു വേണ്ടി 267 ഫ്ളാറ്റുകളുടെ പണി മാത്രമേ തുടങ്ങിയിട്ടുള്ളൂ. നാളിതുവരെ പൂർത്തിയായത് 173 ഫ്ളാറ്റുകൾ മാത്രം. പദ്ധതി ലക്ഷ്യത്തിന്റെ പതിനൊന്ന് ശതമാനം മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ.

674 വീടുകൾ പുതുക്കി നിർമ്മിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയും ബി.എസ്.യു.പി ഏറ്റെടുത്തിരുന്നു. 167 വീടുകളുടെ പുനർനിർമ്മാണം മാത്രമേ നടത്തിയിട്ടുള്ളൂ. അതായത് ലക്ഷ്യത്തിന്റെ 25 ശതമാനം മാത്രം.

നഗരത്തിലെ താഴെത്തട്ടിലുള്ള ജനവിഭാഗങ്ങൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിൽ നഗരസഭ ഉണർന്നു പ്രവർത്തിക്കുന്നില്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. വിവിധ ഏജൻസികളിൽ നിന്നും അടിസ്ഥാന സൗകര്യ വികസനത്തിനായി ലഭിക്കുന്ന തുക യഥാസമയം നിർദ്ദിഷ്ട പ്രവർത്തനത്തിന് ചെലവഴിക്കാതെ ബാങ്കിൽ നിക്ഷേപിക്കുന്നത് ശരിയായ നടപടിയല്ല.

3.9.6 തണൽ – പരാജയപ്പെട്ട ഭവനപദ്ധതി– ലഭിച്ച ലോൺ 6 കോടി – പലിശയായി ഒടുക്കിയത് 12 കോടിയിലധികം

തണൽ സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരം 2000 ഗുണഭോക്താക്കൾക്ക് (ജനറൽ 1250 + എസ്. സി./എസ്. ടി. 750) 30000 രൂപ വീതം ആകെ 6 കോടി രൂപ ധനസഹായം നല്കുന്നതിനായി 10 % പലിശ നിരക്കിൽ 11 വർഷ കാലാവധിക്ക് സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും 1999–2000 കാലയളവിൽ വായ്പ ലഭ്യമാക്കിയിട്ടുണ്ട്. (6 കോടി രൂപയിൽ 5,76,01,000/– രൂപ മാത്രമാണ് നഗരസഭയ്ക്ക് നാളിതുവരെ ലഭിച്ചത്). ടി വായ്പ സ്വീകരിക്കുന്നതിനും തിരികെ അടയ്ക്കുന്നതിനും നോഡൽ ഏജൻസിയായി തിരുവനന്തപുരം ജില്ലാ പഞ്ചായത്തിനെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. (തിരുവനന്തപുരം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഗ്രാമ/ബ്ലോക്ക്/നഗരസഭ – നടപ്പാക്കാൻ രൂപീകരിച്ച വിപുലമായ ഒരു പദ്ധതിയായിരുന്നു ഇത്). കരാർ പ്രകാരം 2011 മാർച്ച് 30 ന് പ്രസ്തുത ലോൺ അടച്ച് തീർപ്പാക്കേണ്ടതുമായിരുന്നു.

LOCAL FUND AUDIT DEPARTMENT

1999–2000 വർഷം 2000 വീടുകൾ പണിയുന്നതിന് ലക്ഷ്യമിട്ട 'തണൽ' പദ്ധതി പ്രകാരം നാളിതുവരെയായി ആകെ പൂർത്തിയാക്കിയത് 622 വീടുകളാണ്. 1378 വീടുകൾ പണി പൂർത്തിയാക്കാൻ കഴിയാത്ത രീതിയിൽ, വിവിധ ഘട്ടങ്ങളിലായി കിടക്കുകയാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

	ജനറൽ	എസ്.സി.പി.	ആകെ
ഒന്നാം ഗഡു കൊടുത്തത് (എഗ്രിമെന്റ് വച്ച ശേഷം)	1598	402	2000
രണ്ടാം ഗഡു കൊടുത്തത് (ഫൗണ്ടേഷൻ–ബേസ്മെന്റ് പൂർത്തിയായ ശേഷം)	1571	391	1962
മൂന്നാം ഗഡു കൊടുത്തത് (മേൽക്കൂര പൂർത്തിയായ ശേഷം)	1467	362	1829
നാലാം ഗഡു നല്കിയത് (പൂർത്തിയായ ആകെ വീടുകൾ)			622

2004 ന് ശേഷം വീടുകളുടെ പണി പൂർത്തിയാക്കുന്നതിനായി യാതൊരു വിധ ധനസഹായവും ഗുണഭോക്താക്കൾക്ക് നല്കിയിട്ടില്ല. സർക്കാർ സഹായം കൈപ്പറ്റിയതിനു ശേഷം വീട് പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്ക് ആവശ്യമായ സഹായം തുടർന്ന് നല്കാതിരുന്നതു കൊണ്ട് പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാൻ കഴിഞ്ഞില്ല.

1999–2000 ൽ തുടങ്ങുകയും 2004–ലോടു കൂടി പദ്ധതി ഏതാണ്ട് അവസാനിക്കുകയും ചെയ്തു. എങ്കിലും പലിശ ഇനത്തിൽ സംസ്ഥാന സഹകരണ ബാങ്കിലേയ്ക്ക് വലിയൊരു തുക പദ്ധതി വിഹിതത്തിൽ നിന്നും നഗരസഭ നല്കി വരുന്നു. 2001–02 മുതൽ 2011–12 വരെ സംസ്ഥാന സഹകരണ ബാങ്കിന് തിരുവനന്തപുരം നഗരസഭ 'തണൽ' പലിശ ഇനത്തിൽ നല്കിയ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

കാലാവധി	തുക
2001–02	81,00,000/–
2002–03	1,12,66,800/–
2003–04	1,12,66,800/–
2004–05	1,12,66,800/–
2005–06	1,12,54,300/–
2006–07	1,12,66,800/–
2007–08	1,12,66,800/–
2008–09	1,12,66,800/–
2009–10	1,13,66,800/–
2010–11	89,66,800/–
2011–12	1,70,56,513/–
ആകെ	12,43,45,213/–

പലിശ ഇനത്തിൽ മാത്രം 12 കോടിയിലധികം രൂപ നഗരസഭ സംസ്ഥാനസഹകരണ ബാങ്കിൽ 11–12 വരെ ഒടുക്കിയിട്ടുണ്ട്. ഇനിയും പണി

LOCAL FUND AUDIT DEPARTMENT

പൂർത്തിയാകാത്ത 1378 വീടുകളെ എന്ത് ചെയ്യും എന്നതിന് വ്യക്തമായ ഒരു പദ്ധതി നഗരസഭയ്ക്കില്ല. തികച്ചും, പരാജയപ്പെട്ട ഒരു പദ്ധതിയാണ് തണൽ. 30 ശതമാനം ലക്ഷ്യത്തിലെത്താൻ മാത്രമേ ഈ പദ്ധതിക്ക് കഴിഞ്ഞുള്ളൂ. പരാജയപ്പെട്ട പദ്ധതിയ്ക്കായി കോടിക്കണക്കിന് രൂപ വർഷം തോറും നഗരസഭ ഒടുക്കുന്നു. ഇത് സംബന്ധിച്ച വിശദ വിവരം സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതും ഈ ബാധ്യതയിൽ നിന്നും ഒഴിവാകാൻ സർക്കാർ സഹായം/നിർദ്ദേശം തേടേണ്ടതുമാണ്.

3.9.7 വീടിന്റെ ഗുണമേന്മ വർദ്ധന – ഉടമസ്ഥാവകാശം ഇല്ലാത്തവർക്ക് ആനുകൂല്യം നൽകി.

നഗരസഭയുടെ ദാരിദ്ര്യ നിർമ്മാർജ്ജന സെൽ പ്രോജക്ട് ഓഫീസർ നടപ്പിലാക്കിയ 'വീടിന്റെ ഗുണമേന്മ വർദ്ധന' എന്ന പ്രോജക്ടിന്റെ (നം.622/12) അടങ്കൽ 2,26,80,000/- രൂപയാണ്. വികസന ഫണ്ടിൽ നിന്നും 2 കോടി രൂപയും തനതു ഫണ്ടിൽ നിന്നും 2.50 ലക്ഷം രൂപയും ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) 24.30 ലക്ഷം രൂപയുമാണ്. പദ്ധതിയുടെ ഭാഗമായി നഗരസഭാ പരിധിയിലെ വിവിധ വാർഡുകളിൽ താമസിക്കുന്ന ബി.പി.എൽ/ജനറൽ വിഭാഗത്തിൽപ്പെടുന്നതും 22,000/- രൂപയിൽ താഴെ വാർഷിക വരുമാനം ഉള്ളതുമായ കുടുംബങ്ങൾക്ക് വീടിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് 15,000/- രൂപ വീതം 1350 പേർക്ക് സബ്സിഡി അനുവദിക്കുന്നു. ഗുണഭോക്താക്കൾ എസ്റ്റിമേറ്റിനനുസൃതമായ വീട് നവീകരിക്കുന്നതിനായി എഗ്രിമെന്റ് സമർപ്പിച്ചതിനുശേഷം ഒന്നാം ഗഡുവായ 10,000/- രൂപയും, എസ്റ്റിമേറ്റിനനുസരിച്ച് വീട് നവീകരണം പൂർത്തിയാക്കുമ്പോൾ രണ്ടാം ഗഡുവായി 5,000/- രൂപയും നൽകുന്നു.

പദ്ധതിയുടെ നടത്തിപ്പിനായി 814 ഗുണഭോക്താക്കൾക്ക് 10,000/- രൂപ വീതം 81,40,000/- രൂപ (ബിൽ.നം.13/11-12/20.3.12, ബിൽ നം.16/11-12/31.3.12, ബിൽ നം.19/11-12/31.3.12) എന്നിവ പ്രകാരം പിൻവലിച്ചിട്ടുണ്ട്. ഡി.ഡി.വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 799 ഗുണഭോക്താക്കൾ മാത്രമാണ് ഡി..ഡി. കൈപ്പറ്റിയത്. തുക പിൻവലിച്ച് മാസങ്ങൾക്കുശേഷവും 15 ഡി.ഡികൾ വിതരണം ചെയ്യാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ കൈവശം വയ്ക്കുകയും ഓഡിറ്റ് നിർദ്ദേശത്തെതുടർന്ന് തിരികെ ഒടുക്കുകയും (ചെലാൻ നം.3014/26.9.12) ചെയ്തു. ജി.ഒ.(പി)177/2006 ധനം/12.4.2006 പ്രകാരം വിതരണം ചെയ്യാൻ ആകാതെ 30 ദിവസത്തിലധികമായി സൂക്ഷിച്ചിരിക്കുന്ന ക്യാഷ്/ഡി.ഡി.തുകകൾ ട്രഷറി ചെലാൻ മുഖേന തിരിച്ചടയ്ക്കേണ്ടതാണ്. ധനവിനിയോഗ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഡി.ഡി.കൾ മാസങ്ങളോളം കൈവശം വെച്ചിരുന്ന നടപടി നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുള്ള ഗുരുതരമായ വീഴ്ചയാണ്.

അപേക്ഷകൾ പരിശോധിച്ചതിൽ പദ്ധതിയിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം വീടിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കാത്തവർക്കും ആനുകൂല്യം നൽകിയിട്ടുള്ളതായി കാണുന്നു. മാതാപിതാക്കളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് മക്കൾക്കും, മക്കളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് മാതാപിതാക്കൾക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/17.9.12) ലഭ്യമാക്കിയ മറുപടിയിൽ, ഉടമസ്ഥാവകാശം മറ്റൊരാളുടെ പേരിലാണെങ്കിൽ ടിയാളുടെ സമ്മതപത്രം വാങ്ങി സൂക്ഷിക്കുന്നതാണെന്നും, റേഷൻ കാർഡിൽ സീൽ ചെയ്യുന്നതിനാൽ ഒരു വീട്ടിൽ

LOCAL FUND AUDIT DEPARTMENT

നിന്നും മറ്റുള്ളവർക്ക് ആനുകൂല്യം ലഭിക്കില്ലായെന്നും അറിയിച്ചിട്ടുണ്ട്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. വീടിന്റെ ഉടമസ്ഥൻ അപേക്ഷ നൽകുകയും ടിയാന്റെ പേർക്ക് ആനുകൂല്യം അനുവദിക്കുകയും ചെയ്യേണ്ടതാണ്. റേഷൻകാർഡിൽ ഉൾപ്പെടാത്ത ആളുകളുടെ പേരിൽ ഉടമസ്ഥാവകാശം ഉള്ള കെട്ടിടങ്ങൾക്കും ആനുകൂല്യം നൽകിയിട്ടുണ്ടെന്നുള്ളത് ആനുകൂല്യം അനുവദിക്കുന്നതിലും പൊതു പണം ചെലവഴിക്കുന്നതിലുമുള്ള ലാഘവ മനോഭാവത്തിന് തെളിവാണ്. കൂടാതെ എ.പി.എൽ. കാർഡ് ഉള്ളവരും വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവരുമായ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയിട്ടുണ്ട്.

അപേക്ഷകളോടൊപ്പം അംഗീകൃത ബിൽഡിംഗ് ഡിസൈനർ മുഖേന തയ്യാറാക്കിയ 20,000/- രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സമർപ്പിക്കേണ്ടതാണ്. തിരുവല്ലം, കമലേശ്വരം, വഞ്ചിയൂർ തുടങ്ങി പല വാർഡുകളിലും അപേക്ഷകളോടൊപ്പമുള്ള എസ്റ്റിമേറ്റുകൾ എല്ലാം ഒരേ അളവിലും ഒരേ തുകയ്ക്കും, ഒരേ ബിൽഡിംഗ് ഡിസൈനറിൽ നിന്നും ഉള്ളവയാണ്. ടി എസ്റ്റിമേറ്റുകളുടെ വിശ്വാസ്യതയും കൈപ്പറ്റിയ തുകകളുടെ വിനിയോഗവും ഓഡിറ്റിന് ബോദ്ധ്യപ്പെട്ടിട്ടില്ല. ഹാജരാക്കുന്ന രേഖകളുടെ ആധികാരികത ഉറപ്പാക്കാതെയും വസ്തുതകൾ കൃത്യമായി പരിശോധിക്കാതെയും ആനുകൂല്യങ്ങൾ നൽകുന്നത് അർഹയില്ലാത്ത പലർക്കും തുക ലഭിക്കുന്നതിന് കാരണമായി തീരുന്നു. സാമ്പത്തിക വർഷാവസാനം ധൃതഗതിയിൽ പദ്ധതികൾക്കുള്ള പണം ചെലവഴിച്ചു തീർക്കാനുള്ള ശ്രമത്തിൽ പലപ്പോഴും അർഹതയുള്ള ഗുണഭോക്താക്കൾ അവഗണിക്കപ്പെടുകയും വികസന പ്രവർത്തനങ്ങൾക്കുതകേണ്ട പണം പാഴായി പോവുകയും ചെയ്യുന്നു.

വ്യക്തമായ ഉടമസ്ഥാവകാശ രേഖകൾ ഹാജരാക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യമായി നൽകിയ 34,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. **(അനുബന്ധം 12)**

3.10 ആരോഗ്യ മേഖല

3.10.1 സമഗ്ര ക്യാൻസർ ചികിത്സാ പദ്ധതി – ഒരു കോടിയിലധികം RCC ക്ക് കൈമാറി– പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നില്ല.

തിരുവനന്തപുരം നഗരസഭ, റീജിയണൽ ക്യാൻസർ സെന്റർ സാക്ഷരതാ മിഷൻ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ നടത്തുന്ന പദ്ധതിയാണ് സാന്ത്വനം-സമഗ്ര ക്യാൻസർ ചികിത്സാ പദ്ധതി. **2007-08** മുതലാണ് തിരുവനന്തപുരം നഗരസഭ ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. നഗരസഭാ ഹെൽത്ത് ഓഫീസറാണ് പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥൻ. ടി പദ്ധതി പ്രകാരം

നഗരസഭാ പരിധിയിലുള്ള ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള, ക്യാൻസറിനു മുന്നോടിയായ അസുഖങ്ങൾ ബാധിച്ചു കഴിയുന്നവരെ കണ്ടെത്തി ഫലപ്രദമായ ചികിത്സ ലഭ്യമാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇതിനായി നഗരസഭാ പ്രദേശത്തെ തെരഞ്ഞെടുത്ത 20 കേന്ദ്രങ്ങളിൽ വച്ച് ക്യാൻസർ ബോധവൽക്കരണ പരിപാടികളും തുടർന്ന് രോഗ നിർണ്ണയ ക്യാമ്പുകളും നടത്തുന്നു. ഈ ക്യാമ്പുകളുടെ സംഘാടനം, പ്രചരണം എന്നിവയെല്ലാം ജില്ലാ സാക്ഷരതാ

LOCAL FUND AUDIT DEPARTMENT

മിഷന്റെ ആഭിമുഖ്യത്തിലാണ് നടത്തുന്നത്. ഈ ക്യാമ്പുകളിൽ വരുന്നവർക്ക് പരിശോധനയും, ചികിത്സ ആവശ്യമായി വരുന്നുവെങ്കിൽ വരുമാന പരിധി തെളിയിക്കുന്നതനുസരിച്ച് സൗജന്യ പരിശോധന RCC യിൽ നടത്തിക്കൊടുക്കുകയും, ക്യാൻസർ രോഗികളാണെങ്കിൽ 10,000/- രൂപ വരെ ചികിത്സാ ധനസഹായവും നൽകുന്നു.

പദ്ധതികളുടെ പ്രവൃത്തി റിപ്പോർട്ട് എല്ലാ മാസവും 30-ാം തീയതിക്കകവും, ചെലവു തുകയുടെ വിശദ വിവരവും കണക്കുകളും മൂന്നു മാസത്തിലൊരിക്കലും RCC നഗരസഭയിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ മാസത്തിലൊരിക്കൽ RCC യിലെ കോ- ഓർഡിനേറ്റിംഗ് ഓഫീസർ/പ്രതിനിധി, നഗരസഭാ അധികാരികൾ എന്നിവർ യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.

30.03.12 ലെ സ.ഉ.(സാധ) നം.988/2012 ത.സ്വ.ഭ.വ പ്രകാരം നഗരസഭയുടെ 2011-12 ലെ ക്യാൻസർ നിയന്ത്രണ പദ്ധതി (ജനറൽ - പ്രോജക്ട് നം.113/12) നടപ്പാക്കുന്നതിന് 10 ലക്ഷം രൂപയും, വനിതകൾക്കായുള്ള പദ്ധതിയ്ക്ക് (പ്രോജക്ട് നം.181/12)52,50,000/- രൂപയും RCC ഡയറക്ടറുടെ പേരിൽ നിക്ഷേപിക്കുന്നതിന് അനുമതി നൽകി. 31.3.12 ലെ ബിൽ.നം.10 പ്രകാരം വികസന ഫണ്ടിൽ നിന്നും പിൻവലിച്ച തുകകൾ, ഡി.ഡി.നം.317284/24.4.12 (10 ലക്ഷം), 317283/24.4.12 (52.50 ലക്ഷം) പ്രകാരം RCC ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്.

ചികിത്സാ പദ്ധതികളുടെ ഗുണഭോക്തൃ ലിസ്റ്റ് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അംഗീകരിച്ച് RCC ക്ക് അയക്കുന്നുവെങ്കിലും തുകയുടെ വിനിയോഗം, ടി രോഗികൾക്കു നൽകിയ ചികിത്സ, എത്ര രോഗ നിർണ്ണയ ക്യാമ്പുകൾ നടത്തി എന്നിവയെപ്പറ്റി യാതൊരു വിവരങ്ങളും ലഭ്യമല്ല. എല്ലാ മാസവും ലഭിക്കേണ്ട പദ്ധതിയുടെ പ്രവൃത്തി റിപ്പോർട്ട്, മൂന്നു മാസത്തിലൊരിക്കൽ ലഭിക്കേണ്ട തുകയുടെ ചെലവ് വിവരവും കണക്കുകളും നഗരസഭയ്ക്ക് ലഭിക്കുന്നില്ല. നഗരസഭയും RCC യും ചേർന്ന് മാസത്തിലൊരിക്കൽ നടത്തേണ്ടുന്ന പദ്ധതി പ്രവർത്തനങ്ങളുടെ വിലയിരുത്തലും നടക്കുന്നില്ല.

2007-08 ൽ പ്രസ്തുത പദ്ധതിക്കായി പ്രോജക്ട് നം.155/08 പ്രകാരം 37,22,085/- രൂപയും 76/08-ാം നമ്പർ പ്രോജക്ട് പ്രകാരം 18.10.07 ൽ 5 ലക്ഷവും നിക്ഷേപിച്ചിരുന്നു. (ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 2009-10 ഖണ്ഡിക 3.15) ടി തുകയുടെ വിനിയോഗം, ബാക്കി എത്ര തുക, RCC യുടെ പക്കൽ നില നിൽക്കുന്നു എന്നതിനെപ്പറ്റിയുള്ള ഓഡിറ്റ് അന്വേഷണത്തിന് തൃപ്തികരമായ മറുപടി നൽകിയിട്ടില്ല. കണക്കുകൾ ലഭ്യമാക്കുന്നതിനായി RCC യ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്. ഇതിൽ നിന്നും 42,22,085/- രൂപ നൽകി അഞ്ചു വർഷങ്ങൾക്കു ശേഷവും, തുകയുടെ വിനിയോഗം, ബാലൻസ് തുക എന്നതിനെപ്പറ്റി നഗരസഭയ്ക്ക് യാതൊരു അറിവുമില്ല എന്നു വ്യക്തമാകുന്നു. ആരോഗ്യം വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതിയുടെ മോണിട്ടറിഗ് നടത്തേണ്ടത്. എന്നാൽ യാതൊരു ഘട്ടത്തിലും മോണിട്ടറിംഗ് നടന്നിട്ടില്ല.

LOCAL FUND AUDIT DEPARTMENT

ഈ പദ്ധതിയുടെ പ്രവർത്തനത്തിൽ തിരുവനന്തപുരം നഗരസഭയ്ക്ക് നിയന്ത്രണമില്ലാത്ത അവസ്ഥയാണുള്ളത്. വലിയൊരു തുക RCC യ്ക്ക് കൈമാറുക എന്ന പ്രവർത്തനം മാത്രമേ നഗരസഭ നടത്തുന്നുള്ളൂ. കൈമാറിയ തുകയുടെ വിനിയോഗം, പദ്ധതി നഗരസഭാ പ്രദേശത്തുള്ള അർഹരായ ഗുണഭോക്താക്കൾക്ക് പ്രയോജനമാകുന്നുണ്ടോ എന്നുറപ്പു വരുത്താൻ നഗരസഭയുടെ ഭാഗത്തു നിന്നും യാതൊരു നടപടികളുമുണ്ടാകുന്നില്ല. പദ്ധതി തുക ചെലവഴിച്ചു തീർക്കുക എന്നതിലുപരി അതുമൂലം പൊതുജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്നുണ്ടോ എന്നുറപ്പു വരുത്തേണ്ടത് നിർവ്വഹണോദ്യോഗസ്ഥന്റെ ധാർമിക ഉത്തര വാദിത്തമാണ്. ടി പദ്ധതിയുടെ കാര്യത്തിൽ അത് നിർവ്വഹിക്കപ്പെട്ടിട്ടില്ല . വികസന ഫണ്ടിൽ നിന്നും ഒരു കോടിയിലധികം രൂപ ചെലവഴിച്ച ഈ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നുവെന്ന് വിലയിരുത്താനായിട്ടില്ല.

3.10.2 പാലിയേറ്റീവ് കെയർ–പാളിച്ചകൾ നിറഞ്ഞ തുടക്കം

ദീർഘകാല ചികിത്സയും പരിചരണവും ആവശ്യമുള്ള രോഗികളും അവരുടെ കുടുംബവും അനുഭവിക്കുന്ന ശാരീരികവും, മാനസികവും സാമ്പത്തികവുമായ പ്രശ്നങ്ങൾ നേരിടുന്നതിനും അവ ലഘൂകരിക്കുന്നതിനുമായി ആരോഗ്യവകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സാമൂഹിക സംഘടനകൾ, ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സർക്കാരിതര സംഘടനകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട്, ഏറ്റവും മെച്ചപ്പെട്ട പരിചരണം ലക്ഷ്യമാക്കുന്നതിനാണ് സംസ്ഥാന സർക്കാരിന്റെ പാലിയേറ്റീവ് പരിചരണ നയം ലക്ഷ്യമിടുന്നത്. കേരളത്തിലെ പാലിയേറ്റീവ് കെയറിന്റെ അടിത്തറ, വീടുകൾ കേന്ദ്രീകരിച്ചുള്ള ചികിത്സയായിരിക്കണമെന്ന് പരിചരണനയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്.

പാലിയേറ്റീവ് പരിചരണനയത്തിന് അനുസൃതമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കാവുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച 2.11.09 ലെ 66373/ഡി.എ.1/2009/ത.സ്വ.ഭവ നം.സർക്കുലറിലെ മാർഗ്ഗ നിർദ്ദേശങ്ങൾ ക്കനുസൃതമായി തിരുവനന്തപുരം നഗരസഭയിൽ 2011–12 ൽ പാലിയേറ്റീവ് കെയർ പദ്ധതി രൂപീകരിച്ചു. (പ്രോജക്ട് നം.114/12). 19 ലക്ഷം രൂപ അടങ്കലുള്ള പദ്ധതി 1000 രോഗികളെയാണ് ലക്ഷ്യമിടുന്നത്. നഗരസഭാ ഹെൽത്ത് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതിയ്ക്ക് 27.2.12 ൽ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചു. പദ്ധതിയുടെ നടത്തിപ്പിനായി 31.3.2012 ൽ ബിൽ.നം.11/11–12 പ്രകാരം 2,25,873/– രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ചു. ഇതിൽ നിന്നും 2,01,278/– രൂപ മരുന്നുകൾ, ഹോംകെയർ കിറ്റിനാവശ്യമായ ഉപകരണങ്ങൾ എന്നിവയ്ക്കായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് ഡി.ഡി.നം.279400/4.4.12 പ്രകാരം നൽകിയിട്ടുണ്ട്. ബാക്കി 24595/– രൂപ പരസ്യം/ഭക്ഷണചെലവ്, ബാനർ തുടങ്ങിയവയ്ക്കും ചെലവഴിച്ചിട്ടുണ്ട്.

പാലിയേറ്റീവ് കെയർ നടത്തിപ്പിനായി 24.2.12 ലാണ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചത്. സാമ്പത്തിക വർഷാവസാനം അംഗീകാരം ലഭിച്ച പദ്ധതി 2012–13 ൽ സ്പിൽ ഓവറായി നടത്തുന്നതിന് കൗൺസിൽ 3.7.12 ലെ(4)–ാം നമ്പറായി തീരുമാനിച്ചു. 845 ഇനം മരുന്നുകളും ഉപകരണങ്ങളും നഗരസഭാ ഫാർമസിയിൽ 8.8.12 ൽ എത്തിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

LOCAL FUND AUDIT DEPARTMENT

നഗരസഭയിലെ നേമം, പേരൂർക്കട, കടകംപള്ളി, പൂന്തുറ, ഫോർട്ട് എന്നീ അഞ്ച് ആശുപത്രികൾ കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഉദ്ഘാടനം 2012 സെപ്റ്റംബർ 20–ാം തീയതി ഫോർട്ട് ആശുപത്രിയിൽ നടന്നു.

ഡിസ്ട്രിക്ട് ഡ്രഗ്സ് വെയർഹൗസിൽ നിന്നും 8.8.12 ൽ നഗരസഭയിലെത്തിച്ച മരുന്നുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ തെരഞ്ഞെടുത്ത രോഗികളുടെ ലിസ്റ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. രോഗികളെ കണ്ടെത്തി, ലിസ്റ്റ് തയ്യാറാക്കുന്നതിനു മുൻപ് പ്രാരംഭഘട്ടത്തിൽ തന്നെ മരുന്നുകൾ വാങ്ങിയത് ശരിയായ നടപടിയല്ല. വാങ്ങിയ മരുന്നുകൾ അർഹരായ രോഗികൾക്ക് ലഭിച്ചു എന്നതിന് യാതൊരു തെളിവുകളുമില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.73/27.12.12) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഈ സാഹചര്യത്തിൽ ചെലവ് തുകയായ 2,01,278/– രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3.10.3 മാലിന്യ നിർമ്മാർജ്ജനത്തിന് വാങ്ങിയ– ഡ്യുവൽ ഡംപർ പ്ലെയ്സർ/ കണ്ടെയിനറുകൾ ഉപയോഗിക്കാതെ നശിക്കുന്നു– 2011 ൽ നല്കിയ 44,66,557/– രൂപ ഇപ്പോഴും കമ്പനിയുടെ കൈവശം

തിരുവനന്തപുരം നഗരസഭയിൽ ജെ.എൻ.എൻ.യു. ആർ.എമ്മിന്റെ ഭാഗമായി ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സാങ്ഷനിംഗ് ആന്റ് മോണിട്ടറിംഗ് കമ്മിറ്റി 18.1.08 ൽ അംഗീകാരം നൽകുകയും 31.7.08 ലെ ജി.ഒ. (ആർ.ടി.) 2988/08 എൽ.എസ്.ജി.ഡി. പ്രകാരം ഭരണാനുമതി ലഭിക്കുകയും ചെയ്തു. 24.56 കോടി അടങ്കൽ നിശ്ചയിച്ച പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ചുമതല 23.5.08 ലെ കൗൺസിൽ തീരുമാനം I (1) പ്രകാരം കെ.എസ്.യു.ഡി.പി, പി.ഐ.യു.വിനെ ഏൽപ്പിച്ചിട്ടുണ്ട്. ടി പദ്ധതിയിലുൾപ്പെടുത്തി 8 ഡ്യുവൽ ഡംപർ പ്ലെയ്സർ, 65 കണ്ടെയ്നർ എന്നിവ വാങ്ങുന്നതിന് 3 തവണ ടെണ്ടർ ക്ഷണിക്കുകയും IPWT, മുംബൈ എന്ന കമ്പനിയുടെ 1,29,02,660 /– രൂപയുടെ ടെണ്ടർ 19.12.10 ലെ കൗൺസിൽ തീരുമാനം 3 ഡി (8) പ്രകാരം അംഗീകരിക്കുകയും ചെയ്തു. കമ്പനിയുമായി 22.3.10 ൽ ഏർപ്പെട്ട കരാറിന്റെ കാലാവധി ആറു മാസമാണ്.

കമ്പനിയിൽ നിന്നും 4.5.10 ന് അയച്ചു കൊടുത്ത പ്ലെയ്സർ/കണ്ടെയ്നർ എന്നിവയുടെ drawings 24.6.10 ലാണ് സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ) പി.ഡബ്ല്യൂ.ഡി. അംഗീകരിച്ച് കെ.എസ്.യു.ഡി.പി. പ്രോജക്ട് മാനേജർക്ക് കൈമാറുന്നത്. 22.9.10 ന് കരാർ കാലാവധി അവസാനിക്കാറായിട്ടും സപ്ലൈ ആരംഭിക്കാത്തതിനെ സംബന്ധിച്ച് 13.9.10 ന് കെ.എസ്.യു.ഡി.പി.യിൽ നിന്നും കമ്പനിക്ക് നൽകിയ കത്തിന് നൽകിയ മറുപടിയിൽ TATA മോട്ടോഴ്സിൽ നിന്നും ചെയ്സിസ് ലഭിക്കാനുള്ള താമസം കാരണമാണ് placers നൽകാൻ വൈകുന്നതെന്നും ആയതിനാൽ കരാർ 31.12.10 വരെ നീട്ടി നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

LOCAL FUND AUDIT DEPARTMENT

ഉപകരണങ്ങൾ അയയ്ക്കുന്നതിനു മുമ്പ് പരിശോധന നടത്തുന്നതിനായുള്ള 2 placers 2010 ഒക്ടോബറിൽ തയ്യാറായെന്ന് കമ്പനിയിൽ നിന്നും പലതവണ അറിയിപ്പ് ലഭിച്ചുവെങ്കിലും ഇതിനായുള്ള ഗവ. അനുമതി 4.2.11 ൽ ലഭിക്കുകയും 22.2.11 ൽ നഗരസഭാ ഉദ്യോഗസ്ഥർ പരിശോധനനടത്തുകയും ചെയ്തു. 29.3.11 ന് 8 placers ഉം 16 containers ഉം കമ്പനി, നഗരസഭയിൽ എത്തിച്ചിട്ടുണ്ട്. ബാക്കിയുള്ള 49 container 2010 ഒക്ടോബറിൽ തന്നെ തയ്യാറാക്കിയിരുന്നുവെങ്കിലും അവ സൂക്ഷിക്കുന്നതിനുള്ള സ്ഥലസൗകര്യം ലഭ്യമല്ലാത്തതിനാൽ കമ്പനിയിൽ നിന്നും ഏറ്റെടുക്കാൻ കഴിയാത്ത സാഹചര്യമാണുണ്ടായതെന്ന് ഫയലിൽ നിന്നും വ്യക്തമാകുന്നു. 27.4.11 ൽ പ്രോജക്ട് മാനേജർ നഗരസഭാ സെക്രട്ടറിക്കയച്ച കത്തിൽ ബാക്കിയുള്ള 49 container 29.4.11 ൽ എത്തിച്ചേരുമെന്നും ആയതിനാൽ അവ സൂക്ഷിക്കുന്നതിനുള്ള സ്ഥല സൗകര്യം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. 49 കണ്ടെയ്നറുകൾ എത്രയും വേഗം ഏറ്റെടുക്കണമെന്ന് IPWT 2/6/11, 2/9/11, 17/10/11 എന്നീ തീയതികളിലെ കത്തുകളിൽ ആവർത്തിച്ചാവശ്യപ്പെട്ടിട്ടും നഗരസഭയുടെ ഭാഗത്തുനിന്നും തുടർനടപടി കളുണ്ടായിട്ടില്ല. കമ്പനിയിൽ നിന്നും ലഭിച്ച 8 പ്ലെയ്സറുകളിൽ രണ്ടെണ്ണം നഗരസഭയുടെ ഫോർട്ട് ഗാരേജിലും ബാക്കി 6 പ്ലെയ്സർ, 16 കണ്ടെയ്നറുകൾ എന്നിവ തൈയ്ക്കാട് ശാന്തികവാടത്തിലും ഉപയോഗമില്ലാതെ സൂക്ഷിച്ചിരിക്കു കയാണെന്ന് 9.5.12 ന് ഓഡിറ്റ് നടത്തിയ സ്ഥല പരിശോധനയിൽ വ്യക്തമായി. തുറസ്സായ സ്ഥലത്ത് മഴയും വെയിലുമേറ്റ് കിടക്കുന്ന ഉപകരണങ്ങൾ തുരുമ്പെടുത്ത് നശിക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. ലക്ഷകണക്കിന് രൂപ മുതൽമുടക്കി വാങ്ങിയ ഉപകരണങ്ങൾ ഉത്തരവാദി ത്തമില്ലാതെ നശിക്കുവാൻ ഉപേക്ഷിച്ചിരിക്കുന്ന നടപടി അധികൃതരുടെ ഭാഗത്തെ ഗുരുതരമായ വീഴ്ചയാണ്.

കമ്പനിക്ക് കരാർ പ്രകാരമുള്ള 10 % അഡ്വാൻസ് തുകയായ 12,90,266 /- രൂപ 1.7.10 നും (ചെക്ക് നം. 045023/1.7.10) ഡെലിവർ ചെയ്ത ഇനത്തിൽ അഡ്വാൻസ് കുറച്ചിട്ടുള്ള തുകയുടെ 90% ആയ 81,47,635 /- രൂപ 1.6.11 നും (ചെക്ക് നം. 066229/1.6.11) നൽകിയിട്ടുണ്ട്. ഇതിന്റെ ബാലൻസ് തുക 11,61,239.60 രൂപ നൽകാത്തതിന്റെയും, 49 കണ്ടെയ്നറുകൾ ഏറ്റെടുക്കാത്തതിന്റെയും കാരണം കമ്പനി 26.8.11 ൽ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്കു നൽകിയ മറുപടിയിൽ (No. PIU/TVM/JnNURM/2012/204 dated: 17.4.12) ബാക്കിയുള്ള 49 കണ്ടെയ്നറുകൾ കമ്പനി സമയത്തിനു നൽകാത്തതിനാൽ കാലാവധി നീട്ടി നൽകേണ്ടായെന്ന് ആരാധ്യയായ മേയറുടെ അദ്ധ്യക്ഷതയിൽ കൂടിയ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. ഇത് ഫയലിൽ ലഭ്യമായ വസ്തുതതകൾക്കു വിരുദ്ധമാണ്.

കരാർ കാലാവധിക്കുള്ളിൽ സപ്ലൈ നടത്തുവാൻ കഴിയാത്തതിന്റെ കാരണം കമ്പനി അധികൃതർ അറിയിക്കുകയും കാലാവധി നീട്ടി നൽകുന്നതിന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ കരാർ നിബന്ധനകളിലെ നം. 34 ൽ അനുശാസിക്കുന്ന പ്രകാരം തുടർ നടപടികൾ സ്വീകരിച്ച് നിയമാനുസൃതമായി കരാർ കാലാവധി നീട്ടി നൽകാതെയാണ് നഗരസഭയിൽ നിന്നും ഉദ്യോഗസ്ഥർ 22.2.11 ൽ പ്രാരംഭപരിശോധനയ്ക്ക് മുംബൈയിലെത്തുന്നത്. 8 പ്ലെയ്സറും 16 കണ്ടെയ്നറുകളും 22.3.11 ൽ എത്തിച്ചപ്പോൾ തന്നെ ബാക്കി 49 കണ്ടെയിനറുകളും

LOCAL FUND AUDIT DEPARTMENT

സപ്ലൈ ചെയ്യുന്നതിനു കമ്പനി തയ്യാറാക്കിയിരുന്നുവെങ്കിലും സ്ഥല പരിമിതിമൂലം അവ ഏറ്റെടുക്കുന്നതിനു നഗരസഭയ്ക്കു കഴിഞ്ഞില്ല എന്നാണ് കത്തിടപാടുകളിൽ നിന്നും വ്യക്തമാകുന്നത്.

വാങ്ങിയ ഡ്യുവൽ ഡംപർ പ്ലെയ്സർ ഒന്നിന് 5,16,950/- രൂപ നിരക്കിൽ 8 എണ്ണത്തിന് ആകെ 41,35,600 രൂപയാണ് നല്കേണ്ടത്. ഡ്യുവൽ ഡംപർ കണ്ടെയ്നർ ഒന്നിന് 52,234/- രൂപ നിരക്കിൽ വാങ്ങിയ 16 എണ്ണത്തിന് നല്കേണ്ടിയിരുന്ന തുക 8,35,744/- രൂപയാണ്. രണ്ട് ഇനത്തിനും കൂടി ആകെ ചെലവായ തുക 49,71,344/- രൂപയാണ് (4135600+835744). IPWT കമ്പനിക്ക് ആകെ നല്കിയ തുക 94,37,901/- രൂപയാണ് (12,90,266/- രൂപ അഡ്വാൻസ് ഉൾപ്പെടെ). 44,66,557/- രൂപ ഇപ്പോഴും കമ്പനിയുടെ കൈവശമുണ്ട്. വലിയൊരു തുക മറ്റൊരു സ്ഥാപനത്തിന് നല്കി മാസങ്ങൾ പലത് കഴിഞ്ഞതിനു ശേഷവും ബന്ധപ്പെട്ട സാധനങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ നഗരസഭ കൈക്കൊണ്ടിട്ടില്ല.

18.1.08 ൽ അംഗീകാരം കിട്ടുകയും 23.5.08 ൽ പദ്ധതി നടപ്പിലാക്കുന്നതിന് K.S.U.D.P PIU-വിനെചുമതലപ്പെടുത്തുകയും 31.7.08 ൽ ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുള്ള പദ്ധതിയാണിത്. കണ്ടെയ്നറുകളും പ്ലയ്സറുകളും വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി 22.3.10 ൽ കമ്പനിയുമായി കരാറിലേർപ്പെട്ടെങ്കിലും വാങ്ങുന്ന കണ്ടെയ്നറുകളും പ്ലയ്സറുകളും സൂക്ഷിക്കുന്നതിനുള്ള സ്ഥലസൗകര്യങ്ങൾ നാളിതുവരെയും നഗരസഭ ഒരുക്കിയിട്ടില്ല. മാത്രമല്ല, വാങ്ങിയ കണ്ടയ്നറുകളും പ്ലയ്സറുകളും മാലിന്യ നിർമ്മാർജ്ജനത്തിന് ഉപയോഗിക്കാതെ ഇപ്പോഴും വെറുതെ സൂക്ഷിച്ചിരിക്കുകയാണെന്ന് മനസ്സിലാക്കുന്നു. ബന്ധപ്പെട്ട സാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള സ്ഥലസൗകര്യം ഇല്ലാത്തതിന്റെ പേരിലും വാങ്ങിയവ നിർദ്ദിഷ്ടകാര്യത്തിന് ഉപയോഗിക്കാത്തതുകൊണ്ടുമാണ്, ഓർഡർ നല്കിയിട്ടും ബാക്കി സാധനങ്ങൾ വാങ്ങാൻ നഗരസഭ ശ്രമിക്കാത്തത്. മാലിന്യനിർമ്മാർജ്ജനം പോലുള്ള ഗുരുതരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നഗരസഭയുടെ ഭാഗത്ത് നിന്നുമുള്ള അനാസ്ഥ വ്യക്തമാക്കുന്ന പ്രവൃത്തിയാണിത്. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനത്തിന് ലഭിച്ച തുക യഥാസമയം ഉപയോഗിക്കാതിരുന്നത് നഗരസഭയുടെ ഭാഗത്തുള്ള ഗുരുതരമായ വീഴ്ചയാണ്.

കരാർ നിബന്ധനകളിലെ നം. 35.3 പ്രകാരം കരാർ റദ്ദാക്കുന്ന സാഹചര്യത്തിൽ സപ്ലൈ ചെയ്യാൻ തയ്യാറാക്കിയിരിക്കുന്ന ഉപകരണങ്ങൾ പർച്ചേസർ കരാർ വില പ്രകാരം ഏറ്റെടുക്കേണ്ടതും ബാക്കിയുള്ളവ ക്യാൻസൽ ചെയ്യുന്ന സാഹചര്യത്തിൽ സപ്ലൈയറുമായി കൂടിയാലോചന ചെയ്ത് തുക നൽകേണ്ടതുമാണ്. 8 പ്ലെയ്സർ, 65 കണ്ടെയ്നറുകൾ എന്നിവയ്ക്ക് ഒറ്റത്തവണയായി ഓർഡർ നൽകിയ ശേഷം ബാക്കിയുള്ള 49 എണ്ണം ഏറ്റെടുക്കാതിരിക്കുന്നത് നിയമനടപടികൾക്ക് വഴിയൊരുക്കും. ഇത്തരത്തിൽ ആവശ്യകത മുൻകൂട്ടി നിശ്ചയിച്ച് ഓർഡർ ചെയ്ത ഉപകരണങ്ങൾ സപ്ലൈയറിൽ നിന്നും ഏറ്റെടുക്കാത്ത നടപടി അധികൃതരുടെ ഭാഗത്തു നിന്നുള്ള അനാസ്ഥയാണ്. കമ്പനിയുമായി കൂടിയാലോചിച്ച് ടി വിഷയത്തിന്മേൽ തൃപ്തികരമായ പരിഹാരം കണ്ടെത്തുന്നതിനും നിയമനടപടികൾ ഒഴിവാക്കുന്നതിനും വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

LOCAL FUND AUDIT DEPARTMENT

3.10.4 മാലിന്യ സംസ്കരണം – 6 കോടിയോളം രൂപ ഒരു വർഷമായി ഉപയോഗിക്കാതെ നിക്ഷേപിച്ചിരിക്കുന്നു.– നഗരസഭയുടെ അലംഭാവം

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെൽത്ത് ഓഫീസർ, തിരുവനന്തപുരം നഗരസഭ

നഗരത്തിലെ മാലിന്യങ്ങൾ ഉത്ഭവസ്ഥാനത്തുതന്നെ സംസ്കരിക്കുന്നതിനും അതുവഴി മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നത് ലക്ഷ്യംവെച്ചുകൊണ്ടും നടപ്പിലാക്കിയ രണ്ടു പദ്ധതികളാണ് പൈപ്പ് കമ്പോസ്റ്റിംഗ് (SO 137/12) ഉത്ഭവ സ്ഥാനത്ത് മാലിന്യ സംസ്കരണം(SO 126/12) എന്നിവ.

പ്രോജക്ടുകൾ അംഗീകരിച്ചത് മാർച്ച് മാസത്തിൽ ആയിരുന്നതിനാലും മഴക്കാലത്തിനു മുൻപ് പദ്ധതി പൂർത്തീകരിക്കേണ്ടതിനാലും ഗുണഭോക്താക്കളുടെ സൗകര്യം കൂടി കണക്കിലെടുത്ത് പ്രോജക്ടിന് അനുവദിച്ച തുകകൾ പിൻവലിച്ച് പ്രത്യേകം അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനും, മഴക്കാലത്തിനു മുൻപ് പദ്ധതി പൂർത്തീകരിക്കുന്നതിനും സർക്കാർ അനുമതി നല്കി. [ജി.ഒ(ആർ.റ്റി) നം.964/12/എൽ.എസ്.ജി.ഡി/തീയതി 30.3.12] ഇതു പ്രകാരം ബാങ്ക് ഓഫ് ഇൻഡ്യ തിരുവനന്തപുരം ബ്രാഞ്ചിൽ തുടങ്ങിയ അക്കൗണ്ടിൽ (അക്കൗണ്ട് നം.853010110002853) ടി പദ്ധതികൾക്കായി താഴെപ്പറയും പ്രകാരം 8,96,19,583/– രൂപ നിക്ഷേപിച്ചു.

തുക അനുവദിച്ചത്	ചെക്ക് നം/ബിൽ നം .തീയതി	ലഭിച്ച തുക	അക്കൗണ്ടിൽ ഒടുക്കിയ തീയതി
ശുചിത്വ മിഷൻ	0663348/29.3.12	5,69,83,333/–	31.3.12
ശുചിത്വ മിഷൻ	0663386/31.3.12	15,00,000/–	7.4.12
13–ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക	ബിൽ.നം.12/31.3.12	80,00,000/–	17.4.12
പദ്ധതി വിഹിതം	ബിൽ.നം.06/31.3.12	20,32,500/–	17.4.12
പദ്ധതി വിഹിതം	ബിൽ.നം.07/31.3.12	21,03,750/–	17.4.12
	ആകെ	8,96,19,583/–	

പദ്ധതി പ്രവർത്തനങ്ങളിലെ പ്രധാന ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ) പൈപ്പ് കമ്പോസ്റ്റ് : (137/12)

അടങ്കൽ : 7,59,81,250/–
ഡി.പി.സി.നം.1000/11–12/ഡി.പി.ഒ/ഡി.പി.സി/തിരുവനന്തപുരം/26.3.12

നഗരവാസികളുടെ വീടുകളിൽ പി.വി.സി. പൈപ്പുകൾ സ്ഥാപിച്ച് ഖരമാലിന്യ സംസ്കരണം നടത്തുന്നതിനാണ് പൈപ്പ് കമ്പോസ്റ്റിംഗ് (137/12) എന്ന പദ്ധതി ആവിഷ്കരിച്ചത്. 200 മീ.മീറ്റർ വ്യാസവും ഒരു മീറ്റർ പൊക്കവുമുള്ള രണ്ട് പി.വി.സി. പൈപ്പുകളും അതിന്റെ അടപ്പും വീട്ടിൽ സ്ഥാപിച്ച് ഉറവിടത്തിൽ തന്നെ മാലിന്യം സംസ്കരിക്കുന്നതിനായി, ഒരു യൂണിറ്റ് പൈപ്പ് കമ്പോസ്റ്റിന് 893/– രൂപ വീതം 90000 യൂണിറ്റുകൾ സ്ഥാപിക്കുകയാണ് പദ്ധതി ലക്ഷ്യം.

LOCAL FUND AUDIT DEPARTMENT

ഈ പദ്ധതി പ്രകാരം 31.3.2013 വരെ ആകെ 44558 യൂണിറ്റ് പൈപ്പ് കമ്പോസ്റ്റുകൾ മാത്രമാണ് നഗരസഭയിൽ സ്ഥാപിച്ചിട്ടുള്ളത്. പൈപ്പ് കമ്പോസ്റ്റ് പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ പി. വി. സി. പൈപ്പുകളും അടപ്പുകളും നഗരസഭയ്ക്ക് സ്വരൂപിച്ച് നല്കുന്നതിനുള്ള ചുമതല സോഷ്യോ ഇക്കണോമിക് യൂണിറ്റിനെയാണ് ഏൽപ്പിച്ചത്. (സ. ഉ.(സാ ധാ) 1627/12 ത.സ്വ.ഭ.വ/15.6.2012) ഇതിനായി 1,50,00,000/-രൂപ സോഷ്യോ ഇക്കണോമിക് ഗ്രൂപ്പിന് നൽകി. എന്നാൽ ഈ തുകയ്ക്ക് നാളിതുവരെ എത്ര യൂണിറ്റ് പൈപ്പുകൾ വാങ്ങി, ഏതെല്ലാം വാർഡുകളിൽ വിതരണം ചെയ്തു എന്നതിന് വ്യക്തമായ രേഖകളില്ല. '20000 യൂണിറ്റ് പൈപ്പും, അടപ്പും ലഭ്യമാക്കുന്നതിനാണ് അഡ്വാൻസ് നൽകിയതെന്നും വിവിധ വാർഡുകളിൽ അവ വിതരണം ചെയ്തു വരുന്നു 'എന്നുമാണ് 22.11.12 ലെ 50 - ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നല്കിയ മറുപടിയിൽ ഹെൽത്ത് ഓഫീസർ അറിയിച്ചത്. പദ്ധതി നടപ്പിലാക്കുന്നതിനായി 3,35,03,215/-രൂപ പ്രസ്തുത അക്കൗണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്.പദ്ധതി നടപ്പിലാക്കുന്നതിനായി അക്കൗണ്ടിൽ പണം നിക്ഷേപിച്ചിട്ട് നാളുകൾ കഴിഞ്ഞിട്ടും പദ്ധതി ലക്ഷ്യത്തിന്റെ പകുതി പോലും പൂർത്തീകരിക്കുവാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. നിലവിൽ പദ്ധതി പാതി വഴിയിൽ ഉപേക്ഷിച്ച നിലയിലാണ്.

ബി) ഉത്ഭവ സ്ഥാനത്ത് മാലിന്യ സംസ്കരണം.

അടങ്കൽ - 3,37,50,000/-

ഡി.പി.സി.നം:1000/11-12/ഡി.പി.ഒ/ഡി.പി.സി/തിരുവനന്തപുരം/തീയതി 27.2.12

1. ഉത്ഭവസ്ഥാനത്തു തന്നെ മാലിന്യം സംസ്കരിക്കുന്നതിനും വീടുകളിൽ വെർമികമ്പോസ്റ്റ്, ബയോഗ്യാസ്, അനറോബിക് കമ്പോസ്റ്റ് എന്നിവ ഉൽപ്പാദിപ്പിക്കുന്നതിന് വേണ്ടി മുന്നൊരുക്കം, ബോധവൽക്കരണ പ്രവർത്തനങ്ങൾ, മണ്ണിര കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ്,ബയോഗ്യാസ് പ്ലാന്റ് (വലുതും ചെറുതും) എന്നിവ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകൽ എന്നിവയാണ് അടങ്കൽ തുക ഉപയോഗിച്ച് നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ.
2. സ.ഉ (എം.എസ്)നം.318/11/ത.സ്വ.ഭ.വ തീയതി 20.12.2011 പ്രകാരം ഖരമാലിന്യ സംസ്കരണത്തിനുള്ള വിവിധ പ്ലാന്റുകൾ നിർമ്മിക്കുന്നതിന് സ്വകാര്യ വ്യക്തികൾക്കായുള്ള ധനസഹായം പ്ലാന്റ് ഒന്നിന് 5000/- രൂപയോ നിർമ്മാണചെലവിന്റെ 75%മോ നല്കാൻ ഉത്തരവായി.
3. ഖരമാലിന്യ സംസ്കരണ പദ്ധതി നിർവ്വഹണത്തിനുള്ള അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർ പ്ലാന്റ് സ്ഥാപിക്കുകയും, ഹെൽത്ത് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച മുട്ടട വാർഡിലേയും മറ്റ് വാർഡുകളിലെയും കൂടി 31 ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുകയും ചെയ്തു. ഇതിനായി മുട്ടട വാർഡിലെ 19 പേർക്ക് [17x4875+2x5000] 92,875/- രൂപയും മറ്റിടങ്ങളിലെ 12 പേർക്ക് [12x4875] 58,500/- രൂപയും ഉൾപ്പെടെ ആകെ 1,51,375/- രൂപ പ്രസ്തുത അക്കൗണ്ടിൽ നിന്നും പിൻവലിച്ച് 31 ഗുണഭോക്താക്കൾക്കായി നൽകി. 5000 പ്ലാന്റ് സ്ഥാപിക്കാൻ ലക്ഷ്യമിട്ടിടത്ത് ആകെ 31 പ്ലാന്റ് മാത്രമാണ് സ്ഥാപിച്ചത്.
4. ശുചിത്വ മിഷൻ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങളും നിരക്കുകളും അനുസരിച്ച് പദ്ധതി നടപ്പിലാക്കാൻ സമ്മതമാണ് എന്ന് ബയോടെക് ഒഴികെ റെയ്കോ,

LOCAL FUND AUDIT DEPARTMENT

സെന്റ് വാർഡ്, സെൻസ് കേരളാ, ഗ്രീൻ ടെക്, ഗ്രാമീണ പഠന കേന്ദ്രം എന്നീ സ്ഥാപനങ്ങൾ അറിയിച്ചിട്ടും മാലിന്യ സംസ്കരണത്തിന് യാതൊരു നടപടിയും നഗരസഭ സ്വീകരിച്ചിട്ടില്ല.

5. മണ്ണിര കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ് എന്നിവയും കൂടി നടപ്പിലാക്കുന്ന തിനാണ് പദ്ധതിയിൽ തുക വകയിരുത്തിയിരുന്നത്. എന്നാൽ ടി പദ്ധതികൾ ഒന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല.

ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച ഇനത്തിൽ ആകെ1,51,375/- രൂപയും 44558 യൂണിറ്റ് പൈപ്പ് കമ്പോസ്റ്റുകൾ സ്ഥാപിച്ച ഇനത്തിൽ 3,35,03,215/- രൂപയും ഉൾപ്പെടെ 3,36,54,590/- രൂപ മാത്രമേ മേൽപ്പറഞ്ഞിരിക്കുന്ന രണ്ടു പദ്ധതി കൾക്കുമായി നാളിതു വരെ ബാങ്ക് ഓഫ് ഇൻഡ്യയിൽ തുടങ്ങിയ അക്കൗണ്ടിൽ നിന്നും ചെലവഴിച്ചിട്ടുള്ളൂ.

മഴക്കാലാരംഭത്തിനു മുൻപ് പദ്ധതി പൂർത്തീകരിക്കുന്നതിനാണ് പ്രത്യേക അക്കൗണ്ട് ആരംഭിക്കുവാൻ സർക്കാർ അനുമതി നല്കിയത്. എന്നാൽ അക്കൗണ്ടു തുടങ്ങി നാളിതുവരെയായിട്ടും ലഭ്യമായ തുകയുടെ പകുതി പോലും നഗരസഭയ്ക്ക് ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. നഗരസഭ നേരിടുന്ന മാലിന്യ സംസ്കരണമെന്ന ഗുരുതര പ്രശ്നം പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളിൽ ഒന്നായ ഈ പദ്ധതികളുടെ തുടർ പ്രവർത്തനങ്ങളിൽ നഗരസഭ ക്രിയാത്മകമായി ഇടപെടുന്നില്ലായെന്ന് വ്യക്തമാണ്. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 30/1 വകുപ്പ് 1-ാം പട്ടിക പ്രകാരം മുൻസിപ്പാലിറ്റിയുടെ അനിവാര്യ ചുമതലകളിലുൾപ്പെട്ട ടി പ്രവർത്തികൾ ഇതുവരെയും പൂർത്തിയാകാത്ത സാഹചര്യത്തിൽ ഈ പദ്ധതി ഒരു പരാജയമാണെന്ന് വിലയിരുത്തുന്നു. നഗരസഭാ ഉദ്യോഗസ്ഥരും ഒപ്പം അതാതു വാർഡുകളിലെ ജനപ്രതിനിധികളും ഒരു പോലെ ഈ പദ്ധതികൾക്ക് പ്രചാരം നല്കുകയും ജനങ്ങളെ ബോധവാന്മാരാക്കുകയും പദ്ധതികൾ അതിവേഗം നടപ്പിലാക്കുകയും ചെയ്താൽ മാത്രമേ അടുത്ത മഴക്കാലത്തിനു മുമ്പ് എങ്കിലും നഗരത്തിലെ മാലിന്യപ്രശ്നത്തിന് അല്പമെങ്കിലും പരിഹാരം ലഭിക്കുകയുള്ളൂ.

3.11 വാഹനങ്ങൾ

3.11.1 വാഹനലേലം- ലേല നടപടികൾ ആരംഭിച്ചിട്ടില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കാലഹരണപ്പെട്ടതും ഉപയോഗശൂന്യവുമായ താഴെ പറയുന്ന അഞ്ച് കാർഗോ ലോറികളുടെ മതിപ്പുവില പി.ഡബ്ല്യു.ഡി എൻജിനീയർ നിർണ്ണയിച്ചതിനെ തുടർന്ന് 25.5.11 ലെ 3 ഡി (3) കൗൺസിൽ തീരുമാനം പ്രകാരം ലേല നടപടികൾക്കായി നഗരസഭാ എൻജിനീയർ 21.10.11 ലെ ഇ15/62139/09 കത്ത് മുഖേന റവന്യു ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു.

LOCAL FUND AUDIT DEPARTMENT

	വാഹന നം.	മതിപ്പുവില
1	KL-01-R-447	1,00,000/-
2	KL-01-R-449	1,05,000/-
3	KL-01-R-451	1,10,000/-
4	KL-01-R-452	1,15,000/-
5	KL-01-R-453	1,20,000/-

എന്നാൽ നാളിതുവരേയും ഈ വാഹനങ്ങളുടെ ലേലം നടത്തിയതായി കാണുന്നില്ല. ഇത്തരത്തിൽ സമയബന്ധിതമായി ലേലം നടത്താത്തതു മൂലവും, കാലപ്പഴക്കം കാരണവും ഈ വാഹനങ്ങളുടെ അവസ്ഥ ശോചനീയമായി തുടരുന്നു. കാലതാമസം കാരണം ഈ വാഹനങ്ങളുടെ മതിപ്പു വിലയിൽ കുറവ് വന്നാൽ നഗരസഭയ്ക്ക് വൻനഷ്ടം ഉണ്ടാവും. ആയതിനാൽ ലേല നടപടികൾ ആരംഭിക്കുന്നതിനായി ഭരണ സമിതി യുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

LOCAL FUND AUDIT DEPARTMENT

3.11.2 നഗരസഭ – വാഹനങ്ങളുടെ ലോഗ് ബുക്കുകൾ ഇൻഷ്വറൻസ് രേഖകൾ ഇവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകത സംബന്ധിച്ച്.

I) ലോഗ് ബുക്കുകൾ സൂക്ഷിക്കുന്നത് നിയമാനുസൃതമല്ല

കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും ചട്ടങ്ങൾ 2000). ചട്ടം 7 (2) പ്രകാരം ലോഗ് ബുക്ക് ഇടയ്ക്കിടെ കസ്റ്റോഡിയൻ ഓഫീസർ പരിശോധിക്കേണ്ടതും പരിശോധിച്ച വിവരം രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ നഗരസഭയുടെ വാഹനങ്ങളിൽ ഈ നിയമം പാലിക്കപ്പെട്ടിട്ടില്ല.

II) നഗരസഭയിലെ വാഹനങ്ങളിൽ ടാങ്ക് കപ്പാസിറ്റി കവിഞ്ഞും ഇന്ധനം നിറയ്ക്കുന്നു

കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ 2000 ചട്ടം 9 (1), 9 (2) പ്രകാരം ഇന്ധനം ഫുൾ ടാങ്ക് നിറച്ചിരിക്കേണ്ടതും ഇന്ധനം നിറക്കുന്ന സമയത്ത് കസ്റ്റോഡിയൻ ഓഫീസറുടെയോ അദ്ദേഹം നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥന്റെയോ സാന്നിദ്ധ്യം ഉറപ്പാക്കേണ്ടതുമാണ്. ഈ നടപടിക്രമം പാലിക്കാത്തതുമൂലം താഴെ പറയും പ്രകാരം ഇന്ധനഷ്ടം ഉണ്ടായിരിക്കുന്നു.

എ) ടാങ്ക് കപ്പാസിറ്റിയിൽ കവിഞ്ഞ് ഇന്ധനം നിറയ്ക്കൽ

ഫുൾടാങ്ക് കപ്പാസിറ്റിയിലും അധികം ഇന്ധനം നിറച്ചതായ രേഖപ്പെടുത്തലുകൾ ലോഗ് ബുക്കിൽ കാണുന്നു.

വിശദാംശങ്ങൾ

രസീത് നം./തിയതി	വാഹന നമ്പർ/തീയതി	ഫുൾ ടാങ്ക് കപ്പാസിറ്റി (ലി)	ഇന്ധനം മുൻ ബാക്കി	ഇന്ധനം നിറച്ചത് (ഇൻന്റ് നമ്പർ)	ആകെ	ഫുൾ ടാങ്കിൽ അധികമായ ഇന്ധനം
Rt. No. 11201117579 (17.12.12)	KL01 AA1085 12.12.11	165	54	120 (33222)	174	9
Rt. No. 11201117579 (17.12.12)	KL 01 AA 1085 16.12.2011	165	54	120 (29770)	174	9
	KL 01 AA 1085 18.12.2011	165	114	90 (29795)	204	39
Rt. No. 11301100501 (4.4.13)	KL 01 N- 772 18.9.2011	165	54	120 (26206)	174	9

ഇപ്രകാരം ടാങ്ക് കപ്പാസിറ്റിയിലും അധികം ഇന്ധനം നിറച്ചു എന്ന് ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നതുമൂലം ഇന്ധന നഷ്ടത്തെക്കാളുപരി ഇന്ധന കണക്കിന്റെ വിശ്വാസ്യത നഷ്ടപ്പെടുകയാണുണ്ടായിട്ടുള്ളത്. ഇത് വാഹനങ്ങളുടെ നടത്തിപ്പിന്റെ കാര്യക്ഷമത ഇല്ലായ്മയാണ് സൂചിപ്പിക്കുന്നത്.

ബി) ടാങ്ക് കപ്പാസിറ്റിയിൽ കുറഞ്ഞ് ഇന്ധനം നിറയ്ക്കൽ

ഫോർട്ട് ഗ്യാരേജിലെ ചില വാഹനങ്ങളിൽ ഫുൾ ടാങ്ക് ഇന്ധനം നിറയ്ക്കാതെ അടുത്തടുത്ത ദിവസങ്ങളിൽ കുറഞ്ഞ അളവിൽ ഇന്ധനം നിറയ്ക്കുന്നതായി കാണുന്നു.

ഉദാ: വാഹന നമ്പർ KL 01 AR 673
ടാങ്ക് കപ്പാസിറ്റി 220 ലിറ്റർ
ഇന്ധനം നിറച്ചതിന്റെ വിശദാംശങ്ങൾ

തീയതി	ഇൻന്റ് നമ്പർ	മുൻബാക്കി	ഇൻന്റ് പ്രകാരം അടച്ച ഇന്ധനം
10.05.11	34651	17	30
15.05.11	34696	17	30
16.05.11	34713	17	30
17.05.11	34726	17	30

ഇപ്രകാരം ദിവസവും ഫോർട്ട് ഗ്യാരേജിൽ നിന്നും പേരൂർക്കടയിലുള്ള പെട്രോൾ പമ്പിൽ പോകുന്നതു മൂലം ഇന്ധന നഷ്ടം ഉണ്ടാകുന്നുണ്ട്. (ഓരോ വാഹനത്തിനും ഓരോ പ്രാവശ്യവും ഏകദേശം 2 ലിറ്റർ എന്ന കണക്കിൽ)

LOCAL FUND AUDIT DEPARTMENT

III) ഇൻ്റന്റ് പ്രകാരം അനുവദിച്ച ഇന്ധനം വാഹനത്തിൽ നിറച്ചതായി കാണുന്നില്ല

KL 01 AR 2136-ാം നമ്പർ വാഹനത്തിൽ 19.6.11 ന് ഇൻ്റന്റ് 35085 പ്രകാരം 100 ലിറ്റർ ഇന്ധനം അനുവദിച്ചെങ്കിലും ഈ ഇന്ധനം വാഹനത്തിൽ നിറച്ചിട്ടില്ല.

ഫോർട്ട് ഗ്യാരേജിൽ ഏകദേശം 71 –ഓളം വാഹനങ്ങൾ നിലവിലുണ്ട്. ഈ വാഹനങ്ങളുടെ മേൽ നോട്ടത്തിനായി ഗ്യാരേജ് സൂപ്പർവൈസറെയാണ് നിയോഗിച്ചിട്ടുള്ളത്. വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് മേൽനോട്ടം വഹിക്കേണ്ടത് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് –1 റാങ്കിലുള്ള ഈ ഉദ്യോഗസ്ഥനാണ്. വാഹനങ്ങളുടെ സാങ്കേതിക അറിവിലെ അപര്യാപ്തത മൂലം ടി ഉദ്യോഗസ്ഥന് വാഹനങ്ങളുടെ അറ്റകുറ്റപ്പണി കൃത്യമായി നടന്നിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്താൻ കഴിയാത്ത അവസ്ഥയാണുള്ളത്.

3.11.3 കെ.എസ്.യു.ഡി.പി.യുടെ 29 ഓട്ടോറിക്ഷകൾ – എന്താവശ്യത്തിന്, ആര് ഉപയോഗിക്കുന്നുവെന്ന രേഖകൾ നഗരസഭയിലില്ല.

നഗരസഭക്ക് കെ.എസ്.യു.ഡി.പി മുഖാന്തിരം ലഭിച്ചിട്ടുള്ള 29 ഓട്ടോറിക്ഷകൾക്ക് 2011–12 സാമ്പത്തിക വർഷത്തിൽ ഇൻഷ്വറൻസ് പുതുക്കിയതായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് എഞ്ചിനീയറുടെ E15/PRE 1/52654/99, 23.08.2011 –ാം നമ്പർ കുറിപ്പ് പ്രകാരം ഈ വാഹനങ്ങൾ ഹെൽത്ത് വിഭാഗം വഴി കുടുംബശ്രീക്ക് കൈമാറിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വാഹനങ്ങളുടെ ഉപയോഗത്തെ പറ്റിയും കസ്റ്റോഡിയൻ ഓഫീസർ, ഇൻഷ്വറൻസ് രേഖകൾ എന്നിവയെകുറിച്ചും 21.11.2012 ൽ ഓഡിറ്റ് എൻക്വയറി നം. 49 പ്രകാരം എൻക്വയറി നൽകുകയും വിവരം ലഭ്യമാക്കാത്തതിനാൽ 18.01.2012 ൽ നഗരസഭാ സെക്രട്ടറിക്ക് കത്ത് നൽകുകയും ചെയ്തെങ്കിലും ഇതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഈ വാഹനങ്ങൾ നിലവിൽ ഉപയോഗത്തിലുണ്ടോ എന്നും ആരുടെ മേൽനോട്ടത്തിലാണെന്നും നഗരസഭയ്ക്ക് വ്യക്തതയില്ല എന്നു വിലയിരുത്തുന്നു. ഇത് ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ കൃത്യവിലോപമാണ്. ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

3.11.4. നഗരസഭാ വാഹനങ്ങളിൽ ചട്ടവിരുദ്ധമായി അനൗദ്യോഗിക യാത്ര.

തിരുവനന്തപുരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുപയോഗിച്ച് നഗരസഭാ കൗൺസിലർമാർ, ഹെൽത്ത് കമ്മിറ്റി ചെയർപേഴ്സൺ, ഉദ്യോഗസ്ഥർ തുടങ്ങിയവർ അനൗദ്യോഗിക യാത്രകൾ നടത്തിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രണ്ടു വാഹനങ്ങളിലായി ആകെ 732 കി.മീ. ദൂരമാണ് അനൗദ്യോഗികമായി സഞ്ചരിച്ചത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

LOCAL FUND AUDIT DEPARTMENT

വാഹനത്തിന്റെ നമ്പരും ഇനവും	അനൗദ്യോഗികമായി സഞ്ചരിച്ച ദൂരം (കി.മീ.)	യാത്ര ചെയ്ത തീയതി	ഉപയോഗിച്ച ഇന്ധനം (ലിറ്റർ)	ലോഗ് ബുക്കിലെ കി.മീ. റീഡിംഗ്	യാത്രയുടെ തുടക്കവും ഒടുക്കവും
KL 01 AV 5690, Bolero	223	6.10.11	21	71425-71648	തിരുവനന്തപുരം നഗരസഭ മുതൽ ശാസ്താംകോട്ട വരെയും തിരിച്ചും സഞ്ചരിച്ചു.
KL 01 AV 5690 Bolero	256	7.10.11	24	71648-71904	**തിരുവനന്തപുരം നഗരസഭ മുതൽ ശാസ്താംകോട്ട വരെയും തിരിച്ചും സഞ്ചരിച്ചു.**
KL 01 N 9404 Tempo Traveller	126	15.6.11	19.5	70433-70559	തിരുവനന്തപുരം നഗരസഭ മുതൽ കൊട്ടാരക്കര വരെയും തിരിച്ചും സഞ്ചരിച്ചു
KL 01 AV 5690 Bolero	127	17.6.11	12	63707-63834	തിരുവനന്തപുരം നഗരസഭ മുതൽ കൊട്ടാരക്കര വരെയും തിരിച്ചും സഞ്ചരിച്ചു
ആകെ	732		76.5		

LOCAL FUND AUDIT DEPARTMENT

2000– ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ 5 (1) പ്രകാരം കോർപ്പറേഷൻ വാഹനങ്ങൾ ഔദ്യോഗിക യാത്രകൾക്കു മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. ചട്ടം 5 (4) പ്രകാരം കൗൺസിലർമാർക്ക് ഔദ്യോഗികാവശ്യാർത്ഥം കോർപ്പറേഷൻ വാഹനം, കോർപ്പറേഷൻ പരിധിക്കുള്ളിൽ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. ചട്ടം 5 (3) പ്രകാരം ചെയർപേഴ്സൺ, ഡെപ്യൂട്ടി ചെയർപേഴ്സൺ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർക്ക് കോർപ്പറേഷൻ പരിധിവിട്ട് കോർപ്പറേഷൻ വാഹനത്തിൽ സഞ്ചരിക്കാമെങ്കിലും അത് അനൗദ്യോഗികയാത്രയാകാൻ പാടില്ല. ധനകാര്യ പരിശോധനാവിഭാഗത്തിന്റെ 2.8.08 ലെ 41/2008 ധന. നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രകാരവും തദ്ദേശസ്വയംഭരണ (ഇഎം) വകുപ്പിന്റെ 18.9.09 ലെ 39677/ഇ.എം.2/09/തസ്വഭവ എന്ന സർക്കുലറിലെ നിർദ്ദേശപ്രകാരവും പ്രസ്തുത യാത്രയെ ഒരു തരത്തിലും ന്യായീകരിക്കാനാവില്ല. ആകെ 732 (എഴുനൂറ്റി മുപ്പത്തിരണ്ട്) കി.മീ. ദൂരം അനൗദ്യോഗികമായി സഞ്ചരിച്ചതിനാൽ ജി.ഒ. (പി) നം. 278/10 ഫിൻ തീയതി: 12.05.10 പ്രകാരം അനൗദ്യോഗിക യാത്രകൾക്ക് കിലോമീറ്ററിന്

6 (ആറ്) രൂപ നിരക്കിൽ 732 കിലോമീറ്ററിന് 4392 (നാലായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി രണ്ട്) രൂപയുടെ നഷ്ടം കണക്കാക്കുന്നു. ടി നഷ്ടം ബന്ധപ്പെട്ട കൗൺസിലർമാർ, ചെയർപേഴ്സൺ, ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഈ ബാദ്ധ്യത വാഹനത്തിന്റെ കസ്റ്റോഡിയനിൽ നിക്ഷിപ്തമായിരിക്കും. 2000–ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ 3 (2) അനുസരിച്ച് വാഹനങ്ങളുടെ ശരിയായ ഉപയോഗം, സംരക്ഷണം ഉപയോഗ നിയന്ത്രണം എന്നിവയ്ക്ക് വാഹനത്തിന്റെ കസ്റ്റോഡിയൻ ചുമതലക്കാരനായിരിക്കുന്നതാണ്.

3.11.5 കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾക്കു വിരുദ്ധമായ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ്

തിരുവനന്തപുരം നഗരസഭയുടെ വാഹനങ്ങളിൽ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തുന്നത് വർഷത്തിലൊരിക്കൽ പൊതുമരാമത്തു വകുപ്പ് മെക്കാനിക്കൽ വിഭാഗം ഉദ്യോഗസ്ഥനെക്കൊണ്ടാണ്. എന്നാൽ 2000–ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ 8 (1) പ്രകാരം ആറു മാസത്തിലൊരിക്കൽ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിക്കേണ്ടത് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ടാണ്. ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. ആയതിനാൽ തിരുവനന്തപുരം നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങൾ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾക്കു വിധേയമാക്കി മാത്രമേ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്താൻ പാടുള്ളൂ.

3.11.6 വാഹനങ്ങളുടെ ഇന്ധന ടാങ്ക് പൂർണ്ണമായും നിറക്കാത്തത് ചട്ട വിരുദ്ധം

2000–ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ (9) പ്രകാരം വാഹനത്തിന്റെ ഇന്ധനടാങ്ക് പൂർണ്ണമായും നിറയ്ക്കണമെന്നാണ്. പക്ഷെ തിരുവനന്തപുരം നഗരസഭയുടെ മിക്ക വാഹനങ്ങളുടെയും ഇന്ധനടാങ്ക് പൂർണ്ണമായി നിറയ്ക്കാറില്ല. ഈ പ്രവൃത്തി മേൽ പ്രസ്താവിച്ച ചട്ടങ്ങളുടെ ലംഘനമാകയാൽ വാഹനങ്ങളുടെ ഇന്ധന ടാങ്ക് പൂർണ്ണമായും നിറയ്ക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3.11.7 ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരമില്ലാതെ വാഹനങ്ങൾ വാങ്ങി 19,27,629/– രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(മേയർക്കും നഗരസഭാ സെക്രട്ടറിക്കും ഔദ്യോഗിക വാഹനങ്ങൾ വാങ്ങൽ.)

ഫയൽ : E 15/PRE1/105208/2011 (സെക്രട്ടറിക്കുള്ള ഔദ്യോഗിക വാഹനം)
E 15/PRE1/105209/2011 (മേയർക്കുള്ള ഔദ്യോഗിക വാഹനം)

കൗൺസിൽ തീരുമാനം : തീരുമാനം നമ്പർ 1 (6), 1 (7) തീയതി 16.08.2011.

LOCAL FUND AUDIT DEPARTMENT

നഗരസഭാ സെക്രട്ടറിക്കും മേയർക്കും ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായി രണ്ടു പുതിയ വാഹനങ്ങൾ വാങ്ങാൻ 16.08.2011 ൽ ചേർന്ന കൗൺസിൽ യോഗത്തിൽ തീരുമാനമെടുക്കുകയും ഇതനുസരിച്ച് മേയറുടെ ഉപയോഗത്തിലേക്ക് ഒരു ഹ്യൂണ്ടേ വെർണ Sx കാറും സെക്രട്ടറിയുടെ ഉപയോഗത്തിലേക്ക് മാരുതി സ്വിഫ്റ്റ് ഡിസയർ കാറും വാങ്ങുന്നതിന് സർക്കാരിന്റെ അനുമതി തേടുകയും ചെയ്തു. (നഗരസഭാ സെക്രട്ടറിയുടെ 22.08.2011 ലെ E 15/PRE1/105208/2011 –ാം നമ്പർ കത്ത്) തുടർന്ന് 31.03.2006 ലെ സ.ഉ (എം.എസ്)86/06/ത.സ്വ.ഭ.വ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി വാഹനം വാങ്ങാൻ സർക്കാർ അനുമതി നൽകുകയും (03.10.2011 ലെ 45733/DB3/11/ ത.സ്വ.ഭ.വ നം.കത്ത്) നഗരസഭ മേൽ പരാമർശിച്ച വാഹനങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. ഇതിലേയ്ക്കായി നഗരസഭ ചെലവിട്ട തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	ഹ്യൂണ്ടേവെർണ SX	മാരുതി സ്വിഫ്റ്റ് ഡിസയർ
കാറിന്റെ വില	9,50,602/– (ചെക്ക് നം.905965)/11.10.2011	7,07,194/– (ചെക്ക്.നം.905967/11.102011)
ഇൻഷുറൻസ്, ടാക്സ്, രജിസ്ട്രേഷൻ മുതലായവ	1,07,921/– (ചെക്ക് നം.57701/27.10.2011)	1,33,648/– (ചെക്ക് നം.87645/04.11.2011)
ബീക്കൺ, നമ്പർ പ്ലേറ്റ്, ഫ്ളാഗ്പോസ്റ്റ്, നെയിംബോർഡ്, സൺകൺട്രോൾ ഫിലിം മുതലായവ	15,799/– (ചെക്ക്.നം.87625/03.11.2011)	12,465/– (ചെക്ക് നം.251417/24.11.2011)
	10,74,322/–	8,53,307/–

ആകെ 1074322 + 853307 = 1927629/–

31.03.2006 ലെ സ.ഉ(എം.എസ്)86/06/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥയനുസരിച്ച് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാഹനങ്ങൾ വാങ്ങാൻ പാടുള്ളൂ. എന്നാൽ ബഹു.മേയറുടെയും നഗരസഭാ സെക്രട്ടറിയുടെയും ഉപയോഗത്തിലേയ്ക്ക് വാഹനം വാങ്ങാൻ നഗരസഭ പ്രൊജക്റ്റ് തയ്യാറാക്കുകയോ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങുകയോ ചെയ്യാതെ വാഹന ഡീലർമാരിൽ നിന്നും നേരിട്ട് വാഹനങ്ങൾ വാങ്ങുകയാണ് ചെയ്തത്.

സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ ലംഘിച്ച്, ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ഇല്ലാതെ വാഹനങ്ങൾ വാങ്ങിയ നഗരസഭയുടെ നടപടി ക്രമവിരുദ്ധമാണ്. ഈ സാഹചര്യത്തിൽ ബഹു.മേയർക്കും സെക്രട്ടറിക്കും ഔദ്യോഗിക വാഹനങ്ങൾ വാങ്ങാൻ ചെലവിട്ട 1927629/– രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

LOCAL FUND AUDIT DEPARTMENT

3.12. തനത് ഫണ്ട്

3.12.1. റോഡ് സ്വീപ്പിംഗ് മെഷീൻ - 2011-12 ൽ മാത്രം ഇരുപത്തിയേഴ് ലക്ഷത്തിലധികം രൂപയുടെ ചെലവ്

തിരുവനന്തപുരം നഗരസഭയുടെ റോഡ് സ്വീപ്പിംഗ് മെഷീൻ പ്രവർത്തിപ്പിച്ചതിന് Roots Multiclean Limited-ന് 2011-12 വർഷത്തിൽ താഴെപ്പറയും പ്രകാരം 40,07,919/-രൂപ നൽകിയിട്ടുണ്ട്.

കാലയളവ്	തുക	ചെക്ക് നം.
1) 1.9.10 - 30.12.10	12,17,314	29554/1.6.11
2) 1.1.11 - 30.4.11	11,56,952	1811224/25.11.11
3) 1.5.11 - 31.10.11	16,33,653	1811783/26.3.12
ആകെ	40,07,919/- രൂപ	

പരിശോധനയ്ക്കായി ഹാജരാക്കിയ ഫയലിൽ 2.1.11, 27.1.11, 19.2.11, 1.5.11, 3.5.11, 13.6.11, 23.6.11, 3.7.11, 31.7.11, 15.8.11, 12.8.11 എന്നീ തീയതികളിലെ ലോഗ് ബുക്ക് രേഖപ്പെടുത്തലുകൾ, നൈറ്റ് സ്ക്വാഡ് റിപ്പോർട്ടുകൾ എന്നിവയിൽ മെഷീൻ പ്രവർത്തിച്ച സമയങ്ങളിൽ വ്യത്യാസം ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. നൽകിയ തുകയുടെ കൃത്യത പരിശോധിച്ചു ബോധ്യപ്പെടുന്നതിനാവശ്യമായ ലോഗ് ബുക്കുകൾ, നൈറ്റ് സ്ക്വാഡ് റിപ്പോർട്ടുകൾ, ഇൻവോയ്സുകൾ എന്നിവ പലതവണ ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയിട്ടില്ല. ആയതിനാൽ മേൽ പ്രസ്താവിച്ചതിൽ ക്രമ നം. (2), (3) എന്നീ ചെലവു തുകകൾ (27,90,605 /-രൂപ) തടസ്സപ്പെടുത്തുന്നു.

3.12.2 രേഖകൾ ഹാജരാക്കിയില്ല - 1,45,58,696/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2012 മാർച്ച് മാസത്തിൽ തനതുഫണ്ടിൽ നിന്നുമുള്ള താഴെ പറയുന്ന ചെലവുകൾ സംബന്ധിച്ച രേഖകളും ഫയലുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ ചെലവുകളുടെ കൃത്യതയും സാധുതതയും പരിശോധിച്ച് ബോധ്യപ്പെടാനായിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.81/17.1.13) യാതൊരു മറുപടിയും ലഭിച്ചിട്ടില്ലാത്തതിനാൽ 1,45,58,696/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. വിശദാംശങ്ങൾ അനുബന്ധം 13 ൽ ചേർത്തിട്ടുണ്ട്.

3.12.3 ടാർ വാങ്ങൽ- 50 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു

ഫയൽ നം. ഇ2- 47891/09
ചെക്ക് നം. 888597 തീയതി: 17.5.11

17.5.2011 ലെ 752-ാം നമ്പർ വൗച്ചർ പ്രകാരം 50 ലക്ഷം രൂപ ടാർ വാങ്ങിയ വകയിൽ M/s ഭാരത് പെട്രോളിയം കോർപ്പറേഷന് നൽകിയിട്ടുണ്ട്. ഈ ചെലവ് സംബന്ധിച്ച ഫയൽ ഓഡിറ്റിൽ

LOCAL FUND AUDIT DEPARTMENT

ആവശ്യപ്പെട്ടുകൊണ്ട് 25.1.13 ൽ നഗരസഭ എൻജിനീയർക്ക് കത്ത് നൽകിയിരുന്നു. എന്നാൽ പ്രസ്തുത ഫയൽ വിജിലൻസ് ഡിപ്പാർട്ടുമെന്റിൽ നൽകിയതിനാൽ ഓഡിറ്റിന് ഹാജരാക്കുവാൻ നിർവ്വാഹമില്ല എന്ന് 27.3.13 ൽ നഗരസഭ എൻജിനീയർ അറിയിച്ചു. ഫയലിന്റെ അഭാവത്തിൽ മേൽ പറഞ്ഞിരിക്കുന്ന ചെലവിന്റെ ആധികാരികത പരിശോധിക്കുവാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. ആയതിനാൽ ടാർ വാങ്ങാൻ ചെലവഴിച്ച 50 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3.12.4 2008 ൽ വാങ്ങിയ ഫർണിച്ചറുകൾക്ക് 2011 ൽ കരാർ വച്ചു – 19,597/– രൂപയുടെ ചെലവ് നിരാകരിക്കുന്നു

നഗരസഭയിലെ വർക്ക്സ് കമ്മിറ്റി ചെയർപേഴ്സൺ, അപ്പീൽകാര്യകമ്മിറ്റി ചെയർപേഴ്സൺ, ടൗൺ പ്ലാനിംഗ് ഓഫീസർ എന്നിവരുടെ ആവശ്യത്തിനായി സിഡ്കോയിൽ നിന്നും 2008 ൽ വാങ്ങിയ എക്സിക്യൂട്ടീവ് കസേരകളുടെ വിലയായി 19,597 /– രൂപ (ചെക്ക് നം. 276285/15.3.12) നൽകിയിട്ടുണ്ട്. 22.9.08 നാണ് കസേരകൾ സപ്ലൈ ചെയ്തതെന്ന് ഫയലിൽ നിന്നും വ്യക്തമാണ്. എന്നാൽ സിഡ്കോയുമായി പ്രസ്തുത പർച്ചേസിനുള്ള കരാർ ഒപ്പു വയ്ക്കുന്നത് 21.9.11 ലാണ്. ഈ കരാറിന്റെ പ്രസക്തി എന്താണെന്നു വ്യക്തമല്ല. 2008 ൽ നടന്ന പർച്ചേസിന്റെ തുക മുൻപു നൽകിയിട്ടുണ്ടോ എന്നും വ്യക്തമല്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.104/13 തീയതി 5.2.13) തൃപ്തികരമായ മറുപടിയും ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ചെലവിന്റെ വിശ്വാസ്യത ഓഡിറ്റിൽ ബോധ്യപ്പെടാത്തതിനാൽ 19,597/– രൂപയുടെ ചെലവ് നിരാകരിക്കുന്നു.

3.13 പൊതുമരാമത്ത് പ്രവൃത്തികൾ

3.13.1 പൊതുമരാമത്ത് പണികളുടെ ഫയലുകൾ ഹാജരാക്കിയിട്ടില്ല – 4,48,19,138/– രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

2011–12 ലെ നഗരസഭാ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 64 മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ 14.9.12, 5.2.13, 10.5.13 എന്നീ തീയതികളിൽ രേഖാമൂലം ആവശ്യപ്പെട്ടിട്ടും നാളിതുവരെയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ പ്രവൃത്തികൾക്ക് ചെലവഴിച്ച 4,48,19,138/– രൂപയുടെ ആധികാരികത പരിശോധിക്കുവാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. ഫയലുകളുടെ അഭാവത്തിൽ ഈ പ്രവൃത്തികൾക്കു വേണ്ടി ചെലവഴിച്ച തുകയായ 4,48,19,138/– രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ പ്രവൃത്തികളുടെ വിശദാംശങ്ങൾ റിപ്പോർട്ടിലെ അനുബന്ധം 14 ൽ ചേർത്തിട്ടുണ്ട്.

3.13.2 നഗരസഭാ കോമ്പൗണ്ടിൽ ഇൻഡോർ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ– സ്ഥാപിച്ച് രണ്ടര വർഷം കഴിഞ്ഞിട്ടും ട്രാൻസ്ഫോർമർ ഉപയോഗിച്ചിട്ടില്ല. പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ	: 178/2011–12 (ഒറിജിനൽ പ്രൊജക്ട് നം.602/2010)
പ്രോജക്ടിന്റെ പേര്	: നഗരസഭാ കോമ്പൗണ്ടിൽ ഇൻഡോർ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ – ഇലക്ട്രിക്കൽ പ്രവൃത്തികൾ

LOCAL FUND AUDIT DEPARTMENT

ഭരണാനുമതി	: കൗൺസിൽ തീരുമാനം നം.1(1) തീയതി 15.08.2009
സാങ്കേതികാനുമതി	: EL2/947.E/09 തീയതി 02.12.2009 (ചീഫ് എൻജിനീയറുടെ B&LW)
അടങ്കൽ തുക	: 32,91,000/- രൂപ
കരാറുകാരൻ	: വെങ്കിടേശ്വരാ ഇലക്ട്രിക്കൽസ്
അളവു പുസ്തകങ്ങൾ	: 322/03-04, 91/06-07 ലഭ്യമാക്കിയിട്ടില്ല.
ഫയൽ നമ്പർ	: J4/51990/2009

നഗരസഭയിലെ വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപഭോഗം കണക്കിലെടുത്ത് നഗരസഭാ കോമ്പൗണ്ടിൽ ഒരു ഇൻഡോർ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനാണ് 2009-10 സാമ്പത്തിക വർഷത്തിൽ ഈ പ്രോജക്ടുകൊണ്ട് ലക്ഷ്യമിട്ടിരുന്നത്. ഇതിലേക്കാവശ്യമായ തുക വികസനഫണ്ട്, തനതുഫണ്ട് എന്നിവയിൽ നിന്നുമാണ് വകയിരുത്തിയിട്ടുള്ളത്. ഈ പ്രവൃത്തി നടപ്പിലാക്കുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും ടെണ്ടർ തീയതിയിൽ ടെണ്ടറുകൾ ഒന്നും ലഭിക്കാതിരുന്ന സാഹചര്യത്തിൽ കരാറുകാരനിൽ നിന്ന് നേരിട്ട് ഓഫർ ക്ഷണിക്കുകയും ചെയ്തു. വെങ്കിടേശ്വര ഇലക്ട്രിക്കൽസ് , തിരുവനന്തപുരം എന്ന സ്ഥാപനം എസ്റ്റിമേറ്റ് നിരക്കിൽ നൽകിയ ഓഫർ നഗരസഭ അംഗീകരിച്ച് പ്രവൃത്തി ഏൽപ്പിച്ചു നൽകി. ഈ പ്രവൃത്തിയുടെ നിർവ്വഹണത്തിനിടെ PWD, KSEB ചാർജുകൾ, കരാറുകാരന്റെ പാർട്ട് പെയ്മെന്റ് എന്നീയിനങ്ങളിലായി 1578675/- രൂപയും (നികുതികളും മറ്റും കിഴിച്ച ബാക്കി തുക) ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തി നാളിതുവരെ (2012 ഒക്ടോബർ) പൂർത്തിയായിട്ടില്ല.

പ്രവൃത്തി ടെണ്ടർ ചെയ്തത് 30.01.2010 ആണ് എന്ന് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പത്രങ്ങളുടെ പകർപ്പോ, പരസ്യം നൽകിയതിന് മറ്റു തെളിവുകളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ടെണ്ടർ തീയതിയായ 20.02.2010 ൽ ടെണ്ടറുകളൊന്നും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ അടിയന്തിരമായി ചെയ്തു തീർക്കേണ്ട പ്രവൃത്തിയായതിനാൽ "A" ക്ലാസ് ഇലക്ട്രിക്കൽ കോൺട്രാക്ടർമാരിൽ നിന്നും ഓഫർ ക്ഷണിക്കുക" എന്ന് നഗരസഭാ എൻജിനീയർ 24.2.2010 ൽ ഉത്തരവിട്ടു. (നോട്ട് ഫയൽ പേജ് 6) ഇതിനെ തുടർന്ന് രണ്ടു ദിവസങ്ങൾക്കുശേഷം (26.02.2010 ൽ) ലഭിച്ച വെങ്കിടേശ്വര ഇലക്ട്രിക്കൽസ് തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ ഏക ഓഫർ പരിഗണിക്കുകയും നെഗോസിയേഷന് ശേഷം എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി പൂർത്തിയാക്കാം എന്നറിയിച്ചതിനെത്തുടർന്ന് "അടിയന്തിരമായി പൂർത്തിയാക്കേണ്ട പ്രവൃത്തിയാണ്" എന്ന നഗരസഭാ എൻജിനീയറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കരാർ ഉറപ്പിക്കുകയും ചെയ്തു.

ഈ പ്രവൃത്തിക്കുവേണ്ട വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയത് "കുമാർ ഗ്രൂപ്പ് ടോട്ടൽ ഡിസൈനേഴ്സ്, തിരുവനന്തപുരം എന്ന സ്ഥാപനവും എസ്റ്റിമേറ്റ് പരിശോധിച്ച് സാങ്കേതികാനുമതി നൽകിയിട്ടുള്ളത് PWD ചീഫ് എൻജിനീയറും (B & LW) ആണ്. എസ്റ്റിമേറ്റ് പ്രകാരം നഗരസഭാ കോമ്പൗണ്ടിൽ സ്ഥാപിക്കാൻ 315 KVA ശേഷിയുള്ള ട്രാൻസ്ഫോർമർ ആണ് വേണ്ടത്. എന്നാൽ ആവശ്യമായ ട്രാൻസ്ഫോർമറിന്റെ ശേഷി എങ്ങിനെയാണ് കണക്കാക്കിയിട്ടുള്ളത് എന്നതു

LOCAL FUND AUDIT DEPARTMENT

സംബന്ധിച്ച് യാതൊരു വിവരങ്ങളും ഫയലിൽ ലഭ്യമല്ല. "ട്രാൻസ്ഫോർമറിന്റെ ശേഷി 315 KVA ആണ് എന്ന് കണക്കാക്കിയത് എങ്ങനെയാണെന്ന് വ്യക്തമാക്കാനും ഇതു സംബന്ധിച്ച് പഠനങ്ങൾ എന്തെങ്കിലും നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ റിപ്പോർട്ട് ലഭ്യമാക്കാനും" ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.38 തീയതി 15.10.2012) നഗരസഭാ എൻജിനീയർ നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ പ്രൊജക്ടിന്റെ നിലവിലെ സ്ഥിതി ഓഡിറ്റ് നേരിൽ പരിശോധിച്ചപ്പോൾ (ഒക്ടോബർ 2012) നേരത്തെ പണി കഴിപ്പിച്ച ഒരു കെട്ടിടത്തിൽ 315 KVA ശേഷിയുള്ള ഒരു ട്രാൻസ്ഫോർമർ ഇറക്കി വെച്ചിട്ടുണ്ടെന്നല്ലാതെ നാളിതുവരെ ഇതിലേയ്ക്ക് വൈദ്യുതി കണക്ഷൻ നൽകുകയോ പ്രവർത്തിപ്പിക്കുകയോ ചെയ്തിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടു. ഉദ്ദേശം 100 മീറ്റർ ഹൈടെൻഷൻ കേബിൾ കോൺക്രീറ്റ് ട്രഞ്ചിലൂടെ വലിച്ച് നഗരസഭാ കെട്ടിടത്തിനു മുന്നിലുള്ള ഹൈടെൻഷൻ ലൈനിലേക്ക് RMU (Ring Main Unit) മുഖേന ഘടിപ്പിച്ചാൽ മാത്രമേ ട്രാൻസ്ഫോർമർ പ്രവർത്തനക്ഷമമാകൂ. ഈ പ്രവൃത്തികൾ നാളിതുവരെ ആരംഭിച്ചിട്ടുപോലുമില്ല. 31.03.2010 ൽ കരാർ സ്ഥാപനം ട്രാൻസ്ഫോർമർ എത്തിച്ചിട്ടുള്ളതായി അറിയിച്ചതിനെത്തുടർന്ന് നികുതികളും റീടെൻഷനും കിഴിച്ച ശേഷം 5,27,643/- രൂപ (ഡി.ഡി.നം.082621 തീയതി 19.06.2010) ട്രാൻസ്ഫോർമറിന്റെ വിലയായി കരാർ സ്ഥാപനത്തിന് നഗരസഭ നൽകുകയും ചെയ്തു. 31.03.2010 ൽ നഗരസഭാ കോമ്പൗണ്ടിൽ സ്ഥാപിച്ച 315 KVA ശേഷിയുള്ള ലക്ഷങ്ങൾ വിലമതിക്കുന്ന ട്രാൻസ്ഫോർമർ കഴിഞ്ഞ രണ്ടരവർഷങ്ങളായി ഉപയോഗിക്കാതെ വെറുതെ സൂക്ഷിച്ചുവെച്ചിരിക്കുകയാണ്.

1997 ലെ കേരള മുൻസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം മതിയായ എണ്ണം ടെണ്ടറുകൾ ലഭിക്കുന്നില്ലെങ്കിൽ റീടെണ്ടർ നടത്തേണ്ടതും എന്നിട്ടും മതിയായ എണ്ണം ടെണ്ടറുകൾ ലഭിക്കുന്നില്ലെങ്കിൽ മാത്രം കരാറുകാരുമായി നെഗോസിയേഷൻ നടത്തി പ്രവൃത്തി ഏൽപ്പിക്കാവുന്നതുമാണ്. എന്നാൽ ഈ പ്രവൃത്തിയുടെ കാര്യത്തിൽ റീടെണ്ടർ നടപടികൾ സ്വീകരിക്കാതെ കരാറുകാരിൽ നിന്ന് നേരിട്ട് ഓഫർ ക്ഷണിക്കുകയാണുണ്ടായത്. ഓഫർ ക്ഷണിച്ചതിന്റെ രണ്ടാം ദിവസം (26.02.2010) ലഭിച്ച ഏക ഓഫർ അടിയന്തിരമായി പൂർത്തിയാക്കേണ്ട പ്രവൃത്തിയാണ് എന്ന കാരണം പറഞ്ഞാണ് അംഗീകരിച്ചത്. ഇപ്രകാരം അടിയന്തിരമായി പൂർത്തിയാക്കേണ്ട പ്രവൃത്തി കഴിഞ്ഞ രണ്ടര വർഷമായി തുടങ്ങിയടത്തുതന്നെ നിൽക്കുകയാണ്. പ്രവൃത്തിക്ക് അടിയന്തിര സ്വഭാവമില്ലായിരുന്നുവെന്നാണ് ഇതിൽ നിന്നും തെളിയുന്നത്.

അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണെന്ന് പറഞ്ഞത്, ബന്ധപ്പെട്ട പൊതുമരാമത്ത് ചട്ടങ്ങൾ ബോധപൂർവ്വം പാലിക്കാതിരിക്കുന്നതിനാണ്. 15,78,675 രൂപ ചെലവഴിക്കുന്നതിനായി മാത്രം 'അടിയന്തിര സ്വഭാവം' എന്ന ലേബലിൽ പ്രവൃത്തി തട്ടിക്കൂട്ടിയിരിക്കുന്നു. രണ്ടര വർഷമായിട്ടും പ്രവൃത്തി പൂർത്തിയാക്കാനോ ലക്ഷ്യം നേടാനോ കഴിയാതിരുന്നത് ബോധപൂർവ്വം നിയമങ്ങൾ പാലിക്കാതെ, പദ്ധതിക്കുള്ള ആസ്തികൾ മാത്രം വാങ്ങി, പദ്ധതി പൂർത്തിയാക്കാതിരുന്ന നിർവ്വഹണാധികാരിയുടെ നടപടി ഗുരുതരമായ വീഴ്ചയായി കാണുന്നു. കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

LOCAL FUND AUDIT DEPARTMENT

3.14 മത്സ്യബന്ധന മേഖല

3.14.1 സർക്കാർ ഉത്തരവിനു വിരുദ്ധമായി സബ്സിഡി വിതരണം 98,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതിയുടെ പേര്	: "തീരജ്യോതി"
ഫയൽ നമ്പർ	: ആ/485/2012
അടങ്കൽ തുക	: 2,00,000/- (വികസന ഫണ്ട്)
ചെലവാക്കിയ തുക	: 98,000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	: ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ്

തിരുവനന്തപുരം നഗരസഭയുടെ പരിധിയിൽ വരുന്ന തീരദേശ വാർഡുകളിലെ ബി.പി.എൽ. മത്സ്യതൊഴിലാളികളുടെ വൈദ്യുതീകരിക്കാത്ത ഭവനങ്ങൾ വൈദ്യുതീകരിക്കുക എന്ന ലക്ഷ്യത്തോടെ 2011-12 ജനകീയ ആസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ നടപ്പിലാക്കിയ പദ്ധതിയായിരുന്നു 'തീരജ്യോതി'. 100 ഗുണഭോക്താക്കളുടെ വീട് വൈദ്യുതീകരിക്കുന്നതിന് വികസന ഫണ്ടിൽ നിന്നും ഒരാൾക്ക് 2000/- രൂപ നിരക്കിൽ ആകെ 2,00,000/- രൂപ ചെലവഴിക്കുന്നതിനുള്ള ഡി.പി.സി. അംഗീകാരമാണ് പദ്ധതിയ്ക്ക് ലഭിച്ചിരുന്നത്. വൈദ്യുതീകരണ നടപടി പൂർത്തിയാക്കിയ ശേഷം KSEB യിൽ ക്യാഷ് ഡെപ്പോസിറ്റ് ചെയ്ത് രസീത് ഹാജരാക്കുന്ന ഗുണഭോക്താക്കൾക്കാണ് 2000/- രൂപയുടെ സബ്സിഡി അനുവദിക്കുന്നത്. ഇതുപ്രകാരം 49 ഗുണഭോക്താക്കൾക്ക് മാത്രമാണ് ആനുകൂല്യം ലഭിച്ചത് (49 X 2000= 98000/-) എന്നാൽ ഈ പദ്ധതിയിൽ താഴെ പറയുന്ന അപാകതകൾ ഓഡിറ്റിൽ കാണുന്നു.

1) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പതിനൊന്നാം പഞ്ചവത്സര പദ്ധതിയിലെ സബ്സിഡി മാനദണ്ഡങ്ങളും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ [ജി.ഒ(എം.എസ്).183/07ത.സ്വ.ഭവ തീയതി 24.07.07] അനുബന്ധത്തിൽ സബ്സിഡി അനുവദിക്കാവുന്നത് മത്സ്യമേഖലയിൽ ചിപ്പി ശേഖരിക്കുന്നതിനുള്ള ഡിങ്കി, ഗിൽനെറ്റും ഡിങ്കിയും, കട്ടമരം, മത്സ്യബന്ധന വള്ളത്തിന്, അലങ്കാര മത്സ്യം വളർത്തലും വിപണനവും, അക്വേറിയം രൂപ കല്പന, മത്സ്യം വളർത്തലിന് മത്സ്യ തീറ്റി, മത്സ്യം വളർത്തുന്നതിനുള്ള കുളങ്ങൾ ഒരുക്കുന്നതിന്, ചിപ്പികൃഷി, കടൽ മുരിങ്ങ കൃഷി, ഞണ്ട് കൃഷി, മത്സ്യ വിപണന വാഹനം എന്നീ ഇനങ്ങൾക്കു മാത്രമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതൊരു ഇനത്തിന് സബ്സിഡി നൽകണമെങ്കിലും സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നും അല്ലാത്തപക്ഷം അത് ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കി ഉത്തരവാദികളിൽ നിന്നും ഈടാക്കുന്നതാണെന്നും ഇതേ ഉത്തരവിലെ ഖണ്ഡിക 2.2 ൽ പ്രതിപാദിക്കുന്നു. ഈ സാഹചര്യത്തിൽ ടി പ്രോജക്ട് നടപ്പാക്കാൻ സർക്കാർ അനുമതി ആവശ്യമായിരുന്നുവെങ്കിലും ആയതു വാങ്ങിയിട്ടില്ല.

LOCAL FUND AUDIT DEPARTMENT

2) തിരുവനന്തപുരം തീരദേശ വാർഡുകളിലെ ബി.പി.എൽ മത്സ്യതൊഴിലാളികളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ എന്ന് പറയുന്നുണ്ട്. എന്നാൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ ബി.പി.എൽ ആണെന്നോ, മത്സ്യത്തൊഴിലാളി ആണെന്നോ തെളിയിക്കുന്ന ഒരു രേഖകളും ഫയലിൽ ലഭ്യമല്ല.

പ്രസ്തുത കാരണങ്ങളാൽ 98,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3.15 സി.ഡി.പി.ഒ – സർക്കാർ ഉത്തരവിനു വിരുദ്ധമായി വികസന ഫണ്ട് ചെലവഴിച്ചു. 8,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

പദ്ധതിയുടെ പേര്	: അംഗൻവാടികൾക്ക് ബാലസംഗമം
പ്രൊജക്ട് നമ്പർ	: 168/12
അനുവദിച്ച തുക	: 8,00,000/-
ചെലവഴിച്ച തുക	: 8,00,000/-
ഫയൽ നമ്പർ	: ഐ.സി.ഡി.എസ്/യു.2/616/12
നിർവ്വഹണ ഉദ്യോഗസ്ഥൻ	: സി.ഡി.പി.ഒ.അർബൻ 2

തിരുവനന്തപുരം നഗരസഭയുടെ ജനകീയാസൂത്രണ പദ്ധതി 11-12 പ്രകാരം നഗരസഭയുടെ 100 വാർഡുകളിൽ ഉൾപ്പെടുന്ന 683 അംഗൻവാടികളിലുള്ള 3 മുതൽ 6 വയസ്സുവരെയുള്ള കുട്ടികളുടെ കലാകായിക വാസന പരിപോഷിപ്പിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് അംഗൻവാടികൾക്ക് ബാലസംഗമം എന്ന ഈ പദ്ധതി.

നഗരസഭാ പ്രദേശം ഉൾപ്പെടുന്ന അർബൻ 1, 2, 3, 4 തുടങ്ങിയ ഐ.സി.ഡി.എസ് പ്രോജക്ടുകളിലെ ബന്ധപ്പെട്ട സി.ഡി.പി.ഒ. മാർ ആണ് ഈ പദ്ധതിയുടെ നിർവ്വഹണം നടത്തുന്നത്. 2011 സെപ്റ്റംബർ മാസത്തിൽ അംഗൻവാടി തലത്തിൽ ബാലസംഗമത്തോടനുബന്ധിച്ചുള്ള കലാകായിക മത്സരങ്ങളും 2011 നവംബർ, ഡിസംബർ മാസങ്ങളിൽ സെക്ടർ തലത്തിലും 2012 ജനുവരിയിൽ പ്രോജക്ട് തലത്തിലുമാണ് മത്സരങ്ങൾ സംഘടിപ്പിച്ചിട്ടുള്ളത്. ആകെ അടങ്കൽ തുകയായ 8,00,000/- രൂപയിൽ 2,00,000/- രൂപ വീതമാണ് അർബൻ 1, 2, 3, 4 എന്നീ തലങ്ങളിൽ വകകൊള്ളിച്ചിട്ടുള്ളത്. ഈ പദ്ധതിക്ക് 11.11.11 ലെ 1000/11-12/ഡി.പി.ഒ/ഡി.പി.സി/ തിരുവനന്തപുര പ്രകാരം ഡി.പി.സി അംഗീകാരവും ലഭിച്ചിട്ടുണ്ട്. ബിൽ നമ്പർ 2/11-12/31.01.12 പ്രകാരം 8,00,000/- രൂപ പിൻവലിച്ച് ടി പ്രോജക്ട് പൂർത്തീകരിച്ചിട്ടുമുണ്ട്.

എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പതിനൊന്നാം പഞ്ചവത്സര പദ്ധതി (2007-12) മാർഗ്ഗരേഖയനുസരിച്ച് (സ.ഉ.(എം.എസ്)183/07/ത.സ്വ.ഭ.വ. 24.07.07) ഉൽപ്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പുകൾ, ക്യാമ്പയിനുകൾ, മേളകൾ, ഉല്ലാസയാത്രകൾ തുടങ്ങിയവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസന ഫണ്ടുപയോഗിച്ച് ഏറ്റെടുക്കാൻ പാടില്ല. അപ്രകാരം ചെയ്യേണ്ടിവന്നാൽ അതിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി നേടിയിരിക്കേണ്ടതുമാണ്. ആയതിനാൽ പദ്ധതി മാർഗ്ഗരേഖ ലംഘിച്ച് നടപ്പാക്കിയ ഈ പദ്ധതിയുടെ ചെലവ് തുകയായ 8,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

.

LOCAL FUND AUDIT DEPARTMENT

3.16 വ്യവസായ മേഖല–വ്യവസായ വികസന ഓഫീസറുടെ ക്രമവിരുദ്ധമായ നടപടി– ബാങ്കിന് ലക്ഷക്കണക്കിന് രൂപയുടെ കൃത്രിമലാഭം– 4.78 കോടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

വിവിധതരം വ്യവസായ തൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 2011–12 സാമ്പത്തിക വർഷം തിരുവനന്തപുരം നഗരസഭ വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി മൂന്ന് പദ്ധതികൾക്ക് ഡി.പി.സിയുടെ അംഗീകാരം ലഭിച്ചു. ഈ പദ്ധതികളുടെ വിശദാംശങ്ങളും, ധനകാര്യ വിശകലനവും ചുവടെ ചേർക്കുന്നു

ക്രമ നം.	പ്രോജക്ടിന്റെ പേര്/നമ്പർ	വകയിരുത്തിയ തുക (ധനകാര്യ വിശകലനം)	വികസന ഫണ്ടിൽ നിന്നും പിൻവലിച്ച തുക ബിൽ നം/തീയതി	പഞ്ചാബ് നാഷണൽ ബാങ്കിൽ ഒടുക്കിയതിന്റെ വിശദ വിവരം ഡി.ഡി.നം/ തീയതി
1	പുതിയ വനിതാ വ്യവസായ തൊഴിൽ സംരംഭങ്ങൾ (SCP) S-647/12	അടങ്കൽ–65600000 വികസന ഫണ്ട് (35%) –22960000/– ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ–60% –3,93,60,000/– ഗുണഭോക്തൃ വിഹിതം–5% –32,80,000/–	2,29,60,000/– ബിൽ.നം.001/11–12 31.03.12	025947/10.04.12
2	പുതിയ വനിതാ വ്യവസായ തൊഴിൽ സംരംഭങ്ങൾ (ജനറൽ) S-057/12	അടങ്കൽ –4,27,00,000/– വായ്പ–2,56,20,000/– വികസന ഫണ്ട്–1,49,45,000/– ഗുണഭോക്തൃ –2135000/–	1,49,45,000/– ബിൽ.നം.003/11–12 31.03.12	025948/10.04.12
3	പുരുഷ വ്യവസായ തൊഴിൽ സംരംഭങ്ങൾ S–056/12	അടങ്കൽ –2,85,41,250/– വായ്പ –1,71,15,000/– 13–ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക – 1,00,00,000/– ഗുണഭോക്തൃ –1426250/–	99,40,000 ബിൽ.നം.002/11–12 31.03.12	025946/10.04.12
		ആകെ	**4,78,45,000/–**	

LOCAL FUND AUDIT DEPARTMENT

IEO യുടെ 30.03.12ലെ J4/160080/11, 1160083/11, 1160065/11 എന്നീ ഉത്തരവ് നടപടികൾ പ്രകാരം ഈ മൂന്ന് പദ്ധതികൾക്ക് കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട് (25.01.12 ലെ 3B(12)– ാം നമ്പർ തീരുമാനം). എന്നാൽ നഗരസഭയുടെ മിനിട്ട്സ് ബുക്ക് പ്രകാരം ഈ പദ്ധതികളുടെ ഗുണഭോക്താക്കളെ അംഗീകരിച്ചതായി കാണുന്നില്ല. കൂടാതെ പുതിയ വനിതാ വ്യവസായ തൊഴിൽ സംരംഭം (SC)

(പ്രോജക്ട് നം.S 647/12) എന്ന പദ്ധതിക്ക് കൗൺസിൽ അംഗീകാരം നൽകിയതിന്റെ രേഖകൾ IEO ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത്തരത്തിൽ നഗരസഭ കൗൺസിൽ അംഗീകരിക്കാത്ത പദ്ധതിക്കു വേണ്ടി പദ്ധതി വിഹിതം ചെലവഴിച്ചത് ക്രമപ്രകാരമല്ല.

PNB മാനേജരുടെ 13.03.12 കത്തിന്റെ അടിസ്ഥാനത്തിൽ, IEO 31.03.12 ൽ പദ്ധതിവിഹിതമായ 4,78,45,000/– രൂപ പിൻവലിച്ച്, സ്റ്റേഷൻ റോഡ് ,തമ്പാനൂർ, PNB ശാഖയിൽ നിക്ഷേപിച്ചു. ഈ പദ്ധതിക്കുവേണ്ടി മാനദണ്ഡങ്ങൾ പാലിച്ച് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തില്ല. ഈ തരത്തിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ നടപടിക്രമങ്ങൾ പാലിയ്ക്കാതെയും എത്ര സ്വയംസഹായ സംഘങ്ങൾ, ഓരോ സംഘത്തിലും എത്ര അംഗങ്ങൾ, ഏതെല്ലാം സംരംഭങ്ങൾ ആരംഭിച്ചു, അവയുടെ പ്രവർത്തന അവലോകനം, പദ്ധതി മാർഗ്ഗരേഖ പ്രകാരം ലോൺ സബ്സിഡിയ്ക്ക് അർഹതയുണ്ടോ, ഇവർ ഗുണഭോക്തൃവിഹിതം ഒടുക്കിയിട്ടുണ്ടോ എന്നും, പരിശോധിക്കാതെ IEO പദ്ധതി വിഹിതം പിൻവലിച്ച് PNB യിൽ നിക്ഷേപിച്ച നടപടി നിയമവിരുദ്ധവും, നിലവിലുള്ള സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധവുമാണ്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചൂണ്ടികാണിച്ചുകൊണ്ടും പദ്ധതി തുക ബാങ്കിൽ നിന്നും പിൻവലിച്ച് തിരികെ പ്ലാൻ ഫണ്ടിൽ ഒടുക്കുന്നതിനുമായി 27.08.12 ൽ 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 11 പ്രകാരമുള്ള Form V ൽ Objection Statement 10 ദിവസത്തെ സമയം അനുവദിച്ച് IEO യ്ക്ക് നൽകിയെങ്കിലും സമയപരിധി കഴിഞ്ഞ് 27.11.12 ൽ മാത്രമാണ് IEO മറുപടി നൽകിയത്. ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല.

08.02.13 ൽ 88 സ്വയംസഹായ സംഘങ്ങളുടെ പാസ്ബുക്കുകളും 39 സംഘങ്ങളുടെ പാസ് ബുക്കിന്റെ പകർപ്പുകളും പരിശോധനയ്ക്കായി ഹാജരാക്കി ടി രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. സ്വയംസഹായ സംഘങ്ങൾ 5/12, 6/12, 7/12, ൽ വാങ്ങിയ മുദ്രപത്രങ്ങളിൽ ആണ് 30.03.12 ലെ കരാർ IEO ക്ക് നൽകിയിട്ടുള്ളത്.
2. സംഘങ്ങളുടെ പാസ് ബുക്കുകൾ പരിശോധിച്ചതിൽ 7/12 ന് ശേഷമാണ് ബാങ്ക് വായ്പ അനുവദിച്ചിട്ടുള്ളത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽ പറഞ്ഞിരിക്കുന്ന അപാകതകളിൽ നിന്നും 11–12 കാലയളവിൽ പൂർത്തീകരിക്കേണ്ട പദ്ധതി 2012–13 കാലയളവിൽ മാത്രമാണ് ആരംഭിച്ചത് എന്നും, നാളിതുവരെ വ്യവസായ സംരംഭങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ച് പദ്ധതി പൂർത്തീകരിച്ചിട്ടില്ല എന്നും വ്യക്തമായിട്ടുണ്ട്.

LOCAL FUND AUDIT DEPARTMENT

ഈ പ്രവൃത്തികൾ നടപ്പിലാക്കിയതുമൂലം PNB യ്ക്ക് മാത്രമേ ലക്ഷക്കണക്കിന് രൂപയുടെ ലാഭം പലിശയിനത്തിൽ ഉണ്ടായിട്ടുള്ളു. ഇത്തരത്തിൽ സ്വയംസഹായ തൊഴിൽ സംരംഭങ്ങൾക്കുവേണ്ടി ആവിഷ്കരിച്ച പദ്ധതി അക്ഷരാർത്ഥത്തിൽ IEO യുടെ നടപടിമൂലം ലക്ഷകണക്കിന് രൂപയുടെ കൃത്രിമലാഭം PNB യ്ക്ക് നേടിക്കൊടുത്തു.

നിയമവിരുദ്ധമായി നടത്തിയ നടപടിക്രമങ്ങളെ സംബന്ധിച്ചും പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചോ എന്നതിന്റേയും നിജസ്ഥിതി പൂർണ്ണമായി മനസ്സിലാക്കുവാനും കൂടുതൽ അന്വേഷണത്തിലൂടെ മാത്രമേ കഴിയുകയുള്ളൂ. ആയതിനാൽ ഈ പദ്ധതിക്കുവേണ്ടി ചെലവഴിച്ച 4.78 കോടി രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3.17 നഗരസഭാ കെട്ടിടം വാടക/ലേലത്തിൽ ഉപയോഗിക്കുന്നവരിൽ നിന്നും വാട്ടർ ചാർജ്ജ് ഈടാക്കുന്നില്ല- നഗരസഭയ്ക്ക് ബാധ്യത.

നഗരസഭാ എഞ്ചിനീയർ നൽകിയ വിവരമനുസരിച്ച് നഗരസഭയ്ക്ക് പ്രവർത്തനക്ഷമമായ 140 വാട്ടർ കണക്ഷനുകളുണ്ട്.

1	നഗരസഭ നേരിട്ട് ഉപയോഗിക്കുന്നത്	70 എണ്ണം
2	നഗരസഭയുടെ കെട്ടിടങ്ങളിലെ വാടകക്കാർ സ്വന്തം നിലയിൽ എടുത്തിട്ടുള്ളത്	29 ,,
3	ലേലത്തിന് നൽകിയിട്ടുള്ള നഗരസഭാ സ്ഥാപനങ്ങളിലെ കണക്ഷനുകൾ	37 എണ്ണം
4	സ്പോൺസർഷിപ്പിൽ വിവിധ സ്ഥാപനങ്ങളെ ഏൽപ്പിച്ചിട്ടുള്ള കണക്ഷനുകൾ	4 എണ്ണം
	ആകെ	**140 എണ്ണം**

LOCAL FUND AUDIT DEPARTMENT

2011-12 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നമ്പർ SO 153/12 ലൂടെ മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ഉപയോഗിച്ച് നഗരസഭ 1,09,48,997/- രൂപ വാട്ടർചാർജ് ആയി ഒടുക്കിയിരുന്നു. വിശദവിവരം ചുവടെ.

തുക	ബിൽ നം./തീയതി
70,66,873 38,82,127 ആകെ 1,09,48,997/-	25/11-12/29.2.12 51/11-12/30-3-12

ഈ തുക ഏതൊക്കെ വാട്ടർ കണക്ഷനുകൾക്കുള്ളതാണെന്ന് പരിശോധിക്കുവാൻ വാട്ടർ കണക്ഷനുകളുടെ രജിസ്റ്റർ ലഭ്യമാക്കിയില്ല. ടി തുക ഏതെങ്കിലും വാടക/ലേലം/സ്പോൺസർമാർ എടുത്തിട്ടുള്ള കണക്ഷനുകളിലേക്ക് വകയിരുത്തിയിട്ടുണ്ടോ എന്നും വ്യക്തമല്ല.

'വാടകക്കാർ ഉപയോഗിക്കുന്ന കണക്ഷനുകളെ സംബന്ധിച്ച വിശദീകരണം റവന്യൂ വിഭാഗത്തിൽ നിന്നും ലഭ്യമാക്കി ആഡിറ്റിന് സമർപ്പിക്കാവുന്നതാണ്' എന്ന

വിവരം മാത്രമാണ് ഓഡിറ്റിന് ഇത് സംബന്ധിച്ച് ലഭിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനായി 3.11.12, 23.1.13 തീയതികളിൽ നഗരസഭാ സെക്രട്ടറിക്ക് നൽകിയ കത്തിന് മറുപടി ലഭിച്ചിട്ടില്ല. നഗരസഭയ്ക്കുള്ള ആകെ 140 വാട്ടർ കണ്‍ക്ഷനിൽ 41 എണ്ണവും നഗരസഭ വാടകയ്ക്ക് നല്കിയിട്ടുള്ള കെട്ടിടങ്ങളുടേതാണ്. ഈ കെട്ടിടങ്ങളിലെ വാടകക്കാരുടെ വാട്ടർചാർജ് നഗരസഭ വാട്ടർ അതോറിറ്റിയ്ക്ക് ഒടുക്കുന്നു എന്നു വ്യക്തമാണ്. വാട്ടർചാർജ് ഇനത്തിൽ നഗരസഭയ്ക്കുണ്ടാകുന്ന ചെലവ് വാടകക്കാരിൽ നിന്നും നഗരസഭ ഈടാക്കുന്നില്ല.

വാടകക്കാരിൽ നിന്നും ഈടാക്കാനുള്ള വാട്ടർചാർജ്ജ് ഉൾപ്പെടുന്ന കുടിശ്ശിക ഈടാക്കുവാൻ എന്തെങ്കിലും നടപടികൾ റവന്യൂവിഭാഗത്തിൽ സ്വീകരിക്കുന്നതായി അറിവില്ല. ഇത് സംബന്ധിച്ച രജിസ്റ്ററുകളൊന്നും സൂക്ഷിക്കുന്നില്ല. നഗരസഭയ്ക്ക് കിട്ടേണ്ടതായ തുകകൾ ഈടാക്കുന്നതിന് റവന്യൂ വിഭാഗത്തിന് തീരെ ശുഷ്കാന്തി ഇല്ലായെന്നാണിത് വ്യക്തമാക്കുന്നത്. വാടക/ലേലക്കാരിൽ നിന്ന് വാടക/ലേലത്തുക കൈപ്പറ്റി ഡിപ്പോസിറ്റ് തുക തിരികെ നൽകുന്നതിനു മുൻപ് അവരുടെ ബാധ്യതകൾ (വാട്ടർ ചാർജ്ജ്/ഇലക്ട്രിസിറ്റി ചാർജ്ജ്/മറ്റുള്ളവ) തിട്ടപ്പെടുത്തി, ആയത് ഈടാക്കിയ ശേഷം മാത്രം ഡിപ്പോസിറ്റ് തുക തിരികെ നൽകേണ്ടതുമാണ്.

ഒരു വാടകക്കാരൻ കെട്ടിടം ഒഴിയുമ്പോൾ തന്നെ ബാധ്യത ഈടാക്കാത്തപക്ഷം ആയത് തുടർന്നു വരുന്ന വാടക/ലേലക്കാരിൽ നിന്നും ഈടാക്കാനാവാതെ വരികയും വലിയ കുടിശ്ശികയുണ്ടാവുകയും ചെയ്യും. മാത്രമല്ല ടി കുടിശ്ശിക പിന്നീട് ഈടാക്കുന്നതിനെതിരെ നിയമപരമായ നടപടികളും നേരിടേണ്ടി വന്നേക്കാം.

ഇത്തരം വരുമാനച്ചോർച്ച ഒഴിവാക്കാൻ നഗരസഭ ശ്രദ്ധ ചെലുത്തേണ്ടതാണ്.

3.18 ഡെപ്പോസിറ്റ് വർക്കുകൾ – കോടികൾ പാഴ്ചെലവായി മാറുന്നു

2007–08 മുതൽ 2011–12 വരെ തിരുവനന്തപുരം നഗരസഭയിൽ നിന്നും വിവിധ സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ, വൈദ്യുതി ലൈൻ നീട്ടൽ തുടങ്ങിയ പദ്ധതികൾക്കായി കെ.എസ്.ഇ.ബി യുടെ വിവിധ ഡിവിഷനുകളിൽ 4,29,72,510/– രൂപയും , പൈപ്പ് ലൈൻ സ്ഥാപിക്കൽ, ശുദ്ധജലവിതരണം, പൈപ്പ് കണക്ഷൻ നൽകൽ, തുടങ്ങിയ പദ്ധതികൾക്കായി വാട്ടർ അതോറിറ്റിയിൽ 18,69,23,793 രൂപയും നിക്ഷേപിച്ചിട്ടുണ്ട്. (ആകെ 22,98,96,303 /– രൂപ) അനുബന്ധം 15 കാണുക.

ആറു പദ്ധതികൾക്കാണ് ഈ കാലയളവിൽ കെ.എസ്.ഇ. ബിക്ക് തുക കൈമാറിയത്. ഇതിൽ എത്ര പദ്ധതികൾ പൂർത്തിയായി, നിക്ഷേപിച്ച തുകയിൽ എത്രയാണ് വിനിയോഗിച്ചത് എന്നും നഗരസഭ ഹാജരാക്കിയ കെ.എസ്.ഇ.ബി യിൽ നിന്നുള്ള സ്റ്റേറ്റ്മെന്റിൽ വ്യക്തമാക്കിയിട്ടില്ല.

കേരള വാട്ടർ അതോറിറ്റിയിൽ 27 പദ്ധതികൾക്കാണ് തുക ഡെപ്പോസിറ്റ് ചെയ്തത്. ഇതിൽ 4 പദ്ധതികളുടെ (2,15,24,097/– രൂപയുടെ) വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടുണ്ട്. ഇവയിൽ, നിക്ഷേപിച്ച തുക മുഴുവനും വിനിയോഗിക്കാത്ത പദ്ധതികളിൽ, ബാക്കി തുകയ്ക്ക് അനുസൃതമായി പദ്ധതി വിപുലീകരിച്ച് നൽകുന്ന പക്ഷം അതിനായി ബാക്കി തുക ഉപയോഗപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

വികസനഫണ്ടിൽ നിന്നും കോടികൾ ഇപ്രകാരം വിവിധ ഏജൻസികളുടെ പക്കൽ അവശേഷിക്കുന്നു. മറ്റു വികസനപ്രവൃത്തികൾക്ക് ഉതകേണ്ട തുകയാണ് ഇത്തരത്തിൽ ഉപയോഗശൂന്യമായി അവശേഷിക്കുന്നത്. പദ്ധതികളുടെ പുരോഗതിയെ സംബന്ധിച്ച് യാതൊരു മോണിട്ടറിംഗും നടത്തുന്നതായി തെളിവുകളില്ല. നഗരസഭയും പ്രസ്തുത ഏജൻസികളുമായുള്ള കരാർ വ്യവസ്ഥകൾക്ക് (പദ്ധതി പൂർത്തിയാക്കേണ്ട സമയപരിധി, പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകേണ്ടത്) യാതൊരു വിലയും കല്പിക്കാതെ കരാറിനെ വെറുമൊരു നോക്കുകുത്തിയാക്കുന്ന അവസ്ഥയാണിത്. പദ്ധതികൾ ലക്ഷ്യം പൂർത്തീകരിച്ചോ എന്നും ജനങ്ങൾക്ക് ഉപയോഗപ്രദമാകുന്നുണ്ടോ എന്നും ഉറപ്പുവരുത്തുവാൻ നഗരസഭയുടെ ഭാഗത്തു നിന്നും യാതൊരു നടപടികളുമുണ്ടാകുന്നില്ല. ആയതിനാൽ ചെലവഴിച്ച തുക പാഴ്ചെലവായി മാറുകയും അതതു സ്ഥാപനങ്ങളുടെ ഫണ്ടിൽ കിടക്കുകയുമാണ്. മാത്രമല്ല, കുടിവെള്ള പ്രശ്നം പരിഹരിക്കുക, ജലസേചന സൗകര്യമേർപ്പെടുത്തുക, വൈദ്യുതീകരണം തുടങ്ങിയ ലക്ഷ്യങ്ങളൊന്നും കൈവരിക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നു.

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്ന റഫ് കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ വർഷം തോറും ലക്ഷക്കണക്കിന് രൂപ കൈമാറുക എന്ന പ്രവൃത്തി മാത്രമാണ് നഗരസഭ ചെയ്യുന്നത്. പതിനൊന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഇത്തരത്തിൽ ആരംഭിച്ച പ്രവൃത്തികളുടെ പൂർത്തീകരണം, പ്രവർത്തനം എന്നിവ സംബന്ധിച്ച് ഭരണ/ഔദ്യോഗിക തലത്തിൽ ഉറപ്പുവരുത്തേണ്ടതും, ഈ സ്ഥാപനങ്ങളുടെ പക്കൽ അവശേഷിക്കുന്ന തുക നഗരസഭാ ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതും അനിവാര്യമാണ്. പ്രസ്തുത വിഷയത്തിലേക്ക് ഭരണവകുപ്പിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

3.19 ഹോസ്പിറ്റൽ കിയോസ്കുകളുടെ പ്രവർത്തനം

സംസ്ഥാനത്തിലെ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി ഒരു ഫാസ്റ്റ് ട്രാക്ക് സർവ്വീസ് ഡെലിവറി പ്രോജക്ട് എന്ന നിലയിലാണ് ഹോസ്പിറ്റൽ കിയോസ്കുകളുടെ പ്രവർത്തനം ആരംഭിച്ചത്. തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട് നഗരസഭാ പരിധിയിലുള്ള ആശുപത്രികളിൽ നിന്നുള്ള ജനന/മരണ രജിസ്ട്രേഷനുകൾ കുറ്റമറ്റതാക്കുവാൻ ഉദ്ദേശിച്ചാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഇൻഫർമേഷൻ കേരള മിഷനും (IKM) നഗരസഭകളും സംയുക്തമായി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ സോഫ്റ്റ് വെയർ/ഡാറ്റാ ബേസ് സംവിധാനം നിർവ്വഹിക്കേണ്ടത് IKM ന്റെയും ജീവനക്കാരെ നിയോഗിക്കേണ്ടതും, പ്രൈവറ്റ് ആശുപത്രികളുമായി ആവശ്യമായ കരാർ വയ്ക്കേണ്ടത് നഗരസഭയുടെയും ഉത്തരവാദിത്തമായിരുന്നു. കൂടാതെ പ്രൊജക്ടിന്റെ ആവർത്തന പ്രവർത്തന ചെലവ് ഇതിനായി നിശ്ചയിക്കപ്പെട്ടിട്ടുള്ള യൂസർ ഫീയിൽ നിന്നും കണ്ടെത്തേണ്ടതുമാണ്. ജനന/മരണ രജിസ്ട്രേഷൻ സൗജന്യമായി നൽകുവാനും, സർട്ടിഫിക്കറ്റിന്റെ ഓരോ പ്രതിയും 25/- രൂപ വച്ച് ഈടാക്കാനും GO(MS)No.273/04/LSGD dtd.14.09.04 ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു.

LOCAL FUND AUDIT DEPARTMENT

GO(Rt)No.4942/2005/LSGD തീയതി 8.12.05 പ്രകാരം IKM എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടറെ സംസ്ഥാനത്തെ 5 ആശുപത്രികളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ജനന /മരണ രജിസ്ട്രേഷൻ നടത്താനും 31.5.05 വരെ സൗജന്യ സേവനം നൽകുവാനും, 1.1.2006 മുതൽ 31.3.2006 വരെ 15/- രൂപ നിരക്കിൽ സേവന ചാർജ് ഈടാക്കുവാനും നിർദ്ദേശിച്ചു. (GO(MS)No.273/2004/LSGD തീയതി 14.9.2004 ൽ ഇളവ് വരുത്തിയാണ് നിരക്കുകൾ അനുവദിച്ചത്)

GO(MS)262/2007/LSGD dtd.19.11.2007 പ്രകാരം സർക്കാർ മുൻ ഉത്തരവുകൾ ചുവടെ വിശദീകരിക്കുംപോലെ വിപുലീകരിച്ച് ഉത്തരവായി.

1. ഹോസ്പിറ്റൽ കിയോസ്കുകൾ IKM തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറണം.
2. തദ്ദേശ സ്ഥാപനങ്ങൾ ഈ കിയോസ്കുകൾ കുടുംബശ്രീ IT യൂണിറ്റുകൾ വഴി നടത്തിക്കണം
3. IKM കുടുംബശ്രീ യൂണിറ്റുകൾക്ക് ആവശ്യമായ പരിശീലനം നൽകണം.
4. യൂസർ ഫീയിൽ നിന്നും ചെലവ് വഹിക്കാനാവാത്തപക്ഷം തദ്ദേശ സ്ഥാപനങ്ങൾക്ക് തനതു ഫണ്ടിൽ നിന്നും തുക വിനിയോഗിക്കാവുന്നതോ, യൂസർഫീ വർദ്ധിപ്പിക്കുവാൻ തീരുമാനിക്കാവുന്നതോ ആണ്.

തിരുവനന്തപുരം നഗരസഭയിൽ 9.8.2005 മുതൽ ഹോസ്പിറ്റൽ കിയോസ്ക് മുഖേനയുള്ള സേവനം നൽകിവരുന്നു. ആരംഭത്തിൽ IKM ആണ് ഈ പദ്ധതി നടപ്പിലാക്കിയിരുന്നത്. എന്നാൽ 1.3.08 മുതൽ Techno World Digital Technologies (Kumarapuram, Kudumbasree IT Unit- Register No. SSI No. 09.10.25890 CTC 13/1350, Lavanya, Kumarapuram, Medical College.PO, TVPM-695011) എന്ന കുടുംബശ്രീ IT യൂണിറ്റാണ് ഹോസ്പിറ്റൽ കിയോസ്കുകൾ പ്രവർത്തിപ്പിക്കുന്നത്.

GO(MS)262/2007/LSGD dtd.19.11.2007 ലൂടെ ഹോസ്പിറ്റൽ കിയോസ്കുകളുടെ പ്രവർത്തനം കുടുംബശ്രീ IT യൂണിറ്റിലൂടെ നടത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതിനായി Techno World Digital Technologies നെ തെരഞ്ഞെടുക്കുവാനുള്ള കാരണം രേഖപ്പെടുത്തിയിട്ടില്ല. ഇതിനായി ഇവർ സമർപ്പിച്ചിട്ടുള്ള അപേക്ഷകളോ, മുൻപരിചയം സംബന്ധിച്ച വിലയിരുത്തലുകളോ ഒന്നുംതന്നെ ഫയലിൽ ഇല്ല.

വിവിധ കുടുംബശ്രീ IT യൂണിറ്റുകളിൽ നിന്നും അപേക്ഷ ക്ഷണിച്ച് അവരുടെ യോഗ്യതയും മുൻപരിചയവും അടിസ്ഥാനമാക്കിയായിരുന്നു തെരഞ്ഞെടുപ്പ് നടത്തേണ്ടിയിരുന്നത്. നഗരസഭയുടെ ഹോസ്പിറ്റൽ കിയോസ്കുകളിൽ ജോലി ചെയ്യുന്നവരിൽ പകുതിയിലധികവും പുരുഷന്മാരാണ്. ഇത് കുടുംബശ്രീ വഴിയുള്ള സ്ത്രീശാക്തീകരണ ലക്ഷ്യത്തിന് വിഘാതമാകുന്നു.

നിലവിൽ ഹോസ്പിറ്റൽ കിയോസ്ക് മുഖേനയുള്ള ജനന/മരണ രജിസ്ട്രേഷന് നഗരസഭ APL വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും 15 രൂപയുമാണ് സേവന ചാർജ് ആയി ഈടാക്കുന്നത്. BPL വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യ സേവനമാണ് നൽകുന്നത്. എന്നാൽ GO(Ms)273/04/LSGD dtd.14.09.04 പ്രകാരം ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് 25/- രൂപ ഈടാക്കുവാനാണ് നിർദ്ദേശിച്ചിരുന്നത്.

ഇതിനു വിരുദ്ധമായി നാളിതുവരെ കുറഞ്ഞ നിരക്കിലാണ് സേവനം നൽകിവരുന്നത്.

1.3.2008 ൽ നഗരസഭ സെക്രട്ടറി, ടെക്നോ വേൾഡ് ഡിജിറ്റൽ ടെക്നോളജീസ്, ഐ.കെ.എം എന്നിവർ ഒപ്പുവച്ച Agreement - Cum Memorandum of Understanding പ്രകാരം ഹോസ്പിറ്റൽ കിയോസ്കുകൾ മുഖേനയുള്ള വരവ് അക്കൗണ്ട് ചെയ്യേണ്ടതും നിരീക്ഷിക്കേണ്ടതും നഗരസഭയുടെ രജിസ്ട്രേഷൻ വിഭാഗത്തിന്റെ ഉത്തരവാദിത്തമാണ്. എന്നാൽ നഗരസഭ ഇപ്പോഴും ഹോസ്പിറ്റൽ കിയോസ്കുകളിൽ നിന്നുള്ള വരവ് ശരിയായി അക്കൗണ്ട് ചെയ്യുന്നില്ല. ലഭ്യമായ കണക്കുകൾ പ്രകാരം 2011–12 സാമ്പത്തിക വർഷത്തിൽ ഹോസ്പിറ്റൽ കിയോസ്കു മുഖേന നഗരസഭയിൽ 42772 ജനന/മരണ രജിസ്ട്രേഷനുകൾ നടത്തിയിട്ടുണ്ട്. ഇതിൽ നിന്നുണ്ടായ വരവ് 4,62,060/– രൂപയും മെസ്സഞ്ചർ ഉൾപ്പെടെയുള്ള കിയോസ്ക് എക്സിക്യൂട്ടീവ്സ്ന് 2011–12 ൽ നൽകിയ വേതനം 8,20,095 രൂപയുമാണ്. വരുമാനത്തിന്റെ രണ്ടിരട്ടിയാണ് വേതനമിനത്തിൽ മാത്രം വേണ്ടിവരുന്നത്. കിയോസ്കുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അനുബന്ധ ചെലവുകൾ (സ്റ്റേഷനറി/പെരിഫറൽസ്)കൂടി കണക്കിലെടുത്താൽ ഇത് പിന്നേയും വർദ്ധിക്കും.

2011–12 വർഷത്തിൽ ജീവനക്കാർക്കുള്ള വേതനം ഇനത്തിൽ മാത്രമായി 3,58,035/– രൂപയുടെ ചെലവ് തനത് ഫണ്ടിൽ നിന്നും നിർവ്വഹിക്കുകയുണ്ടായി. ഈ നില തുടർന്നാൽ വരും വർഷങ്ങളിൽ ഈ ചെലവ് പല മടങ്ങുകളായി വർദ്ധിക്കും. 31.3.2006 നു ശേഷം 25 രൂപ നിരക്കിൽ യൂസർ ഫീ ഈടാക്കണമെന്നിരിക്കെ ഇപ്പോഴും വളരെ കുറഞ്ഞ നിരക്കിലാണ് സേവനം നൽകിക്കൊണ്ടിരിക്കുന്നത്. (സർക്കാർ ഉത്തരവ് ജി.ഒ(ആർ.റ്റി)4942/ത.സ്വ.ഭവ തീയതി 08.12.05 പ്രകാരം 31.3.2006 വരെയാണ് കുറഞ്ഞ നിരക്ക് സേവനങ്ങൾക്ക് ബാധകമായിട്ടുള്ളത്). ഈ പദ്ധതിയുടെ റിക്കറിങ് ചെലവുകൾ യൂസർ ഫീയിൽ നിന്നും കണ്ടെത്തണമെന്നും നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിൽ നിലവിൽ ഈടാക്കികൊണ്ടിരിക്കുന്ന യൂസർ ഫീ പരിഷ്കരിക്കേണ്ടതും, കാലാകാലങ്ങളിൽ ഈ ഇനത്തിൽനിന്നുമുള്ള വരുമാനവും ഇതിലേയ്ക്കായുള്ള ചെലവും നിരീക്ഷി ക്കേണ്ടതുമാണ്.

കൂടാതെ ടെക്നോവേൾഡ് ഡിജിറ്റൽ ടെക്നോളജീസുമായി നഗരസഭ ഏർപ്പെട്ടിരിക്കുന്ന കരാറിന്റെ പ്രാബല്യം 28.2.13 ന് അവസാനിക്കുകയാണ്. ഈ അവസരത്തിൽ ടെക്നോവേൾഡ് ഡിജിറ്റൽ ടെക്നോളജീസിന്റെ സേവനം വിലയിരുത്തേണ്ടതും, പരിഷ്കരിച്ച വ്യവസ്ഥകളുൾപ്പെടുത്തി പുതിയ കരാർ വയ്ക്കേണ്ടതുമാണ്.

LOCAL FUND AUDIT DEPARTMENT

3.20 ക്രമവത്ക്കരിക്കാത്ത മുൻകൂർ തുക – 5,48,200/– രൂപ

സ.ഉ. (പി) നം. 419/11/ധന തീയതി: 4.10.11 പ്രകാരം ആകസ്മിക ചെലവുകൾക്കായി അനുവദിക്കുന്ന മുൻകൂർ തുകകൾ മൂന്നുമാസത്തിനുള്ളിൽ ഫൈനൽ ബിൽ സമർപ്പിച്ച് ക്രമവൽക്കരിക്കേണ്ടതും, ആയതിന് വീഴ്ച വരുത്തിയാൽ മുൻകൂർ നൽകിയ മുഴുവൻ തുകയും ആയത് അനുവദിച്ചതു മുതൽ തിരികെ ഒടുക്കുന്ന തീയതി വരെ 18% പലിശ ഉൾപ്പെടെ ഒറ്റത്തവണയായി തിരികെ ഈടാക്കേണ്ടതുമാണ്. കൂടാതെ , ആവശ്യത്തിലും അധികം മുൻകൂർ കൈപ്പറ്റിയാൽ ബിൽ പ്രകാരം മൂന്നു മാസത്തിനുള്ളിൽ തുക സെറ്റിൽ ചെയ്ത് അധികം

കൈപ്പറ്റിയതു തിരിച്ചൊടുക്കുമ്പോൾ, അധികമായി കൈപ്പറ്റിയ മുൻകൂറിന്മേൽ തുക കൈപ്പറ്റിയതു മുതൽ തിരികെ ഒടുക്കുന്ന ദിവസം വരെ 18% നിരക്കിൽ വാർഷിക പലിശ ഈടാക്കേണ്ടതുമാണ്.

നഗരസഭ നൽകിയിട്ടുള്ള നല്ലൊരു ശതാമനം മുൻകൂർ തുകകളും 3 മാസത്തിനുള്ളിൽ ബിൽ സമർപ്പിച്ച് സെറ്റിൽ ചെയ്തിട്ടില്ല. ആവശ്യത്തിലുമധികം തുക മുൻകൂർ കൈപ്പറ്റിയിട്ടുള്ള ജീവനക്കാരുമുണ്ട്. ഇതിലൊന്നും തന്നെ മേൽ ഉത്തരവുപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല. ഇപ്രകാരം പിഴ ഒടുക്കാതെ ക്രമവത്ക്കരിക്കപ്പെട്ടിട്ടുള്ള മുൻകൂറുകൾക്ക് മേൽ ഉത്തരവു പ്രകാരമുള്ള പിഴ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

മുൻകൂർ കൈപ്പറ്റി മൂന്നു മാസത്തിലധികമായിട്ടും ആയത് വൗച്ചർ പ്രകാരം ക്രമവത്ക്കരിച്ചിട്ടില്ലാത്തവരിൽ നിന്നും തുക തിരികെ ഈടാക്കുവാൻ അക്കൗണ്ട്സ് ഓഫീസർ 30.1.12, 5.10.12 തീയതികളിൽ നിർദ്ദേശിച്ചിട്ടുള്ളതായി കണ്ടു. 2011–12 സാമ്പത്തിക വർഷത്തിൽ അനുവദിച്ച മുൻകൂർ തുകകളിൽ 5,48,200/– രൂപ ഇനിയും ക്രമവത്ക്കരിക്കുവാനുണ്ട്. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് ഒബ്ജക്ഷൻ കത്ത് (LFCA 4/105/2013 തീയതി: 6.2.13) എന്നിവക്ക് നിശ്ചിതസമയത്തിനകം മറുപടിയും നൽകിയിട്ടില്ല.

2011–12 ൽ വിതരണം ചെയ്ത മുൻകൂർ തുകയിൽ നാളിതുവരെ ക്രമവത്ക്കരിക്കാത്തതായ മുൻകൂറുകളുടെ വിവരം അനുബന്ധം 16 ൽ ചേർക്കുന്നു. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക അനുവദിച്ചതു മുതൽ തിരികെ ഒടുക്കുന്ന തീയതി വരെ 18% പലിശയുൾപ്പെടെ ഈടാക്കി രണ്ടുമാസത്തിനകം ഈ ഓഫീസിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് അതാത് കാലത്ത് സേവനത്തിലുണ്ടായിരുന്ന സെക്രട്ടറിയുടെ വ്യക്തിഗത ബാധ്യതയായി നിർണ്ണയിക്കപ്പെടുന്നതായിരിക്കും.

LOCAL FUND AUDIT DEPARTMENT